ദിവ്യബോധനം ഗ്രന്ഥാവലി – 4

# വേദശാസ്ത്രവീഥിയിൽ

## (ക്രിസ്തീയ വേദശാസ്ത്ര പഠനത്തിന് ഒരു ആമുഖം)

**ഫാ. ഡോ. കെ. എൽ. മാത്യു വൈദ്യൻ**
(പ്രിൻസിപ്പൽ, സെൻ്റ് ബേസിൽ ബൈബിൾ കോളജ്,
ശാസ്താംകോട്ട)

**ദിവ്യബോധനം പബ്ലിക്കേഷൻസ്**
**സോഫിയാ സെൻ്റർ**
**ഓർത്തഡോക്സ് സെമിനാരി**
**കോട്ടയം – 686 001**

**വില: 40.00**

*(Malayalam)*

**Vedasasthraveediyil**

(An Introduction to the Study of Christian Theology)

**Fr. Dr. K. L. Mathew Vaidyan** B.Sc., B.D., M. Th., D.D.


| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| | | Ph: 0481 - 2566 526, 2568 083 |
| First Published | : | Feb. 1985 |
| Second Edition | : | Jun. 1991 |
| Third Edition | : | Feb. 1999 |
| Revised Edition | : | June 2005 |


Copyright reserved


| | | |
|---|---|---|
| Number of copies | : | 3000 |
| Available at | : | Orthodox Seminary and Other Christian Bookshops |
| D.T.P. | : | Sophia Print House, Kottayam Ph: 0481 - 2303237 |
| Printing | : | Udaya Offset Press, Kottayam Ph: 0481 - 2567370 |

Price: **Rs. 40/-**

# പ്രസ്താവന

സഭാംഗങ്ങൾക്കുവേണ്ടി ഓർത്തഡോക്സ് വൈദിക സെമിനാരി അവതരിപ്പിക്കുന്ന ഒരു വിശ്വാസ പരിശീലനപദ്ധതിയാണ് ദിവ്യബോധനം. കഴിവും താൽപര്യവുമുള്ള ആർക്കും സ്ത്രീപുരുഷ ഭേദമെന്യേ ഈ പദ്ധതിയിൽ ചേരാം.

സഭയുടെ വിശ്വാസം അറിയുന്നതിനും പുലർത്തുന്നതിനും അടുത്ത തലമുറയ്ക്കു പകർന്നുകൊടുക്കുന്നതിനുമുള്ള ചുമതല വൈദികർക്കു മാത്രമുള്ളതല്ല. സഭ മുഴുവന്റെയും കൂടിയുള്ള ഉത്തരവാദിത്വമാണിത്. അത്മായക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വളരെ വലിയ പങ്കാണുള്ളത്, ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കുന്നതിൽ.

യുക്തിചിന്തയുടെ ഈ കാലയളവിൽ സത്യവിശ്വാസം നിലനിർത്തണമെങ്കിൽ, ആരാധനയിലും സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഓർത്തഡോക്സ് വിശ്വാസത്തെ ബുദ്ധിപരമായിക്കൂടെ സ്വായത്തമാക്കേണ്ടുന്നയാവശ്യം സഭാംഗങ്ങൾക്കെല്ലാവർക്കുമുണ്ട്.

പ്രത്യേകിച്ചും സണ്ടേസ്കൂൾ അദ്ധ്യാപകർ, മർത്തമറിയം സമാജ പ്രവർത്തകർ, യുവജന പ്രസ്ഥാനത്തിലും വിദ്യാർത്ഥി പ്രസ്ഥാനത്തിലും നേതൃത്വം നൽകുന്നവർ, മുതലായ നേതൃത്വ നിരയിലുള്ള അത്മായർക്ക് വിശ്വാസപഠനം പ്രത്യേകമായി ആവശ്യമാണ്.

ഭക്തിയോടും വിശ്വാസത്തോടുംകൂടിയുള്ള സത്യാരാധനയും ക്രിസ്തുവിന്റെ മനുഷ്യസ്നേഹത്തിന്റെ മൂർത്തീകരണവുമാണ് സഭയുടെ രണ്ടു പ്രധാന ചുമതലകൾ. ഇവ രണ്ടും ശരിയായി നിർവഹിക്കണമെങ്കിൽ സഭാ പാരമ്പര്യത്തിലെ ഗാഢമായ ഉപരിജ്ഞാനത്തിന്റെ താഴ്ന്ന പടികളിലേക്കെങ്കിലും വിശ്വാസികൾ കടന്നുവരാതെ, വിശ്വാസകാര്യങ്ങൾ വൈദികർക്കു മാത്രമായി വിട്ടുകൊടുക്കുന്നതു ഓർത്തഡോക്സ് പാരമ്പര്യത്തിനു നിരക്കാത്തതാണ്. മൂറോനഭിഷേകംമൂലം പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുള്ള എല്ലാ സത്യവിശ്വാസികൾക്കും, ആരാധനയിലും മനുഷ്യസേവനത്തിലും കൂടിയുള്ള തങ്ങളുടെ ക്രിസ്തീയ ധർമനിർവ്വഹണത്തിന് ഈ പദ്ധതി സഹായകമായിത്തീരട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സ്നേഹം നിറഞ്ഞ ജനങ്ങളെ തന്റെ പ്രത്യേക കരുണയാൽ കടാക്ഷിച്ച് അവർക്കു ദിവ്യബോധനം നൽകാൻ ഈ പദ്ധതി ഉപയോഗിക്കുമാറാകട്ടെ.

**ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ**
(പ്രസിഡന്റ്, ദിവ്യബോധനം കേന്ദ്രക്കമ്മിറ്റി)

കോട്ടയം
20 – 12 – 1983

# പ്രസാധകക്കുറിപ്പ്

ദിവ്യബോധനം പഠനപദ്ധതിയിൽ നാലാമതായി പ്രസിദ്ധീകരിച്ച 'വേദ ശാസ്ത്രവീഥിയിൽ' എന്ന പുസ്തകം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുക യാണ്.

വിശ്രുത ദൈവശാസ്ത്രജ്ഞനും വാഗ്മിയും അനുഗ്രഹീത എഴുത്തുകാ രനുമായ റവ. ഡോ. കെ. എൽ. മാത്യു വൈദ്യനച്ചൻ രചിച്ച ഈ ഗ്രന്ഥം അദ്ദേഹം തന്നെയാണ് താല്പര്യപൂർവ്വം പരിഷ്ക്കരിച്ച് 'പഠന'ത്തിനായി സമർപ്പിക്കുന്നത്. ശാസ്ത്രീയ പഠനരീതിയിലെ വസ്തു (object) വാകുവാൻ സാധിക്കാത്തത്ര അപരിമിതനും അജ്ഞേയനുമായ ദൈവത്തെ വേദ ശാസ്ത്ര പഠന പുസ്തകത്തിലൂടെ പരിചയപ്പെടുത്തുക എന്ന ശ്രമകരമായ കൃത്യം അച്ചൻ ഭംഗിയായി നിർവഹിച്ചിരിക്കുന്നു.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കായി നിർലോപമായ അനുഗ്രഹാശി സ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടി യായ പ. മോറാൻ മാർ ബസ്സേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിന യപുരസ്സരം സമർപ്പിക്കുന്നു.

ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡന്റും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്ജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, വൈസ് പ്രസി ഡന്റ് റവ. ഫാ. ഡോ. ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ-ഓർഡിനേറ്റർ ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിന പ്രവർത്തനങ്ങൾ നിയ ന്ത്രിച്ചു വരുന്നത്.

വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധ തിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽറ്റിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും അദ്ധ്യാപ കരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിൽ അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി. ഭംഗിയായി നിർവ്വഹിച്ച സോഫിയാ പ്രിന്റ് ഹൗസിനും അച്ചടി ഭംഗിയായും കൃത്യമായും നിർവ്വഹിച്ച ഉദയാ പ്രസിനും നന്ദി.

സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ

ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മറ്റിക്കു വേണ്ടി

**ഫാ. ജേക്കബ് മാത്യു** (കോ-ഓർഡിനേറ്റർ)

പെന്തിക്കോസ്തി 2005
പഴയസെമിനാരി

# വാങ്മുഖം

ഗണിതശാസ്ത്രം, ശരീരശാസ്ത്രം എന്നൊക്കെ പറയുന്നതുപോലെ ദൈവത്തെ സംബന്ധിച്ച ശാസ്ത്രം എന്ന അർത്ഥത്തിലാണോ 'ദൈവ ശാസ്ത്രം' എന്ന പദം മനസ്സിലാക്കേണ്ടത്? ദൈവം മനുഷ്യന്റെ ഒരു പഠന വസ്തുവല്ല. സ്ഥലകാലങ്ങൾക്ക് അതീതനായ ദൈവത്തെക്കുറിച്ച് ഒരു ശാസ്ത്രശാഖ വികസിപ്പിച്ചെടുക്കുന്നത് സൂക്ഷ്മതയോടെ വേണം.

സത്തയിൽ അജ്ഞേയനാണ് ദൈവം. എന്നാൽ തന്റെ പ്രവർത്തനമാധ്യ മങ്ങളിൽ കൂടിയുള്ള ഭാഗികമായ അറിവ് സാധ്യവുമാണ്. അതിനാൽ വേദ പ്രമാണങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനമെന്ന അർത്ഥത്തിൽ വേദ ശാസ്ത്രം എന്ന പ്രയോഗമാണ് അന്വർത്ഥം. അതിനാലാണ് വേദശാസ്ത്രം എന്ന പദത്തിന് ഈ ഗ്രന്ഥത്തിൽ ഊന്നൽ കൊടുക്കുന്നത്. യുക്തിയും അന്വേഷണവും അറിവുമല്ല ഇവിടെ പ്രധാനം. വിശ്വാസവും അനുഭവവും രൂപാന്തരവുമാണ്. വാക്കുകളും ഭാഷാപ്രയോഗങ്ങളും സിദ്ധാന്തങ്ങളുമല്ല പ്രധാനം, നിർമ്മലഹൃദയവും ദൈവാരാധനയും സൽക്കർമ്മങ്ങളുമാണ്. അവാച്യമായ ദൈവിക രഹസ്യങ്ങളിൽ ഭാഗഭാക്കുകളായി തേജസ്ക്കരണം പ്രാപിക്കുന്ന അനുഭവമാണ് വേദശാസ്ത്രപഠനം മൂലം ലഭിക്കേണ്ടത്.

ക്രിസ്തീയ വേദശാസ്ത്ര പഠനത്തിലേക്കുള്ള ഒരു പ്രവേശിക മാത്രമാണ് ഈ ഗ്രന്ഥം. വേദശാസ്ത്രപഠനത്തിന് ഒരാമുഖം, പിതാവായ ദൈവം, പുത്ര നായ ദൈവം, പരിശുദ്ധാത്മാവും വിശുദ്ധ ത്രിത്വവും എന്നിങ്ങനെ നാല് യൂണിറ്റുകളിലായി 24 പാഠങ്ങളാണ് ഇതിലെ ഉള്ളടക്കം.

ഓർത്തഡോക്സ് വൈദികസെമിനാരിയിലെ എന്റെ പ്രിയ വിദ്യാർത്ഥി കൾക്കുവേണ്ടി തയ്യാറാക്കിയ കുറിപ്പുകളാണ് ഈ പാഠങ്ങൾക്കാധാരം. ചില വിശദീകരണങ്ങളും സങ്കീർണങ്ങളായ വ്യാഖ്യാനങ്ങളും ഒഴിവാക്കി 'ദിവ്യ ബോധനം' വിശ്വാസപരിശീലന പദ്ധതിയ്ക്ക് ഉപയുക്തമായ രീതിയിൽ പാഠ ങ്ങൾ ക്രമീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അഭിപ്രായങ്ങളും വിലപ്പെട്ട നിർദ്ദേ ശങ്ങളും സ്വാഗതം ചെയ്യുന്നു. 'വേദശാസ്ത്രവീഥി'യിലേക്ക് എന്നെ കൈ പിടിച്ചാനയിച്ച എന്റെ വന്ദ്യ ഗുരുക്കന്മാരോട്, പ്രത്യേകമായി ഓർത്ത ഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പലും അഖിലലോക സഭാ കൗൺസിൽ പ്രസിഡന്റുമായ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാ പ്പോലീത്തായോടു ഞാൻ കടപ്പെട്ടിരിക്കുന്നു. ഇതിന്റെ പൂർത്തീകരണത്തിനു വേണ്ടി നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരുന്ന 'ദിവ്യബോധനം' കോ-ഓർഡി നേറ്ററും എന്റെ ഉറ്റ സ്നേഹിതനുമായ റവ. ഫാ. സി. സി. ചെറിയാനോ ടുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

വേദശാസ്ത്രവീഥിയിലെ ചപ്പുചവറുകൾ ചികഞ്ഞുമാറ്റി മാണിക്യമണി

മുത്തുകൾ ശേഖരിച്ച് അവയുടെ പ്രഭാപൂരത്താൽ പരിശോഭിതരായിത്തീരുന്നതിന് അനുവാചകരുടെ വഴികാട്ടിയായി ഈ ഗ്രന്ഥം ഭവിക്കുമെങ്കിൽ ഗ്രന്ഥകർത്താവ് കൃതാർത്ഥനായി.

**ഫാ. മാത്യു വൈദ്യൻ**

ഓർത്തഡോക്സ് സെമിനാരി, കോട്ടയം
ക്രിസ്തുമസ് 1984

# ഉള്ളടക്കം

പ്രസ്താവന 3

പ്രസാധകക്കുറിപ്പ് 4

വാങ്മുഖം 6

## യൂണിറ്റ് 1

## വേദശാസ്ത്രപഠനത്തിന് ഒരാമുഖം

1. 'ദൈവശാസ്ത്രം' പദവും അർത്ഥവ്യാപ്തിയും 10

2. വേദശാസ്ത്ര വിശകലനങ്ങൾ 16

3. വേദശാസ്ത്രപഠനം: തത്ത്വങ്ങളും ഉറവിടങ്ങളും 20

4. പദങ്ങൾ, ചിഹ്നങ്ങൾ, വി. കൂദാശകൾ 26

5. ശാസ്ത്രവും വേദശാസ്ത്രവും 31

6. യുക്തി, വെളിപാട്, വ്യാഖ്യാനം 35

## യൂണിറ്റ് 2

## പിതാവാം ദൈവം

1. പിതാവാം ദൈവത്തിലുള്ള വിശ്വാസം 41

2. ദൈവത്തെ ഒരു വ്യക്തിയായി കാണുന്നതിന്റെ പൊരുൾ 48

3. ദൈവത്തിനു നൽകപ്പെടുന്ന വിശേഷണങ്ങൾ 53

4. സൃഷ്ടി, പരിപാലനം, കരുതൽ 57

5. ദൈവികസ്നേഹം, ശക്തി, ജ്ഞാനം 64

6. ദൈവികനിയമവും ദൈവരാജ്യവും 69

## യൂണിറ്റ് 3

# പുത്രനായ ദൈവം


| | | |
|---|---|---|
| 1. | മശിഹാ: പ്രതീക്ഷകൾ നിറവേറ്റുന്നു | 74 |
| 2. | യേശുക്രിസ്തു: ജീവിതവും ഉപദേശവും | 80 |
| 3. | യേശുക്രിസ്തുവിന്റെ ആളത്തം: പുതിയനിയമ വ്യാഖ്യാനങ്ങൾ | 86 |
| 4. | വീണ്ടെടുപ്പും ബലിയും | 93 |
| 5. | യേശുവിന്റെ ഉയിർത്തെഴുന്നേല്പും രണ്ടാമത്തെ വരവും | 99 |
| 6. | ക്രിസ്തുശാസ്ത്ര സിദ്ധാന്തങ്ങൾ | 105 |


## യൂണിറ്റ് 4

# പരിശുദ്ധാത്മാവും വി. ത്രിത്വവും


| | | |
|---|---|---|
| 1. | പരിശുദ്ധാത്മാവ്: വി. വേദപുസ്തകാടിസ്ഥാനം | 118 |
| 2. | പരിശുദ്ധാത്മാവ്: വി. പൗലോസിന്റെ വ്യാഖ്യാനം | 123 |
| 3. | പാറക്കലീത്താ: വി. യോഹന്നാന്റെ ദർശനം | 128 |
| 4. | പരിശുദ്ധാത്മാവ്: ആദിമസഭയിലെ വീക്ഷണങ്ങൾ | 133 |
| 5. | പരിശുദ്ധാത്മാവ്: വിശ്വാസപ്രഖ്യാപനങ്ങൾ | 138 |
| 6. | പരിശുദ്ധാത്മാവിനെപ്പറ്റി കപ്പദോക്യൻ പിതാക്കന്മാർ | 143 |
| ഉപസംഹാരം | | 149 |

# യൂണിറ്റ് 1

# വേദശാസ്ത്ര പഠനത്തിന് ഒരാമുഖം

## പാഠം 1

## ദൈവശാസ്ത്രം: പദവും അർത്ഥവ്യാപ്തിയും

❑ തിയോളജി എന്ന പദത്തിന്റെ ഉത്ഭവം ❑ വി. വേദപുസ്തകത്തിലെ സമാനപദങ്ങൾ ❑ ദൈവിക വെളിപാടു പഴയനിയമത്തിൽ ❑ ദൈവദർശനം എങ്ങനെ? ❑ വിശുദ്ധി, ദൈവാരാധന, ധാർമ്മികാനുഷ്ഠാനങ്ങൾ ❑ ദൈവസംസർഗവും ദൈവശാസ്ത്രവും ❑ ദൈവവിജ്ഞാനീയം സഭാപിതാക്കന്മാരുടെ ദൃഷ്ടിയിൽ

### ദൈവം ഒരു പഠനവസ്തുവോ?

ദൈവം! ഉച്ചരിക്കാനെത്രയെളുപ്പം! വളരെ ലാഘവബുദ്ധിയോടെ ഈ പദത്തെ ചിലർ കൈകാര്യം ചെയ്യാറുണ്ട്. ദൈവം മനുഷ്യന്റെ ഒരു പഠനവസ്തുവാണോ? ഈ പ്രപഞ്ചത്തിലെ ജീവജാലങ്ങളെ വിശേഷിപ്പിക്കുവാൻ നാം ഉപയോഗിക്കുന്ന പദങ്ങൾ ദൈവത്തെക്കുറിച്ചും ഉപയോഗിക്കാമോ? സ്രഷ്ടാവിനെ പൂർണമായി ഗ്രഹിക്കുവാൻ സൃഷ്ടിക്കു കഴിയുമെങ്കിൽ അതു യഥാർത്ഥ സ്രഷ്ടാവാണോ?

നാം നമ്മുടെ നിഴലിന്റെ പുറത്തുകൂടി നടക്കുവാൻ ശ്രമിക്കുന്നതു പോലെയാണു ദൈവത്തെ അറിയുവാൻ ശ്രമിക്കുന്നത്. 'സൃഷ്ടിയല്ലാത്ത സ്വയംഭൂവും ആദ്യന്തമില്ലാത്തതു'മായ ദൈവത്തെ സ്ഥലകാല പരിമിതിക്കുള്ളിൽപ്പെടുത്തുന്നതു ശരിയല്ല. നമ്മുടെ ദർശനത്തിനും കാഴ്ചയ്ക്കും ഗ്രാഹ്യത്തിനും വ്യാഖ്യാനത്തിനും വിശദീകരണത്തിനും അതീതമാണ് ദൈവം എന്ന യാഥാർത്ഥ്യം. ദൈവത്തെ സംബന്ധിച്ച കാര്യങ്ങൾ പൂർണ്ണമായി ഗ്രഹിക്കണമെങ്കിൽ നാം ദൈവമായിത്തീരണം. ദൈവം നമ്മുടെ പഠനവസ്തുവല്ല. ദൈവത്തെ അനുഭവിക്കുവാൻ കഴിയും. പ്രകടിപ്പിക്കാൻ സാദ്ധ്യമല്ല. അതിനാൽ ദൈവവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ "അറിയുക" (to know) എന്നതിനേക്കാൾ "ആയിത്തീരുക" (to be) എന്ന അനുഭവത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് ക്രൈസ്തവ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

## തിയോളജി എന്ന പദം

ദൈവശാസ്ത്ര പഠനശാഖയായി തിയോളജി എന്ന പദം സാധാരണ വിവക്ഷിക്കപ്പെടാറുണ്ട്. 'തിയോളോഗിയാ' എന്ന ഗ്രീക്കുപദത്തിൽ നിന്നാണു തിയോളജി എന്ന വാക്കിന്റെ ഉത്ഭവം (തെയോസ് – ദൈവം. ലോഗിയാ – വചനം അഥവാ പ്രതിപാദനം). ദൈവത്തെക്കുറിച്ചുള്ള വാക്ക്, ദൈവത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രം എന്നൊക്കെയാണിതിന്റെ അർത്ഥം. വി. വേദപുസ്തകത്തിൽ ഈ പദം നാം കാണുന്നില്ല. എന്നാൽ ഇതിന്റെ സമാനപദങ്ങളായി 'ദൈവത്തിന്റെ രഹസ്യങ്ങൾ' (1 കൊരി. 2:7 mysteries of God), 'പത്ഥ്യോപദേശങ്ങൾ' (2 തിമൊ. 1:13. sound words), 'വിശ്വാസ്യ വചനങ്ങൾ' (തീത്തൊ. 1:19. sound doctrines) എന്നിവ ചൂണ്ടിക്കാണിക്കാവുന്നതാണ്.

അനിർവചനീയനും അപ്രമേയനുമായ ദൈവത്തെക്കുറിച്ച് എങ്ങനെയാണു ശാസ്ത്രീയമായി പ്രതിപാദിക്കുന്നത്? മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കു പരിമിതികൾ വളരെയുണ്ട്. നഗ്നനേത്രങ്ങൾ കൊണ്ടു നാം കാണുന്ന ഒരു വസ്തുവും മനസ്സിൽ പതിയുന്ന അതിന്റെ ആശയരൂപവും (Concept) തമ്മിലുള്ള ബന്ധം നിഗൂഢമാണ്. പ്രകൃതിയിൽ കാണുന്ന വസ്തുക്കളെപ്പോലും ശരിയായി മനസ്സിലാക്കുവാനോ വിശകലനം ചെയ്യുവാനോ മനുഷ്യനു കഴിയുകയില്ല. ഭാഗികവും അപൂർണവുമാണ് നമ്മുടെ ഗ്രഹണശക്തി. അതിനാൽ ദൈവത്തെക്കുറിച്ചുള്ള ഏതു പഠനവും അപൂർണമായിരിക്കും. നാം കാണുകയും പഞ്ചേന്ദ്രിയങ്ങൾ കൊണ്ടു സാധിക്കുകയും ചെയ്യുന്നതിലെല്ലാം ഒരു പരിമിതിയുണ്ടെന്നു സമ്മതിക്കുകയാണു ദൈവവിജ്ഞാനീയത്തിന്റെ പ്രഥമ ഘടകം.

## ദൈവവിജ്ഞാനീയത്തിന്റെ മർമ്മം

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ലായെന്നു വി. യോഹന്നാൻ ശ്ലീഹാ സാക്ഷിക്കുന്നു (1 യോഹ. 4:12). 'ഞാനാകുന്നവൻ ഞാനാകുന്നു' (പുറ. 3:14) ഇപ്രകാരമാണു ദൈവം പഴയനിയമത്തിൽ മോശയ്ക്കു വെളിപ്പെടുന്നത്. മുൾപ്പടർപ്പിന്റെ നടുവിൽനിന്നു ദൈവം മോശയെ വിളിച്ചപ്പോൾ അഗ്നിജ്വാലയിൽക്കൂടിയാണു മോശ ദൈവത്തെ ദർശിക്കുന്നത്. സീനായ് മലയിൽ വച്ചു ദൈവം മോശയോട് ഇപ്രകാരം കൽപ്പിക്കുന്നു: 'എന്റെ തേജസ്സു കടന്നുപോകുമ്പോൾ ഞാൻ നിന്നെ പാറയുടെ ഒരു പിളർപ്പിൽ ആക്കി ഞാൻ കടന്നുപോകുവോളം എന്റെ കൈകൊണ്ടു നിന്നെ മറയ്ക്കും. പിന്നെ എന്റെ കൈ നീക്കും, നീ എന്റെ പിൻഭാഗം കാണും. എന്റെ മുഖമോ കാണാവതല്ല' (പുറ. 33:22–23). മോശ ദൈവത്തെ നോക്കുവാൻ ഭയപ്പെട്ടു മുഖം മൂടിയതായും നാം വായിക്കുന്നു.

ദൈവവിജ്ഞാനീയത്തിന് ഒരു ഉദാഹരണമായി മോശയുടെ സീനായ് മലയിലേക്കുള്ള പ്രവേശനത്തെ സഭാപിതാക്കന്മാർ ചിത്രീകരിച്ചിട്ടുണ്ട്. ലക്ഷ്യകാംക്ഷിയായ മനുഷ്യന്റെ ആത്മീയ വളർച്ച മോശയുടെ അനുഭവത്തിൽക്കൂടി വെളിപ്പെടുന്നു. പർവ്വതത്തിലേക്കു കയറുംതോറും അന്ധതമസ്സിലേക്കു മോശ പ്രവേശിക്കുന്നു. ദൈവത്തെ നേരിട്ടു കാണുന്നില്ലായെങ്കിലും ദൈവിക തേജസ്സ് കൂടുതൽ ദൃശ്യമായി വരുന്നു.

"മോശയുടെ ജീവിതം" എന്ന കൃതിയിൽ സഭാപിതാവായ നിസ്സായിലെ വി. ഗ്രീഗോറിയോസ് (335 – 395 എ. ഡി.) ഇതിനെ ഇപ്രകാരം വ്യാഖ്യാനിക്കുന്നു: ഇരുണ്ട മേഘത്തിലേക്കാണ് മോശ പ്രവേശിക്കുന്നത്. മോശയ്ക്ക് ദൈവസാന്നിദ്ധ്യം വെളിപ്പെടുന്നത് അന്ധകാരമായിട്ടാണ്. അതായത് ദൈവത്തിന്റെ യഥാർത്ഥ സത്ത ദുർഗ്രാഹ്യമാണ്. മനുഷ്യമനസ്സിന് ഒരിക്കലും പിടിച്ചെടുക്കാൻ കഴിയാത്തതാണ്. ദൈവത്തിന്റെ അജ്ഞേയതാ സ്വഭാവത്തിന്റെ (incomprehensibility) പ്രതീകമാണ് ഇരുണ്ട മേഘം. ഈ പശ്ചാത്തലത്തിൽ മുന്നേറുമ്പോൾ മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു. ഇതാണ് യഥാർത്ഥ രൂപാന്തരം. മോശ പിന്നീടു തന്റെ മുഖത്തു മൂടുപടം ഇട്ടു. ജനം തന്നെയോ തന്റെ ശോഭയേയോ അല്ല പുകഴ്ത്തേണ്ടത്. ദൈവത്തെയാണ് മഹത്വപ്പെടുത്തേണ്ടത്. ദൈവമഹത്വത്തിന്റെ മേഘത്തിനുള്ളിൽ മോശയ്ക്കു ലഭിച്ച തേജസ്ക്കരണം ഓരോ വിശ്വാസിക്കും ലഭിക്കണം. ഈ അനുഭവമെന്തെന്നു വാക്കുകൾ കൊണ്ട് മോശ വിശദീകരിച്ചില്ല. വിശദീകരണങ്ങൾക്കതീതമാണ് ഈ രൂപാന്തരം.

മറുരൂപമലയിലെ തേജസ്ക്കരണത്തിന്റെ അനുഭവവും (Taboric Transfiguration) ദൈവവിജ്ഞാനീയത്തിന്റെ ഉദാഹരണമായി സഭാപിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നു.

## വിശുദ്ധി, ദൈവാരാധന, ധാർമ്മികാനുഷ്ഠാനങ്ങൾ

ദൈവവിജ്ഞാനീയത്തിന്റെ ഒരു പ്രധാന ഘടകമാണു വിശുദ്ധി. അതു ചില സാന്മാർഗിക പ്രമാണങ്ങളുടെ അനുഷ്ഠാനം മാത്രമല്ല. ദൈവിക സാദൃശ്യത്തിലേക്കും പ്രതിരൂപത്തിലേക്കുമുള്ള മനുഷ്യന്റെ രൂപാന്തരമാണു വിശുദ്ധീകരണപ്രക്രിയ. പ്രാർത്ഥനയിൽക്കൂടിയും ആരാധനയിൽക്കൂടിയുമാണതു സാധിക്കുന്നത്. ദൈവത്തെ അറിയുവാൻ ശ്രമിച്ചിട്ടുള്ള പരിശുദ്ധ പിതാക്കന്മാർ വിശുദ്ധിയുടെ ഉന്നത സോപാനങ്ങളിലേക്കു കടന്നിട്ടുള്ളവരാണ്. ദൈവാരാധനയിൽക്കൂടി രൂപാന്തരം പ്രാപിച്ചു ധാർമ്മികാനുഷ്ഠാനങ്ങളിലൂടെ നന്മയുടെ പര്യായങ്ങളായി മാറി ദൈവദർശനം പ്രാപിക്കുവാൻ സഭാപിതാക്കന്മാർ ഉദ്ബോധിപ്പിക്കുന്നു. ആരാധന വെറും ബാഹ്യമായ കൂടിവരവല്ല. ദൈവസന്നിധിയിൽ വാങ്ങിപ്പോയവരും ജീവനോടിരിക്കുന്നവരും ഒന്നുചേർന്നു സ്രഷ്ടാവിനെ മഹത്വപ്പെടുത്തുന്ന പ്രക്രിയയാണ് ആരാധന.

യഥാർത്ഥ ദൈവികജ്ഞാനം പ്രാപിക്കുന്നതു ദൈവസംസർഗത്തിലാണ്; ദൈവശാസ്ത്രപഠനത്തിലല്ല. എന്നാൽ ദൈവസംസർഗത്തിലേക്കു നമ്മെ ആനയിക്കുവാൻ ദൈവശാസ്ത്രത്തിനു കഴിഞ്ഞേക്കാം.

നാലാം നൂറ്റാണ്ടിൽ കപ്പദോക്യയിൽ ജീവിച്ചിരുന്ന നിസ്സായിലെ വി. ഗ്രിഗോറിയോസ് ഇപ്രകാരം എഴുതുന്നു: 'ഒരുവൻ അഖിലാണ്ഡത്തെക്കുറിച്ചു ഗ്രഹിക്കുമ്പോൾ, സർവ്വത്തിലും വ്യാപരിക്കുകയും സർവ്വത്തെയും വഹിക്കുകയും സർവ്വത്തിലും സ്ഥിതിചെയ്യുകയും ചെയ്യുന്ന ദൈവത്തെ അവിടെ കണ്ടെത്താൻ കഴിയാതിരുന്നാൽ അയാൾ എത്ര ഭോഷൻ! കാരണം, ആ ദൈവത്തെ ആശ്രയിച്ചാണ് എല്ലാം സ്ഥിതിചെയ്യുന്നത്. അവനാണു യഥാർത്ഥ ഉണ്മ. മറ്റുള്ളവർക്ക് അസ്തിത്വമുണ്ടാകുന്നതുപോലും അവനിൽക്കൂടി മാത്രമാണ്' (Life of Moses).

## ദൈവദർശനം എങ്ങനെ?

ദൈവത്തിന്റെ സാന്നിദ്ധ്യബോധവും ദൈവാശ്രയവും യാഥാർത്ഥ്യമാകുന്നതു തളരാത്ത അഭിവാഞ്ഛയും നിരന്തരവും ആത്മാർത്ഥവുമായ പ്രാർത്ഥനയും മൂലമാണെന്നു പരിശുദ്ധ പിതാക്കന്മാർ ഓർമ്മിപ്പിക്കുന്നു. കടന്നുചെല്ലുന്തോറും കൂടുതൽ രഹസ്യാത്മകത്വം അതിൽ കാണുവാൻ കഴിയും. നമ്മുടെ ചിന്തകളും മനസ്സുകളും ഏകാഗ്രമാക്കി തന്നെ അപ്പനെന്നു സംബോധന ചെയ്തു ദൈവവുമായി മധുരസംഭാഷണത്തിൽ ഏർപ്പെടുവാൻ നമുക്കു കഴിയണം.

ദൈവവിജ്ഞാനീയത്തിന്റെ രഹസ്യാത്മക അറകളിലേക്കു നാം പ്രവേശിക്കുന്നതു യഹോവയുടെ മനോഹരത്വം കാണുകയും അവന്റെ മന്ദിരത്തിൽ ധ്യാനിക്കുകയും ആയുഷ്ക്കാലമൊക്കെയും യഹോവയുടെ ആലയത്തിൽ പാർക്കുകയും ചെയ്യുമ്പോഴാണെന്നു സങ്കീർത്തനക്കാരൻ അനുസ്മരിപ്പിക്കുന്നു (സങ്കീ. 27:4). ദൈവസന്നിധിയിലേക്ക് ഓരോരുത്തരും അവരവരുടെ വിശുദ്ധിയുടെ അളവനുസരിച്ച് കടന്നുവന്നു തേജസ്ക്കരണം പ്രാപിച്ചു ദൈവമഹത്വത്തിന് അവകാശികളാകുന്നു. 'യഹോവയുടെ പർവ്വതത്തിലേക്ക് ആർ കയറും, അവന്റെ വിശുദ്ധ സ്ഥലത്ത് ആർ നില്ക്കും?' എന്ന ചോദ്യത്തിനു ദാവീദു തന്നെ ഉത്തരം പറയുന്നു: 'വെടിപ്പുള്ള കൈയും നിർമ്മല ഹൃദയവും ഉള്ളവൻ തന്നെ' (സങ്കീ. 24).

നിർമ്മല ഹൃദയത്തോടും ദൈവാരാധനയോടും നമുക്കു ദൈവിക രഹസ്യങ്ങളിൽ പങ്കാളികളാകുവാൻ ശ്രമിക്കാം. പഴയനിയമത്തിലെ ഈ ദൈവിക സാമീപ്യം യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടു യാഥാർത്ഥ്യമായി. യേശുക്രിസ്തുവിന്റെ ശരീരമായ വിശുദ്ധ സഭയിൽ കൂടി, സഭയുടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കാളികളാകുന്നതുവഴി, നാം നിരന്തരമായ ആത്മീയ വളർച്ച പ്രാപിക്കുന്നു. അതിനുള്ള ഒരു തപസ്യയാണു ക്രൈസ്തവജീവിതം.

യഥാർത്ഥ ദൈവികജ്ഞാനം ക്ലാസുമുറികളിൽ അദ്ധ്യാപകന്റെ വായിൽ നിന്നും ലഭിക്കുന്ന അറിവല്ല. സഭയുടെ ആരാധനാജീവിതവും ഓരോ ക്രിസ്ത്യാനിയുടെയും പ്രാർത്ഥനാനിരതമായ ജീവിതവുമാണു ദൈവവിജ്ഞാനീയത്തിന്റെ പ്രധാന ഘടകങ്ങൾ. നാലാം നൂറ്റാണ്ടിൽ ജീവിച്ച സഭാപിതാവായ വലിയ മാർ ബസേലിയോസ് (329–379 AD) ഇപ്രകാരമെഴുതുന്നു: 'ഞാൻ ആവർത്തിച്ചു പറയട്ടെ. അറിവു ബഹുവിധമാണ്. നമ്മുടെ സ്രഷ്ടാവിനെ നാം കാണുന്നതും അവന്റെ അത്ഭുതപ്രവൃത്തികളെ അംഗീകരിക്കുന്നതും അവന്റെ കല്പനകളെ അനുഷ്ഠിക്കുന്നതും അവനുമായി അഗാധമായി സംസർഗം പുലർത്തുന്നതുമാണ് യഥാർത്ഥ അറിവ്. ..... തന്റെ കൃപാസനങ്ങളിൽ നിന്ന് അവൻ കാണപ്പെടുമെന്നു ദൈവത്തെക്കുറിച്ചു നാം പറയുന്നത് അവന്റെ ആരാധകർക്ക് അവൻ അറിയപ്പെടും എന്ന അർത്ഥത്തിലാണ്. അവന്റെ സ്വന്തമായവരെ കർത്താവു അറിയുന്നു എന്നു നാം പറയുന്നത് ഈ ലോകത്തിൽ നന്മ വാരിവിതറുന്നവരോട് അവൻ ആത്മസംസർഗത്തിൽ പ്രവേശിക്കും എന്ന അർത്ഥത്തിലാണ്" (Treatise on the Holy Spirit).

### ഈ രഹസ്യത്തിൽ സംബന്ധിക്കുവാൻ....!

ഇപ്പോൾ ഭാഗികമായിട്ടും വരുവാനിരിക്കുന്ന ലോകത്തിൽ കുറേക്കൂടി പൂർണ്ണമായും ആ ദൈവിക തേജസ് അനുഭവവേദ്യമാകുമെന്നു പിതാക്കന്മാർ പഠിപ്പിക്കുന്നു. ദൈവത്തിന്റെ യഥാർത്ഥ ഉണ്മ (ousia) നമുക്കജ്ഞാതമാണെങ്കിലും തന്റെ പ്രവർത്തനശക്തികളിലൂടെ (energia) ദൈവികജ്ഞാനം നാം പ്രാപിക്കുന്നു. ആത്യന്തികമായി ദൈവവുമായുള്ള ഏകോപന പ്രക്രിയയിലേക്കു നയിക്കുന്നതാണു നമ്മുടെ ആത്മീയ തീർത്ഥാടനം. ദൈവവിജ്ഞാനീയം ദൈവവുമായുള്ള സംയോജനമാണെന്നു സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. അറിയുന്നത് ആയിത്തീരുന്നതു വഴിയാണെന്നു ചുരുക്കം.

യുക്തിയുടെ മഹത്വത്തിലല്ല വിശ്വാസത്തിന്റെ മഹത്വത്തിലാണു ദൈവികജ്ഞാനം നാം പ്രാപിക്കുന്നത്. 'നമ്മുടെ വിശ്വാസത്തിന്റെ ഭൂമിശാസ്ത്രപര്യവേഷണത്തിൽ നമ്മെ നയിക്കുന്ന ചിത്രം പോലെയാണു' ദൈവശാസ്ത്രമെന്നു ഒരു ചിന്തകൻ പറഞ്ഞിരിക്കുന്നു (Theolgy is like a map which guides us in our exploration of the geography of our faith). തർക്കശാസ്ത്രവും യുക്തിപ്രമാണങ്ങളും ദൈവത്തെ നിർവചിക്കുവാനോ അറിയുവാനോ വഴികാട്ടികളായിത്തീരുന്നില്ല. നമ്മുടെ വാക്കുകളും ഭാഷാപ്രയോഗങ്ങളും തമ്മിൽ താരതമ്യപഠനം ആകാം. എന്നാൽ ദൈവം എന്ന യാഥാർത്ഥ്യത്തെ അവയുമായി താരതമ്യപ്പെടുത്തുന്നതിന് ഉദ്യമിക്കുന്നതു ഭോഷത്തമാണ്.

വേദശാസ്ത്രത്തിന് നൽകപ്പെടുന്ന ചില നിർവചനങ്ങൾ പരിശോ

ധിക്കാം. “മതം എന്ന പ്രതിഭാസത്തിന്റെ യാഥാർത്ഥ്യങ്ങൾ ഗ്രഹിച്ചുകൊണ്ട് മതവിശ്വാസത്തിന്റെ വസ്തുനിഷ്ഠമായ അടിസ്ഥാനങ്ങളെപ്പറ്റിയുള്ള അറിവുകൾ ശാസ്ത്രീയ രീതിയിൽ പ്രതിപാദിക്കുന്ന പഠനശാഖയാണ് തിയോളജി” (E.R.E. Vol. 12, p. 293). “ഒരു മതവിശ്വാസത്തിൽ പങ്കാളിയായിക്കൊണ്ടും അതിനെ പ്രതിബിംബിച്ചുകൊണ്ടും ഈ വിശ്വാസത്തിന്റെ അന്തസത്ത ലഭ്യമായ ഏറ്റവും വ്യക്തവും ശക്തവുമായ ഭാഷയിൽ പ്രകടിപ്പിക്കുന്ന പഠനമാണ് തിയോളജി” (John Macquarrie, Principles of Christian Theology, p. 1).

പൗരസ്ത്യ സഭാപിതാക്കന്മാരുടെ കൃതികളിൽ വേദശാസ്ത്രത്തിന് നൽകപ്പെടുന്ന നിർവ്വചനങ്ങൾ കൂടുതൽ അർത്ഥവത്താണെന്നു കാണാം. ചില ഉദാഹരണങ്ങൾ: “ദൈവത്തെക്കുറിച്ചുള്ള സംഭാഷണമോ വിശകലനമോ അല്ല, ദൈവീകരണം പ്രാപിക്കുന്ന അനുഭവമാണ് തിയോളജി” (Theology is Theosis or Divinization). “അക്കാദമിക് വൈദഗ്ദ്ധ്യമല്ല, അനുഷ്ഠാന ജീവിതത്തിന്റെ പാരമ്യമാണ് വേദശാസ്ത്രം” (Theology is not academic excellence, it is cultic excellence). “അനുഗ്രഹത്തിന്റെ കണ്ണുനീരാണ് വേദശാസ്ത്രം” (Theology is blessed tears). “സഭയുടെ ഗൈഡ് ബുക്കാണ് വേദശാസ്ത്രം” (Theology is the guide-book of the Church). “സത്യദൈവത്തിന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ തുടർച്ചയായ സഭയുടെ വിശ്വാസരേഖയാണ് വേദശാസ്ത്രം” (Theology is the doctrinal faith of the Church which is the extension of the incarnation). “ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ആഴവും പരപ്പും വിശകലനം ചെയ്യുന്ന വിശ്വാസിയുടെ പഠനശാഖയാണ് വേദശാസ്ത്രം (Theology is the analysis of the believer’s faith in Christ). “വി. ത്രിത്വത്തിലെ ആളത്വങ്ങൾ തമ്മിലുള്ള ശരിയായ ബന്ധം വിശദീകരിക്കുന്ന പഠനശാഖയാണ് ദൈവശാസ്ത്രം.”

നമ്മുടെ ആത്മാവു ശുദ്ധീകരണം പ്രാപിച്ച് ഉദ്ദീപനം പ്രാപിക്കുന്ന അവസ്ഥ (Purification and illumination) യാണ് ആത്മീയ പുരോഗതി. വി. സഭയുടെ ആചാരാനുഷ്ഠാനങ്ങൾ ഇതിനുവേണ്ടിയാണ്. നമ്മുടെ കർത്താവിന്റെ തിരുബലിയാണ് ഇതിന്റെ കേന്ദ്രബിന്ദു. ഈ രഹസ്യത്തിൽ സംബന്ധിക്കുന്നതിന് എല്ലാവരും അർഹരല്ല. ഉപനീതൻ (The initiated) മാത്രമാണ് അതിന് അർഹനായിത്തീരുന്നത്. ദൈവത്തോടും സമസൃഷ്ടികളോടുമുള്ള സ്നേഹമാണ് ഇപ്രകാരമുള്ള പ്രവേശനത്തിനു നമ്മെ അർഹരാക്കുന്നത്. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. പ്രകാശത്തെ പൂർണ്ണമായി അറിയുവാൻ നാം പ്രകാശമായിത്തീരണം. ബൗദ്ധികതലത്തിൽനിന്ന് അനുഭവാത്മകതലത്തിലേക്കു നാം പ്രവേശിക്കണം. ‘മൗനമായിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക’ (സങ്കീ. 46:10) എന്ന സങ്കീർത്തനവാക്യം ശ്രദ്ധേയമാണ്.

ദൈവമഹത്വം ദർശിച്ചു വിശുദ്ധിയിൽ വളർന്ന് ആരാധനയിലും പ്രാർത്ഥനയിലും സൽക്കർമ്മങ്ങളിലും ഉറ്റിരുന്ന് അവാച്യമായ ദൈവിക രഹസ്യങ്ങളിൽ ഭാഗഭാക്കുകളാകുവാനുള്ള ക്ഷണമാണു ദൈവവിജ്ഞാനീയത്തിന്റെ മർമ്മം.

**ചോദ്യങ്ങൾ**

1. 'ദൈവശാസ്ത്ര'ത്തിനു പണ്ഡിതന്മാർ നൽകിയിരിക്കുന്ന നിർവചനങ്ങൾ ശേഖരിക്കുക.
2. 'അറിയുക എന്നതല്ല, ആയിത്തീരുക എന്നതാണ് പ്രധാനം' വിശദീകരിക്കുക.
3. പുറപ്പാടു പുസ്തകം 34–ാം അദ്ധ്യായം 29 മുതൽ 35 വരെയുള്ള വാക്യങ്ങൾക്ക് ഒരു വ്യാഖ്യാനമെഴുതുക.

## പാഠം 2

# വേദശാസ്ത്ര വിശകലനങ്ങൾ

❑ ആദിമസഭയുടെ മാനദണ്ഡം ❑ അക്രൈസ്തവ നിർവചനങ്ങൾ ❑ ആദിമ ക്രൈസ്തവ എഴുത്തുകാരുടെ വിശകലനം ❑ മനുഷ്യാവതാരത്തിന്റെ മർമ്മം ❑ ദൈവാത്മാവിന്റെ വെളിപ്പെടുത്തൽ

### ആരാണ് ദൈവശാസ്ത്രജ്ഞൻ?

സഭാചരിത്രത്തിൽ ദൈവശാസ്ത്രജ്ഞൻ (Theologian) എന്ന പദവി രണ്ടു പേർക്കു മാത്രമേ നൽകപ്പെട്ടിട്ടുള്ളു. 'വചനത്തിന്റെ ദൈവത്വം (Theosness of Logos) ഉറപ്പിച്ചു പ്രഖ്യാപിച്ചതിനാൽ സുവിശേഷകനായ വി. യോഹന്നാനെയും വി. ത്രിത്വവിശ്വാസത്തെ ഉദ്ഘോഷിച്ചതിനാൽ നാസിയാൻസിലെ വി. ഗ്രീഗോറിയോസിനെയും സഭ 'ദൈവശാസ്ത്രജ്ഞൻ' എന്ന പേരു നൽകി ബഹുമാനിച്ചതായി സഭാചരിത്രകാരനായ എവുസേബിയസ് രേഖപ്പെടുത്തിയിരിക്കുന്നു. 'വചനം ദൈവമാകുന്നു' എന്ന് ഇവർ പ്രഖ്യാപിച്ചതു ചില പ്രത്യേക സാഹചര്യങ്ങളിലായിരുന്നു. ദൈവത്തിൽ നിന്നു പുറപ്പെടുന്ന ഒരു പ്രതിപുരുഷ ശക്തിയായി മാത്രം 'വചന'ത്തെ കണക്കാക്കിയ യവന ചിന്താഗതികളും വി. ത്രിത്വത്തിലെ രണ്ടാമത്തെ ആളത്തമായ യേശുക്രിസ്തുവിന്റെ 'ദൈവത്വം' നിഷേധിച്ച അറിയോന്യ വേദവിപരീതികളുടെ പഠിപ്പിക്കലുകളും വി. ത്രിത്വത്തിലെ ആളത്തങ്ങൾ തമ്മിലുള്ള ബന്ധത്തെ ശരിയായി നിർവചിക്കുന്ന പഠനശാഖയായി ദൈവശാസ്ത്രത്തെ

വികസിപ്പിച്ചെടുക്കാൻ സഭാപിതാക്കന്മാരെ പ്രേരിപ്പിച്ചു.

### അക്രൈസ്തവ നിർവചനങ്ങൾ

സഭാപിതാക്കന്മാർ 'ദൈവശാസ്ത്ര'ത്തിനു നൽകിയ പ്രത്യേക അർത്ഥം പഠിക്കുന്നതിന് മുമ്പ് 'തിയോളജി' എന്ന പദത്തിന് അന്നുവരെ നൽകപ്പെട്ടിരുന്ന നിർവ്വചനങ്ങൾ പരിശോധിക്കുന്നതു നല്ലതാണ്. ക്ലാസിക്കൽ യവന ചിന്താഗതിയിൽ യവനദേവന്മാരെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് 'തിയോളജി' എന്ന പദം വ്യാപകമായി ഉപയോഗിച്ചിരുന്നു. ഹോമർ, ഹെസിയസ് തുടങ്ങിയ കവികൾ ദേവന്മാരെയും അവരുടെ പ്രവർത്തനങ്ങളെയും പറ്റി പരാമർശിക്കുമ്പോൾ ഈ വാക്ക് ഉപയോഗിക്കുന്നുണ്ട്. പ്ളേറ്റോ 'ദി റിപ്പബ്ലിക്' എന്ന കൃതിയിൽ 'പരമമായ യാഥാർത്ഥ്യ' (Supreme Reality) ത്തെ അഥവാ 'സർവത്തിന്റെയും ഉറവിടമായ മൂലബിന്ദു' (Ultimate Ground of all things) വിനെ സൂചിപ്പിക്കുവാൻ തിയോളജി എന്ന പദം ഉപയോഗിച്ചിരുന്നു (The Republic, 379 A).

പ്രപഞ്ചത്തെ 'നീക്കപ്പെടാതെ നീക്കുന്ന' (Unmoved Mover) പരമസത്തയുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്ന തത്ത്വശാസ്ത്രശാഖയെ വിവക്ഷിക്കുന്നതിനാണ് അരിസ്റ്റോട്ടിൽ 'തിയോളജി' എന്ന പദം ഉപയോഗിച്ചത് (Metaphysics 102). ഊർജ്ജശാസ്ത്രം (Physics), ഗണിതശാസ്ത്രം (Mathematics), ദൈവശാസ്ത്രം (Theology) എന്നിങ്ങനെ മൂന്നു തരത്തിലുള്ള വിജ്ഞാനശാഖയെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. അവയിൽ പ്രഥമവും മുഖ്യവുമായ തത്ത്വശാസ്ത്രശാഖയാണ് 'തിയോളജി'യെന്ന് അദ്ദേഹം എഴുതി.

ദൈവശാസ്ത്രത്തെ യോഗാത്മകം (Mystical), നൈസർഗികം (Natural), വ്യവഹാരികം (Civil) എന്നിപ്രകാരം മൂന്നായി തിരിച്ച് സ്റ്റോയിക്കർ വിശകലനം ചെയ്തു. ആത്മീയ ഉപാസന വഴിയായി ലഭിച്ചുകൊണ്ടിരിക്കുന്ന പരിജ്ഞാനം വിശദീകരിക്കുന്ന ശാസ്ത്രശാഖയായി മിസ്റ്റിക്കുകൾ ദൈവശാസ്ത്രത്തെ വ്യാഖ്യാനിച്ചു.

**സ്റ്റോയിക്കർ:** തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നീ ചിന്തയുമായി രംഗത്തുവന്ന എപ്പിക്കുറസിന്റെ പഠിപ്പിക്കലിനെതിരെയാണ് സ്റ്റോയിക്കർ (Stoics) രംഗത്തുവന്നത്. പ്രപഞ്ചത്തിന്റെ ആത്മാവുമായി താദാത്മ്യം പ്രാപിക്കുക എന്നതാണ് പ്രധാനം. ധാർമ്മിക നിയമങ്ങൾ അനുസരിക്കുന്നവനാണ് നല്ല പൗരൻ. ദൈവമാണ് പ്രപഞ്ചത്തിന്റെ ആത്മാവ്. ദൈവം പൂർണ്ണ ധാർമ്മികനാണ്. സീനോ (Zeno of Citium), ക്ലിയാന്തസ്, ക്റിസിപ്പസ് എന്നിവർ പൂർവ്വകാല സ്റ്റോയിക്കരും സെനേക്ക, എപ്പിക്റ്ററ്റസ്, മാർക്കസ് ഔറേലിയസ് എന്നിവർ പിൽക്കാല സ്റ്റോയിക്കരുമാണ്.

**മിസ്റ്റിക്കുകൾ:** ആന്തരിക മനുഷ്യന്റെ ബുദ്ധിയും ഭക്തിയും നല്ല മൂല്യ

ങ്ങളും ഉദ്ഘോഷിച്ചവരാണ് മിസ്റ്റിക്കുകൾ (Mystics). ധ്യാനത്തിലൂടെയും ഉപാസനയിലൂടെയും യാഥാർത്ഥ്യത്തെ സമീപിക്കുവാനാണ് ഇവർ ശ്രമിച്ചത്. അന്തരാത്മാവിന്റെ പ്രകാശമായി ദൈവത്തെ ഇവർ വ്യാഖ്യാനിച്ചു.

## ആദിമ ക്രൈസ്തവ വിശകലനങ്ങൾ

ആദിമ ക്രൈസ്തവ എഴുത്തുകാരിൽ അലക്സന്ത്രിയായിലെ വി. ക്ലിമീസ് (ഏ. ഡി. 150–215), ഓറിഗൻ (ഏ. ഡി. 185–253) എന്നിവർ കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള വർണ്ണനകളാണ് യഥാർത്ഥ ദൈവശാസ്ത്രമെന്നു സമർത്ഥിച്ചു. കർത്താവിനെ സാക്ഷിക്കുന്നവൻ ആരോ അവനാണു യഥാർത്ഥ ദൈവശാസ്ത്രജ്ഞൻ എന്നു വി. യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ചുള്ള വ്യാഖ്യാനപഠനത്തിൽ ഓറിഗൻ എഴുതി. പിന്നീട് അറിയോസിന്റെ വേദവിപരീത കാലഘട്ടമായതോടെ (ഏ. ഡി. നാലാം ശതകം) ഈ പദം വി. ത്രിത്വത്തിലുള്ള ക്നൂമാകളെ (ആളത്തങ്ങളെ) വിവക്ഷിക്കുന്നതിനും അവ തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുന്നതിനും സഭയിൽ ഉപയോഗിക്കാൻ തുടങ്ങി. ജഡമായിത്തീർന്ന 'വചനം' ദൈവമാകുന്നുവെന്നു സമ്മതിക്കുന്നവരാണു ദൈവശാസ്ത്രജ്ഞന്മാർ എന്നു സഭ പഠിപ്പിച്ചു.

ഒയ്ക്കണോമിയ (Economy) അഥവാ മനുഷ്യാവതാരവ്യാപാരം, തെയളോഗിയാ (Theology) അഥവാ വി. ത്രിത്വത്തിലെ ആളത്തങ്ങളുടെ നിത്യബന്ധം എന്നിവ തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാക്കുന്നതിനു സഭാപിതാക്കന്മാർ ശ്രമിച്ചു. 'എന്റെ പിതാവ് എന്നേക്കാൾ വലിയവനാകുന്നു' എന്നു സൂചിപ്പിക്കുന്ന വേദവാക്യങ്ങളാണല്ലോ അറിയോസുപക്ഷക്കാർ പ്രധാനമായി ഉദ്ധരിച്ചത്. പിതാവും പുത്രനും തുല്യരല്ലായെന്ന് അവർ വാദിച്ചു. പുത്രൻ പിതാവിനേക്കാൾ ചെറിയവനായതുകൊണ്ട് പുത്രൻ ദൈവമല്ല എന്നുള്ള അവരുടെ വാദഗതി വളരെ ലളിതമായിരുന്നു. എന്നാൽ തന്റെ മനുഷ്യാവതാര വ്യാപാരത്തിൽ (മനുഷ്യൻ എന്ന നിലയ്ക്കുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങൾ വഴി) 'എന്റെ പിതാവ് എന്നേക്കാൾ വലിയവനാകുന്നു' എന്ന പ്രസ്താവന ശരിയാണെന്നു വി. പിതാക്കന്മാർ ചൂണ്ടിക്കാട്ടി. മനുഷ്യാവതാരം ദൈവത്തിന്റെ കരുതലിന്റെയും രക്ഷാകരപ്രവർത്തനങ്ങളുടെയും സ്വയം താഴ്ത്തലിന്റെയും പ്രതിഫലനമാണെന്ന് അവർ പഠിപ്പിച്ചു. ദൈവത്തോടുള്ള സമത്വം മുറുകെപിടിക്കാതെ ദാസരൂപമെടുത്തു മനുഷ്യനായിത്തീർന്ന (ഫിലി. 2:6–8) കർത്താവിന്റെ മനുഷ്യാവതാര വ്യാപാരപരിമിതിയിൽ നിന്നുകൊണ്ടുവേണം ഇത്തരം പ്രസ്താവനകൾ മനസ്സിലാക്കാൻ.

## മനുഷ്യാവതാരത്തിന്റെ മർമ്മം

തന്റെ സൃഷ്ടിയുടെ ക്രമീകരണത്തിനു ദൈവം തെരഞ്ഞെടുത്ത ഒരു

മാർഗമാണ് മനുഷ്യാവതാര പ്രക്രിയയിൽ ദൃശ്യമായത്. യേശുക്രിസ്തുവിൽ കൂടി സൃഷ്ടി സ്രഷ്ടാവിനെ അറിയുന്നു, ആരാധിക്കുന്നു, അനുഭവിക്കുന്നു. ഈ വിശ്വാസത്തിൽ അധിഷ്ഠിതമായ ക്രൈസ്തവജീവിതം വി. ത്രിത്വ ത്തിന്റെ മർമ്മങ്ങളെക്കുറിച്ചുള്ള ദൈവിക വെളിപാടുകൾ നമുക്കു ലഭ്യമാ ക്കിത്തരുന്നു.

എഫേസ്യർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് ശ്ലീഹാ ഇത് ഇപ്ര കാരം വിശദീകരിക്കുന്നു. 'അവനിൽ താൻ മുൻനിർണ്ണയിച്ച തന്റെ പ്രസാദ ത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോട് അറിയിച്ചു. അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണതയിലെ വ്യവസ്ഥയ്ക്കായി ക്കൊണ്ടു തന്നെ. അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിത ത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണയ പ്രകാരം മുന്നിയമിക്കപ്പെട്ടതു മുമ്പിൽ കൂട്ടി ക്രിസ്തുവിൽ ആശവച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കാകേണ്ടതിനു തന്നെ' (എഫേ. 1:9–12). ചുരുക്കത്തിൽ കർത്താവിന്റെ മനുഷ്യാവതാരം വഴി ദൈവത്തിന്റെ മർമ്മമാണു വെളിപ്പെട്ടത്. ചരിത്രത്തിൽ കൂടി വെളിപ്പെട്ടതായ ദൈവത്തിന്റെ മർമ്മങ്ങൾ (Mysteries of God) വിശ്വാസത്താൽ ജ്വലിക്കപ്പെട്ടു മാനുഷിക രീതിയിൽ പരാമർശിക്കപ്പെടുന്ന പഠനശാഖയായി ദൈവശാസ്ത്രത്തെ നിർവചിക്കുന്നത് ഈ അടിസ്ഥാനത്തിലാണ്. 'വിശ്വാസംതേടുന്ന അറിവ്' (Faith Seeking Understanding) എന്നാണു ചിലർ ദൈവശാസ്ത്രത്തെ നിർവ ചിക്കുന്നത്.

## ദൈവാത്മാവിന്റെ വെളിപ്പെടുത്തൽ

ദൈവം തന്റെ രഹസ്യങ്ങൾ എങ്ങനെ വെളിപ്പെടുത്തി തന്നു എന്നും ലൗകിക ജ്ഞാനത്തിൽനിന്നും അത് എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു വെന്നും വി. പൗലോസ് ശ്ലീഹാ സ്പഷ്ടമാക്കുന്നു. 'ദൈവം ലോകസൃഷ്ടി ക്കു മുമ്പെ നമ്മുടെ തേജസ്സിന്നായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു..... നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തേയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു. മനു ഷ്യനിലുള്ള അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചി ട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്കു നൽകി യത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപി ച്ചത്' (1 കൊരി. 2:7–12). വി. ത്രിത്വത്തിൽ അന്തർലീനമായിരിക്കുന്ന മറ ഞ്ഞിരിക്കുന്ന രഹസ്യങ്ങൾ ദൈവാത്മാവു, തന്നെ സ്നേഹിക്കുന്നവർക്കു വെളിപ്പെടുത്തുന്നു. അതാണു ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ ആധാരം.

ദൈവശാസ്ത്രം ദൈവത്തെപ്പറ്റിയുള്ള പൂർണ്ണമായ ശാസ്ത്രീയ പഠനമല്ല. ദൈവവുമായുള്ള ബന്ധത്തിൽ ഒരു വിശ്വാസിയുടെ ജീവിതം കരുപ്പിടിപ്പിക്കുവാൻ ഉതകുന്നെങ്കിൽ മാത്രമേ ദൈവശാസ്ത്ര വിജ്ഞാനം കൊണ്ടു പ്രയോജനമുള്ളു. ഇല്ലെങ്കിൽ അത് ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യും. ആരാധിക്കുന്നവരും വിശുദ്ധിയിൽ വളരുന്നവരും സഭാ വിശ്വാസത്തിൽ ഉറച്ചുനിന്ന് കൗദാശിക ജീവിതത്തിൽ വളരുന്നവരും സത്യവിശ്വാസം പഠിപ്പിക്കുന്നവരും യഥാർത്ഥമായി പാലിക്കുന്നവരുമാണ് ദൈവശാസ്ത്രജ്ഞന്മാർ.

### ചോദ്യങ്ങൾ

1. ആദിമസഭയിൽ 'ദൈവശാസ്ത്രജ്ഞൻ' എന്നു ചിലരെ വിളിക്കാനിടയായ സാഹചര്യമെന്ത്? എന്തർത്ഥത്തിലാണു അങ്ങനെ വിളിച്ചത്?
2. ആധുനിക കാലഘട്ടത്തിൽ ഒരു 'ദൈവശാസ്ത്രജ്ഞന്' ഉണ്ടായിരിക്കണമെന്നു നിങ്ങൾ കരുതുന്ന യോഗ്യതയെന്ത്?

## പാഠം 3

# വേദശാസ്ത്രപഠനം: തത്ത്വങ്ങളും ഉറവിടങ്ങളും

❑ വിശ്വാസബോധനം ആദിമസഭയിൽ ❑ സ്നാനാർത്ഥികൾക്കുള്ള ഉദ്ബോധനങ്ങൾ ❑ സാംസ്കാരിക സംവാദങ്ങൾ ❑ അപ്പോസ്തോലിക പിതാക്കന്മാരും അപ്പോളജിസ്റ്റുകളും ❑ ആരാധനാരൂപങ്ങളുടെ വികസനം ❑ വേദപുസ്തകം മാത്രമോ? ❑ വിശ്വാസസംഹിതകൾ ❑സഭാപിതാക്കന്മാർ നൽകുന്ന ഉൾക്കാഴ്ചകൾ

### വിശ്വാസബോധന പരിശ്രമങ്ങൾ ആദിമസഭയിൽ

ആദിമസഭയിൽ വിശ്വാസസംരക്ഷണാർത്ഥം വേദവിജ്ഞാനം പകർന്നുകൊടുക്കേണ്ടത് ആവശ്യമായിരുന്നു. അതിന് പല കാരണങ്ങൾ ഉണ്ട്. സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിലുള്ളവർ സ്നാനമേറ്റു സഭയിൽ അംഗങ്ങളായി. സ്നാനാർത്ഥികൾക്കു ക്രിസ്തീയ വിശ്വാസത്തിന്റെ അർത്ഥവും മഹിമയും സവിശേഷതകളും വ്യക്തമാക്കിക്കൊടുക്കണം. അതിനു പതിവായി ഉദ്ബോധനങ്ങൾ നടത്തണം. സ്നാനത്തിന് ഒരുക്കപ്പെടുന്നതിനു പ്രത്യേകമായ വിശ്വാസബോധന പദ്ധതികൾ ഏർപ്പെടുത്തി. ലിഖിതപ്രമാണങ്ങൾക്കു പുതിയ വ്യാഖ്യാനങ്ങൾ നൽകി. വി. വേദപുസ്തകം ഒരു ഗ്രന്ഥ

മായി ഇന്നത്തെ നിലയിൽ അന്നു ലഭ്യമായിരുന്നില്ല. വിശ്വാസികൾ അറിയേണ്ടതായ കാര്യങ്ങൾ സഭയുടെ പാരമ്പര്യങ്ങളായി ഉരുത്തിരിഞ്ഞു. വാമൊഴിയായും വരമൊഴിയായും ആചാരാനുഷ്ഠാനങ്ങളായും സഭാപാരമ്പര്യങ്ങൾ നിലവിൽ വന്നു.

## സാംസ്കാരിക സംവാദങ്ങൾ

യഹൂദ മതാധിപരും യവന ചിന്തകരും ഭരണാധികാരികളും സഭയുടെ വിശ്വാസങ്ങളെ ചോദ്യം ചെയ്തു. അക്രൈസ്തവ തത്ത്വശാസ്ത്രങ്ങളെ വെല്ലുന്നവയാണു ക്രിസ്തീയ പ്രമാണങ്ങളെന്നു തെളിയിക്കണം. റോമൻ-യവന സംസ്കാരങ്ങളുമായുള്ള സംവാദങ്ങളിൽ ക്രൈസ്തവ വിശ്വാസപ്രമാണങ്ങൾ കരുപ്പിടിപ്പിക്കേണ്ടത് അടിയന്തിരാവശ്യമായി. യേശുക്രിസ്തു പഠിപ്പിച്ച ഉപദേശങ്ങൾ അപ്പോസ്തോലിക പിതാക്കന്മാർ (വി. ക്ലിമ്മീസ്, വി. ഇഗ്നാത്തിയോസ്, വി. പോളിക്കാർപ്പോസ് തുടങ്ങിയവർ) പരിശുദ്ധാത്മനിയോഗത്താൽ വിശദീകരിച്ചു. ക്രിസ്ത്യാനികളെ പീഡിപ്പിച്ചവർക്കെതിരെ അപ്പോളജിസ്റ്റുകൾ (വിശ്വാസസംരക്ഷകർ) എന്നറിയപ്പെടുന്ന പിതാക്കന്മാർ ക്രൈസ്തവ വിശ്വാസത്തിന്റെ മാഹാത്മ്യം വർണിച്ചുകൊണ്ടു ലേഖനങ്ങളെഴുതി. സഭയ്ക്കുള്ളിൽ നിന്നു രൂപമെടുത്ത വേദവിപരീതികളും സഭയ്ക്കു ഭീഷണിയായി തീർന്നപ്പോൾ സത്യവിശ്വാസ സംരക്ഷണാർത്ഥം ക്രിസ്തീയ പ്രമാണങ്ങൾ ലിഖിതരൂപത്തിലാക്കി. ഇതുകൂടാതെ സഭയുടെ പൊതുആരാധനാരൂപങ്ങളിൽക്കൂടിയും വേദശാസ്ത്രപ്രമാണങ്ങൾ പകർന്നു കൊടുക്കപ്പെട്ടു.

## വേദശാസ്ത്രത്തിന്റെ ഉറവിടങ്ങൾ

ക്രിസ്തീയ വേദശാസ്ത്രത്തിന്റെ ഉറവിടങ്ങൾ പലതാണ്. വി. വേദപുസ്തകം ഉൾപ്പെടുന്ന പാരമ്പര്യം (എഴുതപ്പെട്ടതും എഴുതപ്പെടാത്തതും) അവയിൽ പ്രാധാന്യമർഹിക്കുന്നു. എന്നാൽ വി. വേദപുസ്തകത്തിൽ മാത്രം ഒതുങ്ങിനിൽക്കാത്തതും വേദപുസ്തകാധിഷ്ഠിതവുമായ പഠനങ്ങളും സഭയിൽ കാലാകാലങ്ങളായി ഉടലെടുത്തിട്ടുണ്ട് (ഗലാ. 1:8; 2 തെസ്സ. 2:15; എബ്രാ. 2:1; കൊലോ. 4:16; യോഹ. 20:30). പരിശുദ്ധാത്മാവിന്റെ നടത്തിപ്പനുസരിച്ചു സഭ വി. വേദപുസ്തകത്തിനു വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും നൽകി. സഭാപിതാക്കന്മാർ രൂപപ്പെടുത്തിയ പ്രാർത്ഥനകൾ, ഗ്രന്ഥങ്ങൾ, ആരാധനാക്രമങ്ങൾ, വിശ്വാസപ്രമാണം, സുന്നഹദോസ് പ്രഖ്യാപനങ്ങൾ തുടങ്ങിയവയും ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഉറവിടങ്ങൾ തന്നെ.

ഇന്നു പ്രോട്ടസ്റ്റന്റ് സഭാവിഭാഗങ്ങൾ പൊതുവായി 'വേദപുസ്തകം മാത്രം' എന്ന തത്ത്വത്തിൽ ഉറച്ചുനിൽക്കുന്നതായി കാണാം. ദൈവിക വെളിപാടിന്റെ ഉറവിടവും ഉടമസ്ഥനും വി. വേദപുസ്തകമാണെന്നവർ വാദി

ക്കുന്നു. പാരമ്പര്യം എന്നതിന്റെ ശരിയായ അർത്ഥം അവർ വേണ്ടുംവണ്ണം ഗ്രഹിക്കുന്നില്ലെന്നതാണ് സത്യം.

## ആരാധിക്കുന്ന സമൂഹവും സഭാപാരമ്പര്യങ്ങളും

'കൈമാറിത്തന്നത്' എന്ന അർത്ഥത്തിലാണ് 'പാരാഡോസിസ്' എന്ന ഗ്രീക്കു പദം വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 'ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറച്ചുനിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പാരമ്പര്യങ്ങളെ (പ്രമാണങ്ങൾ എന്നല്ല) മുറുകെപിടിച്ചുകൊള്ളുവീൻ' (2 തെസ്സ. 2:15) എന്നു വി. പൗലോസ് ഉദ്ബോധിപ്പിക്കുന്നു. 'ഞങ്ങളോടു പ്രാപിച്ച പാരമ്പര്യങ്ങളെ'യും (2 തെസ്സ. 3:6) 'ഞാൻ നിങ്ങളെ ഏൽപ്പിച്ച പാരമ്പര്യങ്ങളെ'യും (1 കൊരി. 11:2) പ്രമാണിച്ചു കൊള്ളണം എന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. ഇവ പൗലോസ് ശ്ലീഹാ കർത്താവിൽ നിന്നും പ്രാപിച്ചതാണെന്നും എഴുതുന്നു (1 കൊരി. 11:23). പൗലോസ് ശ്ലീഹാ ഉൾപ്പെട്ടു പ്രവർത്തിച്ച സഭയിൽക്കൂടി കർത്താവും അപ്പോസ്തോലന്മാരും സഭാപിതാക്കന്മാരും നൽകുന്ന പാരമ്പര്യങ്ങളെ നാം മുറുകെപ്പിടിക്കണം.

അപ്പോസ്തോലന്മാർ വാമൊഴിയായി പഠിപ്പിച്ച കാര്യങ്ങളാണല്ലോ സഭയിൽ നിലവിലിരുന്നത്. അവയിൽ ചില കാര്യങ്ങൾ മാത്രമേ അവർ രേഖപ്പെടുത്തിയിട്ടുള്ളു. വി. വേദപുസ്തകത്തിൽ എല്ലാ കാര്യങ്ങളും ഇല്ലെന്നു വി. വേദപുസ്തകം തന്നെ സാക്ഷിക്കുന്നു (യോഹ. 20:30). ആരാധിക്കുന്ന സമൂഹത്തിന്റെ സജീവമായ കൂട്ടായ്മയിലാണു വേദപുസ്തകം ഉൾപ്പെടെയുള്ള സഭാപാരമ്പര്യങ്ങൾ ഉടലെടുത്തത്. ജ്ഞാനവാദികളും മറ്റും തെറ്റായ വിശ്വാസങ്ങൾ പഠിപ്പിച്ചപ്പോൾ സഭയുടെ ശരിയായ പാരമ്പര്യങ്ങൾക്ക് അപ്പോസ്തോലികാധികാരം ഉണ്ടെന്നു വി. ഐറേനിയസ് (രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം) സ്ഥാപിച്ചു. അപ്പോസ്തോലിക പിന്തുടർച്ചയും പരിശുദ്ധാത്മാവിന്റെ നിയോഗവും അതിൽ നിദാനങ്ങളാണെന്ന് അദ്ദേഹം വ്യക്തമാക്കി.

"ശേഷം കാര്യങ്ങൾ ഞാൻ വന്നു ക്രമപ്പെടുത്താം" (1 കൊരി. 11:34) എന്ന് വി. പൗലോസ് എഴുതുന്നു. ഇപ്രകാരം ക്രമപ്പെടുത്തപ്പെട്ട കാര്യങ്ങളാണ് സഭയുടെ പാരമ്പര്യങ്ങൾ. ഇവ വി. വേദപുസ്തകത്തിലുണ്ടാകണമെന്നു ശഠിക്കുന്നതു ശരിയല്ല. ഫിലി. 4:9 –ൽ വി. പൗലോസ് എഴുതുന്നത് ലേഖനത്തിലുള്ളതു മാത്രമല്ല പ്രവർത്തിക്കേണ്ടത് എന്നാണ്. "എന്നോടു പഠിച്ചും ഗ്രഹിച്ചും കണ്ടും കേട്ടുമുള്ളത് പ്രവർത്തിപ്പിൻ." കേട്ട കാര്യങ്ങളും മാതൃകയും പ്രധാനമാണെന്ന് 2 തിമോ. 1:13; 2 തിമോ. 2:2 എന്നീ ഭാഗങ്ങളിൽ കാണുന്നു. "കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാനും ആവശ്യമാകുന്നു" (എബ്രാ. 2:1).

3 യോഹ. 1:13: "എഴുതി അറിയിപ്പാൻ പലതുമുണ്ടായിരുന്നു. എങ്കിലും മഷിയും തൂവലും കൊണ്ടെഴുതുവാൻ എനിക്കു മനസ്സില്ല. വേഗം നിന്നെ (ഗായോസിനെ) കാണ്മാൻ ആശിക്കുന്നു. അപ്പോൾ മുഖാമുഖമായി സംസാരിക്കാം." അങ്ങനെ നേരിട്ടു പറഞ്ഞ കാര്യങ്ങൾ ലേഖനത്തിലില്ല. ഗായോസ് അവ നടപ്പിലാക്കിയ സഭയിലേ അതു കാണുകയുള്ളു. അതു വേദപുസ്തകത്തിലില്ലെന്നു പറഞ്ഞു തള്ളുന്നത് ശരിയല്ല. വി. വേദപുസ്തകത്തിൽ കാണേണ്ടതായ ഇദ്ദോ പ്രവാചകന്റെ ചരിത്രപുസ്തകം (2 ദിന. 13:22), വി. പൗലോസ് ലവോദിക്യാക്കാർക്ക് എഴുതിയ ലേഖനം (കൊലോ. 4:16) മുതലായവ നഷ്ടപ്പെട്ട പുസ്തകങ്ങളിൽ ഉൾപ്പെടുന്നു. വി. വേദപുസ്തകം അതിൽത്തന്നെ പൂർണ്ണമല്ലായെന്നും പാരമ്പര്യങ്ങൾ സഭയിൽ പ്രധാനമാണെന്നും മേൽപ്പറഞ്ഞ വാക്യങ്ങൾ തെളിയിക്കുന്നു.

## കാനോനുകളും വിശ്വാസസംഹിതകളും

വിശ്വാസത്തിന്റെയും പ്രമാണങ്ങളുടെയും ആരാധനാക്രമങ്ങളുടെയും ആചാരങ്ങളുടെയും സജീവമായ പാരമ്പര്യം ഇന്നും സഭയിൽ നിലനിൽക്കുന്നു. ഈ പാരമ്പര്യം എത്രമാത്രം വേദപുസ്തകാധിഷ്ഠിതമാണെന്നു സഭയുടെ ആരാധനയും പ്രസംഗങ്ങളും ഗീതങ്ങളും ആചാരങ്ങളും തെളിയിക്കുന്നു. വിശ്വാസത്തിന്റെയും ആത്മീയ ജീവിതത്തിന്റെയും ഉരകല്ല് തീർച്ചയായും വി. വേദപുസ്തകം തന്നെ. സഭാപാരമ്പര്യത്തിന്റെ പ്രധാനപ്പെട്ട ഘടകവും അതുതന്നെ. ജീവിക്കുന്ന സഭയുടെ മനസ്സാണ് (Mind of the Church) പാരമ്പര്യം. അറിയുന്നതും അനുഭവിക്കുന്നതുമായ എല്ലാം രേഖപ്പെടുത്താൻ ആർക്കും സാധ്യമല്ലല്ലോ.

ദൈവാത്മാവു അപ്പോസ്തോലന്മാരിലും സുവിശേഷകരിലും സഭാപിതാക്കന്മാരിലും കൂടി സാധിച്ചുതന്ന ക്രമീകരണമാണ് സഭയുടെ കാനോനുകളും വിശ്വാസസംഹിതകളും ആചാരാനുഷ്ഠാനങ്ങളുടെ രൂപരേഖകളും. വേദപുസ്തകവും പാരമ്പര്യവും പരസ്പര വിരുദ്ധങ്ങളല്ല, പരസ്പര പൂരകങ്ങളാണ്. എന്നാൽ അവയെ സഭാജീവിതത്തിന്റെ രണ്ടു വ്യത്യസ്ത ഉറവിടങ്ങളായി കാണുന്നതു ശരിയല്ല. സഭാപാരമ്പര്യത്തിൽ അതുല്യവും പ്രഥമവുമായ സ്ഥാനം വി. വേദപുസ്തകത്തിനുണ്ട്. പ്രഥമ സാക്ഷ്യം (Primary Witness) എന്ന നിലയിലാണു സഭാപിതാക്കന്മാർ വി. വേദപുസ്തകത്തെ വീക്ഷിച്ചിട്ടുള്ളത്.

## വേദശാസ്ത്രപഠനം: അടിസ്ഥാനപ്രമാണങ്ങൾ

ക്രിസ്തീയ വേദശാസ്ത്രപഠനത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെക്കുറിച്ചു സഭാപിതാക്കന്മാർ താഴെപ്പറയുന്ന ഉൾക്കാഴ്ചകൾ നൽകുന്നു.

1. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര സംഭവം അതിൽ പൂർ

ണ്ണത പ്രാപിച്ചു കഴിഞ്ഞതായി കാണരുത്. മനുഷ്യാവതാരത്തിന്റെ ഫലമായി ചരിത്രത്തിൽ ഉടലെടുത്ത വി. സഭയും അതിന്റെ വളർച്ചയും മനുഷ്യാവതാര സംഭവത്തിൽനിന്നും അവിഭാജ്യ മാണ്.

2. വി. സഭാപാരമ്പര്യത്തിന്റെ ഒരു ഘടകം മാത്രമാണ് വി. വേദപുസ്തകം. അലിഖിതപ്രമാണങ്ങളും സഭാപാരമ്പര്യത്തിൽപ്പെടുന്നു. വേദശാസ്ത്രസത്യങ്ങളുടെ ഉരകല്ലു വി. വേദപുസ്തകമാണെങ്കിൽ തന്നെയും 'വേദപുസ്തകം മാത്രം' എന്ന പ്രോട്ടസ്റ്റന്റ് പ്രമാണം സഭയ്ക്കു സ്വീകാര്യമല്ല.

3. വേദശാസ്ത്രതത്ത്വങ്ങൾ ശരിയായും പൂർണ്ണമായും വിവരിക്കുവാൻ നമ്മുടെ വാക്കുകൾക്കും ഭാഷാപ്രയോഗങ്ങൾക്കും സാധ്യമല്ല. കാണുന്നതിലും മനസ്സിലാക്കുന്നതിലും പ്രകടിപ്പിക്കുന്നതിലും മനുഷ്യനു പരിമിതികൾ ഉണ്ടെന്നു സമ്മതിക്കണം. ചിഹ്നങ്ങളും അടയാളങ്ങളും നിത്യസത്യങ്ങളെ കൂടുതൽ സ്പഷ്ടമായി പ്രതിഫലിപ്പിക്കുവാൻ സഹായിക്കും.

4. വേദശാസ്ത്രവിജ്ഞാനം കേവലം താത്വികമായിരിക്കരുത്. അതു പ്രായോഗികവുമാക്കണം. ശാസ്ത്രത്തിനു വിലയുള്ളത് അതു കൊണ്ടു ഉപയോഗമുണ്ടാവുമ്പോഴാണെന്നു പറയാറില്ലേ? വേദശാസ്ത്രമണ്ഡലത്തിൽ സിദ്ധാന്തവും പ്രയോഗവും (Theory and Practice) ഫലപ്രദമായി സംയോജിപ്പിക്കണം.

5. സ്വയം ആത്മാവിന്റെ രക്ഷ മാത്രമല്ല മനുഷ്യൻ കാംക്ഷിക്കേണ്ടത്. മനുഷ്യന്റെ അസ്ഥിത്വത്തെക്കുറിച്ചും ധർമ്മത്തെക്കുറിച്ചും ശരിയായ അവബോധം നമുക്കുണ്ടാകണം. ദൈവത്തിനും ലോകത്തിനുമിടയിൽ മദ്ധ്യവർത്തിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു മനുഷ്യൻ എന്നും ദൈവമഹത്വത്തിനായി ഈ പ്രപഞ്ചത്തെ അവൻ രൂപാന്തരപ്പെടുത്തുന്നുവെന്നും സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

6. ദൈവികരഹസ്യങ്ങളെക്കുറിച്ചുള്ള അറിവു ദൈവത്തിന്റെ ദാനമാണ്, ദൈവേച്ഛയുടെ പ്രതിഫലനവുമാണ്. നമ്മുടെ യത്നം കൊണ്ടുമാത്രം നേടാവുന്നതല്ല അത്.

7. നാം എത്രതന്നെ ജ്ഞാനം സംപ്രാപിച്ചാലും പിന്നെയും നമുക്ക് അജ്ഞാതമായത് ഉണ്ടായിരിക്കും. നമ്മുടെ അറിവും വീക്ഷണവും അപൂർണ്ണവും ഭാഗികവുമായിരിക്കും.

8. പരിശുദ്ധാത്മാവാണു സത്യാന്വേഷണത്തിൽ നമ്മെ വഴിനടത്തുന്നത്.

ഭാരത പശ്ചാത്തലത്തിൽ വേദശാസ്ത്രത്തിന്റെ ഉറവിടങ്ങൾ ചില ക്രിസ്തീയ പ്രമാണങ്ങളിൽ മാത്രം ഒതുക്കിനിർത്താനാവുമോ? ഭാരതസഭ വൈവിധ്യമാർന്ന സാംസ്കാരിക മണ്ഡലങ്ങളെയാണ് അഭിമുഖീകരിക്കുന്നത്. ഹൈന്ദവ, ബുദ്ധ, ജൈന, സിക്ക്, ഇസ്ലാം മതങ്ങൾ ഇവിടെ ആഴമായി വേരൂന്നിയിട്ടുണ്ട്. ഇവയിൽത്തന്നെ ചില നവീകരണ പ്രസ്ഥാനങ്ങളുടെ മുന്നേറ്റവും കാലാകാലങ്ങളിൽ ഉണ്ടാകുന്നു. നിരീശ്വരത്വവും ഭൗതികവാദവും ശക്തിപ്പെട്ടുവരുന്നു. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ പെരുകുന്നു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ പുരോഗതിയും എടുത്തുപറയേണ്ടതാണ്. ദൈവിക വെളിപാടുകൾ ക്രിസ്തുമതത്തിൽ മാത്രമേ ഉള്ളൂ എന്ന് ചിന്തിക്കാനാവില്ല. പുതിയ പ്രശ്നങ്ങളെയും സാഹചര്യങ്ങളെയും അഭിമുഖീകരിക്കുമ്പോൾ ക്രിസ്തുമത തത്വങ്ങൾക്ക് പുതിയ അർത്ഥവും മാനവും വ്യാഖ്യാനവും നൽകേണ്ടതായി വരും. മറ്റു ചിന്താസരണികളുടെ നല്ല അംശങ്ങൾ ഉൾക്കൊള്ളേണ്ടതായും വന്നേക്കാം.

ഉദാഹരണത്തിന്, സാമൂഹിക സാമ്പത്തിക വിശകലനത്തിന് ഒരു പക്ഷേ മാർക്സിയൻ ദർശനങ്ങളെ ആശ്രയിക്കേണ്ടതായി വന്നേക്കാം. ലോകത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ നിർവ്വചിക്കേണ്ടതായ ഘട്ടത്തിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലെ സൂക്ഷ്മാവലോകനങ്ങൾ സഹായിച്ചെന്നു വരാം. യോഗാത്മകതയുടെയും ആത്മീകാനുഭവങ്ങളുടെയും വിവിധ വശങ്ങൾ തേടി ഭാരതീയ ഋഷിവര്യന്മാരുടെ പരീക്ഷണാനുഭവങ്ങൾ പരിശോധിക്കേണ്ടതായും വരാം. ചുരുക്കത്തിൽ, ക്രിസ്തീയ വേദശാസ്ത്രം ചലനാത്മകമാകണം. 'സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നമ്മെ സകല സത്യത്തിലും വഴി നടത്തും' (യോഹ. 16:12-13).

## ചോദ്യങ്ങൾ

1. 'വി. വേദപുസ്തകം മാത്രം' എന്ന സിദ്ധാന്തത്തിലെ അപാകതകൾ എന്തെല്ലാം?
2. ഭാരതത്തിന്റെ പശ്ചാത്തലത്തിൽ വേദശാസ്ത്രത്തിന്റെ ഉറവിടങ്ങൾ ചില ക്രിസ്തീയ പ്രമാണങ്ങളിൽ മാത്രം ഒതുക്കിനിർത്താനാവുമോ എന്നു പരിശോധിക്കുക.
3. ക്രിസ്തീയ വേദശാസ്ത്രപഠനത്തിന് അറിഞ്ഞിരിക്കേണ്ട പൊതു തത്ത്വങ്ങളെക്കുറിച്ചു സഭാപിതാക്കന്മാർ നൽകുന്ന ഉൾക്കാഴ്ചകൾ എന്തെല്ലാം?

പാഠം 4

# പദങ്ങൾ, ചിഹ്നങ്ങൾ, വി. കൂദാശകൾ

❑ അറിവും അനുഭവവും മാധ്യമങ്ങളിലൂടെ ❑ അതീന്ദ്രിയത്വവും അന്തര്യാമിത്വവും ❑ ദൈവസംസർഗം ആരാധനയിൽക്കൂടി ❑ ചിഹ്നങ്ങളും അടയാളങ്ങളും ❑ ദേവാലയത്തിന്റെ ചിത്രകല ❑ വി. കൂദാശകളുടെ സാംഗത്യം ❑ ദിവ്യരഹസ്യങ്ങളുടെ കലവറ.

## അറിവും അനുഭവവും മാധ്യമങ്ങളിലൂടെ

സ്ഥലകാല പരിമിതികൾക്കു വിധേയരായ മനുഷ്യർക്ക്, സ്ഥലകാലങ്ങൾക്ക് അതീതമായ ദൈവത്തെ മനസ്സിലാക്കുവാൻ സ്ഥലകാലപരിമിതികൾക്കുള്ളിലുള്ള മാധ്യമങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി, ദൈവത്തിന്റെ പൈതൃകസ്നേഹം മനസ്സിലാക്കുവാൻ ഒരു പിതാവോ അല്ലെങ്കിൽ ഒരു പുത്രനോ അല്ലാതെ ഒരുവന് എങ്ങനെ സാധിക്കും? ഒന്നുകിൽ ഒരു പിതാവിന്റെ സ്ഥാനത്തു നാം സ്നേഹിക്കണം. അല്ലെങ്കിൽ ആ അളവിൽ നാം സ്നേഹിക്കപ്പെടണം. അതുപോലെ ദൈവത്തിന്റെ ഓരോ സ്വഭാവഗുണവും പഠിക്കുവാനും അനുഭവിക്കുവാനും തത്തുല്യങ്ങളായ സംഗതികളെ ആശ്രയിക്കണം. ഇതിനു നമ്മുടെ ഇന്ദ്രിയങ്ങളായ കണ്ണ്, കാത്, നാസിക, നാക്ക്, ത്വക്ക് എന്നിവയ്ക്കെല്ലാം പ്രാധാന്യമുണ്ട്. ഇവയുടെ മണ്ഡലങ്ങളാണു നമ്മെ ഏറ്റവും സ്വാധീനിക്കുന്നത്. ഒരു കുരിശു കാണുമ്പോഴും ശ്രുതിമധുരമായ ഒരു ക്രിസ്തീയഗാനം കേൾക്കുമ്പോഴും കുന്തിരിക്കത്തിന്റെ സൗരഭ്യം അനുഭവിക്കുമ്പോഴും നാം അറിയാതെ ഒരു അഭൗമിക ക്രിസ്തീയ ലോകത്തിലലിഞ്ഞു ചേരുന്നു. അതുപോലെ വി. കുർബാനമദ്ധ്യേ സമാധാനത്തിനു വേണ്ടി പരസ്പരം കൈകൾ നീട്ടുമ്പോഴും വി. കുർബാന അനുഭവിക്കുമ്പോഴും നമ്മുടെ അനുഭവം മറിച്ചല്ല. നമ്മുടെ ഇന്ദ്രിയങ്ങളാൽ നിയന്ത്രിതമാണു നമ്മുടെ ബുദ്ധിയും മനസ്സും ഒരളവു വരെ. അതിനാൽ വെറും വേദപഠനം മൂലം ദൈവത്തെ അനുഭവിച്ചറിയുക എളുപ്പമല്ല.

## അതീന്ദ്രിയത്വവും അന്തര്യാമിത്വവും (Transcendence and Immanence)

മനുഷ്യന്റെ ബുദ്ധിവികാസങ്ങൾക്കപ്പുറമായി മറഞ്ഞിരിക്കുന്ന ദൈവിക രഹസ്യങ്ങളെ ശാസ്ത്രത്തിന്റെ അത്യത്ഭുതമായ നേട്ടങ്ങൾക്കു നിർവചിക്കുവാൻ സാധിച്ചിട്ടില്ല. ഇന്നുള്ളതിൽ വച്ച് ഏറ്റവും ശക്തമായ ദൂരദർശിനിക്കു പോലും ഒരു ക്ലിപ്തദൂരം കഴിഞ്ഞാലുള്ള പ്രപഞ്ചത്തെപ്പറ്റി വിവരങ്ങൾ നൽകുന്നതിനു സാധിക്കുന്നില്ല. ദൈവത്തിന്റെ അതീന്ദ്രിയത്വത്തിനും (Transcendence) അന്തര്യാമിത്വത്തിനും (Immanence) നമുക്കു ശരിയായ

വിശദീകരണങ്ങൾ നൽകാനില്ല. മാർട്ടിൻ ബൂബർ പ്രസ്താവിക്കുന്നതു പോലെ 'ദൈവത്തെ പ്രകടിപ്പിക്കുക പ്രയാസമാണ്. പക്ഷേ സംബോധന ചെയ്യാം' ( God cannot be expressed, but only addressed).

## ദൈവസംസർഗം ആരാധനയിൽക്കൂടി

വിശുദ്ധ ആരാധനയിൽ ദൈവവുമായി സംസർഗം ചെയ്യുവാനും തന്റെ സാമീപ്യമനുഭവിക്കുവാനും നമുക്കു സാധിക്കുന്നു. വി. ആരാധനയിൽ 'മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിൻമേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (2 കൊരി. 3:18). ആരാധനയെന്നു പറയുമ്പോൾ അവിടെ ഒരു വ്യക്തിയുടെ മനസ്സോ ചിന്തയോ മാത്രം വ്യാപരിച്ചാൽ പോരാ, പ്രത്യുത, നമ്മുടെ ശരീരവും മനസ്സും ആത്മാവും എല്ലാം ഉൾക്കൊള്ളുന്ന സാന്നിദ്ധ്യമാണു വേണ്ടത്. ഒരു വ്യക്തി മുഴുവനായും ആരാധനയിൽ സംബന്ധിക്കുന്നു. ആരാധനയെ ആചാരമായി തെറ്റിദ്ധരിക്കാവുന്നതല്ല. വി. കുർബാനയിൽ ഏകാഗ്രതയോടും ഭക്തിയോടും സംബന്ധിക്കുന്ന ഒരുവന് ഒരു പ്രതിവാക്യം പറയാതിരിക്കയോ, ഗീതങ്ങളിൽ സഹകരിക്കാതിരിക്കുകയോ ചെയ്യുന്നതു പ്രയാസമായിരിക്കും. ആരാധനയിലെ ദൈവിക സാമീപ്യം ബൗദ്ധിക പ്രതിഭാസങ്ങളുടെ വിഹാരരംഗമായി മാത്രം കണക്കാക്കുന്നതു ശരിയല്ല. പ്രത്യുത, വിചാരവികാരാദികളുടെ ഉന്നതാവസ്ഥയിൽ നാം ദൈവവുമായി നടത്തുന്ന സംസർഗമായി കരുതണം.

## ചിഹ്നങ്ങളും അടയാളങ്ങളും ആരാധനയിൽ

ലോകാരംഭം മുതൽ വചനമായി ഈ ലോകത്തിൽ ഉണ്ടായിരുന്ന ദൈവം, മനുഷ്യൻ വിശ്വസിക്കുന്നതിനുവേണ്ടി 'മനുഷ്യൻ' എന്ന അടയാളമായി ഈ പ്രപഞ്ചത്തിലേക്കു വന്നു. കൂടാതെ 'ഇതെന്റെ ശരീരമാകുന്നു. ഇതെന്റെ രക്തമാകുന്നു' എന്നരുളിച്ചെയ്തുകൊണ്ടു തന്റെ ശരീരവും രക്തവുമായി അന്ത്യസമയത്ത് അപ്പവും വീഞ്ഞും 'രഹസ്യങ്ങളുടെ രഹസ്യമായി' ശിഷ്യന്മാർക്കു നൽകി. ഈ രഹസ്യത്തിൽ നാം സംബന്ധിക്കുമ്പോഴെല്ലാം ദൈവിക കർമ്മങ്ങളിലേക്ക് ആഴമായി ഇറങ്ങിച്ചെല്ലുവാൻ നമുക്കു സാധിക്കുന്നു. വിശ്വാസത്തിന്റെ എഴുത്തും വായനയും ഇല്ലാത്ത ഭാഷയായി അടയാളങ്ങളെയും ചിഹ്നങ്ങളെയും നമുക്കു കണക്കാക്കാം. രക്ഷയുടെ പ്രധാന അടയാളമായി കുരിശിനെ നമ്മുടെ കർത്താവു വെളിപ്പെടുത്തിത്തരികയുണ്ടായല്ലോ. ആലോചനകൾ കൊണ്ടു മനസ്സിലാക്കുവാൻ കഴിയാത്ത കാര്യങ്ങൾ അടയാളങ്ങളിൽക്കൂടി ഗ്രഹിക്കുവാൻ കഴിയും. സഭയിൽ അംഗങ്ങളല്ലാത്ത ദൂരസ്ഥർക്കു (to the non-initiated) അതു ദുർഗ്രാഹ്യമാണ്.

വി. കുർബാനയിൽ പട്ടക്കാരൻ ചെയ്യുന്ന അടയാളങ്ങൾ പലതരത്തിലുള്ള സത്തകളെ പ്രതിഫലിപ്പിക്കുന്നവയാണ്. ഉദാഹരണമായി പറഞ്ഞാൽ, പട്ടക്കാരൻ കിഴക്കോട്ടു നോക്കിനിന്നു നടത്തുന്ന പ്രാർത്ഥനകൾ, സഭ ദൈവത്തോടു നടത്തുന്ന അഭ്യർത്ഥനകളും ആരാധനകളുമാണ്. പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ടു നടത്തുന്ന ആശീർവാദങ്ങളും മറ്റും ദൈവം മനുഷ്യനു നൽകുന്ന നൽവരങ്ങളെ സൂചിപ്പിക്കുന്നു. ഓർത്തഡോക്സ് ദേവാലയങ്ങൾക്കുള്ളിലെ സജ്ജീകരണങ്ങൾക്കു (തിരശ്ശീല, മണി, പള്ളിയുപകരണങ്ങൾ മുതലായവ) അഗാധമായ ആത്മീയാർത്ഥങ്ങളുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

## ഐക്കണുകൾ അലങ്കാരമല്ല

ദൈവിക സാമീപ്യം അനുഭവിക്കാനുതകുന്ന മറ്റൊരു മാധ്യമമാണു ഓർത്തഡോക്സ് സഭയിലെ ദേവാലയങ്ങൾക്കുള്ളിൽ കാണുന്ന ചിത്രകല (Icons). ഭാരതസഭയ്ക്ക് ഈ ചിത്രകല വേണ്ടപോലെ വികസിപ്പിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഭൗതിക മണ്ഡലത്തിൽ നിന്ന് ആത്മീയ മണ്ഡലത്തിലേക്കു പ്രവേശിക്കുവാൻ ഐക്കണുകൾ നമ്മെ സഹായിക്കുന്നു. ആദിമ സഭാംഗങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രാവ്, മത്സ്യം, ആട്ടിടയൻ തുടങ്ങിയ ചിഹ്നങ്ങൾ വലിയ ക്രൈസ്തവ സന്ദേശങ്ങൾ വഹിച്ചിരുന്നതായി നമുക്കു കാണാം. ദൈവപ്രത്യക്ഷതയുടെ ചിഹ്നമായ ഐക്കൺ ഒരു വെളിപാടാണെന്നും സാന്നിദ്ധ്യമാണെന്നും വെറും അലങ്കാരമോ വിവരണമോ അല്ലെന്നും സഭാപിതാക്കന്മാർ ഉദ്ബോധിപ്പിക്കുന്നു. ദൈവരാജ്യത്തിലെ യാഥാർത്ഥ്യങ്ങളെ വെളിപ്പെടുത്തുന്നവയാണു ഐക്കണുകൾ എന്ന് ഒരു എഴുത്തുകാരൻ പറഞ്ഞിരിക്കുന്നു. ദൈവിക ഉപയോഗത്തിനായി വേർതിരിച്ചിരിക്കയാൽ ഐക്കണുകൾ വിശുദ്ധമാണ്. ദൈവിക വെളിപാടിന്റെ രഹസ്യാത്മക സൗന്ദര്യം ഐക്കണുകൾ വെളിപ്പെടുത്തുന്നു. 'രൂപാന്തരം പ്രാപിച്ച പ്രപഞ്ചത്തിന്റെ ഭാഗമാണു ഐക്കൺ' എന്നു നിക്കോളാസ് സെർനോവ് എന്ന ക്രൈസ്തവ ചിന്തകൻ എഴുതിയിരിക്കുന്നു. സഭയുടെ കൗദാശിക ധർമ്മത്തെ ഓർമ്മിപ്പിച്ചുകൊണ്ടു സെർനോവ് ഐക്കണുകളെ ഇപ്രകാരം നീതീകരിക്കുന്നു: "പാപത്തിൽ നിന്നുള്ള കഴുകലിനു വേണ്ടി വി. മാമോദീസാ വേളയിൽ ജലം അത്യന്താപേക്ഷിതമെങ്കിൽ ദൈവാത്മാവുമായുള്ള സംസർഗത്തിനു വി. കുർബാനയിൽ അപ്പവും വീഞ്ഞും അവശ്യഘടകങ്ങളാണെങ്കിൽ സഭയിലെ മൺമറഞ്ഞ പിതാക്കന്മാരും വിശുദ്ധന്മാരും ഇപ്പോൾ ജീവനോടിരിക്കുന്നവരും തമ്മിലുള്ള സംസർഗത്തിനും കൂട്ടായ്മയ്ക്കും സഹായകമായി ഐക്കണുകൾ വർത്തിക്കുന്നു" (The Christian East, p. 83).

ചിഹ്നങ്ങളും അടയാളങ്ങളും ദൃശ്യവും അദൃശ്യവുമായ ലോകങ്ങൾക്കി

ടയിലെ വാതായനങ്ങളായി വർത്തിക്കുന്നു. ദൈവവുമായി ആശയവിനിമയത്തിനും ദൈവസ്നേഹം വർണ്ണിച്ചിടുവാനും വാക്കുകൾ മാത്രം പോരാ.

## വി. കൂദാശകളുടെ സാംഗത്യം

ദൈവശാസ്ത്രസത്യങ്ങൾ വി. കൂദാശയുടെ ആത്മസത്തയാണ്. സൃഷ്ടികർത്താവായ ദൈവവും സൃഷ്ടിയായ മനുഷ്യനും തമ്മിലുള്ള സമാഗമ മാധ്യമങ്ങളായിട്ടാണ് വി. കൂദാശകളെ ദൈവശാസ്ത്ര പഠനത്തിൽ പരിഗണിക്കുന്നത്. അതുകൊണ്ട് വി. കൂദാശകളും ദൈവശാസ്ത്രവും യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പ്രതിഫലനങ്ങളാകുന്നു. എല്ലാ കൂദാശകളുടെയും പൂർത്തീകരണം വി. കുർബാനയിൽക്കൂടെ ആയിരിക്കുന്നതിനാൽ വി. കുർബാന കൂദാശകളുടെ മകുടമായി നിലകൊള്ളുന്നു. വി. കൂദാശകൾക്കുപയോഗിക്കുന്ന ബാഹ്യമായ അടയാളങ്ങൾ, ദൈവപ്രത്യക്ഷതയുടെ പ്രതിഫലനങ്ങളാണ്. പ്രസ്തുത അടയാളങ്ങൾ വഴിയായി നമുക്കു നമ്മുടെ വിശ്വാസം സ്ഥിരീകരിക്കുന്നതിനും ഉറപ്പിക്കുന്നതിനും സാധിക്കുന്നു. നമ്മുടെ ഉള്ളിൽ നിശബ്ദമായി കിടക്കുന്ന ആരാധനാ ബോധത്തെ ഉണർത്തുന്നതിനും ഉത്തേജനം നൽകുന്നതിനും ദൃശ്യമായ അടയാളങ്ങൾക്കു സാധിക്കും.

സാമൂഹ്യജീവിയായ മനുഷ്യൻ ദൃശ്യപരമായ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനാൽ ദൃശ്യവസ്തുക്കൾ മനുഷ്യന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനും അവനെ അവയിൽ സംബന്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭൂതമായ വഴികളിൽക്കൂടി ദൈവവുമായുള്ള ബന്ധം പുലർത്തുന്നതിനു ബാഹ്യ അടയാളങ്ങളും ചലനങ്ങളും സഹായിക്കുന്നു. പ്രകൃതിയിൽക്കൂടെയും വ്യക്തികളിൽക്കൂടെയുമുള്ള ദൈവിക വെളിപാടിനെക്കുറിച്ചു വി. വേദപുസ്തകത്തിൽ വർണിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ഏറ്റവും വലിയ വെളിപാടു താൻ ലോകത്തിനു നൽകിയതു തന്റെ ദിവ്യമായ മനുഷ്യാവതാരത്തിൽക്കൂടെയാണല്ലോ.

ദൈവത്തോടുള്ള നന്ദിയർപ്പിക്കാൻ ശമുവേൽ ഒരു കല്ലെടുത്തു നാട്ടി 'ഇത്രത്തോളം ദൈവം സഹായിച്ചു' എന്നു പറഞ്ഞ് എബനേസർ എന്നു പേരിട്ടു (1 ശമു. 7:12). കർമ്മാനുഷ്ഠാനങ്ങളുടെ പ്രാധാന്യത്തെ ഇതു സൂചിപ്പിക്കുന്നു. മോശ കല്പിച്ചതുപോലെ 'നിന്റെ ശുദ്ധീകരണത്തിനുള്ള വഴിപാട് അർപ്പിക്ക' എന്ന് കർത്താവ് കുഷ്ഠരോഗിയോട് കല്പിച്ചു (ലൂക്കോ. 5:14). വി. പൗലോസ് ദൈവമുമ്പാകെ നേർച്ച നേരുകയും നേർച്ച അർപ്പിക്കുകയും ചെയ്തു (അ. പ്ര. 18:18). ഈ ഭൗതിക ലോകത്തിൽ മനുഷ്യന് പരിമിതികളുണ്ടെന്നതാണ് ദൃശ്യകർമ്മങ്ങളുടെ അടിസ്ഥാനം. യേശുക്രിസ്തു മനുഷ്യനായി എന്ന ദൃശ്യകർമ്മം മനുഷ്യനന്മയ്ക്കുവേണ്ടി നിറവേറ്റി. ദൃശ്യവസ്തുക്കൾ ഉപയോഗിച്ച് ദൃശ്യകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ

യേശുക്രിസ്തു ആഹ്വാനം ചെയ്തു. ഉദാ: മാമോദീസായ്ക്ക് ജലം, കുർബാനയ്ക്ക് അപ്പവും വീഞ്ഞും, രോഗികളുടെ അഭിഷേകത്തിന് തൈലം. 'ശീലോഹാം കുളത്തിൽ പോയി കഴുകുക' എന്നാണ് കുരുടന്റെ കണ്ണിൽ മണ്ണു തേച്ച ശേഷം കർത്താവ് കല്പിക്കുന്നത്.

ജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ വേണ്ടി യേശുക്രിസ്തു ദൃശ്യകർമ്മങ്ങളാൽ രോഗികളെ സുഖപ്പെടുത്തി. സഭയിൽ കൂടിയും സഭയുടെ കൂദാശകളിൽ കൂടിയും (ശുദ്ധീകരണത്തിനുള്ള കർമ്മങ്ങൾ) ഈ ക്രമീകരണങ്ങൾ ദൈവാനുഗ്രഹത്തിനായി നിർവഹിക്കപ്പെട്ടിരിക്കുന്നു. വി. മാമോദീസായിൽ കൂടി നാം വീണ്ടും ജനനം പ്രാപിക്കുകയും പാപമോചനം പ്രാപിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്യുന്നു. (അ. പ്ര. 2:38, യോഹ. 3:5). പരിശുദ്ധാത്മാവിന്റെ പൂർണ്ണതയ്ക്കു വേണ്ടി വി. മൂറോൻ അഭിഷേകം നാം പ്രാപിക്കുന്നു. കൈവയ്പ് ശുശ്രൂഷയുടെ സ്ഥാനമാണ് ഇതിനുള്ളത് (അ. പ്ര. 8:17). യേശുക്രിസ്തുവിനെ നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാൻ വേണ്ടി നാം വിശുദ്ധ കുർബാന അനുഭവിക്കുന്നു (യോഹ. 6:56). 'ഇപ്രകാരം ചെയ്യുവീൻ' എന്ന കല്പന നാം നിറവേറ്റുന്നു. പാപക്ഷമ ലഭിപ്പാൻ നാം വി. കുമ്പസാരം നടത്തുന്നു (യോഹ. 20:33). രോഗസൗഖ്യത്തിനുള്ള തൈലാഭിഷേകം നടത്തുന്നതിന് കർത്താവിന്റെ പ്രതിനിധികളായ പുരോഹിതന്മാരെ നാം വിളിക്കുന്നു (യാക്കോബ് 5:14–16, മർക്കോ. 6:13).

വിശുദ്ധരുടെ പ്രാർത്ഥനയോടൊപ്പം ധൂപാർപ്പണം സ്വർഗ്ഗത്തിൽ നടക്കുന്നു (വെളി. 8:3–4). അതിനാൽ ധൂപമർപ്പിച്ച് നാം നമ്മുടെ ആരാധനയെ സ്വർഗ്ഗീയമാക്കുന്നു. പാപങ്ങൾക്ക് പ്രായശ്ചിത്തമായിട്ടും ബാധകൾ നീങ്ങുവാനുമായിട്ടാണ് നാം ധൂപാർപ്പണം നടത്തുന്നത് (സംഖ്യ 16:46–50). ജാതികളുടെ ഇടയിൽ ദൈവനാമം മഹത്വപ്പെടുവാനായി എല്ലായിടത്തും ധൂപാർപ്പണം നടത്തുന്നു (മലാഖി 1:11). കിഴക്കുനിന്നു വന്ന വിദ്വാന്മാർ യേശുക്കുഞ്ഞിന് ധൂപവർഗ്ഗവും കാഴ്ചവച്ചു (മത്താ. 2:11). ആരാധനയിൽ നമ്മുടെ സമർപ്പണമാണത്. ധൂപവർഗ്ഗം ഹൃദയത്തെ സന്തോഷിപ്പിക്കുന്നു (സദൃ. 27:9). വിശുദ്ധരുടെ പ്രാർത്ഥനയാകുന്ന ധൂപവർഗ്ഗമെടുക്കണമെന്നാണ് വെളിപാടു പുസ്തക സന്ദേശം (വെളി. 5:8).

## ദൈവശാസ്ത്രത്തിന്റെ ഹൃദയവും നാഡീസ്പന്ദനവും

ആരാധകരുടെ വ്യക്തിത്വത്തിന്റെ എല്ലാ വശങ്ങൾക്കും പങ്കെടുക്കത്തക്ക ആരാധനയാണ് ഓർത്തഡോക്സ് സഭകൾക്കുള്ളത്. വേദവായന, പ്രാർത്ഥന, ഗീതങ്ങൾ, പ്രബോധനങ്ങൾ, പ്രതിവാക്യങ്ങൾ ഇവ നാവിനും ശ്രവണേന്ദ്രിയത്തിനും, സുഗന്ധധൂപം ഘ്രാണേന്ദ്രിയത്തിനും, അപ്പ വീഞ്ഞുകൾ രസനേന്ദ്രിയത്തിനും വിഷയീഭൂതമാകുന്നു. കൂടാതെ നോമ്പ്, ഉപവാസം,

തലവണക്കൽ, കുമ്പിടീൽ, പ്രദക്ഷിണം, കൈയ്യസൂരി തുടങ്ങിയ പ്രതീകാത്മകാനുഷ്ഠാനങ്ങൾ ശരീരത്തിനും മനസ്സിനും പ്രയോജനപ്രദങ്ങളാണ്.

വി. കൂദാശകളിലെ അടയാളങ്ങളും ചിഹ്നങ്ങളും നിശ്ചലങ്ങളോ നിരർത്ഥകങ്ങളോ അല്ല. പ്രത്യുത, മഹനീയ രഹസ്യങ്ങളുടെ കലവറകളാണ്. വി. കൂദാശാരഹസ്യങ്ങളെ ദൈവത്തിന്റെ മനുഷ്യാവതാരവ്യാപാരവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഫ്രാങ്ക്നോറീസ് എന്ന പണ്ഡിതൻ ഇപ്രകാരം എഴുതുന്നു: 'ചരിത്രത്തിലെ തന്റെ മനുഷ്യാവതാര വ്യാപാരകാലത്തു ക്രിസ്തു തന്റെ മനുഷ്യരൂപം അതിന്റെ ശാരീരികവും ആത്മീയവുമാകുന്ന ശക്തിക്കുപയോഗിച്ചു ദൈവത്തിന്റെ സ്വഭാവവും കൂട്ടായ്മയും എപ്രകാരം വെളിപ്പെടുത്തിയോ അപ്രകാരം ദൈവിക രഹസ്യങ്ങളെ വെളിപ്പെടുത്തുകയും അതിൽ പങ്കാളിത്തം നൽകുകയുമാണു വീഞ്ഞ്, വെള്ളം, അപ്പം, അടയാളങ്ങൾ, പ്രസംഗം, സംഗീതം ഇവകൊണ്ട് ഉദ്ദേശിക്കുന്നത്.' ചുരുക്കത്തിൽ ദൈവശാസ്ത്രത്തിന്റെ ഹൃദയവും നാഡീസ്പന്ദനവുമാണ് വചനങ്ങളും ചിഹ്നങ്ങളും അടയാളങ്ങളും കർമ്മാനുഷ്ഠാനങ്ങളും.

### ചോദ്യങ്ങൾ

1. പൗരസ്ത്യസഭയുടെ ആരാധനയിൽ ബാഹ്യഭാവങ്ങൾക്കുള്ള പ്രസക്തിയെന്ത്?
2. വിശ്വാസികൾക്കു വേദശാസ്ത്രാഭ്യസനം നൽകാൻ പൗരസ്ത്യസഭയുടെ ആരാധനാക്രമം എപ്രകാരം ഉതകുന്നു എന്നു വിശദീകരിക്കുക?
3. ദേവാലയത്തിലെ തിരശ്ശീല, ധൂപാർപ്പണം, ചിത്രകലകൾ, മെഴുകുതിരി, മദ്ബഹായും ത്രോണോസും, മറുവഹ്സ, കുരിശ്, മണി തുടങ്ങിയവയുടെ പ്രാധാന്യമെന്ത്?

## പാഠം 5

# ശാസ്ത്രവും വേദശാസ്ത്രവും

❑ ശാസ്ത്രം: നേട്ടങ്ങളും കോട്ടങ്ങളും ❑ മതം ശാസ്ത്ര പുരോഗതിക്ക് തടസ്സമല്ല ❑ യുക്തിയും സാമാന്യബുദ്ധിയും എക്കാലവും വിശ്വസനീയമോ? ❑ ശാസ്ത്ര സത്യങ്ങൾ അന്തിമ വിശകലനമല്ല ❑ മാറുന്ന നിർവചനങ്ങൾ ❑ നിത്യമായ സത്യങ്ങളുടെ വ്യാഖ്യാനം ❑ വേദശാസ്ത്ര പഠനത്തിനുള്ള താക്കോൽ

### ശാസ്ത്രത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും

ആധുനിക മനുഷ്യൻ ശാസ്ത്രീയ നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്നു.

വിജ്ഞാനവികസനത്തിനും വ്യാവസായികാഭിവൃദ്ധിക്കും സാംസ്കാരിക പുരോഗതിക്കും ശാസ്ത്രം വളരെയേറെ സഹായിച്ചിട്ടുണ്ട്. വാർത്താവിനിമയ സൗകര്യം വർദ്ധിച്ചു. ആരോഗ്യപരിപാലനം, രോഗനിവാരണം, കാർഷികാഭിവൃദ്ധി, അന്ധവിശ്വാസങ്ങളുടെ ഉച്ചാടനം എന്നിവയിൽ ശാസ്ത്രത്തിന്റെ പങ്ക് എടുത്തുപറയത്തക്കതാണ്. ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ നേട്ടങ്ങൾക്കൊപ്പം അതുമൂലമുണ്ടാകുന്ന ദോഷങ്ങളും കണക്കിലെടുക്കണം. ന്യൂക്ലിയർ യുദ്ധഭീഷണിയും അന്തരീക്ഷ മലിനീകരണവും ശാസ്ത്രത്തിന്റെ ദോഷഫലങ്ങളാണ്. ശാസ്ത്രീയനേട്ടങ്ങളുടെ ദുരുപയോഗം മാനവരാശിയുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നു. ശാസ്ത്രം മൂലം നേട്ടങ്ങളെ ഉണ്ടാവൂ എന്ന ചിന്തയ്ക്ക് ഉലച്ചിൽ തട്ടിയിട്ടുണ്ട്. സത്യം അന്വേഷിക്കുന്നതിലും നന്മ തെരഞ്ഞെടുക്കുന്നതിലും ശാസ്ത്രം മനുഷ്യനെ എത്രമാത്രം സഹായിക്കുന്നുവെന്നുള്ള ചോദ്യത്തിനു തൃപ്തികരമായ ഉത്തരം ലഭിക്കുന്നില്ല.

## ശാസ്ത്രം എത്രമാത്രം വസ്തുനിഷ്ഠമാണ്?

ശാസ്ത്രീയ സത്യങ്ങൾ മാറ്റമില്ലാത്തവയാണെന്ന് അവകാശപ്പെടാനൊക്കുമോ? സാമാന്യബുദ്ധിയും യുക്തിയും എക്കാലത്തും വിശ്വസനീയമാണോ? ശാസ്ത്രരീതിയുടെ യുക്തിയുക്തമായ അടിസ്ഥാനത്തിൽ ചിലതു മുൻകൂട്ടി പറയാമെന്നല്ലാതെ സാദ്ധ്യതകൾക്കുപരിയായി ആധുനിക ശാസ്ത്രം ഒന്നും തന്നെ അവകാശപ്പെടുന്നില്ല. സൂര്യൻ കിഴക്ക് ഉദിക്കുന്നു. ഇന്നലെയും ഇന്നും അങ്ങനെയായിരുന്നു. അതിനാൽ നാളെയും അതങ്ങനെയായിരിക്കും എന്നു നമുക്കു സങ്കല്പിക്കാമെന്നു മാത്രമേയുള്ളു. ആത്യന്തികമായ സത്യം കണ്ടുപിടിക്കാമെന്നു ശാസ്ത്രജ്ഞമാർ അവകാശപ്പെടുന്നില്ല.

ശാസ്ത്രത്തിന്റെ മാർഗങ്ങളും നിർവചനങ്ങളും മാറിക്കൊണ്ടിരിക്കും. പുതിയ പുതിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനുമായി പുതിയ മാർഗങ്ങളും നിർവചനങ്ങളും കണ്ടുപിടിക്കുന്നു. പുതിയതു വരുമ്പോൾ ഒന്നുകിൽ പഴയതിന്റെ പ്രസക്തി നഷ്ടപ്പെടും. അല്ലെങ്കിൽ പഴയതു തെറ്റാണെന്നു വരും. ചുരുക്കത്തിൽ ഒന്നിനെക്കുറിച്ചും അന്തിമ വിശകലനം നടത്താൻ ശാസ്ത്രത്തിനു സാധിക്കുകയില്ല.

ഒരു പരമാണുവിന്റെ ഉദാഹരണമെടുക്കാം. മുൻകാലങ്ങളിൽ പരമാണുവിനെ മനസ്സിലാക്കിയിരുന്നത് വിഭജിക്കുവാൻ പാടില്ലാത്ത ഒരു വസ്തുവായിട്ടാണ്. പിന്നീടു പ്രപഞ്ച നിലനില്പിന്റെ അനുപേക്ഷണീയമായ ഘടകങ്ങളായ ഇലക്ട്രോൺസ്, പ്രോട്ടോൺസ്, ന്യൂട്രോൺസ് എന്നിവയടങ്ങുന്ന ഒരു ചെറിയതരം സൗരയൂഥം ആണെന്നു വിശദീകരിക്കപ്പെട്ടു. എന്നാൽ ഇപ്പോൾ ഇവയോടനുബന്ധിച്ചു നിരവധി ന്യൂക്ലിയർ വിഭാഗങ്ങൾ ഉള്ളതാ

യിട്ടാണു വിവക്ഷിക്കപ്പെടുന്നത്. അഭിപ്രായങ്ങൾ ഇനിയും മാറാം. ഇപ്രകാരം ശാസ്ത്രതത്ത്വങ്ങൾ പ്രപഞ്ചത്തെ അത് ആയിരിക്കുന്ന അവസ്ഥയിൽ വിശദീകരിക്കാനാവാതെ ചില നിഗമനങ്ങളുമായി ഒതുങ്ങിനിൽക്കുകയാണ്. നിഗമനങ്ങളും വെളിപ്പെടുത്തലുകളും പാരമ്പര്യങ്ങളും വേദശാസ്ത്രപഠനത്തിലെന്നപോലെ ശാസ്ത്രീയ പഠനങ്ങളിലും പ്രാധാന്യമർഹിക്കുന്നു. ശാസ്ത്രം വൈയക്തികവും മാനുഷിക വ്യാപാരബദ്ധവുമാണെങ്കിലും അമൂർത്തങ്ങളായ സത്യങ്ങളിൽ (Impersonal Truths) എത്തിച്ചേരുവാനുള്ള മാർഗമല്ലായെന്ന് ഇപ്പോൾ പൊതുവെ സമ്മതിക്കപ്പെട്ടിരിക്കുന്നു.

## ശാസ്ത്രവും മതവും

മതം ശാസ്ത്രത്തിന് എന്നും വിലങ്ങുതടിയായിരുന്നുവെന്നും അതിന്റെ സ്വാധീനത്തിൽ നിന്നും സ്വതന്ത്രമാക്കപ്പെട്ടപ്പോൾ മാത്രമാണു ശാസ്ത്രം അതിന്റെ ലക്ഷ്യത്തിലേക്കു നടന്നടുക്കുവാൻ തുടങ്ങിയതെന്നും ആയതിനാൽ മതം ശാസ്ത്രത്തിന് ഒരു ശാപമാണെന്നുമുള്ള ഭൗതികവാദ ചിന്താഗതി അനേകരും വച്ചുപുലർത്തുന്നു. നേരെ മറിച്ച്, ശാസ്ത്രം മതത്തിന്റെ നിയന്ത്രണത്തിൽ നിന്നും വഴുതിമാറി സ്വയം വികസിച്ചതിനാൽ അതു മതവിശ്വാസങ്ങൾക്കെതിരാണെന്നുള്ള അപക്വചിന്താഗതി വച്ചുപുലർത്തുന്ന മതവിശ്വാസികളും കുറവല്ല.

## വേദശാസ്ത്രത്തിന്റെ സാംഗത്യവും പ്രത്യേകതയും

മനുഷ്യൻ കേവലം 'പദാർത്ഥം' എന്ന സമീപനത്തിൽനിന്ന് മനുഷ്യൻ 'ആളത്വ'മുള്ള ഒന്ന് എന്ന സമീപനത്തിലേക്കു വേദശാസ്ത്രം എത്തിച്ചേരുന്നു. നിത്യമായ സത്യത്തിലാണു വേദശാസ്ത്രം ആരംഭിക്കുന്നത്. പ്രപഞ്ചം യാദൃശ്ചികമായി സ്വമേധയാ ഉത്ഭവിച്ചതാണെന്നുള്ള ജാക്വസ് മനോഡിന്റെ വാദം നിയമബന്ധിതമല്ലാത്തതാണെന്നു കാണാം. തന്മൂലം വേദശാസ്ത്രജ്ഞന്മാർ അതു തള്ളിക്കളയുന്നു. മനുഷ്യന്റെ ബുദ്ധിക്കും ഉണ്മക്കും ഉപരിയായ ഉണ്മയും ബുദ്ധിയും ബോധവുമുള്ള ഒരു മൂലശക്തിയുടെ സാന്നിദ്ധ്യം നിഷേധിക്കാവുന്നതല്ലെന്ന് അവർ ഊന്നിപ്പറയും. ഈ മൂലശക്തിക്ക് ഉദ്ദേശസൂചകമായ ഒരു മാതൃക ആവശ്യമാണ്. ഈ മാതൃകയുടെ വ്യാഖ്യാനമാണ് വേദശാസ്ത്രം നൽകുന്നത്.

## രണ്ടും പരസ്പര പൂരകങ്ങൾ

ആയതിനാൽ വേദശാസ്ത്രം, ഭൗതിക യാഥാർത്ഥ്യങ്ങളുടെ ക്രമീകരണത്തെപ്പറ്റി, സാങ്കേതികശാസ്ത്രവുമായി മത്സരിക്കേണ്ട ആവശ്യം വരുന്നില്ല. പരസ്പര പൂരകങ്ങളാണു ഇവ രണ്ടും. ഒന്നു കാരണത്തെയും മറ്റേതു കാര്യത്തേയും വ്യാഖ്യാനിക്കുന്നു. പ്രപഞ്ചമൂലകങ്ങൾ നിശ്ചിതങ്ങളാണെന്ന ഐസക് ന്യൂട്ടന്റെ സിദ്ധാന്തം ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ തിരു

ത്തപ്പെട്ടു. എല്ലാം ഉണ്ടായതും നശിക്കുന്നതുമാണെന്ന് ആധുനിക ശാസ്ത്രം പറയുന്നു. എന്നാൽ അസ്തമിക്കുന്ന ഈ ലോകത്തിനു പിന്നിലെ കാരണ ശക്തിയും പ്രേരകശക്തിയും എന്ത് എന്ന ചോദ്യത്തിന് ശാസ്ത്രം മറുപടി നൽകുന്നില്ല. എന്നാൽ വേദശാസ്ത്രം അതിന്റെ മറുപടി നൽകുന്നു. സൃഷ്ടി യുടെ ക്രമീകരണത്തെയും അതിനു പിന്നിലെ ഉദ്ദേശ്യത്തെയും വേദ ശാസ്ത്രം ഫലപ്രദമായി വ്യാഖ്യാനിക്കുന്നു.

vi. വേദപുസ്തകം ശാസ്ത്രീയ തത്ത്വങ്ങളുടെ കലവറയോ നിർവച നമോ അല്ല. 'എങ്ങനെ അറിയാം' എന്നുള്ള അടിസ്ഥാനപരമായ ചോദ്യ ത്തിന് (Epistemology) ശാസ്ത്രവും വേദശാസ്ത്രവും ഒരേ ഉത്തരമല്ല നൽകുന്നത്. വ്യക്തിപരമായ സജീവബന്ധത്തിൽ പങ്കാളികളാകുന്നതു വഴി യാണു യഥാർത്ഥജ്ഞാനം പ്രാപിക്കുന്നതെന്നു വേദശാസ്ത്രം ഉദ്ഘോ ഷിക്കുന്നു. മാറ്റങ്ങൾക്കു വിധേയനായ മനുഷ്യൻ മാറ്റങ്ങൾക്കു വിധേയമായ പ്രപഞ്ചത്തെക്കുറിച്ചു നേടുന്ന അറിവും നൽകുന്ന മാനവും മാറ്റപ്പെടും. എന്നാൽ മാറ്റത്തിനു വിധേയനല്ലാത്ത ദൈവം മാറ്റപ്പെടാത്ത തന്റെ വെളി പാടുകളിൽക്കൂടി മനുഷ്യനു നൽകുന്ന ജ്ഞാനം വേദശാസ്ത്രം വരച്ചുകാ ട്ടുന്നു. ദൈവത്തെയും പ്രപഞ്ചത്തെയും കുറിച്ചുള്ള ശരിയായ ഉൾക്കാഴ്ച നൽകുവാൻ വേദശാസ്ത്രം സന്നദ്ധമാണ്.

ചിന്തിക്കുവാനും സങ്കൽപ്പിക്കുവാനും മുൻകൂട്ടി കാണാനും വിമർശന ബുദ്ധിയോടെ വിലയിരുത്താനും തനതായ കഴിവുള്ള ഒരു ജീവിയാണ് മനു ഷ്യൻ – പൗരസ്ത്യ സഭാപിതാവായ നിസ്സായിലെ വി. ഗ്രീഗോറിയോസിന്റെ വിലയിരുത്തലാണിത്. ഇന്നു കാണുന്ന കലയും തത്ത്വസംഹിതകളും ശാസ്ത്രപുരോഗതിയുമെല്ലാം ഇങ്ങനെ ദൈവദത്തമായ കഴിവുകളുടെ വെളി ച്ചത്തിൽ ഉരുവായതായി പൗരസ്ത്യ സഭാപിതാക്കന്മാർ ചൂണ്ടിക്കാണിക്കു ന്നു.

ഏകദൈവം, ദൈവത്തെക്കുറിച്ചുള്ള അറിവിന്റെ പരിമിതി, സ്രഷ്ടാവെന്ന നിലയിൽ മനുഷ്യനോടും ലോകത്തോടുമുള്ള ദൈവത്തിന്റെ ബന്ധം, മനു ഷ്യനു കൽപ്പിക്കപ്പെടുന്ന മൂല്യവും പദവിയും ഇവയൊക്കെ ദൈവശാസ്ത്ര മണ്ഡലത്തിൽപ്പെടുന്നവയാണ്. ക്രൈസ്തവ മർമ്മങ്ങളുടെ രഹസ്യഅറകൾ തുറക്കുന്നതിനുള്ള താക്കോലായിട്ട് ശാസ്ത്രം ഉപയുക്തമാക്കാവുന്നതാണ് വേദശാസ്ത്രപഠനത്തിൽ. യാഥാർത്ഥ്യത്തെ മനസ്സിലാക്കുവാൻ വെളിപാ ടിന്റെ ആവശ്യമുണ്ട് എന്നു ക്രിസ്തീയ വേദശാസ്ത്രം ഉദ്ഘോഷിക്കുന്നു. ശാസ്ത്രപരിജ്ഞാനമോ തത്ത്വശാസ്ത്രവിശകലനങ്ങളോ വെളിപാടു മൂല മുള്ള ഗ്രാഹ്യമോ എന്തായിരുന്നാൽ തന്നെയും അത് അപൂർണ്ണവും ഭാഗിക വുമായിരിക്കും.

**ചോദ്യങ്ങൾ**

1. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ പുരോഗതി സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ചർച്ച ചെയ്യുക.
2. 'ശാസ്ത്രവും വേദശാസ്ത്രവും പരസ്പര പൂരകങ്ങളാണ്.' എങ്ങനെയെന്നു വിശദീകരിക്കുക?

## പാഠം 6

# യുക്തി, വെളിപാട്, വ്യാഖ്യാനം

❑ ദൈവിക പരിജ്ഞാനം വെളിപാടിൽക്കൂടി ❑ വിശ്വാസത്തോടു കൂടിയുള്ള അന്വേഷണം ❑ വെളിപാടിനെപ്പറ്റി പോൾ ടില്ലിക് ❑ വി. കുർബാനയും വെളിപാടും ❑ യുക്തിയും വെളിപാടും തമ്മിലുള്ള ബന്ധം ❑ വി. വേദപുസ്തകത്തിലെ വെളിപാടുകൾ ❑ ആത്മനിഷ്ഠമായ ഹർഷോന്മാദവും വസ്തുനിഷ്ഠമായ അത്ഭുതങ്ങളും ❑ വ്യാഖ്യാനത്തിന്റെ പ്രശ്നങ്ങൾ ❑ മനുഷ്യാവതാരത്തിന്റെ യാഗാത്മകഘടകം ❑ വേദശാസ്ത്രധർമ്മം പൗരസ്ത്യസഭാ ദർശനത്തിൽ

### മനുഷ്യന്റെ അന്വേഷണവും ദൈവത്തിന്റെ വെളിപ്പെടുത്തലും

മനുഷ്യന്റെ അന്വേഷണമാണ് യുക്തി (Reason). വെളിപാട് (Revelation), ആകട്ടെ, ദൈവത്തിന്റെ സ്വയമായ വെളിപ്പെടുത്തലും. 'ദൈവത്തിൽ കൂടി മാത്രമെ ദൈവത്തെ അറിയാനൊക്കൂ' എന്ന് എമിൽ ബ്രൂണർ പ്രഖ്യാപിച്ചതു ദൈവിക വെളിപാടിൽകൂടി മാത്രമെ ദൈവികപരിജ്ഞാനം സാധ്യമാകൂ എന്ന അർത്ഥത്തിലാണ്. തത്ത്വശാസ്ത്രത്തിൽ യുക്തിയ്ക്കു മാത്രമാണു സ്ഥാനമെങ്കിൽ ദൈവശാസ്ത്രത്തിൽ വിശ്വാസത്തിനു യുക്തിബലം നൽകാൻവേണ്ടി യുക്തി ഉപയോഗിക്കുന്നു. യുക്തിക്കു പരിമിതിയുണ്ട്. എന്നാൽ ദൈവം അപരിമിതനാണ്.

ദൈവിക വെളിപാടിനെക്കുറിച്ച് എബ്രായ ലേഖനകർത്താവു വർണ്ണിക്കുന്നത് ഇപ്രകാരമാണ്: 'ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു' (എബ്രാ. 1:1). മനുഷ്യന്റെ ആത്മാവിനെ വെളുപ്പും കറുപ്പുമായ രണ്ടു കുതിരകളെ (Passion & Reason) പൂട്ടിയ രഥമായിട്ടാണു പ്ലേറ്റോ ചിത്രീകരിക്കുന്നത്. ഇവ രണ്ടു വശങ്ങ

ളിലേക്കും വലിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ സംശയങ്ങൾ ഉളവാകുന്നു. സംശയം അന്വേഷണത്തിനു വഴി തെളിക്കുന്നു. അന്വേഷണം സത്യത്തിലേക്കു നയിക്കുന്നു, വെളിപാടിൽ കൂടി. മനുഷ്യനു ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും വിശ്വസിക്കുന്നതിനും വിശ്വസിക്കാതിരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമുണ്ട്. അറിയാവുന്ന കാര്യങ്ങളിൽ നിന്നു മനുഷ്യന്റെ ബുദ്ധിയുപയോഗിച്ചും കൂടുതൽ അറിവു നേടുന്ന പ്രക്രിയയാണു 'യുക്തി' അഥവാ 'അന്വേഷണം.' ശരി, തെറ്റ് ഇവ എന്തെന്നു മനസ്സിലാക്കുന്നതും യുക്തി ഉപയോഗിച്ചാണ്. ദൈവം സ്വയമായി വെളിപ്പെടുത്തിക്കൊടുക്കുന്നതുവരെ മനുഷ്യനു ദൈവത്തെ അറിയുവാൻ സാധിക്കുകയില്ല എന്നാണു ക്രിസ്തീയ വിശ്വാസം.

വെളിപാട് ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണോ, അതോ ഒരിക്കലായി മാത്രമേ ഉണ്ടായിട്ടുള്ളോ? ക്രിസ്തുമതം എന്നന്നേയ്ക്കുമായി ഒരു ദൈവിക വെളിപാടിൽ അധിഷ്ഠിതവും ഈ വെളിപാടിലുള്ള വിശ്വാസത്തിലൂടെ വളർന്നുവരുന്ന ആത്മീയ ദർശനവുമാണ്.

## മനുഷ്യാവതാരം വെളിപാടിന്റെ മകുടം

ദൈവിക വെളിപാടിനെ പ്രാഥമിക വെളിപാടെന്നും, ദ്വിതീയ വെളിപാടെന്നും പോൾ ടില്ലിക് (1886–1965) എന്ന എഴുത്തുകാരൻ രണ്ടായി തിരിക്കുന്നു. പ്രാഥമിക വെളിപാട് അഥവാ ക്രിസ്തുവിന്റെ മനുഷ്യാവതാരം സഭയിൽ എന്നും ചേതനയുറ്റ വെളിപാടായി നിലനിൽക്കുന്നു. ഈ നിലയിൽ സഭ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിട്ടാണ്. ഈ ആത്മീയ പരിവർത്തനം സഭയിൽ പൂർത്തീകരിക്കുന്നത് വി. കുർബ്ബാനയിലൂടെയാണ്. വിശ്വാസികൾ വി. കുർബാനയുടെ സംസർഗത്തിലൂടെ ദൈവത്തോട് അടുത്തുവരികയും ദൈവസാന്നിധ്യബോധം അനുഭവിക്കുകയും ദൈവീകരിക്കപ്പെടുകയും ചെയ്യുന്നു.

## യുക്തി: ഉപകരണവും വിഷയവും

വെളിപാടുകൾ യുക്തിയെ നിർവീര്യമാക്കുകയോ, തള്ളിമാറ്റുകയോ അല്ല; പ്രത്യുത അതു യുക്തിയെ പ്രകാശിപ്പിക്കുകയാണ്. മനുഷ്യന്റെ ബോധമണ്ഡലം അഥവാ മനസ്സ് വസ്തുതകളെ സ്വീകരിക്കുകയും അതിനു പ്രതികരണം തന്നിൽ തന്നെ സൃഷ്ടിക്കുകയും ചെയ്യുന്നു. അങ്ങനെ എല്ലാ മാനസിക വ്യാപാരങ്ങളിലും വൈകാരികാനുഭവം വളരെ പ്രത്യക്ഷമായിട്ടു നിലനിൽക്കുന്നു.

യുക്തിയും വെളിപാടും തമ്മിലുള്ള ബന്ധം രണ്ടു തരത്തിൽ ആകാം. ഒന്നാമതായി, യുക്തി വെളിപാടിന് ഒരു ഉപകരണമായിട്ടും; രണ്ടാമതായി

വെളിപാടിന് ഒരു വിഷയമായിട്ടും. യുക്തി തന്നെ രണ്ടു വിധത്തിലുണ്ട്; വസ്തുനിഷ്ഠവും ആശയപരവും. വെളിപാടിനെയും പൊതുവായത്, പ്രത്യേകമായത് എന്നിങ്ങനെ രണ്ടായി തിരിക്കാം.

## വെളിപാട് എങ്ങനെ?

വിവിധ തരത്തിലുള്ള വെളിപാടുകളെക്കുറിച്ച് വി. വേദപുസ്തകം സാക്ഷിക്കുന്നു:

1. പ്രകൃതിയിൽക്കൂടി (സങ്കീ. 19:2, യെശ. 40:26; 2 ശമു. 5:24, സങ്കീ. 18:14, 29:3).
2. വൈകാരികാനുഭവങ്ങളിലൂടെ: ഉദാ. സ്വപ്നം, ദർശനം (യെശയ്യ 6:1).
3. വചനങ്ങളിലൂടെ (ലേവ്യ 19:32, 34, 36).
4. വ്യക്തികളിലൂടെ. ഉദാ: പ്രവാചകന്മാർ, ദൂതന്മാർ (ഉല്പ. 16:9, 22:11, യെശ. 23:25-32; 27:9).
5. ക്രിസ്തുവിന്റെ മനുഷ്യാവതാരം വെളിപാടുകളുടെ മകുടം (റോമ. 1:18-21).

ഇന്ന് ഈ ദൈവിക വെളിപാടുകളുടെ അർത്ഥം സഭ വ്യാഖ്യാനിച്ച് പഠിപ്പിക്കുന്നു.

## ഹർഷോന്മാദവും (Ecstasy) അത്ഭുത പ്രവർത്തികളും (Miracles)

വെളിപാടിനെ സ്വീകരിക്കുന്നതിനു വേണ്ടി ആത്മനിഷ്ഠമായ ഹർഷോന്മാദവും വസ്തുനിഷ്ഠമായ അത്ഭുതപ്രവർത്തികളും നാം കാണുന്നു. മോശ വിശ്വാസത്തിൽ വെളിപാടു സ്വീകരിച്ചപ്പോൾ ഹർഷോന്മാദവും അത്ഭുതവുമുണ്ടായി. വിശ്വാസപൂർവ്വം വെളിപാടു സ്വീകരിക്കപ്പെടുമ്പോഴാണ് ആത്മീയാനുഭവത്തിലേക്കു നയിക്കപ്പെടുന്നത്.

പുതിയനിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന വെളിപാടു പുസ്തകത്തിൽ കാണുന്ന ദർശനങ്ങളും അടയാളങ്ങളും പ്രതീകങ്ങളും പല ഉപദേശ വൈകൃതങ്ങൾക്കും കാരണമായിട്ടുണ്ട്. സഭയുടെ മാർഗനിർദ്ദേശങ്ങൾക്കും, ഉപദേശങ്ങൾക്കും വിധേയമായിട്ടാണ് ഇവ വ്യാഖ്യാനിക്കപ്പെടേണ്ടത്. സഭയുടെ കെട്ടുപണിക്ക് ഉപയുക്തമല്ലാത്ത വ്യാഖ്യാനങ്ങൾ നിരസിക്കപ്പെടേണ്ടതാണ്.

അത്ഭുതങ്ങളും അടയാളങ്ങളും അന്വേഷിക്കുന്ന തലമുറയെ കർത്താവു ശാസിക്കുന്നു. അത്ഭുതങ്ങളെയും വെളിപാടുകളെയും തേടി ഇന്നും ഇപ്രകാരമുള്ള അപക്വമായ അന്വേഷണം സമൂഹത്തിൽ കാണുന്നുണ്ട്. ആത്മീ

യമായ ഉയർച്ചയുടെ മാനദണ്ഡമായി ഈ പ്രവണതയെ വീക്ഷിക്കുവാനോ പ്രോത്സാഹിപ്പിക്കുവാനോ സാധ്യമല്ല. ഭൗതിക മേഖലയിലേക്കുള്ള ദൈവ വിശ്വാസികളുടെ വഴുതിമാറ്റമായി മാത്രമേ ഇതിനെ കാണാനാവുകയുള്ളു.

## വ്യാഖ്യാനവും അതിന്റെ പ്രശ്നങ്ങളും

വെളിപാടിന്റെ മകുടമായ കർത്താവിന്റെ മനുഷ്യാവതാരത്തെ ലിഖിതവും അലിഖിതവുമായ പാരമ്പര്യങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുമ്പോൾ പല പ്രശ്നങ്ങളും ഉടലെടുക്കുന്നു. ഭാഷാപരമായ വ്യാഖ്യാനം, ചരിത്രപരമായ വ്യാഖ്യാനം, വേദശാസ്ത്രപരമായ വ്യാഖ്യാനം, വ്യക്തിപരമായ അനുഭവാടിസ്ഥാനത്തിലുള്ള വ്യാഖ്യാനം എന്നിങ്ങനെ പല രീതിയിൽ ഈ പ്രക്രിയയെ പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്. ഒരു വിഷയത്തെപ്പറ്റിയോ, യാഥാർത്ഥ്യത്തെപ്പറ്റിയോ വ്യാഖ്യാനിക്കുമ്പോൾ വ്യക്തിപരമായ തെറ്റിദ്ധാരണകളും മുൻവിധികളും സ്വാഭാവികമായും ഉണ്ടാകും. വ്യാഖ്യാനിക്കുന്ന വിഷയത്തോടു വ്യാഖ്യാതാവ് എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും പ്രശ്നങ്ങളുടെ സങ്കീർണത.

## ഊന്നൽ എന്തിന്?

വ്യത്യസ്തങ്ങളായ സാംസ്കാരിക പാരമ്പര്യങ്ങളിൽ ഉൾപ്പെടുന്ന വ്യാഖ്യാതാക്കൾ ഒരു വിഷയത്തെ വ്യാഖ്യാനിക്കുമ്പോൾ ആശയങ്ങളിലും വ്യത്യാസങ്ങൾ സംഭവിക്കാം. വ്യക്തിപരമായ അനുഭവങ്ങൾക്ക് ഊന്നൽ കൊടുക്കുക, പല കാര്യങ്ങളിൽ നിന്ന് ഒന്ന് തെരഞ്ഞെടുത്ത് അതിനു പ്രാധാന്യം നൽകുക (ഉദാ. വി. വേദപുസ്തകത്തിലെ ചില വാക്യങ്ങൾ മാത്രം എടുക്കുക, മറ്റുള്ളവ അവഗണിക്കുക) എന്നിവ സാധാരണ സംഭവ്യമാണ്. വിഷയത്തിന്റെ ചക്രവാളത്തിലേക്കു കടന്നുചെന്ന് അതുമായി താദാത്മ്യം പ്രാപിച്ചതിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചെങ്കിൽ മാത്രമേ ശരിയായ വ്യാഖ്യാനമാകുകയുള്ളു. ഈ താദാത്മ്യം പൂർണമായി സാദ്ധ്യമല്ലാത്തതിനാൽ ഏതൊരു വ്യാഖ്യാനത്തിനും പരിമിതികൾ ഉണ്ടായിരിക്കും.

## ദൈവശാസ്ത്രം യാഗാത്മകമാകണം

സഭാജീവിതത്തിൽ അർത്ഥവത്തായി പങ്കെടുക്കുന്നതു കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തനങ്ങളെ ഓർക്കുന്നതുവഴി മാത്രമല്ല, വി. ആരാധനയിൽക്കൂടി ആ സംഭവത്തിന്റെ ചക്രവാളത്തിലേക്കിറങ്ങിച്ചെന്ന് അവിടെ ജീവിക്കുന്നതു വഴിയാണ്. ഈ രണ്ടു ലോകങ്ങൾ തമ്മിലുള്ള ചരിത്രപരമായ അകലം പൂജ്യമായിത്തീരുന്നു. വിശ്വാസത്തിന്റെ മർമ്മങ്ങളെ ശരിയായി നിർവചിക്കുന്നതിൽ യുക്തി പരാജയപ്പെടുന്നുവെന്നു നമുക്കു ബോദ്ധ്യമാകുന്നു. ചിഹ്നങ്ങളും ആചാരങ്ങളും അടയാളങ്ങളും വി. ആരാധനയിൽ ഓർമ്മയായിട്ടല്ല, യാഥാർത്ഥ്യമായിട്ടു തന്നെ അനുഭവപ്പെ

ടുന്നു. സമസൃഷ്ടികളോടൊപ്പമല്ലാതെ ഒരു വ്യക്തി തനിച്ചല്ല ഈ അനുഭവത്തിലേക്കു എടുത്തുചാടുന്നത്. വേദശാസ്ത്രം യാഗാത്മകമാകണം. മനുഷ്യാവതാര പ്രക്രിയയിലെ യാഗാത്മകഘടകത്തെ അവഗണിക്കാൻ പാടില്ല.

## അഭൗതിക മേഖലകളിലേക്ക്

ആത്മാവും ശരീരവും ഒന്നുചേർന്നു വി. ആരാധനയിൽ പങ്കെടുക്കുന്നു. വസ്തു പവിത്രസൃഷ്ടിയാണ്. അതിനെ രൂപാന്തരപ്പെടുത്തുന്നതിനു മനുഷ്യൻ യത്നിക്കുമ്പോൾ ദൈവത്തിനും ലോകത്തിനും മദ്ധ്യേ മദ്ധ്യസ്ഥനായി അവൻ വർത്തിക്കുന്നു. ആത്മികവും ഭൗതികവുമെന്നു വേർതിരിച്ച്, ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി മാത്രം പ്രവർത്തിക്കുക എന്ന തത്ത്വം സ്വീകാര്യമാകുന്നില്ല. ദൈവശാസ്ത്ര പഠനവും വ്യാഖ്യാനവും ജീവിതവുമായി ബന്ധപ്പെട്ടതായിരിക്കണം. ആനുകാലിക പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുക സാദ്ധ്യമല്ല. അഭൗതിക മേഖലകളിലേക്ക് ആഴത്തിലിറങ്ങിച്ചെല്ലുമ്പോൾ നമ്മെ സഹായിക്കുന്നതാണു നമ്മുടെ വേദശാസ്ത്ര പഠനവും വ്യാഖ്യാനവും.

മനസ്സിന്റെ അബോധതലങ്ങളുടെ അവലോകനമാണു വി. ആരാധനയിൽക്കൂടി നടക്കുന്നത്. അറിയുന്നതിലുമുപരി രൂപാന്തരപ്പെടുന്നു മനുഷ്യൻ. വസ്തുമയ മാധ്യമങ്ങളും ചിഹ്നങ്ങളും ഇതിന് അവനെ സഹായിക്കുന്നു.

## ലക്ഷ്യവും മാർഗവും

പൗരസ്ത്യ സഭാദർശനം ചില ലിഖിത തത്ത്വങ്ങളിൽ അധിഷ്ഠിതമെന്നതിലുപരി ജീവിതാനുഭവാധിഷ്ഠിതമാണ്. വേദശാസ്ത്രം, വൈകല്യങ്ങളും തെറ്റിദ്ധാരണകളും ഒഴിവാക്കാനുതകുന്നു പൗരസ്ത്യദർശനത്തിൽ. അതു ലക്ഷ്യമല്ല. ലക്ഷ്യത്തിലേക്കുള്ള മാർഗം മാത്രമാണ്. വാക്കുകളുടെ പരിമിതിയെക്കുറിച്ച് അതു പ്രഖ്യാപിക്കുന്നു. ദൈവിക വെളിപാടുകൾ ആരാധനാധിഷ്ഠിതമായ സഭാജീവിതത്തിൽ സംഭവിക്കുന്നുവെന്നു പൗരസ്ത്യസഭ പഠിപ്പിക്കുന്നു. സത്യത്തെ ലിഖിതരൂപത്തിലാക്കുമ്പോൾ അതു യഥാർത്ഥ സത്യമല്ലാതായിത്തീരുന്നതിനാൽ ഭാഷയ്ക്കും നിയമങ്ങൾക്കുമുപരിയായ പരമസത്യത്തെ വിശുദ്ധ ആരാധനയിൽക്കൂടി മനുഷ്യൻ രുചിക്കുന്നു. ധ്യാനവും നിശ്ശബ്ദതയും ചിഹ്നങ്ങളും ഈ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നു.

യുക്തിയെ ഒഴിവാക്കാതെ തന്നെ അയുക്തിക മേഖലകളിലേക്കു പൗരസ്ത്യ വേദശാസ്ത്രം വിരൽ ചൂണ്ടുന്നു. ചരിത്രത്തെയും മനുഷ്യന്റെ പാപാവസ്ഥയെയും അത് അവഗണിക്കുന്നില്ല. പരമസത്യത്തെ തലയിലൊതുക്കാൻ ശ്രമിക്കാതെ വി. കുർബാനയിലധിഷ്ഠിതമായ ആരാധനാ ജീവിതവും യാഗാത്മകതയും മൂലം മഹത്വത്തിൽ നിന്നു മഹത്വത്തിലേക്കു വളരുക എന്നതാണു പൗരസ്ത്യ വേദശാസ്ത്രത്തിന്റെ പൊരുൾ.

## ചോദ്യം

1. ദൈവത്തിന്റെ വെളിപ്പെടുത്തൽ ഏതെല്ലാം മാർഗങ്ങളിൽ കൂടിയാണെന്നു വി. വേദപുസ്തകാടിസ്ഥാനത്തിൽ പരിശോധിക്കുക. ഇന്ന് അവ എപ്രകാരം നിങ്ങൾക്ക് അനുഭവപ്പെടുന്നു?

# യൂണിറ്റ് 2

# പിതാവാം ദൈവം

## പാഠം 1

## പിതാവാം ദൈവത്തിലുള്ള വിശ്വാസം

❑ ദൈവികബോധം, വിശ്വാസം, അനുഭവം ❑ വിശ്വാസം: ദൈവികദാനവും, മാനുഷിക തീരുമാനവും ❑ ഓന്റളോജിക്കൽ, കോസ്മോളജിക്കൽ, റ്റിലിയോളജിക്കൽ, മോറൽ വാദഗതികൾ ❑ ദൈവത്തിന്റെ അസ്തിത്വം, അക്വിനാസിന്റെ ദർശനം ❑ പിതാവാം ദൈവം വിശുദ്ധ ഗ്രന്ഥത്തിൽ ❑ ദൈവവിശ്വാസവും അനുസരണവും ❑ ദൈവം, മനുഷ്യൻ, ലോകം

### ആത്മികാനുഭവം മിഥ്യാബോധമല്ല

മതം കൂടാതെ മനുഷ്യനു ജീവിക്കുവാൻ സാദ്ധ്യമാണോ? എല്ലാ മനുഷ്യരെയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ദൈവികബോധം ഭരിക്കുന്നുണ്ട്. ഇന്നു നിരീശ്വരവാദമാണ് പലരുടെയും മതം. നിത്യമാണെന്നും മറ്റും നിരീശ്വരവാദികൾ വസ്തുവിന് (Matter) നൽകുന്ന നിർവചനം ദൈവത്തിന് ഈശ്വരവിശ്വാസികൾ നൽകുന്ന നിർവചനത്തിൽനിന്നും വളരെയൊന്നും വ്യത്യസ്തമല്ല. ഓരോ മതത്തിനും അതിന്റേതായ വിശ്വാസ പാരമ്പര്യങ്ങളും ചിന്താസരണികളുമുണ്ട്. മനുഷ്യന്റെ ബുദ്ധിപരമായ കഴിവു ദൈവത്തിന്റെ സത്തയെ കണ്ടുപിടിക്കുന്നതിനുള്ള ഒരു ഉപകരണമായി പ്രയോജനപ്പെടുന്നില്ല. ദൈവസാന്നിദ്ധ്യം ഒരുവന്റെ വിശ്വാസപരമായ ജീവിതത്തിലെ അനുഭവങ്ങളിലൂടെയാണ് അവനു ബോധ്യമാകുന്നത്. ഇപ്രകാരം ലഭ്യമാകുന്ന ആത്മികാനുഭവം കേവലം ഒരു മിഥ്യാബോധത്തിന്റെ പ്രകടനമായോ അനുഭവമായോ തള്ളിക്കളഞ്ഞുകൂടാ. ഈ ലോകത്തിലെ സകല മനുഷ്യർക്കും ജീവദായകനായ ദൈവത്തോടു ബന്ധപ്പെട്ടു ആത്മികതയുടെ മേഖലകളിലേക്കു ചെന്നു നിഗൂഢങ്ങളായ നിത്യസത്യങ്ങൾ അനുഭവിച്ചറിയുവാനുള്ള കഴിവു ദൈവം നൽകിയിരിക്കുന്നു.

### ക്രിസ്തുവിൽ വെളിപ്പെട്ട ഏക ദൈവം

പരിശുദ്ധാത്മാവു മൂലം ക്രിസ്തുവിൽ വെളിപ്പെട്ട ഏക സത്യ ദൈവത്തെ ക്രിസ്തുമതം ഉദ്ഘോഷിക്കുന്നു. ദൈവം കേവലം ഒരു സംവാദത്തിന്റെ ഉപസംഹാരമായി കിട്ടുന്ന ഒന്നല്ല. വിശ്വാസമെന്നത് അനന്തമായ നിത്യസത്യത്തിലേക്കുള്ള ആത്മാവിന്റെ കുതിച്ചുചാട്ടമാണ്. 'വിശ്വാസമെന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു' (എബ്രാ. 11:1) എന്നാണു വി. പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നത്. വിശ്വാ

സമെന്നത് ഒരേ സമയം ദൈവിക ദാനവും മാനുഷിക തീരുമാനവുമാണ്. ക്രൈസ്തവ വീക്ഷണത്തിൽ ദൈവത്തിലുള്ള വിശ്വാസം ദീർഘമായ ചരിത്രത്തിന്റെ ഏടുകളിലേക്കു ഉരുത്തിരിഞ്ഞു വന്നതും ദൈവം തന്നെ വെളിപ്പെടുത്തിക്കൊടുത്തതുമാണ്. യുക്തി കൊണ്ടുള്ള അന്വേഷണങ്ങൾക്കു പൂർണമായ ഉത്തരം ലഭിക്കുക സാധ്യമല്ല.

എന്നാൽ ചില വേദശാസ്ത്രജ്ഞന്മാർ ദൈവം ഉണ്ടെന്നു തെളിയിക്കുവാൻ തങ്ങളുടെ യുക്തികൊണ്ടു ശ്രമിച്ചിട്ടുണ്ട്. അവരുടെ വാദഗതികൾ പ്രധാനമായി നാലെണ്ണമാണ്.

### 1. ഓന്റളോജിക്കൽ വാദം (Ontological Argument)

സത്തയുടെ തത്വചിന്തയാണ് (doctrine of being) ഓൺടോളജി. ഒരു ആശയത്തിന്റെ പിന്നിൽ അതിന്റേതായ ഒരു യാഥാർത്ഥ്യം ഉണ്ടെന്നുള്ള ചിന്തയാണിത്. ദൈവം എന്നതു സകല മനുഷ്യരിലും ഉള്ള ഒരാശയമാണ്. ഈ ആശയത്തെ ഇല്ലായ്മ ചെയ്യാൻ സാധ്യമല്ല. ആശയത്തിനു പിന്നിൽ തീർച്ചയായും ഒരു യാഥാർത്ഥ്യം ഉണ്ട്.

“ഏതു യാഥാർത്ഥ്യത്തിനപ്പുറമായി നമുക്കൊന്നും നിരൂപിക്കാനാവില്ലയോ അതാണു ദൈവം” എന്നു പ്രഖ്യാപിച്ച ആൻസലം (Anselm. 12th century A.D.), “ഞാൻ ചിന്തിക്കുന്നു അതിനാൽ എന്റെ അസ്തിത്വം യാഥാർത്ഥ്യമാണ്” എന്നു പ്രഖ്യാപിച്ച ഡേക്കാർട്ട് (Descartes. 16th century A. D.) എന്നിവർ ഈ വാദഗതിയുടെ വക്താക്കളിൽ പ്രധാനികളാണ്.

### 2. കോസ്മളോജിക്കൽ വാദം (Cosmological Argument)

ഏതു കാര്യത്തിനും ഒരു കാരണമുണ്ട്. എല്ലാറ്റിന്റെയും ആരംഭമായ ഒരു കാരണമുണ്ട്. അതാണു ദൈവം. എന്നാൽ ആ ദൈവത്തിനു കാരണമുണ്ടാകാൻ പാടില്ല. ദൈവത്തെ ‘ആദ്യകാരണ’മെന്നും ‘കാരണമില്ലാത്ത കാര്യം’ എന്നും വിളിക്കാം.

മാറ്റപ്പെടാതെ മാറ്റുന്ന യാഥാർത്ഥ്യമായി (Unmoved mover) ദൈവത്തെ വിശദീകരിച്ച ഗ്രീക്ക് തത്വചിന്തകൻ അരിസ്റ്റോട്ടിൽ (ബി. സി. 384–ൽ ജനിച്ചു), ഈ ചിന്തകൾ പില്ക്കാലത്ത് പുനരവതരിപ്പിച്ച തോമസ് അക്വിനാസ് (1225 –1274) എന്നിവർ ഈ വാദഗതി ഉന്നയിച്ചവരാണ്.

### 3. റ്റീലിയോളജിക്കൽ വാദം (Teleological Argument)

ഏതു കാര്യവും ക്രമീകരിക്കുവാൻ ഒരു ക്രമീകാരകൻ വേണമെന്നുള്ളതാണ് ഈ വാദം. ഒരു പ്രത്യേക ലക്ഷ്യവും (Telos - end) ഉദ്ദേശ്യവും ഈ ക്രമീകരണത്തിന്റെ പിന്നിലുണ്ട്. മനുഷ്യബുദ്ധിക്കതീതമായ ഒരു ബുദ്ധിശക്തിക്കു മാത്രമേ ഈ പ്രപഞ്ചത്തെ ക്രമീകരിച്ചു നയിക്കുവാൻ സാധിക്കൂ.

കൃത്യമായ കണക്കുകൂട്ടലുകളുടെ ഫലമായിട്ടാണല്ലോ മനുഷ്യനിർമിതമായ ഉപഗ്രഹങ്ങളും മറ്റും ഭൂമിയെ വലംവയ്ക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ പ്രപഞ്ചം മുഴുവൻ നിശ്ചിത പഥത്തിൽ തിരിയുവാൻ തക്കവണ്ണം ക്രമീകരിച്ചു നിയന്ത്രിക്കുന്ന ക്രമീകാരകന്റെ ബുദ്ധിശക്തി അപ്രമേയം തന്നെ.

പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന Archdeacon Paley എന്ന ചിന്തകനാണ് ഈ ചിന്താഗതിയുടെ വക്താവ്. ഒരു വാച്ച് ആദ്യമായി കാണുന്നയാളുടെ മനസിൽ അതിന്റെ ക്രമീകാരകന്റെ വൈദഗ്ദ്യം തെളിഞ്ഞുവരുന്നതുപോലെ ദൈവത്തിന്റെ അസ്തിത്വം തെളിയുന്നു എന്ന് ഇദ്ദേഹം വാദിച്ചു.

**4. മോറൽ വാദഗതി (Moral Argument)**

ഇമ്മാനുവേൽ കാന്റ് (1724–1806) എന്ന ചിന്തകൻ ദൈവം ഇല്ല എന്നു തെളിയിക്കുവാൻ ആദ്യം പുസ്തകമെഴുതിയ ശേഷം പശ്ചാത്താപത്തോടു കൂടി വീണ്ടുമെഴുതി: 'മനസ്സാക്ഷിയുടെ ശക്തിയായ സന്മാർഗ വിധിപറച്ചിൽ ദൈവത്തെ ചൂണ്ടിക്കാണിക്കുന്നു.' ദൈവദത്തമായ ഒന്നായിട്ടു മാത്രമേ മനസ്സാക്ഷിയെയും സാന്മാർഗിക നിയമങ്ങളെയും മനസ്സിലാക്കുവാൻ സാധിക്കൂ. നമ്മുടെ മനസ്സാക്ഷി ദൈവമുണ്ടെന്നു തെളിയിക്കുന്നു. സന്മാർഗ മതത്തിൽനിന്നും സാന്മാർഗിക നിയമങ്ങൾ ഉണ്ടാകുന്നു. അതിന്റെ പിന്നിൽ ഒരു 'ധാർമിക ദൈവത്തെ' കാണാൻ സാധിക്കുമെന്നു അരിസ്റ്റോട്ടിൽ എഴുതി.

അനുഭവാധിഷ്ഠിതമായ മതാത്മകത ദൈവത്തിന്റെ അസ്തിത്വം ഉറപ്പിക്കുന്നുവെന്നു വിശദീകരിച്ച ജർമ്മൻ തത്ത്വചിന്തകൻ ഷ്ളെയർമാഹർ (Schleirmacher. 1768-1834) ഈ വാദഗതിയുടെ ഒരു പ്രധാന വക്താവാണ്.

## അക്വിനാസിന്റെ വിശകലനം

തോമസ് അക്വിനാസ് ദൈവത്തിന്റെ അസ്തിത്വത്തെ താഴെ പറയുന്ന രീതിയിൽ വിശദീകരിച്ചു.

1. ചലനം ദൈവത്തിൽ നിന്ന് ആദ്യമായി ഉണ്ടായി.
2. ആദ്യകാരണമായ ദൈവമാണ് ശക്തിയുടെ ഉറവിടം.
3. ഭൗതിക വസ്തുക്കൾ സ്വയം ഉണ്ടായതല്ല, അവയ്ക്കു ആരംഭവും അവസാനവും ഉണ്ട്. അവയുടെ കാരണം ദൈവമാണ്.
4. ഈ പ്രപഞ്ചം ഒരു ഉദ്ദേശ്യത്തോടു കൂടി നിർമ്മിക്കപ്പെട്ടിരിക്കുന്നു.
5. സത്യം, നന്മ, സൗന്ദര്യം ഇവ ദൈവത്തിന്റെ പ്രത്യേകതകളായി നമുക്കു ദർശിക്കാവുന്നതാണ്. പ്രകൃതിയുടെ സൗന്ദര്യത്തിൽക്കൂടിയും പ്രകൃതിക്കനുസരണമായി ജീവിക്കുവാൻ ജന്തുക്കൾക്കു

കൊടുത്തിരിക്കുന്ന പ്രത്യേകതകളിൽക്കൂടിയുമെല്ലാം ദൈവത്തിന്റെ നന്മയെ നമുക്കു കാണുവാൻ കഴിയും.

മനുഷ്യൻ ഉണ്ടായപ്പോൾതന്നെ മതവും ഉണ്ടായി എന്നു പറയാം. മനുഷ്യനെ ദൈവസാദൃശ്യത്തിൽ ഉളവാക്കിയതിനാൽ ദൈവാന്വേഷണവും ആരംഭിച്ചു. മതത്തിനു മനുഷ്യനെ നന്നാക്കുവാൻ കഴിയുന്നതുപോലെ മറ്റൊന്നിനും കഴിയുകയില്ലെന്നു ലോകചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. എങ്കിലും ചരിത്രത്തിന്റെ ഏടുകളിൽ തെളിഞ്ഞുകാണുന്ന മതത്തിന്റെ ദുരുപയോഗം ഭീകരമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കാനാവില്ല.

പൗരസ്ത്യ സഭാപിതാക്കന്മാർ ഇത്തരം യുക്തിചിന്തകളുടെ പരിമിതിയെപ്പറ്റി ബോധവാന്മാരായിരുന്നു. ബുദ്ധികൊണ്ടോ യുക്തികൊണ്ടോ ദൈവമുണ്ടെന്നു തെളിയിക്കാനാവില്ലെന്നും യോഗാത്മകതയിലൂടെയുള്ള രുചിച്ചറിവ് ദൈവത്തിന്റെ അസ്തിത്വത്തിന് അടിവരയിടുന്നുവെന്നും അവർ വിശ്വസിച്ചു.

തത്വചിന്താപരമായ ചർച്ചകൾ എപ്പോഴും സംശയദൃഷ്ടിയോടെ വീക്ഷിക്കണമെന്ന് വി. ഐറേനിയസ് എഴുതുന്നു (ഏ. ഡി. 140 നും 160 നും മദ്ധ്യേ ഏഷ്യാമൈനറിലെ സ്മിർണയിൽ ഇദ്ദേഹം ജനിച്ചു). മാനുഷിക വിശകലനത്തിന് അതീതമാണ് ദൈവമെന്ന മഹാരഹസ്യം. ജ്ഞാനവാദികൾ പഠിപ്പിക്കുന്നത് കെട്ടുകഥകളാണെന്നും ഈ രീതി ക്രൈസ്തവർക്ക് ഭൂഷണമല്ലെന്നും ഓരോ വ്യക്തിയും തന്നിഷ്ടം പോലെ ദൈവിക മർമ്മങ്ങൾ വ്യാഖ്യാനിക്കരുതെന്നും അദ്ദേഹം എഴുതി.

ജ്ഞാനത്തിന്റെ മലിനമാകാത്ത ആത്മാവ് ദൈവത്തിന്റെ അസ്തിത്വത്തിന് വലിയ സാക്ഷിയാണെന്ന് തെർത്തുല്യൻ (155–220) പഠിപ്പിച്ചു. തത്വശാസ്ത്രവും ദൈവവിശ്വാസവും തമ്മിൽ ബന്ധമില്ലായെന്ന നിലപാടെടുത്തു തെർത്തുല്യൻ. ‘വേദവിപരീതികൾക്കെതിരെ’ എന്ന തന്റെ ഗ്രന്ഥത്തിൽ തെർത്തുല്യൻ ചോദിക്കുന്നു: “ആതൻസിന് യരുശലേമിനോട് എന്തു ബന്ധം? തത്വജ്ഞരുടെ കളരിയും സഭയും തമ്മിലെന്തു ബന്ധം?” വിശ്വാസത്തിനും വെളിപ്പെടുത്തപ്പെട്ട ജ്ഞാനത്തിനും പകരം നിൽക്കാൻ തത്വചിന്തയ്ക്ക് ഒരിക്കലും സാദ്ധ്യമല്ല എന്ന് അലക്സന്ത്രിയായിലെ വി. ക്ലിമിസ് (150–215) പഠിപ്പിച്ചു.

മേൽപ്പറഞ്ഞ സഭാപിതാക്കന്മാരുടെ ചിന്താസരണിയിലുറച്ചുനിന്നുകൊണ്ട് മനുഷ്യജാതിയുടെ സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദം ദൈവാസ്തിത്വത്തിനു തെളിവാണെന്ന് പൗരസ്ത്യവേദശാസ്ത്ര രംഗത്ത് അദ്വിതീയ സ്ഥാനമുള്ള ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് സമർത്ഥിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ പാരമ്യത്തിൽ ദൈവത്തെ പൂർണ്ണമായി

അറിയാനും തെളിയിക്കാനും സാദ്ധ്യമാവില്ലെന്നു ലഭിക്കുന്ന അറിവാണ് യോഗാത്മകമായ "അദ്ധ്യയിത – അജ്ഞാനം" (taught ignorance) എന്ന് "ദി ജോയ് ഓഫ് ഫ്രീഡം" (*സ്വാതന്ത്ര്യദീപ്തി* എന്ന പേരിൽ ഈ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ തിരുവല്ല സി. എസ്. എസ്. പ്രസിദ്ധീകരിച്ചിട്ടുണ്ട്) എന്ന തന്റെ കൃതിയിൽ അദ്ദേഹം വ്യക്തമാക്കുന്നു.

## പിതാവാം ദൈവത്തിലുള്ള വിശ്വാസം: വേദപുസ്തകാടിസ്ഥാനത്തിൽ

ദൈവാത്മാവിന്റെ നടത്തിപ്പിൽക്കൂടി ദൈവികമാർഗ്ഗങ്ങളെക്കുറിച്ചും സഭയുടെ പാരമ്പര്യങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനു വി. വേദപുസ്തകം സഹായിക്കുന്നു. മൺമറഞ്ഞ വിശുദ്ധന്മാരിൽക്കൂടിയും, ദൈവത്തിന്റെ പ്രവൃത്തികൾ, വചനങ്ങൾ എന്നിവയിൽക്കൂടിയും കാലാകാലങ്ങളിൽ ദൈവം നമ്മോടു സംസാരിച്ചിട്ടുണ്ട്. താൻ തെരഞ്ഞെടുത്ത ജനമായ യിസ്രായേലിനു ദൈവം സ്വയം വെളിപ്പെടുത്തിക്കൊടുത്തു (ആവ. 7:6). ദൈവം ഉണ്ടോ എന്നതിന്റെ തെളിവിനല്ല, തന്റെ അസ്തിത്വത്തിനും പ്രവർത്തനങ്ങൾക്കുമാണ് വി. വേദപുസ്തകത്തിൽ പ്രാധാന്യം കല്പിച്ചിരിക്കുന്നത്. ദൈവത്തിന്റെ വെളിപാട്, കൃപകൾ, അനുകമ്പ, നീതി, സ്നേഹം ഇവയ്ക്കു വി. വേദപുസ്തകം സാക്ഷ്യം നൽകുന്നു.

## അബ്രഹാം, മോശ, പ്രവാചകന്മാർ

ദൈവേഷ്ടമാണ് മനുഷ്യന്റെ ഇഷ്ടത്തേക്കാൾ പ്രധാനപ്പെട്ടത്. അബ്രഹാം ദൈവശബ്ദം കേട്ടു പ്രമാണിച്ചു. ദൈവേഷ്ടത്തിന് അവൻ സ്വയം വിധേയപ്പെടുത്തി. മോശ തന്നിൽക്കൂടിയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതി എന്താണെന്നു തിരിച്ചറിഞ്ഞു. പ്രവാചകന്മാർ ദൈവത്തിന്റെ ഇച്ഛയും ഉദ്ദേശ്യങ്ങളും ജനത്തിനു വ്യക്തമാക്കിക്കൊടുത്തു. ദൈവത്തോടു വിശ്വസ്തത പുലർത്തിയ മനുഷ്യരുടെ വിചാര, വികാരാഭിലാഷങ്ങൾ സങ്കീർത്തനത്തിൽക്കൂടിയും സദൃശ്യവാക്യങ്ങളിൽക്കൂടിയും നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. യേശുക്രിസ്തുവിൽ ഇവയുടെ എല്ലാം പൂർത്തീകരണമുണ്ടായി.

## ദൈവവിശ്വാസവും അനുസരണവും

ദൈവവിശ്വാസം മനുഷ്യനെ അനുസരണമുള്ളവനാക്കിത്തീർക്കുന്നു. ഈ ലോകത്തിലുള്ള ദുഃഖങ്ങളെയും പ്രയാസങ്ങളെയും അഭിമുഖീകരിക്കുന്നതിനും സുരക്ഷിതത്വവും പ്രത്യാശയും വർദ്ധിപ്പിക്കുന്നതിനും വിശ്വാസം സഹായിക്കുന്നു. മറ്റുള്ളവരുമായി യോജിക്കുന്നതിനും നന്മ പങ്കുവയ്ക്കുന്നതിനും വിശ്വാസം നമ്മെ തയ്യാറാക്കുന്നു. മനുഷ്യജീവിതത്തിലൂടെയും ചരിത്രത്തിലൂടെയും പ്രകൃതിയിൽ കൂടിയും സംസാരിക്കുകയും പ്രവൃത്തി

ക്കുകയും ചെയ്യുന്ന ഒരു ദൈവത്തെയാണു വി. വേദപുസ്തകത്തിലൂടെ നമുക്കു കാണുവാൻ സാധിക്കുന്നത്. ദൈവത്തിന്റെ സകല സമ്പൂർണ്ണതയും അവന്റെ പുത്രനായ യേശുക്രിസ്തുവിൽ വെളിപ്പെടുത്തി. സകലത്തിന്റെയും ആരംഭവും അവസാനവും ലക്ഷ്യവും മാർഗ്ഗവും സകല സ്നേഹത്തിന്റെയും നന്മയുടെയും ഉറവിടവും ദൈവം തന്നെ.

വി. വേദപുസ്തകത്തിലെ പ്രതിപാദ്യം ദൈവത്തെക്കുറിച്ചു മനുഷ്യൻ എന്തു ചിന്തിക്കുന്നു എന്നതല്ല, ദൈവത്തോടു കൂടി അവൻ എന്തു ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു എന്നതും മനുഷ്യനു വേണ്ടി ദൈവം എന്തു ചെയ്യുന്നു എന്നതുമാണ്. പ്രാർത്ഥനയിൽ കൂടിയും ആരാധനയിൽ കൂടിയും മനുഷ്യനു ദൈവസന്നിധിയിലേക്കു പ്രവേശനം ലഭിക്കുന്നു. ഇവയിൽക്കൂടി ദൈവിക വെളിപാട് മനസ്സിലാക്കുവാനുള്ള കഴിവു മനുഷ്യനു നൽകിയിട്ടുണ്ട്. ദൈവിക വെളിപാട് മറയ്ക്കപ്പെട്ട ഒരു വസ്തുതയല്ല. ഒരു ഭൂതകാല ചരിത്രമായി വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമുള്ളതല്ല. നമ്മുടെ വിശകലനങ്ങൾ കൊണ്ടും നിരൂപണദൃഷ്ടി കൊണ്ടും പരിശോധിക്കാവുന്ന ഒന്നല്ല. പിതാവാം ദൈവത്തിന്റെ പ്രവർത്തനങ്ങളും വീണ്ടെടുപ്പിന്റെ പദ്ധതികളും അന്വേഷിക്കുന്നവർക്കും അർത്ഥിക്കുന്നവർക്കും തന്നിൽ അലിഞ്ഞു ചേരുന്നവർക്കും ദൈവിക രഹസ്യങ്ങൾ കൂടുതൽ കൂടുതൽ വെളിവായി വരുന്നു.

### ദൈവം - മനുഷ്യൻ - ലോകം

സൃഷ്ടിയിൽക്കൂടി പിതാവാം ദൈവത്തിന്റെ കരവിരുതു നാം കാണുന്നു. ഈ ലോകത്തെക്കുറിച്ചുള്ള നമ്മുടെ അറിവു ഭാഗികവും അപൂർണവുമാണ്. മനുഷ്യനും ദൈവവുമായുള്ള ബന്ധം, മനുഷ്യനും ലോകവും, ദൈവവും ലോകവും തമ്മിലുള്ള ബന്ധത്തിന്റെ വെളിച്ചത്തിൽ നമുക്കു നിർവചിക്കുവാൻ സാധിക്കും. നിസ്സായിലെ വി. ഗ്രിഗോറിയോസ് അത് ഇപ്രകാരം വിശദീകരിക്കുന്നു. മനുഷ്യനും ഈ ലോകവും സൃഷ്ടിക്കപ്പെട്ടതാണ്. സൃഷ്ടിയെന്ന യാഥാർത്ഥ്യത്തിന്റെ ക്രമീകരണത്തിൽ രണ്ടും ഭാഗഭാക്കുകളാകുന്നു. ഒന്നുമില്ലായ്മയിൽ നിന്നാണ് രണ്ടും സൃഷ്ടിക്കപ്പെട്ടത്. സ്രഷ്ടാവിന്റെ ഇഷ്ടത്തിനൊത്തു മാത്രമേ സൃഷ്ടിക്കു നിലനിൽപ്പുള്ളു. രണ്ടിനും ആദിയും അവസാനവും ഉണ്ട്. രണ്ടും ഈ സ്ഥലകാല പരിമിതിയിൽ ഉൾപ്പെടുന്നു. രണ്ടിനും ദ്രവത്വമുണ്ട്, മാനമുണ്ട്, അസ്ഥിരതയുമുണ്ട്. ദൈവത്തിന്റെ ക്രിയാത്മകശക്തിയാണു മനുഷ്യനും ഈ പ്രപഞ്ചത്തിനും അസ്തിത്വം നൽകിയത്. എന്നാൽ മനുഷ്യൻ മാത്രമാണ് ദൈവത്തിന്റെ സ്വന്തസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടത്. മനുഷ്യൻ പ്രപഞ്ചത്തിലും ദൈവത്തിലും പങ്കാളിത്തം വഹിക്കുന്നു. സ്രഷ്ടാവിന്റെ സാന്നിദ്ധ്യവും സ്നേഹവും മനുഷ്യൻ എന്ന മദ്ധ്യസ്ഥൻ മൂലം ഈ പ്രപഞ്ചത്തിലേക്കു പകർന്നുകൊടുക്കപ്പെടുന്നു. യഥാർത്ഥ മനു

ഷ്യൻ ദൈവവുമായും പ്രപഞ്ചവുമായും സംസർഗ്ഗം പുലർത്തുന്നു. വിശ്വാസവും ആരാധനയും സ്നേഹവും നന്മപ്രവൃത്തികളുമാണ് ഈ സംസർഗത്തിന്റെ അടയാളങ്ങൾ.

## ദൈവീകരണ പ്രക്രിയയിലേക്ക്

ദൈവവും മനുഷ്യനുമായുള്ള ബന്ധം രഹസ്യാത്മകമാണ്. ഈ മർമ്മത്തിന്റെ ആഴം അളക്കുവാൻ വാക്കുകൾക്ക് കഴിയുകയില്ല. സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ മദ്ധ്യസ്ഥനാണ് മനുഷ്യൻ. ആരാധനയിൽക്കൂടിയും നന്മപ്രവൃത്തികളിൽക്കൂടിയും മനുഷ്യൻ രൂപാന്തരം പ്രാപിക്കുന്നു. മനുഷ്യൻ സൃഷ്ടിയെ മുഴുവനും ഈ രൂപാന്തരത്തിലേക്ക് ആനയിക്കുന്നു. തിന്മയിൽനിന്നും വിടർത്തപ്പെട്ട് നന്മയിലേക്കുള്ള വളർച്ചയായ ദൈവീകരണ പ്രക്രിയയിലേക്കു (Theosis) നമ്മുടെ ആരാധനയും പ്രാർത്ഥനയും നമ്മെ നയിക്കണം. ക്രിസ്തുവിൽ ആയിത്തീരുമ്പോഴാണ് ഈ വളർച്ച നാം പ്രാപിക്കുന്നത്. ക്രിസ്തുവിന്റെ മരണം വഴിയും ഉയിർത്തെഴുന്നേല്പു വഴിയും ഒരു പുതിയ മനുഷ്യരാശി ആവിർഭവിച്ചു. പഴയനിയമത്തിൽ പിതാവാം ദൈവം പ്രഖ്യാപിച്ച വിമോചനം പുതിയനിയമത്തിൽ പുത്രൻ തമ്പുരാൻ പൂർത്തീകരിച്ചു.

## ചോദ്യങ്ങൾ

1. ദൈവം ഉണ്ടെന്ന് എങ്ങനെ തെളിയിക്കാം?
2. സങ്കീർത്തനങ്ങൾ വായിച്ച്, അതിന്റെ എഴുത്തുകാർക്ക് ദൈവത്തെക്കുറിച്ചുള്ള ധാരണകൾ എന്തെല്ലാമായിരുന്നുവെന്ന് ചുരുക്കി എഴുതുക.
3. ദൈവം എന്ന അർത്ഥത്തിൽ 'പിതാവ്' എന്ന വാക്ക് സുവിശേഷങ്ങളിൽ ഏതെല്ലാം ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നു എന്നു കണ്ടുപിടിക്കുക?

## പാഠം 2

# ദൈവത്തെ വ്യക്തിയായി കാണുന്നതിന്റെ പൊരുൾ

❑ ഏകദൈവ വിശ്വാസം വി. വേദപുസ്തകത്തിൽ ❑ അബ്രഹാം മുതൽ ആമോസ് വരെ ❑ ആമോസ് മുതൽ യശയ്യാവു വരെ ❑ ബാബേൽ പ്രവാസത്തിനു ശേഷം ❑ പഴനിയമത്തിലെ ദൈവനാമങ്ങൾ ❑ വ്യക്തിത്വത്തിന്റെ പ്രത്യേകതകൾ ❑ യേശുക്രിസ്തു 'പൂർണ്ണവ്യക്തി'.

### ഏകദൈവ വിശ്വാസം വി. വേദപുസ്തകത്തിൽ

യഹൂദമതം ലോകത്തിനു നൽകിയ ഏറ്റവും വലിയ സംഭാവന ഏകദൈവിശ്വാസം കാത്തുസൂക്ഷിച്ചു എന്നുള്ളതാണ്. ഏകദൈവ വിശ്വാസം ഇത്രയും കാലം അഭംഗുരം കാത്തുസൂക്ഷിച്ച ഒരു ജാതി ലോകചരിത്രത്തിൽ വേറെയുള്ളതായി തോന്നുന്നില്ല. യഹൂദമതം സകല നന്മകളുടെയും ധാർമ്മികതയുടെയും ഉറവിടമായി ദൈവത്തെ കണ്ടതുകൊണ്ട് ഈ ഏകദൈവ വിശ്വാസം സാന്മാർഗികമൂല്യങ്ങൾക്കു പ്രാധാന്യം കൊടുത്തു.

പഴയനിയമത്തിലെ ഏകദൈവ വിശ്വാസം പല ഘട്ടങ്ങളിലായി വളർന്നു വന്നതാണ്.

1. അബ്രഹാം മുതൽ ആമോസു വരെയുള്ള കാലഘട്ടത്തിൽ യഹോവ അനേക ദൈവങ്ങളിൽ ഒരുവനായി അറിയപ്പെടുന്നു. തങ്ങളുടെ രാഷ്ട്രത്തിന്റെ ദേവനായി കനാന്യർ ബാലിനെ സ്വീകരിച്ചതുപോലെയാണു യിസ്രായേല്യർ യഹോവയെ സ്വീകരിച്ചതെന്നു ചുരുക്കം.

2. ആമോസ് മുതൽ രണ്ടാം യശയ്യാവു വരെയുള്ള കാലഘട്ടത്തിൽ യഹോവ എല്ലാ രാജ്യങ്ങളുടെയും ഭൂമി മുഴുവന്റെയും ദൈവമായിട്ട് അറിയപ്പെടുന്നു. ഭൂമിയിലും സ്വർഗത്തിലും ഒരു ദൈവം മാത്രമേയുള്ളു. അതു യഹോവയാണ്. മറ്റുള്ള ആരാധനാമൂർത്തികളൊക്കെ മനുഷ്യരുടെ കൈപ്പണി മാത്രം. യഹോവ വിളിച്ചു വേർതിരിച്ച് ഉടമ്പടി ചെയ്തിരിക്കുന്ന ജനമാണു യിസ്രായേൽ. അതിനാൽ യഹോവയുമായി അവർക്കു പ്രത്യേക ബന്ധമുണ്ട്. ഇക്കാലത്തു യിസ്രായേല്യരുടെ ഏകദൈവ വിശ്വാസത്തിന്റെ പ്രധാന മർമ്മങ്ങൾ ഇവയായിരുന്നു.

(i) യഹോവ യിസ്രായേലിന്റെ അയൽക്കാരെ, പ്രത്യേകിച്ചു ശത്രുക്കളെ ന്യായം വിധിക്കും.

(ii) യിസ്രായേൽ ആകട്ടെ വിശുദ്ധീകരിക്കപ്പെട്ടു യഥാസ്ഥാനത്താക്കപ്പെടും.

(iii) ആരാധനാകേന്ദ്രമായിട്ടു വി. ദേവാലയം ക്രമീകരിക്കപ്പെടും.

(iv) യിസ്രായേൽ നമ്മയെ പിന്തുടരുമ്പോൾ അവർക്ക് ഐശ്വര്യവും പാപം ചെയ്യുമ്പോൾ ആപത്തും വന്നു സംഭവിക്കും.

## 3. ബാബേൽ പ്രവാസത്തിനു ശേഷമുള്ള കാലഘട്ടം

ഇസ്രായേലിന്റെ ദൈവവിശ്വാസം, സ്വർണ്ണം ശുദ്ധി ചെയ്തെടുക്കുന്നതുപോലെ, പ്രവാസകാലത്ത്, അനവധി കഷ്ടതകൾക്കും പരീക്ഷണങ്ങൾക്കും വിധേയമാക്കപ്പെട്ടു. പ്രവാസകാലമായ മൂശയിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന വിശ്വാസം കൂടുതൽ ശ്രേഷ്ഠമായിരുന്നു. അന്ന് അവരുടെ ഇടയിലുണ്ടായ പ്രധാന ആശയങ്ങൾ ഇവയാണ്.

### (i) ദൈവത്തെയും ലോകത്തെയും കുറിച്ച്

ദൈവം സമസ്ത ലോകത്തിന്റെയും സ്രഷ്ടാവും നിയന്താവുമാണ്. ദൈവം തന്റെ വചനം, ജ്ഞാനം, ആത്മാവ്, മാലാഖമാർ എന്നിവയിൽക്കൂടി ലോകത്തിൽ തന്റെ ഇഷ്ടം നടത്തുന്നു. ദൈവം ലോകത്തിൽ സജീവമായി പ്രവർത്തിക്കുന്നവനാണ്. സൃഷ്ടിപ്പിനു ശേഷം ലോകത്തിൽ നിന്നും അകന്നു മാറിയിരിക്കുന്നവനല്ല.

### (ii) ദൈവത്തെയും മനുഷ്യജാതിയെയും കുറിച്ച്

ദൈവം ലോകത്തിന്റെ അഥവാ പ്രകൃതിയുടെ സ്രഷ്ടാവും നിയന്താവും മാത്രമല്ല മനുഷ്യവർഗത്തെ സൃഷ്ടിച്ചവനും രാഷ്ട്രങ്ങൾക്കു മാർഗനിർദേശം നൽകുന്ന ഭരണകർത്താവുമാണ്. കാലത്തികവിൽ ദൈവം തന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കും. ഈ പ്രതീക്ഷ വെളിപാടു സാഹിത്യത്തിൽക്കൂടി (അപ്പോക്കാലിപ്റ്റിക് ലിറ്ററേച്ചർ) കൂടുതൽ വളർന്നു.

### (iii) ദൈവത്തെയും മനുഷ്യനെയും കുറിച്ച്

മനുഷ്യനു തന്റെ സ്രഷ്ടാവായ ദൈവവുമായി അടുത്ത ബന്ധം പുലർത്തുവാൻ കഴിയും. ദൈവത്തെ അബ്ബാ അഥവാ പിതാവേ എന്നു വിളിക്കുവാൻ മനുഷ്യനു കഴിയും.

### (iv) ആരാധനയുടെ നടത്തിപ്പും അർത്ഥവും സംബന്ധിച്ച്

ദൈവ സംസർഗത്തിന്റെ ഫലമായി ലഭിക്കുന്ന സന്തോഷവും കൂട്ടായ്മയും അനുഭവവേദ്യമാകുന്നതു ദേവാലയങ്ങളിൽ നടത്തുന്ന ചടങ്ങുകളിൽ കൂടിയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ദൈവസംസർഗം യാഥാർത്ഥ്യമായിത്തീരുന്നതു ദേവാലയത്തിലെ ആരാധനയിൽ കൂടിയാണ്.

## പഴയനിയമത്തിലെ ദൈവനാമങ്ങൾ

### 1. ഏൽ – ഏലോഹിം

ഉല്പത്തി 49:25 ൽ കാണുന്നതുപോലെ ഈ നാമത്തിനു ശക്തിയുടെ ഒരു ധ്വനിയുണ്ട്. 'ഏലോഹിം' എന്നതു ബഹുവചനമല്ല. ദൈവത്തിന്റെ രാജത്വം കാണിക്കുന്ന ഏകവചന പദമാണ്.

### 2. യാഹ്‌വേ

പഴയനിയമത്തിൽ സാധാരണയായി ദൈവം അറിയപ്പെടുന്നതു ഈ പേരിലൂടെയാണ്. ഇതു വളരെ പഴക്കമുള്ള നാമമാണ്. മോശയുടെ കാലം മുതൽ യിസ്രായേൽക്കാരുടെ ദൈവത്തിന്റെ പ്രത്യേക പേരാണിത്. ഇതു ചുരുക്കമായി യാഹ് എന്നും പറയാറുണ്ട്.

ഉദാ: ഏലിയാഹ് – യഹോവ എന്റെ ദൈവമാകുന്നു.
ഹാലേലുയാഹ് – ദൈവത്തിനു സ്തുതി.

ഭക്തിദ്യോതകമായ ഈ പദം ദൈവിക രക്ഷണ്യപ്രവർത്തനങ്ങളിൽ അർത്ഥവത്തായ ഒരു സ്തോത്രനാമമാണ്.

### 3. അദോനായ് (കർത്താവ്)

പഴയനിയമത്തിൽ ഈ പദവും സർവസാധാരണമാണ്. ദൈവത്തിന്റെ കർത്തൃത്വം ഈ പദത്തിൽ അന്തർലീനമായിരിക്കുന്നു. മനുഷ്യരോടു കല്പിക്കുകയും മനുഷ്യൻ അനുസരിച്ചു പോരുകയും ചെയ്യുന്ന യജമാനനാണു ദൈവം. അതു പിന്നീടു ദൈവം രാജാവ് എന്ന ആശയത്തിലേക്കു വഴി നടത്തി (ആവ. 33:5, യെശയ്യാ 6:5, സങ്കീ. 4:7).

### 4. എൽശാദായ് (സർവശക്തൻ)

ഈ വാക്കു യഹോവയുടെ കർത്തൃത്വത്തെയും സർവാധികാരത്തെയും കുറിക്കുന്നു.

### 5. ഏലിയോൻ (അത്യുന്നതൻ)

സർവരിലും മേലായി സ്ഥിതിചെയ്യുന്നവനും അധികാരിയും എന്ന അർത്ഥമാണ് ഈ പദത്തിനുള്ളത്.

### 6. ഏൽഹായ് (ജീവിക്കുന്നവനായ ദൈവം)

ജാതികളുടെ ദൈവങ്ങൾക്കു മരണമുണ്ട്. യഹോവ എന്നേക്കും ജീവിക്കുന്നു (ആവ. 5:26; ഹോശ. 1:10; യിര. 23:36; സങ്കീ. 42:2). ജീവനുള്ള ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടുവാൻ ഇസ്രായേല്യർ ആഗ്രഹിച്ചിരുന്നു.

**7. യഹോവാബ്** (പിതാവായ ദൈവം)

പഴയനിയമത്തിൽ ചുരുക്കമായേ ഈ പദം കാണുകയുള്ളു. 'യോവാബ്' എന്ന വാക്കിന്റെ അർത്ഥം 'യഹോവ എന്റെ പിതാവാകുന്നു' എന്നാണ് (2 ശമു. 7:14; ആവ. 32:6).

## ദൈവം ഒരു വ്യക്തിയോ?

അജാതനായ, അമൂർത്തനായ സ്വയംഭൂവായ ദൈവത്തെ ഒരു വ്യക്തിയായിട്ടു കാണാൻ കഴിയുമോ? കഴിയും എന്നാണു വി. വേദപുസ്തകം സാക്ഷിക്കുന്നത്. വ്യക്തി എന്ന ആശയം തന്നെ ദൈവത്തിൽനിന്നും ഉത്ഭവിച്ചതാണല്ലോ. യേശുക്രിസ്തുവിൽ കൂടി ദൈവം മനുഷ്യർക്കു വെളിപ്പെട്ടതിനുമുമ്പു ദൈവത്തിന്റെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ജീവിതാനുഭവത്തിലൂടെ അടുത്തറിഞ്ഞ പഴയനിയമത്തിലെ പിതാക്കന്മാർക്കു താൻ ഏകനും നല്ലവനും കാരുണ്യവാനുമായ സത്യദൈവമായി വെളിപ്പെട്ടു. ആദിയും അന്തവുമായി (ആൽഫായും ഒമേഗായും) സ്വയസ്ഥിതനുമായി താൻ കാണപ്പെടുന്നു. സ്രഷ്ടാവും പരിപാലകനും മാത്രമല്ല രക്ഷകനും കൂടിയാണു ദൈവം.

ദൈവം എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒന്നുമില്ലായ്മയിൽ നിന്നും താൻ നടത്തിയ സൃഷ്ടി ദൈവത്തിന്റെ വ്യക്തിത്വത്തിന്റെ ബഹിർസ്ഫുരണമാണ്. സൃഷ്ടികളുടെ മകുടമാണു മനുഷ്യൻ. ഒരു ചിത്രകാരൻ വരയ്ക്കുന്ന പടത്തിൽ തന്റെ വ്യക്തിത്വം പ്രതിഫലിക്കുന്നു. അതുപോലെ മനുഷ്യസൃഷ്ടിയിൽ ദൈവത്വം പ്രതിഫലിക്കുന്നു. ഇപ്രകാരം പരമകാരുണികനും സ്നേഹത്തിന്റെ ഉറവിടവും അതുല്യനുമായ ദൈവത്തിന്റെ മഹത്വം പിതാക്കന്മാർ പ്രഖ്യാപിച്ചു (പുറ. 20:3; ആവ. 4:39; 6:4; യശ. 43:10; 45:5; സഖ. 14:9 മുതലായവ). പുതിയനിയമത്തിലെ എഴുത്തുകാർ അത് ആവർത്തിച്ചു (മത്താ. 23:9; യോഹ. 17:3; 1 കൊരി. 8:4; എഫേ. 4:6 മുതലായവ).

ദൈവത്തെ ഒരു വ്യക്തിയായി പരാമർശിക്കുന്നതിൽ നിന്നു നാം എന്താണു മനസ്സിലാക്കേണ്ടത്?

1. ദൈവവുമായി വ്യക്തിപരമായി ബന്ധപ്പെടുവാൻ മനുഷ്യനു സാധിക്കും. അതുപോലെ ദൈവത്തിനു മനുഷ്യനുമായി ബന്ധപ്പെടുവാനും സാധിക്കും.

2. മനുഷ്യന്റെ ചെറിയ ജീവകോശം (micro cosm) ദൈവത്തിന്റെ വലിയ ജീവകോശത്തിൽ (macro cosm) പങ്കാളിയായിത്തീരുന്നു. വ്യക്തിത്വവും പങ്കാളിത്തവും ആശയവിനിമയവുമാണ് ദൈവമനുഷ്യബന്ധത്തിനു നിദാനം.

3. തന്നിൽത്തന്നെയുള്ള (ദൈവത്വത്തിലുള്ള) ദൈവത്തിന്റെ പൂർണ പങ്കാളിത്തം ദൈവത്തെ സമ്പൂർണവ്യക്തിയാക്കിത്തീർക്കുന്നു (വി. ത്രിത്വം).

4. വ്യക്തിത്വത്തിന്റെ അടയാളം സ്നേഹമാണ്. 'നൽകുകയും പങ്കിടുകയും സ്വീകരിക്കുകയും ചെയ്യുന്ന സ്നേഹം' ദൈവത്തിന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനമാണ്.

5. 'The Person' എന്ന് ദൈവം മാത്രമേ വിശേഷിപ്പിക്കപ്പെടാനൊക്കൂ. മനുഷ്യനെ 'a person' എന്നേ പറയാനൊക്കൂ.

6. ദൈവം വ്യക്തിയാണെന്നുള്ളതു താനെപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനെ സൂചിപ്പിക്കുന്നു. 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' എന്നുള്ള കർത്തൃവാക്യം അർത്ഥവത്താണ്. ക്രിസ്തുവിൽക്കൂടി മാത്രമേ പിതാവാം ദൈവത്തെക്കുറിച്ചു ഒരു ക്രിസ്ത്യാനിക്കു ചിന്തിക്കുവാൻ സാധിക്കൂ. സത്യത്തിലേക്കു (പിതാവാം ദൈവത്തിലേക്കു) വഴി നടത്തുന്നവൻ ക്രിസ്തുവാണ്. പൂർണ മനുഷ്യനും പൂർണ ദൈവവുമായ ക്രിസ്തു മാത്രമാണു 'പൂർണ വ്യക്തി' (The Perfect Person) എന്നു പറയുന്നതിൽ തെറ്റില്ല.

## ചോദ്യങ്ങൾ

1. ദൈവം ഒരു വ്യക്തിയെന്ന നിലയിൽ സ്വയം വെളിപ്പെടുത്തിയ ചില പ്രധാന സംഭവങ്ങൾ പഴയനിയമത്തിൽ നിന്ന് ഉദ്ധരിക്കുക.

2. യേശുക്രിസ്തുവിൽ കൂടിയുള്ള വെളിപാടിന്റെ പ്രാധാന്യമെന്ത്?

3. ദൈവം ഒരു 'വ്യക്തി' എന്ന നിലയിൽ നിങ്ങളോടു ഇടപെട്ടിട്ടുള്ള അനുഭവങ്ങൾ, സാഹചര്യങ്ങൾ എന്നിവ വിവരിക്കുക.

## പാഠം 3

# ദൈവത്തിനു നൽകപ്പെടുന്ന വിശേഷണങ്ങൾ

❑ ദൈവത്തോടു മാത്രം ബന്ധപ്പെടുത്താവുന്ന വിശേഷണങ്ങൾ ❑ സൃഷ്ടിയോടു ബന്ധപ്പെടുത്താവുന്നവ ❑ വിശുദ്ധനായ ദൈവം ❑ വേർതിരിക്കപ്പെട്ടതു വിശുദ്ധം ❑ യെശയ്യാവിന്റെ ദർശനം ❑ വിശുദ്ധിയുടെ ത്രിത്വാടിസ്ഥാനം ❑ നീതിമാനായ ദൈവം: ജാഗ്രതയും തീക്ഷ്ണതയും ❑ അന്ത്യമായ ന്യായവിധി ❑ നീതിയുടെ പര്യായങ്ങൾ ❑ ദൈവത്തിന്റെ കരുണ, ക്ഷമ, സ്നേഹം ❑ കുരിശിലെ ബലിയിൽ വെളിപ്പെട്ട ദൈവസ്നേഹം

### വിശേഷണങ്ങളുടെ പ്രസക്തി

ചരിത്രാതീതകാലം മുതൽ മനുഷ്യൻ ദൈവത്തെ പല നാമവിശേഷണങ്ങൾ നൽകി ആരാധിച്ചുവന്നിരുന്നതായി നമുക്കു കാണാം. പഴയനിയമത്തിലും പുതിയനിയമത്തിലും ഇപ്രകാരമുള്ള അനേകം വിശേഷണങ്ങൾ നാം കണ്ടുമുട്ടുന്നു. അവയിൽ ചിലതു പൂർണ്ണമായും ദൈവത്തിന്റെ ഉണ്മയോടു മാത്രം ബന്ധപ്പെട്ടതും മറ്റു ചിലതു സൃഷ്ടിയോടു ബന്ധപ്പെട്ടതുമാണെന്നു കാണാം. ദൈവം ആത്മാവാണ്, സത്യമാണ്, അനാദ്യന്തനാണ്, പൂർണ്ണനാണ് എന്നൊക്കെ നാം പറയുമ്പോൾ അതു ദൈവത്തിന്റെ അസ്തിത്വം, മാറ്റമില്ലായ്മ, ഏകത്വം എന്നിവയെപ്പറ്റി പ്രത്യേകമായ ധാരണയാണു നമുക്കു നൽകുന്നത്. ദൈവം സർവശക്തനാണ്, സർവവ്യാപിയാണ്, സർവത്തിന്റെയും ഉടയവനാണ് എന്നൊക്കെ നാം പറയുമ്പോൾ പ്രസ്തുത ആശയങ്ങൾ തന്റെ സൃഷ്ടിയുമായുള്ള ബന്ധപ്പെടുത്തലിൽക്കൂടി നമുക്കു ലഭിക്കുന്നവയാണ്. ഈ വിശേഷണങ്ങളെല്ലാം തന്നെ മനുഷ്യന്റെ പരിമിതികളുടെയും സാഹചര്യങ്ങളുടെയും വെളിച്ചത്തിലുള്ള ദൈവിക വെളിപ്പാടുകളുടെ പ്രകടിതഭാവങ്ങളാണ്.

ദൈവിക വിശേഷണങ്ങൾ ദൈവമെന്ന ആശയത്തിൽ നിന്ന് അവിഭാജ്യമാണ്. എല്ലാ നന്മയുടെയും സത്യത്തിന്റെയും സൗന്ദര്യത്തിന്റെയും ഉറവിടവും കാരണവും അന്തവുമാണു ദൈവം. യഹോവയായ ദൈവത്തിന്റെ മൂന്നു പ്രധാന വിശേഷണങ്ങളായി പഴയനിയമത്തിൽ പ്രതിപാദിക്കുന്നതു വിശുദ്ധി, നീതി, കരുണ എന്നിവയാണ്.

### 1. വിശുദ്ധനായ ദൈവം

നോഹയുടെ മകൻ ശേമിന്റെ സന്തതിപരമ്പരകൾ സംസാരിച്ച ഹീബ്രു, അറമൈക് തുടങ്ങിയ സെമിറ്റിക് ഭാഷകളിൽ 'വിശുദ്ധം' എന്ന വാക്കിന്റെ അർത്ഥം 'വേർതിരിക്കപ്പെട്ടത്' എന്നാണ്. ലൗകികമായതിൽ നിന്നും വേർപെ

ട്ടത് എന്നാണ് ഇതിന്റെ വിവക്ഷ. 1 ശമുവേൽ 21:4 ൽ വിശുദ്ധമായ അപ്പത്തെക്കുറിച്ചും സംഖ്യാ 6:8 ൽ വിശുദ്ധിയോടെ ദൈവത്തിനായി വേർതിരിക്കപ്പെട്ട വ്യക്തിയെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. മറ്റു പല ഭാഗങ്ങളിലും 'യഹോവ'യെ യിസ്രായേലിന്റെ വിശുദ്ധനായി (The Holy One of Israel) വിളിക്കുന്നതിനാണ് ഈ പദം ഉപയോഗിക്കുന്നത്. 'ഈ പരിശുദ്ധ ദൈവമായ യഹോവയുടെ മുൻപാകെ നിൽപാൻ ആർക്കു കഴിയും?' എന്നു ചോദിച്ചുകൊണ്ട് 'യിസ്രായേലിന്റെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു ശമുവേൽ പ്രവചനത്തിൽ ആർത്തുവിളിക്കുന്നു (1 ശമു. 6:20. യശ. 6:3 കാണുക).

## ദൈവിക മഹത്വവും വിശുദ്ധിയും

ദൈവിക മഹത്വവും അതുല്യതയും വിശുദ്ധിയും യശയ്യാ പ്രവാചകൻ ഒരു ദർശനത്തിൽക്കൂടി മനസ്സിലാക്കുന്നു (യെശ. 6:1). യിസ്രായേലിന്റെ വിശുദ്ധനായ ദൈവം അതേ വിശുദ്ധിയും നന്മയും തന്റെ ജനങ്ങളിൽനിന്നും ആവശ്യപ്പെടുന്നു. 'സൈന്യങ്ങളുടെ യഹോവ ന്യായവിധിയിൽ ഉന്നതമായിരിക്കുകയും, പരിശുദ്ധ ദൈവം നീതിയിൽ തന്നെത്താൻ പരിശുദ്ധനായി കാണിക്കുകയും ചെയ്യും' എന്നു യെശയ്യാ പ്രവാചകൻ വ്യക്തമാക്കുന്നു (യെശ. 5:16). വിശുദ്ധിയും നന്മയും ദൈവത്തിൽനിന്നു പ്രാപിച്ചു മനുഷ്യൻ അതു തന്റെ സമസൃഷ്ടികൾക്കു പങ്കിടേണ്ടതാകുന്നു.

സീനായ് മലമേൽ ഇടിമുഴക്കത്തോടെയാണു ദൈവത്തിന്റെ മഹത്വവും വിശുദ്ധിയും പ്രത്യക്ഷമാകുന്നത്.

ദൈവം സ്വയം വെളിപ്പെടുത്തുന്ന സ്ഥലങ്ങൾ തന്നെ വിശുദ്ധമാണ്. ഉദാ: കത്തുന്ന മുൾപ്പടർപ്പ്, സീനായ് മല, കനാൻ, യരുശലേം, സീയോൻ. പുകയും അഗ്നിയുമായി ദൈവമഹത്വം വെളിവാകുന്നു (ആവ. 5:21). സമാഗമന കൂടാരം യഹോവയുടെ മഹത്വം അറിയിക്കുന്നു (പുറ. 40:34). ശലോമോൻ പണിത ദേവാലയം മഹത്വത്തിന്റെ പ്രത്യക്ഷതയാണ് (1 രാജാ. 8:11). അത്ഭുതപ്രകാശമായി ദൈവമഹത്വം വെളിവാകുന്നു (യശ. 24:23; യഹ. 1:28; 3:12; പുറ. 33:22). യിസ്രായേൽ നിർമ്മിക്കപ്പെട്ടിരിക്കുന്നത് ദൈവ മഹത്വത്തിനാണ് (യശ. 43:7).

യരുശലേം വിശുദ്ധ നഗരമാണ് (മത്താ. 4:5). ദൈവം പരിശുദ്ധനാണ് (യോഹ. 17:11, 1 യോഹ. 2:20). വിശുദ്ധനായ കർത്താവ് വരും (വെളി. 6:10). സഭ വിശുദ്ധ മന്ദിരമാണ് (മത്താ. 23:17; 1 കൊരി. 3:17). ദൈവത്തിന്റെ വിശുദ്ധനത്രേ ക്രിസ്തു (മർക്കോ. 1:24). വിശുദ്ധിയിലും മഹത്വത്തിലുമാണ് യേശു പ്രത്യക്ഷനായത് (മത്താ. 14:27; 24:30; 25:31; ലൂക്കോ. 24:26; ലൂക്കോ. 9:31).

## ദൈവത്തിന്റെ വിശുദ്ധിയും വി. ത്രിത്വവും

റുഡോൾഫ് ഓട്ടോ (Rudolf Otto) തന്റെ 'Idea of the Holy' എന്ന പുസ്തകത്തിൽ രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഏശായാ ദൈവത്തെ കണ്ടപ്പോഴുണ്ടായ അനുഭവവും, വി. പത്രോസ് ദൈവത്തെ കാണുമ്പോഴുള്ള അനുഭവവും. രണ്ടുപേരും തങ്ങളുടെ പാപാവസ്ഥയെക്കുറിച്ചു ചിന്തിച്ചു പിൻമാറുന്നു. ദൈവത്തെ 'പൂർണ്ണമായും വ്യതിരിക്തമായത്' (The wholly Other) എന്നാണ് ഗ്രന്ഥകാരൻ വിളിക്കുന്നത്. ഏശായ തന്റെ ദർശനത്തിൽ മൂന്നു പ്രാവശ്യം ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഏറ്റുപറയുന്നതു വി. ത്രിത്വത്തെക്കുറിക്കുന്ന ഒരു പഴയനിയമസൂചനയാണെന്നു കാണാം (യെശ. 6:3). ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള ഏശായാ പ്രവാചകന്റെയും സങ്കീർത്തനക്കാരന്റെയും ദർശനം പുതിയനിയമത്തിൽ ഉറപ്പിക്കുന്നു. 'പരിശുദ്ധനായ ഏകപിതാവു നമ്മോടുകൂടെ, പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ, പരിശുദ്ധനായ ഏകറൂഹായും നമ്മോടുകൂടെ' എന്നു വിശ്വാസികൾ വി. ആരാധനയിൽ വി. രഹസ്യങ്ങളുടെ ആഘോഷത്തിൽ ഏറ്റുപറയുകയും ചെയ്യുന്നു.

### 2. നീതിമാനായ ദൈവം

നീതി എന്ന പദത്തിന് എബ്രായ ഭാഷയിൽ 'സദേക്ക്' എന്നും യവന ഭാഷയിൽ 'ഡിക്കയോസുനി' എന്നുമാണ് ഉപയോഗിക്കുന്നത്. ദൈവത്തിന്റെ ഗുണവിശേഷങ്ങളാണ് ന്യായവും സത്യവും. അവ പാലിക്കുന്നതിൽ ദൈവം ജാഗ്രതയും തീക്ഷ്ണതയുമുള്ളവനാകുന്നു. 'ന്യായതത്പരനായ രാജാവിന്റെ ബലത്തെ നീ നേരോടു സ്ഥിരമാക്കിയിരിക്കുന്നു' എന്നു സങ്കീർത്തനക്കാരൻ പാടുന്നു (99:4).

ദൈവം ന്യായാധിപനും രക്ഷകനുമാകയാൽ പാപി ശിക്ഷിക്കപ്പെടുന്നു. തിന്മയെ ഒരിക്കലും താൻ പൊറുക്കുകയില്ല. ന്യായം എന്ന വാക്ക് പഴയനിയമത്തിൽ പലഭാഗത്തും വിവിധ രൂപത്തിലാണ് കാണുന്നത്. ആവർത്തനപ്പുസ്തകം 25:15 ൽ 'നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നീ ദീർഘായുസ്സോടിരിക്കേണ്ടതിനു നിന്റെ പടി ഒത്തതും ന്യായമായതുമായിരിക്കണം' എന്നു നാം വായിക്കുന്നു (ലേവ്യ 19:36; യഹെ. 45:10; യോവേൽ 2:23; ദാനി. 8:14) തുടങ്ങിയ ഭാഗങ്ങളിലും യഹോവയെ നീതിയുള്ള ദൈവമായി പ്രവാചകന്മാർ ചിത്രീകരിച്ചിരിക്കുന്നു.

### അന്ത്യമായ ന്യായവിധിയിലേക്ക്

പഴയനിയമ യിസ്രായേൽചരിത്രത്തിൽ, നീതി ദൈവേഷ്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. 'നമ്മുടെ ദൈവമായ യഹോവ നമ്മോടു കല്പിച്ചതുപോലെ നാം അവന്റെ മുമ്പാകെ ഈ സകല കല്പനകളും ആചരിപ്പാൻ തക്കവണ്ണം

കാത്തുകൊള്ളുന്നു. എങ്കിൽ നാം നീതിയുള്ളവരായിരിക്കും' (ആവ. 6:25). ദൈവത്തിന്റെ കല്പന പ്രമാണിക്കുകയും നീതി നിവർത്തിക്കുകയും ചെയ്യുന്നതുമൂലം ദൈവേഷ്ടം നടക്കുന്നു. ദൈവം തന്റെ ന്യായത്തേയും നീതിയേയും യിസ്രായേലിനു മനസ്സിലാക്കിക്കൊടുത്തു എങ്കിലും അവർ തന്റെ ഇഷ്ടം ഗൗനിക്കാതെ തെറ്റി ഉഴന്നുനടന്നു. എന്നാൽ ദൈവം ഇനിയും ന്യായം നടത്തും, അത് അന്ത്യമായ ന്യായവിധിയായിരിക്കും എന്നു പ്രവാചകന്മാർ ഓർമിപ്പിച്ചു.

### നീതിയുടെ പര്യായങ്ങൾ

പഴയനിയമത്തിൽ നീതിയുമായി ബന്ധപ്പെട്ട മറ്റു പല വിശേഷണങ്ങളും നാം കാണുന്നു. ഭയമുള്ളവൻ, മഹത്ത്വമുള്ളവൻ, നന്മയുടെ വിളനിലമായവൻ, അയൽക്കാരോട് സ്നേഹമുള്ളവൻ, ക്ഷീണിതരോടും ദരിദ്രരോടും കരുണ കാണിക്കുന്നവൻ, ദുഃഖിതരെ ആശ്വസിപ്പിക്കുന്നവൻ, മാതാപിതാക്കളെ ബഹുമാനിക്കുന്നവൻ, വിശ്വസ്തനായവൻ എന്നിവർ ദൈവത്തിന്റെ നീതി നടത്തിപ്പുകാരായി ചിത്രീകരിക്കപ്പെടുന്നുണ്ട്. നീതിയുടെ പര്യായങ്ങളായ മേൽപ്പറഞ്ഞ സ്വഭാവങ്ങൾ തന്റെ സൃഷ്ടിക്കും അനുപേക്ഷണീയങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

### 3. കാരുണ്യവാനായ ദൈവം

ദയ, ക്ഷമ, സ്നേഹം എന്നീ സദ്ഗുണങ്ങൾ പരമകാരുണികനായ ദൈവത്തിന്റെ നിത്യ വിശേഷണങ്ങളാകുന്നു. മനുഷ്യനുമായുള്ള ഉടമ്പടി അനുസരിക്കുന്നതുവഴി ദൈവത്തിന്റെ ദയ ദൃശ്യമാകും. ദൈവത്തിലുള്ള വിശ്വാസവും അനുസരണവും കരുണ ലഭിക്കുന്നതിനു നമ്മെ അർഹരാക്കുന്നു. മനുഷ്യനു ന്യായപ്രമാണങ്ങളും വാഗ്ദാനങ്ങളും നൽകി, ചരിത്രത്തിൽ തന്നെത്താൻ വെളിപ്പെട്ട് തന്റെ ജനത്തെ വീണ്ടെടുത്തവനായ ദൈവം കരുണയുടെ ഉറവിടമാണ്. തന്നെ അറിയാത്തവരുടെ പോലും ഉടയവനും അവകാശിയുമാണ് യഹോവ. യിസ്രായേൽ ജനത്തിനു മാത്രമല്ല, പുറജാതികൾക്കും യഹോവ കരുണയുടെ വാതിൽ തുറന്നുകൊടുത്തതിനെപ്പറ്റി പ്രവാചകന്മാർ ദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്. അടിമത്തത്തിൽ നിന്നു വിടുവിച്ചു വാഗ്ദത്തനാട്ടിൽ യിസ്രായേൽ ജാതിയെ കൊണ്ടെത്തിച്ച ദൈവസ്നേഹം അതുല്യവും അപാരവുമാണെന്ന് അവർ ചൂണ്ടിക്കാട്ടി.

നമ്മുടെ ആശ്രയം ദൈവത്തിൽ ആകുന്നതുവഴി ദൈവത്തിന്റെ ദയയ്ക്കു നാം അർഹരാകുന്നു. മനുഷ്യന്റെ സ്വാതന്ത്ര്യം ദൈവത്തിന്റെ ദയയിൽ അധിഷ്ഠിതമാണെന്നു പഴയനിയമത്തിൽ പ്രസ്താവിക്കുന്നു (ആവ. 30:9; വിലാപങ്ങൾ 16:1, 23).

### പുതിയനിയമ സന്ദേശം

ദൈവിക കരുണയാൽ മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം പുനഃസ്ഥാപിക്കപ്പെട്ടത് ക്രിസ്തു എന്ന മദ്ധ്യസ്ഥൻ മുഖാന്തരമത്രേ. ക്രൂശിലെ ബലിയിൽ വെളിപ്പെട്ട ദൈവസ്നേഹം മനുഷ്യൻ മറന്നുപോകരുതെന്നു പുതിയനിയമ എഴുത്തുകാർ മുന്നറിയിപ്പു നൽകുന്നു. 'പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിക്കളഞ്ഞു' എന്നു വി. പത്രോസ് ശ്ലീഹാ ധൈര്യത്തോടെ വിളിച്ചുപറയുന്നു (അ. പ്ര. 13:14). 'ക്രിസ്തു നീതിമാനായിരിക്കെ നീതി ചെയ്യുന്നവൻ അവനിൽനിന്ന് ഉത്ഭവിച്ചിരിക്കുന്നു' (1 യോഹ. 2:29). 'നീതി നിമിത്തം കഷ്ടം സഹിക്കേണ്ടി വന്നാലും നിങ്ങൾ ഭാഗ്യവാന്മാർ' (1 പത്രോ. 3:14) എന്നു വി. പത്രോസ് ശ്ലീഹാ എഴുതുന്നു.

'വിശുദ്ധിയും നീതിയും കരുണയും ക്രിസ്തുവിൽക്കൂടി വിളംബരം ചെയ്തിരിക്കുന്നു' എന്നു പ്രഖ്യാപിക്കുന്നവയാണ് വി. പൗലോസിന്റെ ലേഖനങ്ങൾ.

### ചോദ്യങ്ങൾ

1. വിശുദ്ധി എന്ന പദം ദൈവത്തിന്റെ വിശേഷണമായിട്ടും മനുഷ്യന്റെ വിശേഷണമായിട്ടും ഉപയോഗിക്കുന്നതിന്റെ സാംഗത്യം വിശദീകരിക്കുക?
2. ദൈവത്തിന്റെ നീതി, ദൈവത്തിന്റെ കരുണ ഇവയെങ്ങനെ പൊരുത്തപ്പെടും?

## പാഠം 4

# സൃഷ്ടി, പരിപാലനം, കരുതൽ

❑ വേദപുസ്തകത്തിലെ ഉൾക്കാഴ്ചകൾ ❑ വിവിധ മതസിദ്ധാന്തങ്ങൾ ❑ ഒന്നുമില്ലായ്മയിൽ നിന്ന് ❑ സമയവും കാലവും ❑ സൃഷ്ടിയെപ്പറ്റി നിസ്സായിലെ വി. ഗ്രിഗോറിയോസ് ❑ ദൈവിക പരിപാലന സിദ്ധാന്തങ്ങൾ ❑ ദൈവിക കരുതൽ

### സൃഷ്ടികർമ്മം എങ്ങനെ?

ലോകസൃഷ്ടിയെപ്പറ്റി നമുക്കു നേരിട്ട് അറിവൊന്നുമില്ല. ദൈവം സൃഷ്ടിക്കുന്നതായി കണ്ട ദൃക്സാക്ഷികളെയോ അവരുടെ അഭിപ്രായങ്ങളെയോ ലഭിക്കാനും പോകുന്നില്ല. സൃഷ്ടിയെപ്പറ്റി നാം മനസ്സിലാക്കുന്നതു നമ്മുടെ വിശ്വാസത്തിൽക്കൂടിയാണ്. ഉല്പത്തി ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ

സൃഷ്ടിയെപ്പറ്റി വിഭിന്നമായ ചിത്രങ്ങളാണ് നമുക്കു ലഭിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽക്കൂടി നമുക്കു ലഭിക്കുന്ന ചിത്രം അതീന്ദ്രിയനായ ദൈവം തന്റെ വചനത്തിൽക്കൂടി സൃഷ്ടികർമം നടത്തുന്നതായിട്ടാണ്. എന്നാൽ രണ്ടാം അദ്ധ്യായത്തിൽ താൻ തന്റെ കൈകളാൽ മനഞ്ഞുണ്ടാക്കിയവനായ മനുഷ്യനെ സകലത്തിനും അധികാരിയാക്കുന്നു. മനുഷ്യനെ കടലിലെ മത്സ്യങ്ങൾക്കും ആകാശത്തിലെ പറവകൾക്കും ഭൂമിക്കു മീതെ ചരിക്കുന്ന സകലത്തിനും മേലധികാരിയാക്കുന്നു (ഉല്പ. 1:28). ആരു സൃഷ്ടിച്ചു എന്ന സത്യമാണു വി. വേദപുസ്തകം പ്രഖ്യാപിക്കുന്നത്.

സൃഷ്ടിയെപ്പറ്റി പല പണ്ഡിതന്മാരും അഗാധമായി ചിന്തിക്കുകയും പല സിദ്ധാന്തങ്ങളും രൂപപ്പെടുത്തിയെടുക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ ചിലത് ഇവിടെ പരാമർശിച്ചശേഷം ക്രൈസ്തവ വീക്ഷണത്തിലേക്കു കടക്കാം.

**1. ദ്വൈതസിദ്ധാന്തം (Dualism)**

ഈ ലോകത്തിൽ രണ്ടു നിത്യ സത്യങ്ങളുണ്ട്, നന്മയും തിന്മയും. ഈ പ്രമാണമനുസരിച്ചു ലോകം ഇവ രണ്ടിന്റെയും പോരാട്ട രംഗമാണ്. സൗരാഷ്ട്ര മതവിശ്വാസപ്രകാരം നന്മയും തിന്മയും സ്വയസ്ഥിതങ്ങളായ നിത്യസത്യങ്ങളാണ്. അഹുരമസ്ഡാ നന്മയുടെയും അംഗ്റമന്യു തിന്മയുടെയും ദൈവമാണ്.

**2. സ്ഫുലിംഗപ്രമാണം (Emanation)**

സൂര്യനിൽനിന്നു കിരണങ്ങൾ പുറപ്പെടുന്നതുപോലെയാണു ദൈവത്തിൽനിന്നു സൃഷ്ടിയുണ്ടാകുന്നത്. ഇതു വി. വേദപുസ്തകത്തെ ആധാരമാക്കിയുള്ള സിദ്ധാന്തമല്ല. ഇമനേഷൻ സിദ്ധാന്തമനുസരിച്ചു നന്മയും തിന്മയും അതിന്റെ യഥാർത്ഥ രൂപത്തിൽ ദൈവത്തിൽ നിന്നുത്ഭവിച്ചു ഭൂമിയിലേക്കു ഇറങ്ങിവന്നു. സൃഷ്ടി, ദൈവം തന്റെ സ്വന്ത ഇഷ്ടപ്രകാരം നിവർത്തിച്ചു എന്നതിലുപരിയായി രൂപാന്തരപ്പെട്ടു വിവിധ രൂപങ്ങളെ പ്രാപിച്ചു എന്ന ധ്വനിയാണ് ഇതിലുള്ളത്.

**3. അണ്ഡസിദ്ധാന്തം (Cosmic Egg Theory)**

പൗരാണിക ബാബിലോണിയൻ ഇതിഹാസകഥകളുടെ (മിതോളജി) സംഭാവനയാണ് ഈ സിദ്ധാന്തം. ഇതനുസരിച്ച് ആദിയിലുണ്ടായിരുന്ന വലിയ അണ്ഡം പൊട്ടിവിരിഞ്ഞതാണു ഭൂമിയും അതിലുള്ളതൊക്കെയും.

**4. സ്വയസൃഷ്ടി സിദ്ധാന്തം (Spontaneous Creation Theory)**

ലോകം അതിൽനിന്നു തന്നെ ഉണ്ടായതാണ്. സൃഷ്ടിയുടെ മേൽ ദൈവത്തിനു കർത്തൃത്വം ഇല്ല. ബാഹ്യമായ യാതൊരു ശക്തിയും അതിന്മേൽ വർത്തിച്ചിട്ടില്ല.

### 5. നിത്യതാവാദം (Eternal Creation Theory)

ലോകം അതിൽ തന്നെ അനശ്വരവും അനാദ്യന്തവുമാണ്. ദൈവം എന്ന മഹൽ ശക്തിയുടെ പ്രതിഭാവിലാസം ഇതിൽ ദൃശ്യമല്ല.

### 6. ധാരണാസിദ്ധാന്തം (Illusion Theory)

ഇൻഡ്യൻ തത്ത്വശാസ്ത്രത്തിന്റെ സംഭാവനയാണിത്. ഈശ്വരൻ മാത്രമാണു യാഥാർത്ഥ്യം. നാം കാണുന്ന പ്രപഞ്ചം യഥാർത്ഥമല്ല. വെറും ധാരണ (Illusion) മാത്രം. അവിദ്യ മൂലമാണു പ്രപഞ്ചം യാഥാർത്ഥ്യമായി നമുക്കു തോന്നുന്നത്. യഥാർത്ഥമായ ഈശ്വരജ്ഞാനം ലഭിക്കുമ്പോൾ നാം ഈ മായാപ്രപഞ്ചത്തോടു വിടപറഞ്ഞു പരബ്രഹ്മത്തിൽ ലയിക്കുന്നു.

### 7. വിദൂരസ്ഥനായ ദൈവം (Deism)

ദൈവം ഈ ലോകത്തെ സൃഷ്ടിച്ചു എന്നുള്ളതു യാഥാർത്ഥ്യമാണ്. എന്നാൽ സൃഷ്ടിക്കു ശേഷം താൻ ഈ ലോകത്തിൽ നിന്നു വളരെ വിദൂരമായ ഒരു സ്ഥലത്തു സ്ഥിതിചെയ്യുന്നു. ഒരു വാച്ച് ഉണ്ടാക്കിയതിനു ശേഷം അത് സ്വയം പ്രവർത്തിക്കുവാൻ അനുവദിച്ചുകൊണ്ടു നിർമാതാവു മാറി നില്ക്കുന്നതുപോലെയാണിത്.

### 8. സർവം ബ്രഹ്മം (Pantheism)

പ്രപഞ്ചത്തിലെ സർവസൃഷ്ടികളിലും ഈശ്വരൻ വസിക്കുന്നു. ഈ സിദ്ധാന്തമനുസരിച്ചാണു പല മതങ്ങളും പ്രകൃതിയെ ആരാധിക്കുവാൻ തുടങ്ങിയത്. കാരണം, പ്രകൃതിയിലെ സകല വസ്തുക്കളിലും ദൈവം സ്ഥിതിചെയ്യുന്നു. ദൈവം തന്നെയാണു സർവവും.

### 9. ബ്രഹ്മത്തിൽ സർവവും (Pan-en-theism)

ഈ ലോകത്തിലെ സർവസൃഷ്ടികളും ബ്രഹ്മത്തിൽ സ്ഥിതിചെയ്യുന്നു.

### 10. ഭൗതിക സിദ്ധാന്തം (Materialist Doctrine)

ആദിയിലുണ്ടായിരുന്ന വസ്തു (Matter) വിൽ നിന്നു പില്ക്കാലത്ത് ഉരുത്തിരിഞ്ഞതാണു സകല ചരാചരങ്ങളും.

### 11. രൂപാന്തര സിദ്ധാന്തം (Evolutionary Theory)

ചാൾസ് ഡാർവിനാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. മനുഷ്യനും മറ്റു ജീവികളും രൂപാന്തരം പ്രാപിച്ചു വന്നിട്ടുള്ളവയാണ്. മനുഷ്യർ ചില പ്രത്യേകതരം വാനരവർഗത്തിൽ നിന്നുമാണ് ഉടലെടുത്തിട്ടുള്ളത്.

## സൃഷ്ടി ക്രിസ്തീയ വീക്ഷണത്തിൽ

ക്രിസ്തീയ വിശ്വാസപ്രകാരം ദൈവം ഒന്നുമില്ലായ്മയിൽ നിന്ന് (out of nothing) ഈ ലോകത്തെ സൃഷ്ടിച്ചു (അതായത് വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങൾക്കുമപ്പുറത്ത് അളക്കുവാനോ ഗ്രഹിക്കുവാനോ സാധ്യമല്ലാത്തതായി സ്ഥിതിചെയ്യുന്ന അനന്തസാധ്യതയുടെ പൂർണതയാണു മനുഷ്യദൃഷ്ടിയിൽ 'ശൂന്യത' അഥവാ 'ഒന്നുമില്ലായ്മ'യായി പിതാക്കന്മാർ പഠിപ്പിക്കുന്നത്).

ദൈവത്തിന്റെ ഇച്ഛയും പ്രതിഭയും ശക്തിയുമെല്ലാം ഈ സൃഷ്ടിയിൽ പ്രകടമാണ്. ദൈവം തന്റെ ഇഷ്ടം പ്രവർത്തിച്ചിരിക്കുന്നതു സൃഷ്ടിയിലും സൃഷ്ടി മൂലവുമാണ്. 'സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ' (റോമ. 11:36). 'ഞാൻ വിചാരിച്ചതുപോലെ സംഭവിക്കും. ഞാൻ നിർണയിച്ചതുപോലെ നിവൃത്തിയാകും' (യെശ. 14:24). ക്രിസ്തുവിൽക്കൂടിയാണു ദൈവം ലോകത്തെ സൃഷ്ടിച്ചതെന്നു പുതിയ നിയമം സാക്ഷിക്കുന്നു. 'അവൻ സകലത്തിലും മുമ്പേ ഉളവായി. അവനിൽ സകലവും ഒന്നായി' (കൊലോ. 1:17).

## സമയത്തിന്റെ ഉത്ഭവം

സൃഷ്ടിയെപ്പറ്റി പഠിക്കുമ്പോൾ ഉണ്ടാകാവുന്ന ഒരു പ്രധാന ചോദ്യം ഇതാണ്; സമയത്തിന്റെ ഉത്ഭവം എന്നാണ്? ഇതേക്കുറിച്ചു പ്രധാനമായും മൂന്നു വീക്ഷണങ്ങളുണ്ട്: (1) സൃഷ്ടിക്കു മുമ്പു സമയം ഉണ്ടായിരുന്നു (2) സമയത്തെ ദൈവം മറ്റുള്ളവ സൃഷ്ടിച്ചതിനു ശേഷമാണു സൃഷ്ടിച്ചത് (3) സമയത്തെ ദൈവം സൃഷ്ടിച്ചതു മറ്റു സൃഷ്ടികളോടൊപ്പം തന്നെയാണ്. ക്രിസ്തീയ പാരമ്പര്യം ഇവയിൽ മൂന്നാമത്തെ വീക്ഷണത്തെ സ്വീകരിക്കുന്നു.

ചരിത്രാതീതമായ ദൈവത്തിന്റെ സമയത്തിന് (ഉദാ: ഒരു ദിവസം ആയിരം സംവത്സരം പോലെ) കൈറോസ് (Kairos) എന്നും ചരിത്രത്തിന്റെ സമയത്തിനു ക്രോണോസ് (Chronos) എന്നും പിതാക്കന്മാർ പേരു നൽകിയിട്ടുണ്ട്. എന്നാൽ ക്രിസ്തുവിന്റെ വരവോടു കൂടി ഇവയുടെ സമന്വയം നാം ദർശിക്കുന്നു.

ദൈവം ഒന്നുമില്ലായ്മയിൽ നിന്ന് ഈ ലോകത്തെ സൃഷ്ടിച്ചു. കാരണം, സൃഷ്ടിക്കപ്പെട്ട ഒന്നിനും അതിനെത്തന്നെ സൃഷ്ടിക്കുവാൻ സാധ്യമല്ല. ശൂന്യതയ്ക്ക് ഒരിക്കലും എന്തോ ഒന്നിലേക്കു വളരുവാൻ സാദ്ധ്യമല്ല. ഉണ്മയ്ക്കും ഇല്ലായ്മയ്ക്കും മദ്ധ്യത്തിൽ 'അർത്ഥ ഉണ്മ' എന്ന ഒന്നില്ല. നശ്വരമായ ലോകം സൃഷ്ടിയുടെയും അനശ്വരമായ ദൈവം സ്രഷ്ടാവിന്റെയും സൂചന നൽകുന്നു.

## സൃഷ്ടിയെപ്പറ്റി നിസ്സായിലെ വി. ഗ്രിഗോറിയോസ്

നിസ്സായിലെ മാർ ഗ്രിഗോറിയോസിന്റെ (എ. ഡി. 330-395) അഭിപ്രായത്തിൽ സ്ഥലകാലങ്ങളുടെ മദ്ധ്യത്തിലേക്കു നീട്ടപ്പെട്ട (extended) ഒരു മാധ്യമമാണു സൃഷ്ടി. സ്ഥലകാല പരിമിതികൾക്ക് അതീതനായ ദൈവം ചിലതെല്ലാം സ്ഥലകാല പരിമിതിക്കുള്ളിലേക്കു നീക്കി, അതാണു സൃഷ്ടി. ഇല്ലായ്മയിൽ നിന്ന് ഉണ്മയിലേക്കുള്ള മാറ്റമാണു സൃഷ്ടി. സകല ഉണ്മയും ഇല്ലായ്മയിൽ നിന്ന് ഉളവാകുകയും ഇല്ലായ്മയിലേക്കു തന്നെ ചെന്നുചേരുകയും ചെയ്യുന്നു. സൃഷ്ടിയിലെ ഉണ്മ നശ്വരമാണ്. അതു നശിച്ചുകൊണ്ടേയിരിക്കുന്നു. ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ദീപത്തെ ഒരാൾ സ്പർശിക്കുന്നു എന്നു കരുതുക. രണ്ടു തവണ ഒരു ദീപനാളത്തെ സ്പർശിക്കുവാൻ ആർക്കും കഴിയുകയില്ല. നിമിഷം തോറും അതിന്റെ ജ്വാല മാറിവരുന്നു. അതുപോലെ ജീവനും മരണവും നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യശരീരത്തിലെ കോശങ്ങൾ, അനുനിമിഷം നിർജീവമായിക്കൊണ്ടിരിക്കുകയും നവകോശങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. അവ മനുഷ്യശരീരത്തിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. സകല സൃഷ്ടിക്കും രണ്ടു വിധത്തിലുള്ള ചലനങ്ങൾ സാധ്യമാണ് എന്നു വി. ഗ്രിഗോറിയോസ് പറയുന്നു. സൃഷ്ടിക്കപ്പെട്ട ഒരു വസ്തു മറ്റൊന്നിലേയ്ക്കു ചലിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ഒരു വസ്തു അതിൽത്തന്നെ ചലിക്കുകയും ചെയ്യുന്നു. 'സൃഷ്ടിയുടെ' ഉണ്മയ്ക്ക് ആദിയും അന്തവുമുണ്ട്. ഇല്ലായ്മയിൽ നിന്ന് ഉണ്മ ഉളവാകുന്നു. ഉണ്മ ഇല്ലായ്മയിലേയ്ക്കു പോകുന്നുവെന്നും അത് ആത്യന്തികമായ ഉണ്മയിലേക്കു നയിക്കുന്നുവെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

സൃഷ്ടി സ്വയംഭൂവല്ല, സ്രഷ്ടാവിൽ നിന്നു ലഭിച്ച രൂപവും ഭാവവുമാണ് സൃഷ്ടിക്കുള്ളത്. സൃഷ്ടി സ്രഷ്ടാവിന്റെ ഇഷ്ടം അനുസരിച്ച് നിലനിൽക്കുന്നു. സ്രഷ്ടാവിന്റെ ഇഷ്ടം നിറവേറ്റുവാൻ അവൻ ബാദ്ധ്യസ്ഥനുമാണ്. സ്രഷ്ടാവിന്റെ നന്മയിൽ പങ്കുചേരുവാനും നിരന്തരം അവനുമായി ബന്ധം പുലർത്തുവാനും കഴിഞ്ഞെങ്കിൽ മാത്രമേ സൃഷ്ടിക്കു നന്മ ഉൾക്കൊള്ളാനും നിലനിൽക്കാനും സാധിക്കുകയുള്ളു.

ആദിമ സഭാപിതാക്കന്മാർ സൃഷ്ടിയെ പല ഘട്ടങ്ങളായി വേർതിരിച്ചിരിക്കുന്നു. (1) മാലാഖമാരുടെ ഗണം (2) മനുഷ്യഗണം (3) മനുഷ്യനിലും താണസൃഷ്ടിയുടെ ഗണം (4) പൈശാചിക ശക്തികളുടെ ഗണം.

സർവസൃഷ്ടിയിലും വച്ച് ഉത്തമവും പ്രഥമവുമായ സ്ഥാനം മനുഷ്യനാണ്. സൃഷ്ടിയുടെ കേന്ദ്രബിന്ദുവും മകുടവുമാണ് മനുഷ്യൻ. ദൈവത്തിന്റെ രക്ഷണ്യപ്രവൃത്തിയിൽ സർവ്വ സൃഷ്ടിയും പങ്കാളികളാകുന്നു.

അനന്തമായ കഴിവുകൾക്ക് (Endless Potentialities) മൂർത്തഭാവവും

(Concreteness) ശൂന്യവും പാഴുമായ അവസ്ഥക്ക് (chaos) ക്രമവും പൂർണ്ണതയും (order and perfection) നൽകുന്ന ദൈവിക പ്രക്രിയയാണു സൃഷ്ടികർമ്മം. അത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. സൃഷ്ടിയാകെ പൂർണതയിലേയ്ക്കും മഹത്വത്തിലേയ്ക്കും കുതിച്ചുകൊണ്ടിരിക്കുന്നു.

## ദൈവിക പരിപാലനം (Preservation of God)

സൃഷ്ടിക്കു സ്രഷ്ടാവിന്റെ പരിപാലനം ആവശ്യമാണ്. സ്രഷ്ടാവിന്റെ ഗുണങ്ങളും നന്മകളും പുറപ്പെടുവിക്കുവാൻ സൃഷ്ടിക്കു കഴിയുന്നതു സ്രഷ്ടാവിന്റെ സംരക്ഷണയിൽക്കൂടെയാണ്. ദൈവിക കൃപയും അനുഗ്രഹങ്ങളും സൃഷ്ടിയുടെ കഴിവിനെ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. ആ ദൈവിക പരിപാലനത്തെപ്പറ്റി പല അഭിപ്രായങ്ങളും നിലവിലുണ്ട്.

### 1. എപ്പോഴും വിദൂരസ്ഥനായ ദൈവം (Consistent Deism)

ദൈവം സൃഷ്ടിയിൽ നിന്നും വളരെ അകന്നുമാറി സ്ഥിതിചെയ്യുന്നു. യാതൊരു പ്രവർത്തനത്തിലും ഇടപെടുന്നില്ല. സ്വയം പ്രവർത്തിക്കുവാനുള്ള അവകാശം സൃഷ്ടിക്കു നൽകപ്പെട്ടിരിക്കുന്നു.

### 2. ഇടവിട്ടു സമീപസ്ഥനാകുന്ന ദൈവം (Theistic Deism)

ഈ സിദ്ധാന്തമനുസരിച്ചു ദൈവം ചില പ്രത്യേക അവസരങ്ങളിലും സാഹചര്യങ്ങളിലും സൃഷ്ടിയുടെ കാര്യങ്ങളിൽ ഇടപെടുന്നു. ഉദാ: ഭൂകമ്പങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, അത്ഭുത പ്രവൃത്തികൾ.

### 3. എപ്പോഴും സമീപസ്ഥനായ ദൈവം (Consistent Theism)

സൃഷ്ടിയുടെ പരിപാലനത്തിൽ എപ്പോഴും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന, മനുഷ്യരുമായി നിരന്തരം ബന്ധം പുലർത്തിക്കൊണ്ടിരിക്കുന്ന ദൈവത്തെയാണ് ഈ സിദ്ധാന്തക്കാർ സാക്ഷിക്കുന്നത്.

വി. വേദപുസ്തക സാക്ഷ്യം അനുസരിച്ചു ദൈവം സർവ്വത്തെയും പരിപാലിക്കുന്നവനും നിയന്ത്രിക്കുന്നവനും സർവ്വത്തിന്റെയും അധികാരിയുമാകുന്നു. ഓരോ നിമിഷത്തിലും ദൈവം തന്റെ സൃഷ്ടിയിൽക്കൂടി പ്രവർത്തിക്കുന്നു. ദൈവകരുതലിന്റെ പ്രകടമാകുന്നു ദൈവിക പരിപാലനം. ദൈവം സൃഷ്ടിയുടെ നശീകരണത്തിൽ തൽപരനല്ല. മനുഷ്യൻ ദൈവത്തെ അറിഞ്ഞുകൊണ്ടു യഥാർത്ഥ പാതയിൽക്കൂടി സഞ്ചരിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അവൻ സർവ്വസൃഷ്ടിയേയും സ്നേഹിക്കുന്നു. ദുർഘടമാർഗ്ഗങ്ങളിൽ നിന്ന് അവൻ രക്ഷിക്കുന്നു. അവൻ ആരെയും നിത്യനരകത്തിലേയ്ക്കു തള്ളുവാൻ ആഗ്രഹിക്കുന്നില്ല.

## ദൈവിക കരുതൽ (Providence of God)

ദൈവം തന്റെ സൃഷ്ടിക്കു നൽകുന്ന രക്ഷാദാനങ്ങൾ അല്ലെങ്കിൽ അനുഗ്രഹങ്ങൾ ദൈവിക കരുതലിന്റെ അടയാളങ്ങളാണ്. മനുഷ്യരോടുള്ള ബന്ധത്തിൽ ദൈവം പ്രദർശിപ്പിക്കുന്ന മനോഭാവമാണ് ഇത്. പഴയനിയമത്തെയും പുതിയനിയമത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആശയം ദൈവിക കരുതലാണ്.

ദൈവിക കരുതലിനെപ്പറ്റി മനുഷ്യമനസ്സിൽ പല ചിന്താഗതികളും ഉത്ഭവിച്ചു.

### 1. ലക്ഷ്യബോധമുള്ള ശുഭാപ്തി വിശ്വാസം (Teleological optimism)

എല്ലാം നന്മയ്ക്കായും സന്തോഷത്തിനായും നിർമ്മിക്കപ്പെടുകയും ക്രമീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നുവത്രേ. എല്ലാറ്റിന്റെയും അവസാനം സന്തോഷവും നന്മയുമാണ്.

### 2. ഏകീകരണത്തിൽക്കൂടിയുള്ള കരുതൽ (Harmonistic way of providence)

പൊതുവെ സൃഷ്ടിയുടെ ക്രമീകരണത്തിൽ ഒരു സംയോജിപ്പ് അഥവാ ഏകോപനം (harmony) ദൃശ്യമാണ്. ഈ ഏകോപനം സഫലീകരിക്കണം എങ്കിൽ മനുഷ്യമനസ്സിൽ നിന്നും സ്വാർത്ഥതയും അഹംഭാവവും നീങ്ങേണ്ടിയിരിക്കുന്നു. പ്രകൃതിയിൽ നമുക്കു ദൃശ്യമാകുന്ന എല്ലാ പ്രതിഭാസങ്ങളിലും പ്രപഞ്ചത്തിന്റെ ഏകോപനം അഥവാ പൊരുത്തം പ്രകടമാകുന്നുണ്ട്.

### 3 ചരിത്രത്തിലൂടെയുള്ള ഉരുത്തിരിയൽ (Historical dialectic)

പ്രതികൂലശക്തികളും അനുകൂല ശക്തികളും പരസ്പരം സഹകരിച്ചും എന്നാൽ തമ്മിൽ എതിർത്തും വർത്തിക്കുന്നു. തത്ഫലമായി പുതിയ വ്യവസ്ഥിതികളും അവസ്ഥാവിശേഷങ്ങളും സംജാതമാകുന്നു. ഉദാഹരണമായി, ഗോത്രജീവിതത്തിൽ നിന്നും അടിമസമ്പ്രദായം നിലവിൽ വന്നു. അടിമത്തവ്യവസ്ഥിതിയിൽ നിന്നും ഫ്യൂഡലിസം ഉണ്ടായി. പിന്നീടു ഫ്യൂഡലിസത്തിനും ക്യാപ്പിറ്റലിസത്തിനുമെതിരെ കമ്മ്യൂണിസം രൂപംകൊണ്ടു. ഇങ്ങനെ കാലാന്തരത്തിൽ മനുഷ്യചരിത്രം പുതിയ മേഖലകളിലേക്കു ഗമിക്കുന്നു. ദൈവിക കരുതലും.

സർവത്തെയും അതിന്റെ പൂർണതയിലേക്കു നയിക്കുന്നതു ദൈവിക കരുതലാണ്. ദൈവിക പദ്ധതിയനുസരിച്ചു ദൈവം വ്യക്തികളിലും സമൂഹത്തിലും പ്രവർത്തിക്കുന്നു. ദൈവം ആദിയും അന്തവുമാകുന്നു.

### ചോദ്യങ്ങൾ

1. ദൈവം, ലോകം, മനുഷ്യൻ ഇവ തമ്മിലുള്ള ബന്ധം ഹൈന്ദവ ദർശനത്തിലും ക്രൈസ്തവ ദർശനത്തിലും എപ്രകാരം വീക്ഷിക്കപ്പെടുന്നു എന്നു ചർച്ച ചെയ്യുക.
2. ദൈവത്തിന്റെ രക്ഷാപദ്ധതിയനുസരിച്ചു ദൈവം വ്യക്തികളിലും സമൂഹത്തിലും പ്രവർത്തിക്കുന്നു. ഈ ദൈവികപദ്ധതിയിൽ മനുഷ്യർക്ക് ഏതെല്ലാം രീതിയിൽ സഹകരിക്കുവാൻ കഴിയും?

## പാഠം 5

# ദൈവിക സ്നേഹം, ശക്തി, ജ്ഞാനം

❑ ദൈവസ്നേഹത്തെപ്പറ്റി ❑ യേശുക്രിസ്തുവിൽക്കൂടി വെളിപ്പെട്ട സ്നേഹം ❑ ക്രൂശിന്റെ വചനം ദൈവശക്തി ❑ ഉടമ്പടി സ്നേഹത്തിന്റെ പ്രകടനം ❑ സ്നേഹം സമവീക്ഷണ സുവിശേഷങ്ങളിൽ ❑ അഗപ്പെ, ഫീലിയ ❑ ക്രൂശുമരണം, സ്നേഹത്തിന്റെ പരിപൂർണത ❑ സമ്പൂർണമായ സ്വയത്യാഗമാണ് സ്നേഹം ❑ ക്രിസ്തുവാകുന്ന ശിരസ്സിലേക്കുള്ള സംയോജനം ❑ ദൈവിക ജ്ഞാനവും ദൈവിക ശക്തിയും

### ദൈവികസ്നേഹത്തിന്റെ പ്രകടിതഭാവങ്ങൾ

ദൈവത്തിന്റെ സർവസ്പർശിയായ പരിപാലനത്തിൽ നിന്ന് ഒന്നിനെയും മാറ്റിനിർത്താനാവില്ല. ദൈവികസ്നേഹം സൃഷ്ടിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ന്യായവിധി ദൈവികസ്നേഹത്തിന്റെ പ്രകടിതഭാവമാണ്. സ്നേഹം ഉരുത്തിരിയുന്നതു വിശുദ്ധ ജീവിതത്തിൽ കൂടിയാണ്. പഴയനിയമത്തിൽ ഹോശയ പ്രവാചകൻ സ്നേഹത്തെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നു (ഉദാ: ഹോശ. 3:1; 11:1; 14:4). ദൈവം തന്റെ സൃഷ്ടിയിൽ കൂടിയും അതിന്റെ ശിക്ഷണത്തിൽകൂടിയും ശക്തിയും, ജ്ഞാനവും, സ്നേഹവും മാനവലോകത്തിനു കാട്ടിക്കൊടുക്കുന്നു. ദൈവിക സ്നേഹത്തിന്റെ മകുടോദാഹരണമാണു തന്റെ മനുഷ്യാവതാരവും കുരിശിലെ യാഗവും. പിതാവായ ദൈവം സർവ്വശക്തനായ ദൈവമാണെന്നു യേശുക്രിസ്തുവിൽ കൂടി വെളിപ്പെട്ടു.

ക്രൂശിനെ ദൈവശക്തിയായി കാണുന്ന വി. പൗലോസ് എഴുതുന്നു: 'ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു' (1 കൊരി. 1:18). പുതിയനിയമത്തിന്റെ അന്തഃസത്ത സ്നേഹമാണ് (1 യോഹ. 4:8, 1 യോഹ. 3:16). ദൈവസ്നേ

ഹവും ദൈവഭയവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. യാതൊരു പൈശാചിക ശക്തിയ്ക്കും കീഴ്പ്പെടുത്തുവാൻ സാധിക്കാത്ത ഒന്നാണ് ദൈവസ്നേഹം. ശക്തിയും ജ്ഞാനവും ഉടലെടുക്കുന്നതു സ്നേഹത്തിൽ ക്കൂടിയാണ്.

## ഷേമാ യിസ്രായേൽ (യിസ്രായേലേ കേൾക്ക)

ദൈവത്തിന്റെ സ്നേഹം, ദൈവത്തോടുള്ള സ്നേഹം, മനുഷ്യനു പരസ്പരമുള്ള സ്നേഹം ഇവയെപ്പറ്റി പഴയനിയമത്തിലും പുതിയനിയമത്തിലും വർണിച്ചിരിക്കുന്നു. ഓരോ യെഹൂദനും ദിവസം രണ്ടു പ്രാവശ്യം ഉരുവിടേണ്ട പ്രാർത്ഥനയുടെ ആദ്യഭാഗം ദൈവത്തോടുള്ള സ്നേഹത്തെക്കുറിച്ചാണ്. 'യിസ്രായേലേ കേൾക്കുക, നമ്മുടെ ദൈവമായ കർത്താവ് ഏകനാകുന്നു. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കണം' (ആവ. 6:4). ഈ പ്രാർത്ഥന ഷേമാ യിസ്രായേൽ – യിസ്രായേലേ കേൾക്കുക എന്ന് അറിയപ്പെടുന്നു. സ്നേഹത്തിന്റെ പ്രകടനമാണ് ഉടമ്പടി. 'നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കണം' എന്ന ഉടമ്പടി തന്റെ ജനത്തിൽ നിന്നു പ്രതീക്ഷിക്കുന്ന അനുസരണവും വിശ്വസ്തതയും ആത്മത്യാഗവുമാണ്. മാതാപിതാക്കൾക്കു കുഞ്ഞുങ്ങളോടുള്ള സ്നേഹത്തേക്കാൾ തീക്ഷ്ണവുമാണ് ഈ ഉടമ്പടി. സ്നേഹം വാക്കുകൾക്ക് അപ്പുറമുള്ള ഏകീഭവിക്കലാണ്. യിസ്രായേലിന്റെ തെരഞ്ഞെടുപ്പ്, വാഗ്ദത്ത നാട്ടിലേക്കുള്ള പ്രവേശനം, ന്യായപ്രമാണം, അനുഭവങ്ങൾ, വാഗ്ദാനങ്ങൾ ഇവ ദൈവിക സ്നേഹത്തിന്റെ ആവിഷ്ക്കരണമാണ്.

## സുവിശേഷങ്ങളിലെ സ്നേഹപ്രമാണം

സമവീക്ഷണ സുവിശേഷങ്ങളിൽ (Synoptic Gospels) കാണുന്ന സ്നേഹപ്രമാണം ദൈവിക സ്നേഹത്തിന്റെ വിശാലമേഖലകളിലേക്കു നമ്മെ ആനയിക്കുന്നു. സ്നേഹം നിയമത്തിന്റെ അടിസ്ഥാനവും ആകെത്തുകയുമാണ്. ഏറ്റവും പ്രധാനപ്പെട്ട കല്പനകൾ ഏവയെന്നു നമ്മുടെ കർത്താവു വ്യക്തമാക്കുന്നു. 'നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കുക, ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. ഇതിനു തുല്യമാണ് രണ്ടാമത്തേത്. അതായതു നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ എല്ലാ നിയമങ്ങളും പ്രവാചക പ്രബോധനങ്ങളും അടങ്ങിയിരിക്കുന്നു' (മത്താ. 22:37–47). ദൈവികസ്നേഹത്തിന്റെ വിഷയമായി അയൽക്കാരനെ – മനുഷ്യരെ – അവരോധിക്കുകയാണു ഇവിടെ. ശാബതു മനുഷ്യനു വേണ്ടിയാണ്; മനുഷ്യൻ ശാബതിനുവേണ്ടിയല്ല (മർക്കോ. 2:20). ദൈവാരാധനയ്ക്കു മുമ്പു സഹോദരനോട് അനുരഞ്ജനം

ആവശ്യമാണ് (മത്താ. 23:24). ബലിയേക്കാൾ കരുണയാണ് ദൈവം ആഗ്രഹിക്കുന്നത് (മത്താ. 9:13; 12:7). എന്നീ പ്രഖ്യാപനങ്ങൾ വഴി അയൽക്കാരനെ സ്നേഹിക്കുന്നവൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു കർത്താവു പഠിപ്പിക്കുന്നു. ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും പരസ്പരബന്ധവും അവിഭാജ്യതയുമാണ് സ്നേഹത്തെപ്പറ്റിയുള്ള കർത്താവിന്റെ പ്രബോധനങ്ങളുടെ സവിശേഷതയും അതുല്യതയും. മനുഷ്യസ്നേഹത്തെ ദൈവസ്നേഹത്തിന്റെ തലത്തിലേക്കു കർത്താവ് ഉയർത്തിയിരിക്കുന്നു.

## 'അഗപ്പെ' വൈകാരികമായ സ്നേഹമല്ല

വൈകാരികമായ സ്നേഹത്തേക്കാൾ ഉപരി ക്രൈസ്തവസ്നേഹത്തിന്റെ (agape) പ്രാധാന്യവും പ്രത്യേകതകളും പുതിയനിയമ എഴുത്തുകാർ ചൂണ്ടിക്കാണിക്കുന്നു. നീതിയിൽ അധിഷ്ഠിതമായ സ്നേഹമാണിത്. ക്രൈസ്തവസ്നേഹം അനുരഞ്ജിപ്പിക്കുന്നു (മത്താ. 5:23–24). മാപ്പു നൽകുന്നു (മത്താ. 18:21–23). സ്വയം മറന്ന് സേവനം ചെയ്യുന്നു (മർക്കോ. 10:42–45, യോഹ. 13:1–15). ശത്രുക്കളെപ്പോലും സഹായിക്കുവാൻ സന്നദ്ധമാകുന്നു (ലൂക്കോ. 6:35–36). ഭക്ഷണവും വസ്ത്രവും പങ്കുവയ്ക്കുവാൻ നിർബന്ധിക്കുന്നു (മത്തായി 25:31–36, ലൂക്കോ. 3:11). അഗതികൾക്ക് അഭയമരുളുന്നു. രോഗികളെ ശുശ്രൂഷിക്കുന്നു (മത്താ. 25:36). സ്വാതന്ത്ര്യത്തിന്റെ സുവിശേഷം ദരിദ്രരോട് പ്രസംഗിക്കുന്നു (മത്താ. 11:5). മർദ്ദിതർക്കു മോചനമേകുന്നു (ലൂക്കോ. 11:16–21). ദൈവപുത്രസ്ഥാനം നൽകുന്നു (മത്താ 5:45). പാപമോചനം നൽകുന്നു (ലൂക്കോ. 7:36–50). ദൈവിക പരിജ്ഞാനം പകർന്നുതരുന്നു (1 യോഹ. 4:78).

## സ്നേഹത്തിന്റെ പരിപൂർണത

യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ പ്രതിഫലനമായി കർത്താവിന്റെ പീഡാനുഭവത്തെയും കുരിശുമരണത്തേയും വി. യോഹന്നാൻ കാണുന്നു. 'ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകുവാൻ സമയമായെന്നു പെസഹാ പെരുന്നാളിനു മുമ്പു യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ താൻ സ്നേഹിച്ചു' (യോഹ. 13:1). ശിഷ്യന്മാരുടെ കാലുകൾ കഴുകിയതും പുതിയ കല്പന നൽകിയതും കർത്തൃസ്നേഹത്തിന്റെ മഹത്തായ പ്രകടനങ്ങളായിരുന്നു. 'ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു. നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ അതുവഴി നിങ്ങൾ എന്റെ ശിഷ്യരാണെന്ന് എല്ലാവരും അറിയും' (യോഹ. 13:34–35). കർത്താവിന്റെ ക്രൂശുമരണത്തിൽ സ്നേഹത്തിന്റെ പരിപൂർണ്ണത നാം കണ്ടെത്തുന്നു.

'സ്നേഹിതർക്കു വേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഉണ്ടാകുവാനില്ല' എന്ന് കർത്താവു സാക്ഷിക്കുന്നു.

യേശുവിനു പിതാവിൽ നിന്നു ലഭിച്ച സ്നേഹം തന്റെ മരണത്തിലും പുനരുത്ഥാനത്തിലും നിറവേറി (യോഹ. 3:16). യേശുതമ്പുരാൻ സസ്നേഹം ആശ്ലേഷിക്കുകയും നിറവേറ്റുകയും ചെയ്തുകൊണ്ട് എന്നേക്കുമായി പിതാവിന്റെ സ്നേഹത്തിൽ നിൽക്കുന്നു (യോഹ. 10:17; 15:10). അതുകൊണ്ട് കർത്താവിനെപ്പോലെ തന്റെ ശിഷ്യരും സ്നേഹത്തിന്റെ പ്രമാണം സ്വീകരിക്കുകയും സ്വായത്തമാക്കുകയും സ്നേഹത്തോടെ നിറവേറ്റുകയും വേണം.

കാമാസക്തമായ സ്നേഹത്തെ സൂചിപ്പിക്കുവാൻ 'eros' എന്ന വാക്കും കുടുംബസ്നേഹത്തെ സൂചിപ്പിക്കുവാൻ 'storge' എന്ന പദവും ഭാര്യാഭർത്താക്കന്മാർക്കും സ്നേഹിതർക്കും ഇടയിലുള്ള തീക്ഷ്ണമായ സ്നേഹത്തെ സൂചിപ്പിക്കുവാൻ 'Philia' എന്ന വാക്കും ഗ്രീക്കു ഭാഷയിൽ ഉപയോഗിക്കാറുണ്ട്. എന്നാൽ 'അഗപ്പെ' എന്ന ഗ്രീക്കുപദത്തിന്റെ മൂലം വിവക്ഷിക്കുന്നത് സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ അർഹതയോ കഴിവോ സൗന്ദര്യമോ കണക്കിലെടുത്തു കൊണ്ടുള്ള സ്നേഹമല്ല. പരിശുദ്ധാത്മാവാണ് ഈ സ്നേഹത്തിന്റെ ജനയിതാവ് – സ്നേഹിക്കപ്പെടുവാൻ അർഹതയില്ലാത്തവരെയും സ്നേഹിക്കുന്നു എന്നതാണ് 'അഗപ്പെ'യുടെ പ്രത്യേകത (Loving the unlovable) 'ശത്രുക്കളെ സ്നേഹിക്കുക' എന്ന കർത്തൃകല്പന ഈ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്.

പിതാവു പുത്രനെയും ലോകത്തെയും സ്നേഹിച്ചതുപോലെ (അഗപ്പെ) യേശു നമ്മെ സ്നേഹിച്ചു. മനുഷ്യാവതാര മർമ്മത്തിൽ നാം ദർശിക്കുന്നതു യേശുക്രിസ്തുവിന്റെ സമ്പൂർണമായ സ്വയംഭാവവും സ്നേഹവുമാണ്. 'ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽ നിന്നു സ്നേഹം എന്തെന്നു നാമറിയും' (1 യോഹ. 3:16). ഈ ദൈവികസ്നേഹത്തിന്റെ വെളിപാട് എല്ലാ മനുഷ്യരേയും തന്റെ ശരീരമാകുന്ന സഭയിലേക്കും ആകർഷിക്കും.

## വി. പൗലോസിന്റെ സാക്ഷ്യം

ദൈവം സ്നേഹത്തിലൂടെ എല്ലാം പ്രവർത്തിക്കുന്നതായി വി. പൗലോസ് സാക്ഷിക്കുന്നു (എഫേ. 1:3–10). തന്റെ ഏകപുത്രനിലും പുത്രനിൽക്കൂടിയും വെളിപ്പെടുത്തിയ ഈ സ്നേഹത്തിന്റെ വലയത്തിൽ സർവസൃഷ്ടിയേയും താൻ ഉൾപ്പെടുത്തി. ക്രിസ്തുവാകുന്ന ശിരസ്സിലേക്ക് എല്ലാം സംയോജിക്കപ്പെടുന്നു (anakephalaiosis or recapitulation). ഈ പ്രക്രിയ ദൈവികസ്നേഹത്തിലൂടെയും പരിശുദ്ധാത്മാവിലൂടെയും നടക്കുന്നു. പരിശുദ്ധാത്മാവ് എന്ന ദൈവികദാനം ദൈവത്തിനു തന്റെ സൃഷ്ടിയോടുള്ള അവാച്യമായ സ്നേഹത്തിന്റെ ഏറ്റവും വ്യക്തമായ തെളിവാണ്.

പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ ദൈവികസ്നേഹത്തിന്റെ ആഴം നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തി കെടുത്തിക്കളയാതെ (1 തെസ്സ. 5:9), ആ ശക്തിയാൽ പൂരിതരാകുന്നതിനു വിശ്വാസികൾക്കു സാധിക്കുന്നു. ദൈവാത്മാവിന്റെ പ്രവർത്തനത്തിനു സ്വയം സമർപ്പിക്കുന്ന വ്യക്തി 'ആത്മാവിന്റെ ഫലം' പുറപ്പെടുവിക്കുന്നു (ഗലാ. 5:22–25). നമ്മുടെ അസ്തിത്വത്തിന്റെ അർത്ഥവും പൂർത്തീകരണവും വി. പൗലോസിനെപ്പോലെ ദൈവസ്നേഹത്തിൽ ദർശിക്കുവാൻ നമുക്കു സാധിക്കണം. സൃഷ്ടിയുടെയും ലോകചരിത്രത്തിന്റെയും കേന്ദ്രബിന്ദു ഈ സ്നേഹമാണ്. പിതാവാം ദൈവം ആദിമുതൽ തന്നെ നമ്മെ സ്നേഹിക്കുന്നു. ആ സ്നേഹത്തിന്റെ അടയാളമായി തന്റെ പ്രിയ പുത്രനെ ലോകത്തിലേക്കു അയയ്ക്കുന്നു. പുത്രനാകട്ടെ നമ്മെ അനന്തമായി സ്നേഹിക്കുകയും തന്റെ ജീവൻ നമുക്കായി നൽകുകയും ചെയ്യുന്നു (ഗലാ. 2:20). ഇതിനു മകുടം ചാർത്തുന്നതായി ദൈവാത്മാവ് എന്ന ദാനം നാം പ്രാപിക്കുന്നു.

'ക്രിസ്തു നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി സുരഭിലമായ ഒരു കാഴ്ചയും ബലിയുമായി സ്വയം ദൈവത്തിനു സമർപ്പിക്കുകയും ചെയ്തു. അതുപോലെ നിങ്ങളും സ്നേഹത്തിൽ ചരിക്കുവിൻ' (എഫേ. 5:2).

## ദൈവികജ്ഞാനവും ശക്തിയും

ദൈവികജ്ഞാനം (സദൃ. 3:19f, സങ്കീ. 104:24) ദൈവഭക്തിയിലും ദൈവാരാധനയിലും വേരൂന്നിയതാണ്. രാജ്യഭരണപരവും (ഉല്പ. 41:32; ആവ. 1:13) കലാപരവും (പുറ. 28:3, യെശ. 40:20) സൈനികവും (യശ. 10:13) കായികവും (സങ്കീ. 107:27) ആയ ജ്ഞാനത്തെക്കുറിച്ചു പഴയനിയമം പ്രതിപാദിക്കുന്നു. ദൈവികജ്ഞാനത്തിന്റെ വിവിധ ഘടകങ്ങളെ ചൂണ്ടിക്കാട്ടുന്നതിനു പല പദങ്ങൾ പഴയനിയമത്തിൽ ഉപയോഗിക്കുന്നു.

സൃഷ്ടികർമ്മത്തിലും പരിപാലനത്തിലും വ്യാപരിച്ച ദൈവികജ്ഞാനത്തെ പുതിയനിയമത്തിൽ ക്രിസ്തുവിന്റെ ജ്ഞാനവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു (യോഹ. 1:1–18; കൊലോ 1:15ff; എബ്രാ. 1:3 തുടങ്ങിയ ഭാഗങ്ങൾ കാണുക). പ്രപഞ്ചത്തിന്റെ പിന്നിലുള്ള യഥാർത്ഥ ശക്തിയായി ദൈവത്തെ കാണുവാനും രാജ്യവും ശക്തിയും മഹത്വവും അവനു കൊടുക്കുവാനും യേശുക്രിസ്തുവിന്റെ അത്ഭുതപ്രവർത്തികളിൽ പ്രതിഫലിച്ച ദൈവികശക്തി ജീവിതത്തിലും പ്രവർത്തനങ്ങളിലും പ്രതിഫലിപ്പിക്കുവാനും വി. വേദപുസ്തകം ഉദ്ബോധിപ്പിക്കുന്നു.

### ചോദ്യങ്ങൾ

1. ക്രിസ്തീയ സ്നേഹം അഥവാ 'അഗപ്പെ' മറ്റെല്ലാ സുകൃതങ്ങളുടെയും ആകെത്തുകയാണ്. വിശദീകരിക്കുക.

2. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം, മനുഷ്യനു ദൈവത്തോടുള്ള സ്നേഹം, മനുഷ്യനു തമ്മിൽ തമ്മിലുള്ള സ്നേഹം - ഇവയെപ്പറ്റിയുള്ള പുതിയനിയമ ചിന്തകൾ സംഗ്രഹിച്ചെഴുതുക.

## പാഠം 6

# ദൈവിക നിയമവും ദൈവരാജ്യവും

❑ ദൈവിക നിയമവും; ആജ്ഞകളും നിരോധനങ്ങളും ❑ ഗോത്രനിയമവും ഉടമ്പടി നിയമവും ❑ ന്യായപ്രമാണം രക്ഷാചരിത്രത്തിൽ ❑ വിശ്വാസത്തിന്റെ തത്ത്വം, ക്രിസ്തുവിന്റെ നിയമം, ജീവന്റെ നിയമം ❑ ദൈവരാജ്യം എന്ന പദം ❑ ദൈവരാജ്യത്തിന്റെ സാർവത്രികത ❑ എരിവുകാർ, പരീശന്മാർ, സാദൂക്യർ ഇവരുടെ ചിന്താഗതി ❑ ദൈവഭരണത്തിന്റെ സമൂഹം ❑ കുരിശ് ഒരു മുഖാന്തരം ❑ ദൈവരാജ്യത്തിന്റെ പദവി; അത്യുന്നതങ്ങളിലെ വിശുദ്ധരുടെ സമൂഹം ❑ ദൈവരാജ്യ പ്രവേശനത്തിന്റെ അവശ്യഘടകങ്ങൾ ❑ കർത്താവിന്റെ അത്ഭുതപ്രവൃത്തികളുടെ അർത്ഥം

### നിയമസംഹിതകൾ പഴയനിയമത്തിൽ

പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ തോറാ എന്നു അറിയപ്പെടുന്നു. നിർദ്ദേശം, ഉപദേശം, നിയോഗം എന്നൊക്കെയാണിതിന്റെ അർത്ഥം. യിസ്രായേൽ ജനത്തിനു ശരിയായ മാർഗം കാട്ടിക്കൊടുക്കുന്ന നിയമസംഹിതയാണു തോറാ. പുതിയനിയമത്തിൽ 'നിയമം' എന്ന വാക്കിനു 'നോമോസ്' എന്ന ഗ്രീക്കുപദം ഉപയോഗിച്ചിരിക്കുന്നു. ദൈവഹിതം ചില ആജ്ഞകളുടെയും നിരോധനങ്ങളുടെയും രൂപത്തിൽ വെളിപ്പെടുത്തുന്നതിന് ഈ പദങ്ങൾ വി. വേദപുസ്തകത്തിൽ പ്രയോഗിച്ചിരിക്കുന്നു.

മോശയുടെ കാലത്തിനു മുമ്പ് ഒരുതരം ഗോത്രനിയമം (tribal law) നിലനിന്നിരുന്നുവെങ്കിൽ മോശയ്ക്കു ശേഷം പ്രവാസകാലം വരെ ഒരു ഉടമ്പടി നിയമം (ഉല്പ. 12:3 - Covenant law) നിലനിന്നിരുന്നതായി കാണുന്നു. പത്തു കല്പനകളും (പുറ. 20:2-17; ആവ. 5:6-12) ഉടമ്പടിയുടെ നിയമസംഹിതകളും (പുറ. 20:22-23; 33) ഇക്കാലത്തു നൽകപ്പെടുന്നു. ലിഖിതവും, അലിഖിതവുമായ നിയമങ്ങൾ യിസ്രായേൽ ജനത്തിനു ലഭിച്ചു. ദൈവഹിതത്തിന്റെ പ്രകാശനങ്ങൾ ആയിരുന്നു ഇവ.

### ന്യായപ്രമാണവും ക്രിസ്തുവിന്റെ നിയമവും

സമവീക്ഷണ സുവിശേഷങ്ങളിൽ ഈ ന്യായപ്രമാണത്തെ യേശുക്രി

സ്തുവിന്റെ മനുഷ്യാവതാര ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. നീക്കുവാനല്ല, നിവർത്തിക്കുവാനാണ് കർത്താവ് വന്നത്. ന്യായപ്രമാണത്തിന്റെ അവകാശവാദങ്ങളോട് ഒരേസമയം അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്യുന്ന മനോഭാവമായിരുന്നു ആദിമസഭയിൽ പൊതുവെ പ്രകടമായിരുന്നത്.

ന്യായപ്രമാണം പൂർണ അനുതാപവും പൂർണ വിധേയത്വവും ആവശ്യപ്പെടുന്നു എന്നു വി. പൗലോസ് ഊന്നിപ്പറഞ്ഞു. ഈ പൂർണ വിധേയത്വം അടിമത്തമല്ല, നിയമത്തിൽ ഒതുങ്ങിനിൽക്കുവാനുള്ള ആഹ്വാനവുമല്ല, പ്രത്യുത ക്രിസ്തീയ സ്വാതന്ത്ര്യം പ്രാപിക്കുവാനുള്ള ഉപാധി ആണ്. പുതിയനിയമം ഒരു നിയമമല്ല (Law) മറിച്ചു പുത്രത്വത്തിലേക്കുള്ള സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഉടമ്പടി (contract) ആണ്. 'വിശ്വാസത്തിന്റെ തത്ത്വം' (റോമ. 3:27), 'ക്രിസ്തുവിന്റെ നിയമം' (ഗലാ. 6:2), പാപത്തിന്റെ നിയമം (റോമ. 7:23), ജീവന്റെ നിയമം (റോമ. 8:2) തുടങ്ങിയ പ്രയോഗങ്ങൾ ഇതിന് ഉദാഹരണങ്ങൾ ആണ്. ന്യായപ്രമാണം ദൈവത്തിന്റെ ഹിതമാകുന്നത് എങ്ങനെയെന്നും പൗലോസ് വിശദീകരിക്കുന്നു. രക്ഷാചരിത്രത്തിൽ അതിന്റെ പ്രവർത്തനം ഊന്നിപ്പറഞ്ഞും മനുഷ്യസ്വാതന്ത്ര്യത്തോടും, ദൈവവിശ്വാസത്തോടും, അതിനെ ബന്ധപ്പെടുത്തിയുമാണു പൗലോസ് വിശദീകരണം നൽകുന്നത്.

## ദൈവരാജ്യത്തെക്കുറിച്ചുള്ള ധാരണകൾ

ദൈവരാജ്യം എന്ന വാക്ക് 'he basileia tou theou' എന്നീ ഗ്രീക്കു പദങ്ങളുടെ തർജമയാണ്. Basileia എന്ന ഗ്രീക്കു പദത്തിന്റെ യഥാർത്ഥ വിവക്ഷ, ഭരണം, മേൽനോട്ടം, രാജത്വം എന്നൊക്കെയാണ്. സാമ്രാജ്യം (kingdom) എന്നല്ല. ദൈവത്തിന്റെ അധികാരത്തിൻകീഴിലുള്ള സ്ഥലം എന്നല്ല, ദൈവത്തിന്റെ ഭരണം എന്നാണ് ഈ പദങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവം ഒരു രാജാവ് എന്ന ആശയം എബ്രായ പാരമ്പര്യത്തിൽ രൂഢമൂലമായിരുന്നു. യിസ്രായേലിലെ പ്രവാചകന്മാർ ഈ ആശയത്തിനു വ്യാപകമായ വ്യാഖ്യാനങ്ങൾ നൽകി. വരുവാനിരിക്കുന്ന മശിഹായെക്കുറിച്ചുള്ള യഹൂദന്മാരുടെ ചിന്ത ഈ ആശയവുമായി ബന്ധപ്പെട്ടു ബലം പ്രാപിച്ചു.

## ദൈവത്തിന്റെ സാർവത്രികത

പ്രവാസകാലത്ത് യിസ്രായേൽ ജനത്തിനുണ്ടായ തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ യരുശലേം കേന്ദ്രമായി യഹൂദ്യയിൽ സ്ഥാപിക്കപ്പെടുന്ന ദൈവരാജ്യത്തെക്കുറിച്ചുള്ള ധാരണകൾക്കു ഉലച്ചിൽ തട്ടി. സർവഭൂമിയുടെയും രാജാവാണ് യഹോവ എന്ന് യഹൂദ ജനം സാക്ഷ്യപ്പെടുത്തി. ദൈവഭരണത്തിന്റെ സാർവത്രികത യഹൂദമതം സ്വീകരിച്ചു. ദൈവഭരണ സ്ഥാപനത്തിനുള്ള താമസം തങ്ങളുടെ അകൃത്യങ്ങൾ മൂലമാണെന്നും അവർ വിശ്വ

സിച്ചു. ദൈവഭരണം പുനഃസ്ഥാപിക്കപ്പെടുകയും വീണ്ടെടുപ്പും, ന്യായവിധിയും സംഭവിക്കുകയും ചെയ്യുന്ന നല്ല നാളേയ്ക്കു വേണ്ടി അവർ കാത്തിരുന്നു.

രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യസ്ഥാപനം ത്വരിതപ്പെടുത്തുവാനാണ് യഹൂദമതത്തിലെ തീവ്രവാദി ഗ്രൂപ്പായ എരിവുകാർ (Zealots) എന്നറിയപ്പെട്ടവർ പ്രത്യാശിച്ചത്. ഒന്നാം യഹൂദ യുദ്ധത്തിൽ (The First Jewish War A.D. 70) കലാശിച്ചു ഇവരുടെ പ്രവർത്തനങ്ങൾ. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജാതി, ന്യായപ്രമാണം പൂർണമായി പാലിക്കുമ്പോൾ ദൈവരാജ്യം സ്ഥാപിക്കപ്പെടുമെന്നായിരുന്നു പരീശന്മാരുടെ ചിന്താഗതി. സാദൂക്യരാകട്ടെ, റോമൻ ഭരണാധികാരികളോട് അനുനയപ്പെടുവാൻ ആണു ശ്രമിച്ചത്.

## ദൈവഭരണത്തിന്റെ സമൂഹം

സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിച്ച യോഹന്നാൻ സ്നാപകൻ യേശുക്രിസ്തുവിന്റെ മുന്നോടിയായിരുന്നു. ക്രിസ്തുവിന്റെ പരസ്യശുശ്രൂഷ ദൈവരാജ്യസ്ഥാപനത്തിന്റെ ആരംഭമായിട്ടാണു സുവിശേഷങ്ങളിൽ വർണിച്ചിരിക്കുന്നത്. ദൈവഭരണത്തെക്കുറിച്ചു പ്രഖ്യാപിക്കുക മാത്രമല്ല കർത്താവു ചെയ്തത്; ദൈവഭരണത്തിന്റെ സമൂഹം സ്ഥാപിച്ച് ശുശ്രൂഷയ്ക്കായി അവരെ നിയോഗിക്കുകയും ചെയ്തു (ലൂക്കോ. 22:29ff; മത്താ. 19:28; മർക്കോ. 10:42–45; ലൂക്കോ. 22:24–28).

ദൈവരാജ്യത്തിലേക്കു കടക്കുന്നതിന് കുരിശ് ഒരു മുഖാന്തരമാണെന്ന് അപ്പോസ്തോലിക സമൂഹം തങ്ങളുടെ നാഥനിൽ നിന്നു പഠിച്ചു (അ. പ്ര. 14:22). ദൈവരാജ്യത്തിലേക്കു പ്രവേശിക്കുക എന്നാൽ ദൈവത്തിന്റെ രാജത്വത്തിൽ പങ്കുചേരുക എന്നും അർത്ഥമുണ്ടെന്ന് അവർ മനസ്സിലാക്കി. ദൈവരാജ്യത്തിന് അവകാശികളാരെന്നു കർത്താവിന്റെ പർവതപ്രസംഗങ്ങളിൽ നിന്നും അവർ ഗ്രഹിച്ചു (ലൂക്കോ. 12:32; സങ്കീ. 37:11; പുറ. 19:6; ദാനി. 7:22 തുടങ്ങിയ ഭാഗങ്ങൾ ശ്രദ്ധിക്കുക).

## അത്യുന്നതങ്ങളിലെ വിശുദ്ധന്മാർ

'അത്യുന്നതങ്ങളിലെ വിശുദ്ധന്മാർക്ക്' നൽകപ്പെടുന്ന രാജത്വത്തെക്കുറിച്ചുള്ള ദാനിയേൽ പ്രവചനഭാഗവും (ദാനി. 7:21 ff) മനുഷ്യപുത്രനെക്കുറിച്ചുള്ള ദർശനങ്ങളും യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളെ സ്വാധീനിച്ചിരുന്നു. 'അത്യുന്നതങ്ങളിലെ വിശുദ്ധരുടെ' സമൂഹമായിട്ടു വിശുദ്ധ സഭയെ സ്ഥാപിച്ചു കർത്താവു സഭാംഗങ്ങൾക്കു ലഭ്യമാകുന്ന ദൈവരാജ്യത്തിന്റെ പദവിയെക്കുറിച്ചു പഠിപ്പിച്ചു.

വി. പൗലോസ് ഇതിനു പുനർവ്യാഖ്യാനം നൽകി. യേശുക്രിസ്തുവിൽ കൃപയും നീതീകരണവും പ്രാപിച്ച വിശുദ്ധന്മാർ വരുവാനിരിക്കുന്ന രാജ്യത്തിലെ പുതുയുഗപ്പിറവിയുടെ ഭരണാധിപന്മാരായിരിക്കുമെന്ന് അദ്ദേഹം വിശദീകരിച്ചു (റോമ. 5:17; 1 കൊരി. 4:8 ff; 1 കൊരി. 6:2 തുടങ്ങിയ ഭാഗങ്ങൾ കാണുക).

### ദൈവരാജ്യപ്രവേശനം എങ്ങനെ?

സീനായ് പർവതത്തിൽ മോശയ്ക്കു ലഭിച്ച വാഗ്ദാനമനുസരിച്ചു രാജകീയ പുരോഹിത വർഗമായിത്തീർന്ന ദൈവജനമാണു വി. സഭയെന്നു വി. പത്രോസ് എഴുതിയ ഒന്നാം ലേഖനത്തിൽ വ്യക്തമാക്കിയിരിക്കുന്നു (1 പത്രോ. 2:9,10; വെളി. 1:6; 5:10; 20:6). രാജാക്കന്മാരും പുരോഹിതന്മാരും യിസ്രായേലിൽ അഭിഷേകം ചെയ്യപ്പെട്ടിരുന്നതുപോലെ വി. മാമോദീസാ മൂലം പരിശുദ്ധാത്മാവിൽ അഭിഷേകം പ്രാപിച്ചു വിശ്വാസികൾ ദൈവരാജ്യഭരണത്തിനു വിധേയപ്പെടുകയും തങ്ങളുടെ രാജകീയ പൗരോഹിത്യശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുകയും ചെയ്യുന്നതായി പുതിയനിയമം ഉദ്ഘോഷിക്കുന്നു. ദൈവാരാധനയും വിശുദ്ധ ജീവിതവും ശുശ്രൂഷയും സ്വയപരിത്യാഗവുമാണ് അതിന്റെ അവശ്യഘടകങ്ങളെന്നും നാം കാണുന്നു.

ദൈവരാജ്യം പ്രാപിക്കപ്പെട്ടുവെങ്കിലും അതു ഒരു വലിയ രഹസ്യമായി അവശേഷിക്കുന്നു. വിശ്വാസത്തോടുകൂടി അടുത്തുവരുന്നവർക്ക് ഈ മർമ്മം വെളിപ്പെട്ടുവരുന്നു. വിതയ്ക്കുന്നവന്റെ ഉപമ ഉദാഹരണമായെടുക്കാം (മർക്കോ. 4:3–9). അനേകർ കർത്താവിന്റെ വചനം കേൾക്കുന്നു. ഇടുങ്ങിയ വാതിലിൽക്കൂടി കടന്നുപോകുന്നവർക്കു മാത്രമാണു 'ജീവൻ' (ദൈവരാജ്യത്തിന് അവകാശം) പ്രാപിക്കുന്നതിന് അർഹതയുള്ളത് (മത്താ. 7:14; ലൂക്കോ. 13:23 f തുടങ്ങിയ ഭാഗങ്ങൾ കാണുക). ദൈവവിളി കേട്ട് വിശ്വാസപൂർവം അനുസരിച്ച് അനുഗമിക്കുന്ന 'ചെറിയ ആട്ടിൻകൂട്ട'ത്തിനു മാത്രമാണു ദൈവരാജ്യത്തിലേക്കു പ്രവേശനം ലഭിക്കുന്നത് (ലൂക്കോ. 21:32; മർക്കോ. 4:11 f; മത്താ. 13:1–15; ലൂക്കോ 8:20).

### അത്ഭുതങ്ങളും അടയാളങ്ങളും

കർത്താവിന്റെ അത്ഭുതപ്രവൃത്തികൾ ജനങ്ങളിൽ കൗതുകമുണർത്തി. പ്രതികരണം പല രീതിയിലായിരുന്നു. സൗഖ്യം നൽകുവാനും, അശുദ്ധാത്മാക്കളെ പുറത്താക്കുവാനുമുള്ള അധികാരം കർത്താവിന് എവിടെനിന്നു കിട്ടിയെന്നു ജനങ്ങൾ സംശയിക്കുന്നു (മർക്കോ. 11:28). ഈ അധികാരം കർത്താവിന് എവിടെനിന്നു ലഭിച്ചു എന്നു മനസ്സിലാക്കുവാൻ സാധിക്കാത്തിടത്തോളം കർത്താവിന്റെ അത്ഭുതപ്രവൃത്തികളുടെ അർത്ഥം അവർക്കു മറഞ്ഞിരിക്കുകയേ ഉള്ളൂ. ജനങ്ങൾക്കു വെറും കൗതുകമുണ്ടാകണമെന്നതായിരുന്നില്ല കർത്താവിന്റെ ആഗ്രഹം. അനുതാപത്തിലേക്കും വിശ്വാസ

സ്ഥിരതയിലേക്കും നിത്യജീവനിലേക്കും അവർ പ്രവേശിക്കണമെന്നു കർത്താവു അതിയായി ആഗ്രഹിച്ചു (മത്താ. 11:21; ലൂക്കോ. 10:13). ജനങ്ങളുടെ നിർബന്ധത്തിനു വഴങ്ങി കർത്താവ് അത്ഭുതം പ്രവർത്തിക്കാതിരുന്നത് അതുകൊണ്ടാണ്.

ദൈവരാജ്യത്തിലെ അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ആന്തരിക ഉൾക്കാഴ്ചകൾ മനസ്സിലാക്കിത്തന്നെ കണ്ടു വിശ്വസിക്കുന്ന (മർക്കോ. 15:32) വിശ്വാസികളുടെ സമൂഹമാണു ദൈവരാജ്യത്തിന് അവകാശികളായിത്തീരുന്നത്. പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടും ദൈവരാജ്യത്തിന്റെ അടയാളമായിട്ടും പിശാചിന്റെ ബന്ധനത്തിൽ നിന്നുള്ള വിടുതലായിട്ടും കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള സൂചനയായിട്ടും കർത്താവിന്റെ അത്ഭുതങ്ങളെയും അടയാളങ്ങളെയും നാം വീക്ഷിക്കുന്നു.

## ചോദ്യങ്ങൾ

1. നമ്മുടെ കർത്താവിന്റെ കാലത്തു ദൈവത്തിന്റെ ഭരണം എന്ന പദം കൊണ്ടു യഹൂദന്മാർ എന്താണു മനസ്സിലാക്കിയത്?
2. 'യേശുക്രിസ്തുവിന്റെ ഉപദേശത്തിന്റെയും പ്രവർത്തനത്തിന്റെയും സാരാംശം ഒറ്റവാക്കിൽ പറഞ്ഞാൽ അതു ദൈവരാജ്യമെന്നായിരിക്കും' – വിശദീകരിക്കുക?

# യൂണിറ്റ് 3

# പുത്രനായ ദൈവം

## പാഠം 1

## മശിഹാ: പ്രതീക്ഷകൾ നിറവേറുന്നു

❑ മശിഹാ എന്ന വീണ്ടെടുപ്പുകാരൻ ❑ രാജാവും അഭിഷിക്തനുമായ മശിഹാ ❑ ദാവീദുകുലവും മഹാപുരോഹിത പദവിയും ❑ അത്ഭുതശിശു, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു ❑ നാഥാന്റെ പ്രവചനം ❑ സങ്കീർത്തനങ്ങളിലെ മശിഹാ ❑ ഉല്പത്തി പുസ്തകത്തിൽ നിന്ന് ❑ പുറപ്പാട്, ലേവ്യ പുസ്തകങ്ങൾ ❑ മശിഹാ - പ്രവചന പുസ്തകങ്ങളിൽ ❑ പ്രവചനങ്ങൾ നിറവേറപ്പെടുന്നു.

### A. പഴയനിയമത്തിലെ ഉൾക്കാഴ്ചകൾ

#### വീണ്ടെടുപ്പുകാരനായ രാജാവ്

വീണ്ടെടുപ്പുകാരനും മഹാനുമായ ഒരു വ്യക്തിയെക്കുറിച്ചുള്ള പ്രതീക്ഷ പഴയനിയമത്തിലുടനീളം കാണാം. ഈ രാജകീയ നേതാവു വിജയകരമായി ഭരണം നടത്തുകയും തങ്ങളുടെ വംശത്തെയാകെ വാഴ്ത്തിയനുഗ്രഹിക്കുകയും ചെയ്യുമെന്നു യിസ്രായേൽജനം വിശ്വസിച്ചു. 'മശിഹാ' എന്നാണ് ഈ വീണ്ടെടുപ്പുകാരൻ അറിയപ്പെട്ടത്. നൂറ്റാണ്ടുകൾ കടന്നുപോകുന്തോറും ഈ രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷയുടെ ചിറകുകൾ വികസിച്ചുവന്നു.

#### യഹോവയുടെ അഭിഷിക്തൻ

'അഭിഷേകം ചെയ്യപ്പെട്ടവൻ' എന്നാണു മശിഹാ എന്ന വാക്കിന്റെ അർത്ഥം. യിസ്രായേലിന്റെ ഭരണാധിപനായ രാജാവ് 'യഹോവയുടെ അഭിഷിക്തൻ' എന്ന് അറിയപ്പെട്ടിരുന്നു. വരുവാനിരിക്കുന്ന മഹാരക്ഷകൻ എന്ന ആശയം ഈ നാമധേയവുമായി ബന്ധപ്പെട്ടു വിപുലീകരിക്കപ്പെട്ടു. 'ക്രിസ്തോസ്' എന്ന ഗ്രീക്കുപദം കൊണ്ട് ഈ മശിഹാ തന്നെയാണ് വിവക്ഷിക്കപ്പെട്ടത്. 39 പ്രാവശ്യം പഴയനിയമത്തിൽ 'അഭിഷിക്തൻ' എന്ന പദം കാണുന്നു. അതിൽ 29 പ്രാവശ്യവും യിസ്രായേൽ രാജാവ് അഥവാ യെഹൂദ്യയിലെ രാജാവ് എന്നു തന്നെയാണ് പ്രതിപാദനം. ഒരു പ്രാവശ്യം പേർഷ്യയിലെ സൈറസ് രാജാവിനെയും സൂചിപ്പിച്ചിരിക്കുന്നു (യെശ. 45:1).

#### ദാവീദുകുലത്തിൽ നിന്ന് ഒരു വിമോചകൻ

പ്രവാസാനന്തരകാലത്തു ചില രാജകീയാധികാരങ്ങൾ വഹിച്ചിരുന്ന

മഹാപുരോഹിതനെക്കുറിക്കുന്നതിനും ഈ പദം ഉപയോഗിക്കുന്നുണ്ട് (ലേവ്യ. 4:3, 5, 16; 6:22, ദാനി. 9:25-26). വിലാപങ്ങൾ നാലാം അദ്ധ്യായം ഇരുപതാം വാക്യത്തിൽ ജീവൻ നൽകുന്ന ദൈവികശക്തി വ്യാപരിപ്പിക്കുന്നവനായി ഈ അഭിഷിക്തൻ വർണിക്കപ്പെട്ടിരിക്കുന്നു. അത്ഭുതശിശു, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു തുടങ്ങിയ പേരുകളിലും ദാവീദുകുലത്തിൽ ജനിക്കുവാനിരിക്കുന്ന ഈ രാജാവ് അറിയപ്പെട്ടു. അവൻ വിമോചകനാണ്, അവന്റെ ശക്തിയുടെ ഉറവിടം ദൈവാത്മാവാണ്, ദൈവജനത്തിന്റെ രക്ഷയ്ക്കു വേണ്ടി അവൻ പ്രവർത്തിക്കും - മശിഹായെക്കുറിച്ചുള്ള പ്രതീക്ഷയുടെ ഉൾക്കാഴ്ചകൾ ഇവയായിരുന്നു.

### നാഥാന്റെ പ്രവചനം

നാഥാന്റെ പ്രവചനം (2 ശമു. 7:5-16; സങ്കീ. 88; 1 ദിന. 17:7-14) മശിഹാ എന്ന രാജാവിനെക്കുറിച്ചു കുറെക്കൂടി വിശദീകരണം നൽകുന്നു. 'ദാവീദിനു സ്ഥിരമായ ഒരു ഭവനം ഞാൻ പണിയും. എന്റെ പുത്രനിൽക്കൂടി ഞാൻ എന്റെ ഉടമ്പടി ബന്ധം കാത്തുസൂക്ഷിക്കും. പരസ്പരമുള്ള വിശ്വസ്തതയാണ് ഈ ഉടമ്പടിയുടെ അടയാളം' എന്ന് യഹോവയായ ദൈവം കല്പിക്കുന്നു.

### രാജകീയ സങ്കീർത്തനങ്ങൾ

പല സങ്കീർത്തനങ്ങളുടെയും പ്രതിപാദ്യവിഷയം ഇതു തന്നെയാണ് (2, 18, 20, 21, 45, 72, 101, 110, 132 ഈ സങ്കീർത്തനങ്ങൾ രാജകീയ സങ്കീർത്തനങ്ങൾ (Royal Psalms) എന്ന് അറിയപ്പെടുന്നു). വരുവാനിരിക്കുന്ന മശിഹാ യഹോവയുടെ ദത്തുപുത്രനാണ് (സങ്കീ. 2:7). ദേശത്തു നിയമവും നീതിയും നടപ്പിലാക്കുവാനാണ് അവൻ വരുന്നത് (72:1-4, 12-14). അവൻ ജനങ്ങൾക്കു ദൈവികമായ അനുഗ്രഹം ചൊരിഞ്ഞുകൊടുക്കും (72:6-7,16). എല്ലാവിധ ശത്രുക്കളേയും അവൻ തോല്പിക്കും (21:8-12). അവൻ എന്നേക്കും വാഴും (21:41; 2:5). സർവലോകവും അവന്റെ കാൽക്കീഴാകും (2:8, 72:8-11). അവൻ പാപത്തിൽ നിന്നു പൂർണമായും ഒഴിഞ്ഞിരിക്കുന്നവനാണ് (17:41). അവന്റെ പ്രജകളെല്ലാം വിശുദ്ധീകരിക്കപ്പെടുകയും ദൈവപുത്രന്മാരെന്നു വിളിക്കപ്പെടുകയും ചെയ്യും (സങ്കീ. 17:30; റോമ. 8:15; മത്താ. 5:45; യോഹ. 1:31, 6:14, 7:40, അ. പ്ര. 3:22f, 7:37). ഈവിധ ആശയങ്ങൾ തലമുറ തലമുറയായി ജനങ്ങൾ കൈമാറി മശിഹാ പ്രതീക്ഷയുടെ തണലിൽ ജീവിച്ചു.

### ഉല്പത്തി പുസ്തകത്തിൽ നിന്നുള്ള ഉൾക്കാഴ്ചകൾ

താഴെക്കാണുന്ന വേദഭാഗങ്ങൾ ക്രിസ്തുവിൽ നിറവേറിയ മശിഹാ പ്രതീക്ഷകളുടെ ചൂണ്ടുപലകയായി ക്രൈസ്തവ എഴുത്തുകാർ വർണിക്കുന്നു:

ഉല്പ. 3:15. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും. ക്രിസ്തുവിന്റെ കന്യകാജനനവും മാനവജാതിയുടെ ഭാവിവീണ്ടെടുപ്പും സൂചിപ്പിക്കുന്നു.

ഉല്പ. 4:3-5. ഹാബേലിന്റെ കാഴ്ച കുരിശിലെ ത്യാഗത്തിന്റെ നിഴലാണ്.

ഉല്പ. 9:26. ശേമിനു നോഹ കൊടുക്കുന്ന അനുഗ്രഹം. സെമിറ്റിക് വർഗത്തിൽക്കൂടിയുള്ള വീണ്ടെടുപ്പു പദ്ധതിയെ സൂചിപ്പിക്കുന്നു.

ഉല്പ. 12:3, 18:18, 22:18. ഈ ഭാഗങ്ങൾ അബ്രഹാമിന്റെ വിളിയെയും അവനു നൽകപ്പെട്ട വാഗ്ദാനത്തെയും കുറിക്കുന്നു.

ഉല്പ. 14:18-20. മൽക്കീസദേക്കിന്റെ കുലം (സങ്കീ. 110:4, എബ്രാ. 7:1-25 ഈ ഭാഗങ്ങൾ കാണുക).

ഉല്പ. 22:1-19. അബ്രഹാം തന്റെ ഏകപുത്രനെ ബലികഴിക്കുവാൻ ഒരുങ്ങുന്നു. കർത്താവിന്റെ ക്രൂശുമരണവും മോറിയാമലയിൽത്തന്നെയാണ്.

ഉല്പ. 26:4, 28:14. അബ്രഹാമിനു നല്കിയ വാഗ്ദാനം യിസഹാക്കിലും യാക്കോബിലും കൂടി ആവർത്തിക്കുന്നു.

ഉല്പ. 49:10,11. യെഹൂദാഗോത്രത്തിന്റെ പ്രാധാന്യവും പ്രത്യേകതയും വർണിക്കുന്നു.

## പുറപ്പാടിന്റെ പൊരുൾ

പുറപ്പാടു പുസ്തകമാകെ ഭാവിയിലെ ഒരു വലിയ പുറപ്പാടിന്റെ നിഴലാണ്. അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടിയിന്മേൽ പൂശിയതിനാൽ സംഹാരദൂതൻ കടന്നുപോകുന്നു. പെസഹാ പെരുന്നാളിനോടനുബന്ധിച്ചു കാൽവറിയിൽ ചൊരിയപ്പെട്ട രക്തം വീണ്ടെടുപ്പിന്റെ സന്ദേശം പ്രഖ്യാപിക്കുന്നു.

## യാക്കോബിൽ നിന്നുദിക്കുന്ന നക്ഷത്രം

ലേവ്യപുസ്തകത്തിലെ യാഗാദികർമങ്ങൾ ചരിത്രത്തിൽ നടന്ന ആ വലിയ യാഗത്തിലേക്കു വിരൽ ചൂണ്ടുന്നു. സംഖ്യാ പുസ്തകത്തിൽ കാണുന്ന പിച്ചളസർപ്പത്തിന്റെ ദൃശ്യവും ദൈവിക രക്ഷാപദ്ധതിയുടെ വഴിത്താരയിലെ നാഴികക്കല്ലാണ് (സംഖ്യാ 21:6-9, യോഹ. 3:14). 'യാക്കോബിൽ നിന്നുദിക്കുന്ന നക്ഷത്രം' (സംഖ്യാ 24:17, 19). 'മോശയെപ്പോലെ ഒരു പ്രവാചകൻ' (ആവ. 18:15-19) എന്നീ പ്രയോഗങ്ങളും പ്രാധാന്യമർഹിക്കുന്നു. യോശുവാ (യേശു എന്നതിന്റെ എബ്രായരൂപം) എന്ന നായകനും ബോവസ് എന്ന വീണ്ടെടുപ്പുകാരനും ബാലാമിന്റെ ഗീതങ്ങളിൽ യോദ്ധാവും (സംഖ്യാ 24:3-9, 15-19) യേശുക്രിസ്തുവിന്റെ നിഴലുകളായി പരിഗണിക്കാം. യേശു

ജനിച്ച സ്ഥലം 1100 വർഷങ്ങൾക്കു മുമ്പു ബോവസ് രൂത്തിനെ ഭാര്യയായി സ്വീകരിച്ച അതേ സ്ഥാനത്താണെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

### പ്രവചന പുസ്തകങ്ങളിലെ പ്രതിരൂപങ്ങൾ

യെശയ്യാ പ്രവാചകനും മശിഹായുടെ വരവിനെക്കുറിച്ചു കാഹളമൂതി (യെശ. 2:2, 4:2–6). ഇമ്മാനുവേൽ (യെശ. 7:13, 14), അത്ഭുതശിശു (യെശ. 9:1, 2, 6, 7), യിശ്ശായിയുടെ കുറ്റിയിൽ നിന്നു മുള (യെശ. 11:1–10), കഷ്ടപ്പെടുന്ന ദാസൻ (യശ. 53, 54, 55, 60, 61) എന്നീ പ്രതിരൂപങ്ങൾ വേദശാസ്ത്ര പ്രാധാന്യം അർഹിക്കുന്നു. യഹസ്കേൽ പ്രവാചകൻ വർണിക്കുന്ന ജീവൻ നൽകുന്ന അരുവിയും (യെഹ. 34:22–24; 37:24, 25, 47:11–12), ദാനിയേൽ പ്രവചനത്തിൽ വിശദീകരിക്കുന്ന മശിഹായുടെ സാമ്രാജ്യവും (ദാനി. 9:25, 26), മനുഷ്യപുത്രനും (ദാനി. 7:13 etc) യോവേൽ പ്രവാചകൻ വർണിക്കുന്ന ആത്മാവിന്റെ വ്യാപാരവും യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലേക്കു വിരൽ ചൂണ്ടുന്നു.

### B. പ്രതീക്ഷകൾ നിറവേറുന്നു

പുതിയനിയമത്തിൽ നിറവേറപ്പെട്ട പ്രവചനങ്ങളുടെ ഒരു സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു (സുവിശേഷങ്ങളിൽ നിന്നു മാത്രം).

അവൻ ദാവീദിന്റെ വംശത്തിൽ നിന്നുള്ളവനായിരിക്കും (മത്താ. 22:14; മർക്കോ. 12:36; ലൂക്കോ. 1:69, 70; യോഹ. 7:42; 2 ശമു. 7:12–16; സങ്കീ. 89:3–4; 110:1, 132:11; യെശ. 9:6, 7, 11:1).

കന്യകയിൽ നിന്നു ജനിക്കും (മത്താ. 1:23; യെശ. 7:14).

ജനനം ബേത്‌ലഹേമിൽ (മത്താ. 2:6, യോഹ. 7:42; മീഖ 5:2).

ഈജിപ്തിൽ പരദേശവാസം ചെയ്യും (മത്താ. 2:15; ഹോശ. 11:1).

ഗലീലയിൽ വസിക്കും (മത്താ. 4:15; യെശ. 9:12).

നസറേത്തിൽ വളരും (മത്താ. 2:23, യെശ. 11:1).

അവന്റെ വരവു മുൻകൂട്ടി അറിയിക്കപ്പെടും (മത്താ. 3:3,11; 10–14; മർക്കോ. 1:2–3; ലൂക്കോ. 3:4–6; 7:27; യോഹ. 1:23; യെശ. 40:3–5; മലാ. 3:1, 4:5).

ബേത്‌ലഹേമിൽ കുഞ്ഞുങ്ങളെ കൊല്ലിക്കും (മത്താ. 2:18; ഉല്പ. 35:19–20; 48:7; യിരെ. 31:15).

അവന്റെ ദൗത്യം പുറജാതികൾക്കു വേണ്ടിയായിരിക്കും (മത്താ. 12:18–21, യെശ. 42:1–4).

അവൻ സൗഖ്യമാക്കുന്നവനായിരിക്കും (മത്താ. 8:17; യെശ. 53:4).

ഉപമകളാൽ അവൻ പഠിപ്പിക്കും (മത്താ. 13:14, 15, 35; യെശ. 6:9–10).

ഭരണാധികാരികൾ അവനെ അവിശ്വസിച്ചു പുറന്തള്ളും (മത്താ. 15:8, 9; 21:42; മർക്കോ. 7:6, 7; 12:10, 11; ലൂക്കോ. 20:17; യോഹ. 12:38–40; 15:25; സങ്കീ. 69:4; 118:22; യെശ. 6:10, 29:13; 53:1).

യെരുശലേമിലേക്ക് അവൻ ജൈത്രയാത്ര നടത്തും (മത്താ. 21:5; യോഹ. 12:13–15; യെശ. 62:11; സഖ. 9:9; സങ്കീ. 118:26).

മുപ്പതു വെള്ളിക്കാശിനുവേണ്ടി സ്നേഹിതനാൽ വഞ്ചിക്കപ്പെടും (മത്താ. 27:9–10; യോഹ. 13:18; സഖ. 11:12–13; സങ്കീ. 41:9).

അധർമികളോടുകൂടെ അവനെ കൊല്ലും (ലൂക്കോ. 22:37; യെശ. 53:9, 12).

കൈപ്പും കാടിയും അവനു കൊടുക്കും (മത്താ. 27:34; യോഹ. 19:29; സങ്കീ. 69:21).

അവന്റെ വസ്ത്രത്തിനുവേണ്ടി അവർ ചീട്ടിടും (യോഹ. 19:24; സങ്കീ. 22:18).

ഒരസ്ഥി പോലും ഒടിക്കുകയില്ല (യോഹ. 19:36; പുറ. 12:46; സംഖ്യ 9:12; സങ്കീ. 34:20).

വിലാപ്പുറത്തു കുന്തം കൊണ്ടു കുത്തും (യോഹ. 19:37; സഖ. 12:10; സങ്കീ. 22:16).

ഒരു ധനവാൻ അവനെ അടക്കം ചെയ്യും (യെശ. 53:9; മത്താ. 27:57–60).

മൂന്നാംനാൾ മരിച്ചവരിൽ നിന്ന് ഉയിർക്കും (മത്താ. 12:40; ലൂക്കോ. 24:26; അ. പ്ര. 2:25–32; 13:33–35; സങ്കീ. 16:10–11 ഹോശ. 6:2; യോനാ. 1:7).

ഇപ്രകാരം പഴയനിയമത്തിലെ 'മശിഹാ പ്രതീക്ഷകൾ' യേശുക്രിസ്തുവിൽ നിറവേറി എന്നു വിശ്വസിക്കുകയും സാക്ഷിക്കുകയും ചെയ്തു ആദിമ ക്രൈസ്തവ സമൂഹം.

### അഭിഷിക്തൻ ആര്?

നസ്രായനായ യേശു 'മശിഹാ'യാണെന്നു ക്രിസ്തുസഭ വിശ്വസിക്കുന്നു. 'അഭിഷിക്തനെ'ക്കുറിച്ചു യെഹൂദരുടെയിടയിൽ നിലവിലിരുന്ന ചിന്താഗതികൾ ക്രിസ്തുവിൽ അർത്ഥവത്തായി എന്നു സഭ പഠിപ്പിക്കുന്നു. ഈ ആശയങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

1. ദൈവം തന്റെ ഉദ്ദേശ്യസാധ്യത്തിനായി വേർതിരിച്ചവനാണ് അഭിഷിക്തൻ (പുറ. 30:23–25; 1 ശമു. 24:6; 26:9).
2. പ്രവാചകന്മാർ മുഖാന്തരം അറിയിച്ചിട്ടുള്ള മശിഹാ യെഹൂദന്മാരുടെ രാജാവായി വരും. അവൻ ദാവീദുപുത്രനായിരിക്കും (മത്താ. 2:4–6; 22:43). അവന്റെ സിംഹാസനം എന്നേക്കും നിലനിൽക്കും.

3. ദൈവത്തിൽനിന്നുള്ള ദാവീദുവംശജനായ ഈ രാജാവ് ന്യായവും നീതിയും സ്ഥാപിച്ചു തന്റെ ജനത്തെ സന്തുഷ്ടരും സദ്ജനങ്ങളുമാക്കിത്തീർക്കും (യശ. 9:6, 7; 11:1, 10; 16:5; യിര. 23:5; 33:14, 15; 30:9; യെഹ. 34:23; 37:24).

4. അവൻ ദാസനും (സഖ. 3:8), പ്രഭുവും (യഹ. 34:24), അധിപതിയും (മീഖാ 5:2; യെശ. 55:4) ഇടയനും (മീഖാ. 5:4; യശ. 40:11) മഹാപുരോഹിതനും രാജാവും (യിര. 33;17, 18, സെഖ. 6:12, 13) ആയിരിക്കും.

5. അവനിൽക്കൂടി യഹോവയുടെ മഹത്ത്വം വെളിപ്പെടുത്തും, സകല ജഡവും ഒരുപോലെ അതിനെ കാണും (യെശ. 40:5).

6. തന്നത്താൻ അവൻ ദാസരൂപം കൈക്കൊള്ളും (യെശ. 42:1; 49:3; യെഹ. 34:23; സെഖ. 3:9).

7. അവന്റെ ആധിപത്യം ഭൂമിയുടെ അറ്റത്തോളം വ്യാപിച്ചിരിക്കും (സങ്കീ. 2:8; 72:8; മീഖാ. 5:4; സെഖ. 9:10).

8. ജാതികൾ അവനെ അറിയുകയും കീഴ്പ്പെടുകയും തന്റെ രാജ്യത്തിൽ ചേർക്കപ്പെടുകയും ചെയ്യും (ആമോ. 9:12; ഹഗ്ഗാ. 2:7).

9. അവൻ ലോകത്തിൽ സമാധാനം സ്ഥാപിക്കേണ്ടവനാണ് (യിര. 33:16; സെഖ. 9:9).

10. അവൻ ലോകത്തിന്റെ മാലിന്യം നീക്കിക്കളയേണ്ടവനാണ് (യെശ. 4:3, 4; യിര. 23:6; യഹ. 27:23).

11. ന്യായവിധിനാളിലെ ന്യായാധിപതിയും പ്രതിഫലം നൽകുന്നവനുമാണവൻ (യെശ. 2:4; 11:4; ദാനി. 7:12).

## ചോദ്യങ്ങൾ

1. വീണ്ടെടുപ്പുകാരനായ 'മശിഹാ'യെക്കുറിച്ചു യഹൂദജാതി വച്ചുപുലർത്തിയ പ്രതീക്ഷകളെന്തെല്ലാം?

2. നസ്രായനായ യേശു 'മശിഹാ'യാണെന്നു ക്രിസ്തീയസഭ വിശ്വസിക്കുന്നതെന്തുകൊണ്ട്?

3. 'അറുക്കപ്പെട്ട കുഞ്ഞാട്, കഷ്ടപ്പെടുന്ന ദാസൻ' എന്നീ പഴയനിയമ പ്രതിരൂപങ്ങൾ എപ്രകാരം അർത്ഥവത്തായി? ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഇവ എങ്ങനെ സ്വാധീനം ചെലുത്തണം?

പാഠം 2

# യേശുക്രിസ്തു: ജീവിതവും ഉപദേശങ്ങളും

❑ സുവിശേഷസത്യങ്ങളും ആദിമസഭയും ❑ യേശുക്രിസ്തു: ചരിത്രപുരുഷൻ ❑ ക്രിസ്ത്യാനികളെപ്പറ്റി സൂട്ടോണിയസ് ❑ റ്റാസിറ്റസിന്റെ സാക്ഷ്യം ❑ പ്ലിനിയുടെ എഴുത്ത് ❑ ജൊസീഫസിന്റെ പരാമർശനങ്ങൾ ❑ കാലസമ്പൂർണത വന്നപ്പോൾ ❑ സുവിശേഷങ്ങളുടെ ഉദ്ദേശ്യം ❑ പരസ്യശുശ്രൂഷയ്ക്കായുള്ള ഒരുക്കം ❑ ശുശ്രൂഷയുടെ കാലസൂചന ❑ അപ്പോസ്തോലന്മാരുടെ നിയമനവും പരിശീലനവും ❑ അത്ഭുതങ്ങളുടെ സാംഗത്യം ❑ സുവിശേഷസത്യങ്ങളുടെ വിശാലമേഖല.

## സുവിശേഷസത്യങ്ങളും ആദിമസഭയും

യേശുക്രിസ്തുവിനെ സംബന്ധിച്ച് ആദിമസഭ മനസ്സിലാക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത ചില കാര്യങ്ങളാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സഭയുടെ വിശ്വാസപഠനങ്ങൾ (Catechetical instructions), ആരാധന, വേദവിപരീതങ്ങൾക്കെതിരായുള്ള പഠിപ്പിക്കലുകൾ (antiheretical writings), വിജാതീയ തത്ത്വശാസ്ത്രങ്ങൾക്കെതിരെയുള്ള വിശദീകരണങ്ങൾ, ആദിമ ക്രൈസ്തവർ കൂടി വന്ന് ആരാധിച്ചിരുന്ന കാറ്റകോംബുകളിലെ (ഗുഹകൾ) ചിത്രകല തുടങ്ങിയ മാധ്യമങ്ങൾ വഴി ഇക്കാര്യങ്ങൾ അനന്തര തലമുറകൾക്കു പകർന്നു ലഭിച്ചു.

ലിഖിതരൂപത്തിലുള്ള സുവിശേഷങ്ങളിലെ വസ്തുതകൾ മുമ്പിൽ വച്ചുകൊണ്ടു മാത്രം ക്രിസ്തുവിന്റെ ജീവിതത്തെയും ഉപദേശങ്ങളെയും കുറിച്ച് പൂർണ്ണമായി ഗ്രഹിക്കുവാൻ സാദ്ധ്യമല്ല. ഗ്രീക്കുഭാഷയിൽ നിന്നുള്ള പരിഭാഷകൾ പൂർണ്ണമായും കുറ്റമറ്റതാണെന്ന് ആർക്കും അവകാശപ്പെടാനുമാവില്ല. തന്നെ ആരാധിക്കുന്ന സഭ, വി. കുർബാനയിൽക്കൂടിയും കൗദാശിക ജീവിതത്തിൽക്കൂടിയും, തന്നെ ഉൾക്കൊള്ളുന്ന സഭ ക്രിസ്തുവിൽ ജീവിക്കുന്നു, ക്രിസ്തുവിനെ സാക്ഷിക്കുന്നു. ആ സാക്ഷ്യമാണു സഭയുടെ സജീവ (dynamic) പാരമ്പര്യമായി എന്നും നിലകൊള്ളേണ്ടത്.

സുവിശേഷങ്ങളിലെ 'അമാനുഷിക' ഘടകങ്ങൾ അരിച്ചുനീക്കുകയും പദാനുപദ വ്യാഖ്യാന കോലാഹലങ്ങളിൽ ഏർപ്പെട്ടു പാണ്ഡിത്യം തെളിയിക്കുകയും ചെയ്യുന്നവർ അനേകരുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല.

## യേശുക്രിസ്തു ചരിത്രപുരുഷൻ

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമായ യേശുക്രിസ്തു ഒരു ചരിത്രപുരുഷനാണ്. യേശുക്രിസ്തുവിന്റെ ജീവിതവും പ്രവർത്തനവും നേരിട്ടുകണ്ട ആദിമസഭയിലെ നേതാക്കളും വിശ്വാസികളിൽ അധികം

പേരും ക്രിസ്തുവിനെ സംബന്ധിച്ച സത്യവിരുദ്ധമായ പാരമ്പര്യങ്ങളെ തിരുത്തുവാൻ പ്രാപ്തരായിരുന്നു. പുതിയനിയമം, ക്രൈസ്തവ സഭയുടെ സാക്ഷ്യം, അക്രൈസ്തവരായ എഴുത്തുകാരുടെ പ്രസ്താവനകൾ, എതിരായ തെളിവുകളുടെ അഭാവം എന്നിവ യേശു ചരിത്രപുരുഷൻ എന്നു പ്രഖ്യാപിക്കുവാൻ പര്യാപ്തമാണ്.

## അക്രൈസ്തവരായ എഴുത്തുകാരുടെ പ്രസ്താവനകൾ:

### a. ക്രിസ്ത്യാനികളെപ്പറ്റി സൂട്ടോണിയസ്

സൂട്ടോണിയസ് (Suetonius) എന്ന റോമാചരിത്രകാരൻ (65–140 എ. ഡി). 'ക്ലോഡിയസിന്റെ ജീവചരിത്രം' എന്ന പുസ്തകത്തിൽ (xxv:4) ക്ലോഡിയസ് ചക്രവർത്തിയുടെ വാഴ്ചക്കാലത്തു (എ. ഡി. 51 ലോ 52 ലോ) 'ക്രിസ്തുവിന്റെ പ്രേരണയിൽ കലഹം ഉണ്ടാക്കുകയാൽ യഹൂദന്മാരെ റോമിൽ നിന്നും ബഹിഷ്കരിച്ചു' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വളരെ അവജ്ഞയോടെ 'ശല്യം ചെയ്യുന്ന പുതിയ ഒരു അന്ധവിശ്വാസത്തിനധീനരായി ക്രിസ്തുവിന്റെ അനുഗാമികളായ ഒരു കൂട്ടം ആളുകൾ' എന്ന് ക്രിസ്ത്യാനികളെപ്പറ്റി 'നീറോയുടെ ജീവചരിത്രം' എന്ന പുസ്തകത്തിൽ സൂട്ടോണിയസ് എഴുതിയിരിക്കുന്നു. ക്രിസ്ത്യാനികളെപ്പറ്റി അദ്ദേഹത്തിനു ബഹുമാനമില്ലായിരുന്നെങ്കിൽക്കൂടി ക്രിസ്തു എന്ന ഒരാൾ ജീവിച്ചിരുന്നു എന്ന് ഈ ചരിത്രകാരനു ബോദ്ധ്യമുണ്ടായിരുന്നു.

### b. റ്റാസിറ്റസിന്റെ സാക്ഷ്യം

എ. ഡി. 54 നും 119 നും ഇടയ്ക്ക് ജീവിച്ചിരുന്ന റ്റാസിറ്റസ് (Tacitus – റോമാസാമ്രാജ്യത്തിന്റെ ചരിത്രകാരൻ) എ. ഡി. 64–ൽ സംഭവിച്ച റോമിലെ അഗ്നിബാധയ്ക്കു നീറോ ചക്രവർത്തി ക്രിസ്ത്യാനികളെ പഴിചാരുവാൻ ചെയ്ത ശ്രമത്തെപ്പറ്റി പ്രതിപാദിക്കുന്നു (Annals, XV:44). ക്രിസ്ത്യാനികളുടെ ഉത്ഭവത്തെപ്പറ്റി റ്റാസിറ്റസ് എഴുതുന്നു: 'തിബര്യാസിന്റെ വാഴ്ചയുടെ കാലത്തു നമ്മുടെ ഗവർണർമാരിൽ ഒരുവനായ പീലാത്തോസിന്റെ പക്കൽ നിന്നും വധശിക്ഷ ഏറ്റ ക്രിസ്തുവിൽ നിന്നുമാണ് ഈ നാമം ഉളവായത്.'

### പ്ലിനിയുടെ എഴുത്ത്

എ. ഡി. 112–ൽ ട്രാജൻ ചക്രവർത്തിയുടെ പേർക്കു ബിഥുന്യയിലെ ഗവർണർ ആയിരുന്ന പ്ലിനി ഇപ്രകാരം എഴുതി: 'എത്ര തന്നെ പ്രേരിപ്പിച്ചാലും ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ നാമത്തെ ശപിക്കയില്ല.' ക്രിസ്ത്യാനികൾ നേരം വെളുക്കുന്നതിനു മുൻപ് ഒരുമിച്ചുകൂടി ഒരു ദൈവത്തെയെന്നവണ്ണം ക്രിസ്തുവിനെ സ്തുതിക്കുന്ന ഗാനം ആലപിക്കുന്നു എന്നും പ്ലിനി എഴുതി. 'ക്രിസ്തീയ അന്ധവിശ്വാസം' ഇല്ലാതാക്കുവാൻ ഉറ്റുശ്രമിച്ച തനിക്ക് ഈ ഉദ്യമത്തിൽ നേരിടേണ്ടിവന്ന പ്രയാസങ്ങൾ വർണിക്കുന്ന കൂട്ടത്തിലാണു പ്ലിനി ഈ പരാമർശങ്ങൾ നടത്തുന്നത്.

## d. ജൊസീഫസിന്റെ പരാമർശങ്ങൾ

മേൽപ്പറഞ്ഞ റോമാചരിത്രസാഹിത്യത്തിലെ തെളിവുകൾക്കുപരി യഹൂദ ചരിത്രകാരനായ ജൊസീഫസിന്റെ ഗ്രന്ഥങ്ങളിൽ കാണുന്ന യേശുവിനെപ്പറ്റിയുള്ള പരാമർശനങ്ങളും ക്രിസ്തു ഒരു ചരിത്രപുരുഷൻ എന്നു തെളിയിക്കുന്നു. ജൊസീഫസ് (37-100 ഏ. ഡി.) ഏ. ഡി. 93-ൽ എഴുതിയ 'ആന്റീക്യൂറ്റീസ്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: 'അനന്യാസ് ന്യായാധിപന്മാരുടെ സന്നദ്രീം വിളിച്ചുകൂട്ടുകയും ക്രിസ്തു എന്നു വിളിക്കുന്ന യേശുവിന്റെ സഹോദരനായ യാക്കോബിനെ അവരുടെ മുമ്പാകെ ഹാജരാക്കുകയും ചെയ്തു.' യേശു ഒരു ചരിത്രപുരുഷനായിരുന്നു എന്നതിന് യഹൂദമതഗ്രന്ഥമായ താൽമൂദിലും പല രേഖകൾ ഉണ്ട്.

## മനുഷ്യാവതാരത്തിനായി ഒരുക്കപ്പെട്ട ഭൂലോകം

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് വി. പൗലോസ് സാക്ഷിക്കുന്നത് ഇപ്രകാരമാണ്: 'കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു' (ഗലാ. 4:4). ഈ മഹാസംഭവത്തിനായി ദൈവം ഭൂലോകത്തെ ഒരുക്കുകയായിരുന്നു എന്നു റോമാസാമ്രാജ്യത്തിന്റെ അന്നത്തെ രാഷ്ട്രീയവും സാംസ്കാരികവും ധാർമ്മികവും മതപരവുമായ സാഹചര്യങ്ങൾ തെളിയിക്കുന്നു.

## സുവിശേഷ ചരിത്രത്തിന്റെ ഉദ്ദേശ്യം

യേശുക്രിസ്തുവിന്റെ ചരിത്രപഠനത്തിനു മുഖ്യ ആധാരങ്ങളായ സുവിശേഷങ്ങളിൽ തന്റെ ജീവചരിത്രമല്ല പ്രതിപാദ്യവിഷയം. യേശുവിന്റെ മനുഷ്യാവതാരകാലത്തെ ചില സംഭവങ്ങൾ ഒരു പ്രത്യേക ഉദ്ദേശ്യത്തോടു കൂടി തെരഞ്ഞെടുത്തു രേഖപ്പെടുത്തുകയാണു സുവിശേഷകർത്താക്കൾ ചെയ്തത്. ആ ഉദ്ദേശ്യം വി. യോഹന്നാൻ വ്യക്തമാക്കുന്നു: 'യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു' (യോഹ. 20:31). വ്യത്യസ്ത വീക്ഷണകോണുകളിൽ നിന്നാണെങ്കിലും യേശുവിനെ 'ദൈവത്തിന്റെ പുത്രനായ ക്രിസ്തു'വായി എല്ലാ സുവിശേഷങ്ങളിലും ചിത്രീകരിച്ചിരിക്കുന്നു.

## പരസ്യശുശ്രൂഷയ്ക്കായുള്ള ഒരുക്കം

യേശു യിസ്രായേലിന്റെ പിതാവായ അബ്രഹാമിന്റെയും അവരുടെ രാജാവായ ദാവീദിന്റെയും വംശത്തിൽ ജനിച്ചവനാണ് എന്നും ഒരു കന്യകയിൽ നിന്നാണു താൻ ഉദയം ചെയ്തത് എന്നും സുവിശേഷകന്മാർ സാക്ഷിക്കുന്നു. ഏറ്റവും ലളിതമായ രീതിയിലായിരുന്നു അവന്റെ ജനനം.

എന്നാൽ അതു സ്വർഗ്ഗോന്നതികളിൽ ദൂതന്മാർക്കും പ്രധാന ദൂതന്മാർക്കും അത്യാനന്ദം നൽകുന്ന മഹാസംഭവമായിരുന്നു. അവർ സ്വർഗീയ ഗാനങ്ങളാൽ ദൈവത്തെ പുകഴ്ത്തി. ആട്ടിടയന്മാരുടെ സന്ദർശനം, എട്ടാം നാളിലെ പരിഛേദന, വിദ്വാന്മാരുടെ ആഗമനം, ഹെരോദാവിന്റെ പ്രതികരണം, നസറത്തിലെ വളർച്ച, യെരുശലേം ദേവാലയത്തിലെ അനുഭവങ്ങൾ, പരസ്യശുശ്രൂഷയ്ക്കായുള്ള ഒരുക്കം, യോഹന്നാൻ സ്നാപകന്റെ ദൗത്യം, യേശുവിന്റെ പരീക്ഷകൾ തുടങ്ങിയ വിവരണങ്ങൾക്കുശേഷം മൂന്നു വർഷത്തോളം നീണ്ടുനിന്ന പരസ്യശുശ്രൂഷയുടെ വിവിധ ഘട്ടങ്ങൾ സുവിശേഷകന്മാർ വിവരിച്ചിരിക്കുന്നു.

## ശുശ്രൂഷയുടെ കാലസൂചന

പരസ്യശുശ്രൂഷയുടെ കാലസൂചന നൽകുന്ന ഏഴു സംഭവങ്ങൾ വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ കാണാം. യോഹ. 2:13–ലെ പെസഹ (ഏപ്രിൽ), 4:36 ലെ കൊയ്ത്ത് (മെയ്), 5:1 ലെ പെന്തക്കോസ്തു (ജൂൺ). 6:4 ലെ പെസഹ (ഏപ്രിൽ), 7:2 ലെ കൂടാരപ്പെരുന്നാൾ (ഒക്ടോബർ), 10:22–ലെ പ്രതിഷ്ഠോത്സവം (ഡിസംബർ). 11:55 ലെ പെസഹ (ഏപ്രിൽ) ഇപ്രകാരം മൂന്നു പെസഹാപ്പെരുന്നാൾ ഉൾക്കൊള്ളുന്നതും മൂന്നു വർഷത്തിൽ കവിയാത്തതുമായ ഒന്നായിരുന്നു പരസ്യശുശ്രൂഷയുടെ കാലഘട്ടം. രംഗപ്രവേശന വർഷം (അധിക സമയവും യഹൂദ്യയിൽ), പ്രസിദ്ധിയുടെ വർഷം (അധികസമയവും ഗലീലയിൽ), പ്രതികൂലത്തിന്റെ വർഷം (ആറുമാസം ഗലീലയിലും പിന്നീടുള്ള ആറു മാസം യഹൂദ്യയിലും) എന്നിങ്ങനെ മൂന്നായി ഇക്കാലഘട്ടത്തെ തിരിക്കാം. മുപ്പതു വയസ്സുള്ളപ്പോഴാണു താൻ പരസ്യശുശ്രൂഷ ആരംഭിച്ചത് (ലൂക്കോ. 3:24).

## അപ്പൊസ്തോലന്മാരുടെ നിയമനവും പരിശീലനവും

പൂർണ മനുഷ്യനും പൂർണ ദൈവവുമായ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിലെ അതിപ്രധാനഭാഗമാണ് പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ നിയമനവും പരിശീലനവും. അവന്റെ പ്രസംഗങ്ങൾ കേൾക്കുകയും അത്ഭുതപ്രവർത്തികൾ കാണുകയും മാത്രമല്ല അവന്റെ രഹസ്യസംഭാഷണങ്ങൾ ശ്രവിക്കയും രഹസ്യജീവിതം ഗ്രഹിക്കുകയും ചെയ്യുവാൻ അവർക്ക് അവൻ സന്ദർഭം നൽകി. ജനക്കൂട്ടങ്ങളോട് ഉപമകളിൽക്കൂടി പ്രതിപാദിച്ച സത്യങ്ങൾ അപ്പോസ്തോലന്മാർ മാത്രമുള്ളപ്പോൾ അവൻ കൂടുതൽ സ്പഷ്ടമായി വ്യാഖ്യാനിച്ചു കൊടുത്തു. ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അവൻ അവരുമായി പങ്കിട്ടു. കേവലം ജഡിക സ്വഭാവത്തോടും ഭൗമിക പ്രതീക്ഷകളോടും കൂടി തന്റെയടുക്കൽ വന്നുചേർന്ന ശിഷ്യന്മാരുടെ ബലഹീനതകളെ അവൻ വഹിക്കയും ദീർഘക്ഷമയോടുകൂടെ അവരോടു ഇടപെടുകയും ചെയ്തു. അവരെ സ്വർഗീയ സ്വഭാവവും ദൈവികദർശനവും ഉള്ളവരും

പുതിയ യിസ്രായേലാകുന്ന സഭയുടെ ബലമുള്ള അടിസ്ഥാനതൂണുകളു മാക്കിത്തീർത്തു.

### അത്ഭുതങ്ങളുടെ സാംഗത്യം

യേശുവിന്റെ ശുശ്രൂഷയിൽ അത്ഭുതങ്ങൾക്കുള്ള സ്ഥാനം ഗണനീയ മാണ്. പ്രസംഗിക്കുക, പഠിപ്പിക്കുക, രോഗശാന്തി നൽകുക എന്നിവ തന്റെ ശുശ്രൂഷയുടെ ഭാഗമായിരുന്നു. യേശുവിന്റെ ആളത്തത്തോടു ബന്ധിച്ചവ (കന്യകാജനനം, ഉയിർത്തെഴുന്നേൽപ്, സ്വർഗ്ഗാരോഹണം മുതലായവ) പ്രകൃതിയുടെ മേലുള്ള അത്ഭുതപ്രവർത്തനം (വെള്ളം വീഞ്ഞാക്കിയത്, കടലിനെ ശാന്തമാക്കുന്നത്, അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷി പ്പിച്ചത്, കടലിന്മേൽ നടന്നത്, അത്തി ഉണക്കിയത് മുതലായവ), ആത്മാക്ക ളോടുള്ള കാരുണ്യം (രോഗികളെ സൗഖ്യമാക്കിയത്, മരിച്ചവരെ ഉയിർപ്പി ച്ചത് മുതലായവ) എന്നിങ്ങനെ ഈ അത്ഭുതങ്ങളെ വിഭജിക്കാം. അത്ഭുത ങ്ങൾ പ്രകൃതിനിയമങ്ങൾക്കു വിരുദ്ധമല്ല, പിന്നെയോ, പ്രകൃതിനിയമങ്ങ ളെപ്പറ്റി നാം അറിഞ്ഞിരിക്കുന്നതിന് വിപരീതമാണ് (Miracles are not contrary to nature, but contrary to what we know of nature). സെന്റ് അഗസ്റ്റിൻ പറഞ്ഞിരിക്കുന്ന ഈ വാക്കുകൾ ശ്രദ്ധേയമാണ്. ഇന്നും അത്ഭുതങ്ങളും അടയാളങ്ങളും സഭയിൽ അത്യാവശ്യമല്ലേ എന്ന് ചോദിക്കുന്നവരുണ്ടാകാം. അത്ഭുതങ്ങൾ അന്വേഷിച്ച് പരക്കംപായുന്ന പ്രവണത ആത്മീയ വളർച്ച യുടേയും ദൈവവിശ്വാസത്തിന്റെയും വർദ്ധനയായി പരിഗണിക്കാവുന്നതല്ല. വിശ്വാസത്തിൽ വളരുന്നതിന് ശിശുപാലകനായി ന്യായപ്രമാണം വർത്തി ക്കുന്നതുപോലെ അത്ഭുതങ്ങളുടെ സാംഗത്യത്തേയും വിലയിരുത്താവുന്ന താണ്.

### സുവിശേഷ സത്യങ്ങളുടെ വിശാലമേഖല

'സ്വർഗീയ അർത്ഥമുള്ള ഭൗമിക കഥ'കളായ ഉപമകൾ, ദൈവരാജ്യ ത്തിന്റെ നവീന പ്രമാണങ്ങളുടെ വിശദീകരണമായ പർവതപ്രസംഗം (മത്താ. 5, 6, 7 എന്നീ അദ്ധ്യായങ്ങൾ), പിതാവാം ദൈവത്തെപ്പറ്റിയും തന്നെപ്പറ്റിയു മുള്ള യേശുവിന്റെ ഉപദേശം, പാപത്തിന്റെ ഫലവും, പാപമോചനമാർഗ ങ്ങളും, പരിശുദ്ധാത്മാവിന്റെ വ്യാപാരങ്ങൾ, വിശുദ്ധ സഭയുടെ സ്വഭാവവും ഘടനയും, മറുരൂപത്തിന്റെ പൊരുൾ, മരണത്തിൽക്കൂടി ജീവൻ എന്നിങ്ങനെ വിപുലവും വിശാലവുമാണ് സുവിശേഷസത്യങ്ങളുടെ മേഖല.

പരസ്യശുശ്രൂഷയുടെ പരിസമാപ്തിയിൽ യരൂശലേമിലേക്കുള്ള യേശുവിന്റെ എഴുന്നള്ളത്ത്, ദേവാലയ ശുദ്ധീകരണം, മാളികമുറിയിലെ തിരുവത്താഴം, പീഡാനുഭവം, ക്രൂശുമരണം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാ രോഹണം എന്നിവ നാം കാണുന്നു. ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യനിർ

വഹണത്തിന്റെ ഭാഗമായിട്ടാണ് ഇവയെല്ലാം സംഭവിച്ചത്. ദൈവസ്നേഹത്തിന്റെ ആഴവും ഉയരവും ഇപ്രകാരം വെളിപ്പെടുത്തപ്പെട്ടു.

ദൈവം സാക്ഷാൽ മനുഷ്യനായി ഭൂജാതം ചെയ്ത ചരിത്രപുരുഷനാണ് യേശുക്രിസ്തു. ദാവീദിന്റെ വംശത്തിൽപ്പെട്ട ഒരു കന്യകയിൽ നിന്നു പുരുഷബന്ധം കൂടാതെ പരിശുദ്ധാത്മ വ്യാപാരത്താലാണ് അവൻ ജനിച്ചത്. പൂർണ മനുഷ്യനും പൂർണ ദൈവവുമായിരുന്നു അവൻ. ഐഹികജീവിത മണ്ഡലത്തിലെ സുഖവും ദുഃഖവും യഥാർത്ഥമായി അവൻ അനുഭവിച്ചു. പാപലേശമില്ലാതെ ജീവിച്ചു. ശിഷ്യന്മാരെ വിളിച്ചു നിയോഗിച്ചു. വിശുദ്ധ സഭ സ്ഥാപിച്ചു. പീഡയും ക്രൂശുമരണവും അനുഭവിച്ചു. മരണം വരിച്ചു, പക്ഷേ പുനരുത്ഥാനം ചെയ്തു മരണത്തിന്റെ ശക്തികളെ തോല്പിച്ചു.

നിത്യജീവന്റെയും ദൈവരാജ്യത്തിന്റെയും മർമ്മങ്ങൾ അവൻ വെളിപ്പെടുത്തി. സമയത്തിനും കാലത്തിനും അതീതമായ നിത്യതയുടെ അടയാളമായി താബോർമലയിലെ തേജസ്കരണത്തിന്റെ അനുഭവത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരെ ആനയിച്ചു. മനുഷ്യനു ദൈവീകരണം പ്രാപിക്കുവാൻ കഴിയുമെന്ന് അവൻ തെളിയിച്ചു. സർവസൃഷ്ടിയേയും വീണ്ടെടുത്തു വിശുദ്ധീകരിച്ചു തന്നോടു കൂട്ടിച്ചേർക്കുവാൻ വന്ന പ്രപഞ്ചത്തിന്റെ നാഥനാണ് യേശുക്രിസ്തു.

## ചോദ്യങ്ങൾ

1. യേശുക്രിസ്തുവിൽക്കൂടി നിർവഹിക്കപ്പെട്ട ദൈവികപദ്ധതി എന്ത്?
2. 'യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശവും രണ്ടായി കാണാൻ സാദ്ധ്യമല്ല' – വിശദീകരിക്കുക.

## പാഠം 3

# യേശുക്രിസ്തുവിന്റെ ആളത്വം: പുതിയനിയമ വ്യാഖ്യാനങ്ങൾ

❑ ക്രിസ്തുശാസ്ത്ര ഉറവിടങ്ങൾ പുതിയനിയമത്തിൽ ❑ സമവീക്ഷണ സുവിശേഷങ്ങളിലെ ക്രിസ്തുശാസ്ത്രം ❑ മനുഷ്യപുത്രൻ ❑ കർത്താവ് ❑ ദാസൻ ❑ ദൈവപുത്രൻ ❑ വി. യോഹന്നാന്റെ സുവിശേഷത്തിൽ ❑ 'ഞാനാകുന്നു' എന്ന പ്രഖ്യാപനങ്ങൾ ❑ ലോഗോസിന്റെ വ്യാഖ്യാനം ❑ വി. പൗലോസിന്റെ ദർശനത്തിൽ ❑ കെനോട്ടിക് ക്രിസ്തുശാസ്ത്രം ❑ കോസ്മിക് ക്രിസ്തുശാസ്ത്രം ❑ എബ്രായ ലേഖനത്തിൽ ❑ മദ്ധ്യസ്ഥൻ ❑ നിത്യമഹാപുരോഹിതൻ

### മൂന്നു പ്രധാന ഉറവിടങ്ങൾ

ക്രിസ്തുവിന്റെ ആളത്വത്തെ സംബന്ധിച്ച വ്യാഖ്യാനങ്ങൾക്കു പ്രധാനമായി മൂന്നു ഉറവിടങ്ങൾ പുതിയനിയമത്തിൽ നമുക്ക് ദർശിക്കാം:

A. സമവീക്ഷണ സുവിശേഷങ്ങളിലെ ക്രിസ്തുശാസ്ത്രം (Synoptic Christology).

B. വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിലെ ക്രിസ്തുശാസ്ത്രം (Johannine Christology).

C. വി. പൗലോസിന്റെ ലേഖനങ്ങളിലെ ക്രിസ്തുശാസ്ത്രം (Pauline Christology).

യേശുക്രിസ്തുവിനേക്കുറിച്ച് ഉപയോഗിച്ചിരിക്കുന്ന പ്രത്യേക പദങ്ങളുടേയും പ്രയോഗങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ വിഭജനത്തിന്റെ സാംഗത്യം മനസ്സിലാക്കേണ്ടത്.

ക്രിസ്തു, മനുഷ്യപുത്രൻ, ദൈവപുത്രൻ, കർത്താവ്, വചനമായ ദൈവം, സ്രഷ്ടാവ്, രണ്ടാം ആദാം, ആൽഫായും ഒമേഗായും, ദൈവത്തിന്റെ കുഞ്ഞാട്, ദാസൻ തുടങ്ങി അനേകം നാമധേയങ്ങൾ പുതിയനിയമത്തിലെ പല ഭാഗങ്ങളിലായി നാം കാണുന്നുണ്ട്. ഇവയോരോന്നിന്റേയും വിശദമായ അപഗ്രഥനമല്ല മറിച്ചു പ്രധാനപ്പെട്ടതും പ്രസക്തവുമായ ഏതാനും ചില പദങ്ങളുടെ വിശദീകരണമാണ് ഇവിടെ നൽകുന്നത്.

### A. സമവീക്ഷണ സുവിശേഷങ്ങളിൽ

#### 1. മനുഷ്യപുത്രൻ (Son of Man)

എഴുപതു പ്രാവശ്യം ഈ പദം ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ

ഉപയോഗിച്ചിരിക്കുന്നു. കർത്താവു തന്നെക്കുറിച്ചു തന്നെയാണ് മനുഷ്യ പുത്രൻ എന്ന നാമം അധികവും ഉപയോഗിച്ചിരിക്കുന്നത്. ബർനാഷാ എന്ന എബ്രായപദത്തിന് (ബർനോശോ എന്നു സുറിയാനി) മാനവജാതിയിൽ പ്പെട്ട ഒരു മനുഷ്യൻ എന്നു മാത്രമേ അർത്ഥമുള്ളു. യെഹസ്കേൽ പ്രവാച കന്റെ പുസ്തകത്തിലും സങ്കീർത്തനങ്ങളിലും ഈ പദം കേവലം 'മനുഷ്യൻ' എന്ന അർത്ഥത്തിലോ 'ഞാൻ' എന്ന ആശയം ധ്വനിപ്പിക്കാനോ ആണ് ഉപ യോഗിച്ചിരിക്കുന്നത്. ദാനി. 7:13, ഇയ്യോ. 35:8; സങ്കീ. 80:17 എന്നീ ഭാഗങ്ങളിൽ വ്യത്യസ്തമായ പശ്ചാത്തലമാണുള്ളത്. അപ്പൊക്രിഫൽ പുസ്തകങ്ങൾ എന്നു വിളിക്കപ്പെടുന്ന ഈനോക്കിന്റെ പുസ്തകം, 2 എസ്ഡ്രാസ് എന്നിവി ടങ്ങളിൽ ഈ അമാനുഷിക മനുഷ്യപുത്രൻ മശിഹാ തന്നെയാണെന്നു സൂചനയുണ്ട് (ഈനോക്ക് 48:4; 62:13ff; 37:71; 62:7 etc). മനുഷ്യപുത്രനു സദൃശനായ ജീവിയ്ക്കു നിത്യരാജത്വവും ആധിപത്യവും ലഭിച്ചു എന്നു ദാനിയേൽ പ്രവചനത്തിലും പ്രകൃതിക്കതീതനും ആകാശമേഘങ്ങൾ വഴി ലോകത്തിൽ വെളിപ്പെടുന്നവനുമാണ് മനുഷ്യപുത്രൻ എന്ന് ഈനോക്കിന്റെ പുസ്തകത്തിലും പരാമർശിക്കുന്നു. ഇതു മനസ്സിലാക്കി യേശു സ്വയം ദൈവ ത്തിന്റെ ജനത്തെ പ്രതിനിധാനം ചെയ്യുന്നതായി കരുതിയിരുന്നുവെന്ന് നമുക്ക് അനുമാനിക്കാം.

മനുഷ്യപുത്രൻ എന്ന പദപ്രയോഗം സമവീക്ഷണ സുവിശേഷങ്ങളിൽ പ്രധാനമായി താഴെപ്പറയുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ഈ 'മനുഷ്യപുത്രത്വ'ത്തിന്റെ പൂർണതയിലേക്ക് നമ്മെ ഉയർത്തുന്നതിനു വേണ്ടിയാണു ദൈവപുത്രൻ മനുഷ്യപുത്രനായി തീർന്നത്.

(a) യേശു തന്റെ മനുഷ്യസ്വഭാവത്തെക്കുറിച്ചു പ്രതിപാദിക്കുന്ന സന്ദർഭം (ഉദാ. മനുഷ്യപുത്രനു തല ചായ്ക്കുവാൻ ഇടമില്ല. ലൂക്കോ. 9:58; മത്താ. 26:24 etc).

(b) യേശു തന്റെ അമാനുഷിക സ്വഭാവം വെളിപ്പെടുത്തുന്ന സന്ദർഭം (ഉദാ. മർക്കോ. 2:10; മനുഷ്യപുത്രനു പാപങ്ങൾ ക്ഷമിക്കുവാൻ അധികാരമുണ്ട്).

(c) ദൈവരാജ്യ സ്ഥാപനവുമായി ബന്ധപ്പെടുന്ന സന്ദർഭം (ഉദാ. നല്ല വിത്തു വിതയ്ക്കുന്നവനാണ് മനുഷ്യപുത്രൻ. മത്താ. 13:7).

(d) തന്റെ പീഡാനുഭവവും ക്രൂശുമരണവും പ്രതിപാദിക്കുന്ന സന്ദർഭം (ഉദാ. മനുഷ്യപുത്രൻ കഷ്ടം സഹിച്ചു മരിക്കേണ്ടതാകുന്നു. മത്താ. 17:22).

(e) യുഗാന്ത്യ സംഭവങ്ങളെക്കുറിച്ചു വിശദീകരിക്കുന്ന സന്ദർഭം (ഉദാ. മനുഷ്യപുത്രന്മാരുടെ വരവ്. മത്താ. 25:31; 24:30 etc).

## 2. കർത്താവ് (Lord)

'കുറിയോസ്' എന്ന ഗ്രീക്ക് പദത്തിനു ശക്തിയുള്ളവൻ, അധികാരമുള്ളവൻ, അടിമകളുടെമേൽ കർത്ത്യത്വം നടത്തുന്നവൻ എന്നൊക്കെയാണ് അർത്ഥം. യഹോവയേയും അവന്റെ രാജത്വത്തെയും ഏറ്റുപറയുവാൻ പഴയനിയമത്തിൽ ഈ പദം (അദൊനായ്) ഉപയോഗിക്കുന്നു. ക്രിസ്ത്യാനികൾ യേശുക്രിസ്തുവിനെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞു. കൈസറിനു പകരം യേശുക്രിസ്തുവിനെ കർത്താവ് എന്ന് ഏറ്റുപറഞ്ഞതിനാൽ പലരും രക്തസാക്ഷികളായി. രാജ്യവും ശക്തിയും മഹത്വവും കർത്താവിനുള്ളതാകുന്നു. ത്രിത്വത്തിലെ ഏകത്വവും ദൈവികമഹത്വവും ക്രിസ്തുവിന്റെ രാജത്വവും ദൈവത്വവും ഏറ്റുപറയുന്നതിനാണ് ആദിമ ക്രൈസ്തവർ ഈ പദം ഉപയോഗിച്ചത് (മർക്കോ. 2:28; ലൂക്കോ. 2:11; 1 കൊരി. 12:4-6; 11:26; 2 കൊരി. 3:17; യോഹ. 6:68; 1 കൊരി. 16:22; മർക്കോ. 12:36; മത്താ. 28:18; അ. പ്ര. 2:34; ഫിലി. 2:11 etc). 'യേശുക്രിസ്തു കർത്താവാകുന്നു' എന്നത് ആദിമസഭയുടെ ഏറ്റവും ചുരുങ്ങിയ വിശ്വാസപ്രമാണമായിരുന്നു (റോമ. 10:9; ഫിലി. 2:11).

## 3. ദാസൻ (Ebed Yahweh)

പഴയനിയമകാലത്തു ദാസന്മാർ അടിമകളാണ്. യജമാനന്മാർക്ക് അവരെ ഇഷ്ടംപോലെ വാങ്ങുകയും വിൽക്കുകയും ചെയ്യാം. യെഹൂദരായ യജമാനന്മാരുടെ ഭവനങ്ങളിൽ ചില പ്രത്യേക പദവികളും അവകാശങ്ങളും അടിമകൾക്കു നൽകിയിരുന്നു (ഉദാ: അബ്രഹാമിന്റെ ഭവനത്തിൽ ഏലിയാസർ ഉല്പ. 15:2). രാജാവിന്റെ പ്രജകൾ, പ്രത്യേകിച്ച് യുദ്ധത്തിൽ പിടിക്കപ്പെട്ടവർ രാജാവിന്റെ ദാസന്മാരാണ് (2ശമു. 8:6;1 രാജ. 20:23). കടങ്ങൾ കൊടുത്തു തീർന്നാൽ ഒരുവനു സ്വതന്ത്രനാകാൻ അവകാശമുണ്ട്. അതല്ലെങ്കിൽ ഏഴാം കൊല്ലം (Sabbatical Year) സ്വാഭാവികമായും അവൻ സ്വതന്ത്രനാകും.

റോമാസാമ്രാജ്യത്തിൽ ഒരടിമയ്ക്കു സമൂഹത്തിൽ പ്രത്യേകമായ അവകാശങ്ങളില്ല. വീടുകളിൽ അടിമകളെ സൂക്ഷിക്കുന്നതിനെതിരായിരുന്നു എരിവുകാർ (Essenes). ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ദാസന്മാരാണ്. അവർക്ക് മറ്റൊരു യജമാനന്റേയും കർത്ത്യത്വമില്ല.

ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുകയും തന്റെ പ്രവർത്തനങ്ങളോടു സഹകരിക്കുകയും ചെയ്ത വ്യക്തി 'യഹോവയുടെ ദാസൻ' എന്ന സംജ്ഞയാൽ പഴയനിയമത്തിൽ അറിയപ്പെട്ടിരുന്നു (ഉദാ. ഉല്പ. 26:24; പുറ. 32:13; ആവ. 9:23). മോശ, യോശുവ, ദാവീദ്, പ്രവാചകന്മാർ, സെറുബാബേൽ (സെഖ. 3:8); നെബുഖദ്നേസർ (നെഹ. 27:6) എന്നിവർക്കും ഈ നാമം നല്കപ്പെട്ടതായി കാണുന്നു. ദാവീദു കുലത്തിൽ വരുവാനിരിക്കുന്ന

ഇടയനായ രാജാവിനും ഈ സംജ്ഞ നൽകപ്പെട്ടു (പുറ. 34:23–24; 37:25). രണ്ടാം യെശയ്യാവിൽ കഷ്ടപ്പെടുന്ന ദാസൻ എന്ന വ്യക്തിയെക്കുറിച്ചും (യെശ. 42:1–4; 49:1–6; 50:4–9; 52:13–53:12). യിസ്രായേൽ രാജ്യത്തെക്കുറിച്ചു പൊതുവായും (യെശ. 41:8–9) വിശ്വസ്തരായ യിസ്രായേൽക്കാരെക്കുറിച്ച് പ്രത്യേകമായും പറഞ്ഞിരിക്കുന്നു (യെശ. 54:17).

ഈനോക്ക്, എസ്രാ, ബാരൂക്ക് എന്നീ പുസ്തകങ്ങളിലും യഹോവയുടെ ദാസനെക്കുറിച്ചു പരാമർശങ്ങളുണ്ട്. കുംമ്റാൻ ചുരുളുകളിൽ പ്രതിപാദിക്കുന്ന 'നന്മയുടെ ഗുരു'വിനു (Teacher of Righteousness) 'യഹോവയുടെ ദാസനു'മായി സാമ്യമുണ്ട്.

കഷ്ടപ്പെടുന്നവനും ഉടമ്പടിബന്ധം പുനഃസ്ഥാപിക്കുന്നവനുമാണ് ഈ ദാസൻ യെശയ്യാ പ്രവചനത്തിൽ. പാപം മൂലം നഷ്ടപ്പെട്ട മനുഷ്യന്റെ മഹദ് പദവി പുനഃസ്ഥാപിച്ച് അവനെ ദൈവവുമായി നിരപ്പിക്കുന്നതിനുവേണ്ടി കഷ്ടം സഹിച്ച യഹോവയുടെ ദാസനാണ് യേശുക്രിസ്തു. മർക്കോ. 10:45 ലെ ശുശ്രൂഷ ചെയ്യുന്ന മനുഷ്യപുത്രൻ യെശ. 53 നെ പരാമർശിക്കുന്നു. വി. പൗലോസും യേശുവിനെ കഷ്ടപ്പെടുന്ന ദാസനായി പറയുന്നു (1 കൊരി. 15:3). യഹോവയുടെ കഷ്ടപ്പെടുന്ന ദാസനും യേശുവുമായുള്ള പൊരുത്തം പുതിയനിയമത്തിൽ വ്യക്തമായി കാണാം.

### 4. ദൈവപുത്രൻ (Son of God)

മശിഹായുടെ ഒരു പര്യായപദമായി യെഹൂദന്മാർ ദൈവപുത്രൻ എന്ന പേര് ഉപയോഗിച്ചിരുന്നില്ല. എന്നാൽ യിസ്രായേലിനെ പൊതുവായും രാജാവിനെ പ്രത്യേകമായും ദൈവത്തിന്റെ പുത്രൻ എന്നു വിളിച്ചിട്ടുണ്ട് (പുറ. 4:22; 2 ശമു. 7:14). പുതിയനിയമത്തിൽ യേശുക്രിസ്തു എന്നതിന്റെ പര്യായപദമാണ് 'ദൈവപുത്രൻ' (മത്താ. 16:16). 'ഇവൻ എന്റെ പ്രിയപുത്രൻ' എന്ന ദൈവിക വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലും (മത്താ. 3:17; ലൂക്കോ. 9:35) 'തന്റെ ഏകജാതനായ പുത്രൻ' (യോഹ. 3:16) എന്ന വി. യോഹന്നാന്റെ സാക്ഷ്യത്തിലും ഈ പ്രയോഗത്തിന്റെ ആന്തരികാർത്ഥം ദർശിക്കാം. ലൂക്കോ. 8:28; റോമ. 1:5; ഗലാ. 2:20; കൊലോ. 1:13 എന്നീ ഭാഗങ്ങളിലും ദൈവപുത്രന്റെ മഹത്വവും പദവിയും വർണ്ണിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ പുത്രത്വം നിത്യമാണ്. ദൈവത്തിന്റെ ഏകജാതനാണു താൻ. തന്നോടുള്ള ബന്ധത്താൽ മനുഷ്യജാതിക്കു പുത്രത്വം ലഭിക്കുന്നു.

## B. വി. യോഹന്നാന്റെ ദർശനം

ദൈവം മനുഷ്യനായി അവതരിച്ചു എന്നതിലുപരി വചനം ജഡമായിത്തീർന്നു എന്നാണ് വി. യോഹന്നാൻ പ്രഖ്യാപിച്ചത്. ക്രമീകരണത്തിലും ഉള്ളടക്കത്തിലും പല പ്രത്യേകതകൾ അവകാശപ്പെടാവുന്ന സുവിശേഷ

മാണിത്. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ചരിത്രപരമായ പ്രാധാന്യം വി. യോഹന്നാൻ ഊന്നിപ്പറയുന്നു. ക്രിസ്തുവിന്റെ ദൈവത്വം ശക്തിയായി അദ്ദേഹം സ്ഥാപിക്കുന്നു.

'ഞാൻ ആകുന്നു' എന്ന പ്രഖ്യാപനത്തിന്റെ ഏഴു കൈവഴികൾ ഈ സുവിശേഷത്തിന്റെ ക്രിസ്തുശാസ്ത്ര പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നു.

6:35 ഞാൻ ജീവന്റെ അപ്പമാകുന്നു.

8:12 ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു.

10:9 ഞാൻ വാതിൽ ആകുന്നു.

10:11 ഞാൻ നല്ല ഇടയനാകുന്നു.

11:25 ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു.

14:6 ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു.

15:7 ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനുമാകുന്നു.

വചനം (ലോഗോസ്) എന്ന പദം വി. യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത് മനുഷ്യാവതാരത്തിനു മുമ്പും പിമ്പും യേശുക്രിസ്തു ദൈവം തന്നെയെന്നു കാണിക്കുന്നതിനാണ്. ലോഗോസിന്റെ പ്രാധാന്യവും സാംഗത്യവും ആറു സന്ദർഭങ്ങളിലായി വി. യോഹന്നാൻ സൂചിപ്പിക്കുന്നു (യോഹ. 1:1 (3 പ്രാവശ്യം) 1:14; 1 യോഹ. 1:1; വെളി. 19:13).

എല്ലാ സൃഷ്ടിയും ക്രിസ്തു മുഖാന്തരമാണെന്നും അവനെക്കൂടാതെ ജീവനോ പ്രകാശമോ സത്യമോ രക്ഷയോ ഇല്ലായെന്നും വി. യോഹന്നാൻ സാക്ഷിക്കുന്നു. മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കും ന്യായവിധിയ്ക്കും വേണ്ടിയുള്ള ദൈവത്തിന്റെ വ്യക്തിപരമായ വെളിപാടാണു വചനം വി. യോഹന്നാന്റെ ദർശനത്തിൽ.

കേവലം ഒരു മദ്ധ്യവർത്തി എന്ന നിലയിലോ (സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ) ദൈവത്തിൽ നിന്നു പുറപ്പെടുന്ന ഒരു ശക്തി എന്ന നിലയിലോ ലോഗോസിനെ കാണുന്ന യവന, യഹൂദ തത്വശാസ്ത്രപ്രവണതകളിൽ നിന്നു ഭിന്നമായി 'ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു' എന്നിപ്രകാരം ത്രീയേക ദൈവത്തിലുള്ള വിശ്വാസം വി. യോഹന്നാൻ പ്രഖ്യാപിച്ചു. 'വചനത്തിന്റെ ദൈവത്വം' (Theosness of Logos) സധൈര്യം പ്രഘോഷിച്ചതിനാലാണ് 'ദൈവശാസ്ത്രജ്ഞൻ' എന്ന പേരിനു വി. യോഹന്നാൻ അർഹനായത്.

## C. വി. പൗലോസിന്റെ ലേഖനങ്ങളിൽ

### 1. തന്നെത്താൻ ഒഴിച്ചു മനുഷ്യനായിത്തീർന്ന യേശുക്രിസ്തു (കെനോട്ടിക് ക്രിസ്തുശാസ്ത്രം)

വി. പൗലോസിന്റെ ക്രിസ്തുശാസ്ത്ര ദർശനത്തിൽ രണ്ടു വേദഭാഗങ്ങൾ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. ഫിലിപ്യ ലേഖനത്തിൽ (2:6–8) അദ്ദേഹം ഇപ്രകാരം എഴുതുന്നു: 'ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ' യേശുക്രിസ്തു 'ദാസ രൂപം' എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷ ത്തിൽ മനുഷ്യനായിത്തീർന്നു.' അതായതു ക്രിസ്തു ദൈവത്തോടുള്ള സമത്വത്തിലും ദൈവരൂപത്തിലും നിത്യതയിൽ സ്ഥിതിചെയ്തിരുന്ന അവസ്ഥയിൽനിന്നും താണിറങ്ങി ദാസവേഷം കൈക്കൊണ്ടു.

മനുഷ്യാവതാരത്തിനു മുമ്പു യേശുക്രിസ്തുവിനു നിത്യമായ പൂർവാ സ്തിത്വം ഉണ്ടായിരുന്നു. സർവപ്രപഞ്ചങ്ങൾക്കും മുമ്പേ ഉണ്ടായിരുന്നതും സ്ഥലകാല പരിമിതികൾക്കതീതവുമായിരുന്നു ആ അസ്തിത്വം. സർവ സമ്പൂർണ്ണനും നിത്യനുമായിരുന്നു ത്രിയേക ദൈവത്തിൽ രണ്ടാം ആളത്ത മായ വചനം. എന്നാൽ തന്റെ സ്വയം താഴ്ത്തൽ (കെനോസിസ്) മൂലം അപ്രമേയനായ ദൈവത്തിനു സ്ഥലകാലപരിമിതികൾക്കു വിധേയനായി മനുഷ്യാവതാരം ചെയ്യുവാൻ സാധിച്ചു. സ്വയംപരിത്യാഗം ഓരോ വിശ്വാസി യുടേയും ജീവിതാനുഭവമായി മാറണം.

### 2. സ്വർഗീയപ്രാപഞ്ചിക മനുഷ്യനായ യേശുക്രിസ്തു (കോസ്മിക് ക്രിസ്തുശാസ്ത്രം)

ഈ പ്രപഞ്ചത്തോടു (കോസ്മോസ്) ബന്ധപ്പെടുത്തി വി. പൗലോസ് ക്രിസ്തുവിനെ സാക്ഷിക്കുന്നു (കൊലോ. 1:15–20). നമുക്ക് പാപമോചനവും നിരപ്പും വീണ്ടെടുപ്പും പുത്രൻ മുഖാന്തരം ലഭിക്കുന്നു. അദൃശനായ ദൈവ ത്തിന്റെ പ്രതിരൂപവും സർവസൃഷ്ടിക്കും ആദ്യജാതനുമാകുന്നു പുത്രൻ തമ്പുരാൻ. സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും, ദൃശ്യമായതും അദൃശ്യ മായതും, സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ സർവവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവനുവേണ്ടി യാണ് സർവവും നിർമിക്കപ്പെട്ടത്.

യേശുക്രിസ്തു സർവത്തിനും മുമ്പേയുള്ളവനും സർവത്തിനും ആധാരമായിരിക്കുന്നവനുമാകുന്നു. ദൈവത്തിന്റെ സർവസമ്പൂർണ്ണത ദേഹരൂപമായി യേശുക്രിസ്തുവിൽ വസിക്കുന്നു, എല്ലാ വാഴ്ചകൾക്കും അധികാരത്തിനും അതീതനായി അവൻ സ്ഥിതിചെയ്യുന്നു.

ദൈവത്തിനും പ്രപഞ്ചത്തിനും മദ്ധ്യേയുള്ള ശക്തികളെയും വാഴ്ചക

ളേയും അധികാരങ്ങളേയും കുറിച്ച് വിശദീകരിക്കുന്ന ജ്ഞാനവാദ (Gnosticism) ചിന്താഗതിക്കെതിരായി ക്രിസ്തുവാണു വീണ്ടെടുപ്പുകാരനായ ഏക മദ്ധ്യസ്ഥൻ എന്ന് വി. പൗലോസ് ഇവിടെ സാക്ഷിക്കുന്നു. ക്രിസ്തു 'സ്വർഗീയ പ്രാപഞ്ചിക മനുഷ്യനാണ്' (Heavenly Cosmic Man). ക്രിസ്തു വാകുന്ന തലയോട് സ്വർഗത്തിലും ഭൂമിയിലുമുള്ള സർവവും കൂട്ടിച്ചേർക്കപ്പെടുന്നു (എഫേ. 1:9 f).

### 3. മദ്ധ്യസ്ഥനും മഹാപുരോഹിതനും

യേശുക്രിസ്തുവിനെ നിത്യമഹാപുരോഹിതനായി എബ്രായ ലേഖന കർത്താവ് കാണുന്നു. നിത്യമായ അവകാശം വാഗ്ദാനം ചെയ്യുന്ന പുതിയ ഉടമ്പടിക്കു മാദ്ധ്യസ്ഥം വഹിക്കുന്നവനാണ് ക്രിസ്തു (എബ്രാ. 9:15). നമുക്കുവേണ്ടി അവൻ പക്ഷവാദം ചെയ്യുന്നവനാണ്. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യനായി വന്ന പുത്രനായ ക്രിസ്തു ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥനായ നിത്യമഹാപുരോഹിതനാണ്. ക്രൂശുമരണമാകുന്ന തന്റെ യാഗം മൂലം അവൻ പഴയനിയമ ബലികളേയും പൗരോഹിത്യത്തേയും പൂർത്തീകരിക്കുകയും അവന്റെ സ്വന്ത ആളത്വത്തിൽ മനുഷ്യവർഗ്ഗത്തിനു സ്വർഗത്തിലേക്കുള്ള പ്രവേശനകവാടം തുറന്നുകൊടുക്കുകയും ചെയ്തു.

പഴയനിയമബലികൾക്കു മൃഗവും പുരോഹിതനും ആവശ്യമായിരുന്നു. നിത്യമദ്ധ്യസ്ഥനായ യേശുക്രിസ്തുവിന്റെ യാഗത്തിൽ ഇവ രണ്ടും താൻ തന്നെയായിരുന്നു.

## ചോദ്യങ്ങൾ

1. സുവിശേഷങ്ങളിലെ ക്രിസ്തുശാസ്ത്രവീക്ഷണങ്ങൾ സമാഹരിച്ചെഴുതുക.
2. ഭാരതത്തിലെ സുവിശേഷപ്രവർത്തനത്തിനു 'കെനോട്ടിക്' ക്രിസ്തുശാസ്ത്ര സിദ്ധാന്തം എപ്രകാരം ഉപകരിക്കുമെന്നു ചർച്ച ചെയ്യുക.

## പാഠം 4

# വീണ്ടെടുപ്പും ബലിയും

❑ ക്രൂശുമരണത്തിനു വ്യാഖ്യാനങ്ങൾ ❑ വീണ്ടെടുപ്പിനെക്കുറിച്ചു ചില ചോദ്യങ്ങൾ ❑ ഓറിഗൺ - മറുവില കൊടുത്തത് പിശാചിന് ❑ ഐറേനിയസിന്റെ പഠിപ്പിക്കൽ ❑ ആൻസലവും തൃപ്തീകരണ സിദ്ധാന്തവും ❑ അബിലാർഡ്: ധാർമിക പ്രചോദനസിദ്ധാന്തം ❑ നവീകരണവാദികളുടെ ആശയം ❑ വീണ്ടെടുപ്പിനെപ്പറ്റി വി. അത്താനാസിയോസ് ❑ ദൈവിക നീതിയും ദൈവികസ്നേഹവും ❑ മനുഷ്യപുത്രന്മാർ ദൈവപുത്രന്മാരായി തീരുവാൻ ❑ വീണ്ടെടുപ്പ് ബലിയിൽ കൂടി ❑ വീണ്ടെടുപ്പ് - ദൈവീകരണ പ്രക്രിയ.

### ക്രൂശുമരണത്തിന്റെ അർത്ഥം

കർത്താവിന്റെ ക്രൂശുമരണത്തിന് അനേകം വ്യാഖ്യാനങ്ങൾ നൽകപ്പെടുന്നുണ്ട്. വി. പൗലോസ് ശ്ലീഹാ പ്രഖ്യാപിക്കുന്നതു ക്രിസ്തുവിന്റെ മരണത്താൽ പാപപരിഹാരവും (റോമ. 6:10), സമാധാനവും (കൊലോ. 1:20), നിരപ്പും (എഫേ. 2:13–17) ഉണ്ടായി എന്നാണ്. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട് (വെളി. 13:8), ഊനമില്ലാത്ത ആട്ടിൻകുട്ടിയായി ലോകത്തിന്റെ പാപത്തെ ചുമക്കുന്നവൻ (യോഹ.1:29) തുടങ്ങിയ പദപ്രയോഗങ്ങൾ വഴി മനുഷ്യജാതിക്കു വേണ്ടിയുള്ള പാപപരിഹാര ബലിയായി കർത്താവിന്റെ ക്രൂശുമരണത്തെ വി. യോഹന്നാൻ പ്രകീർത്തിക്കുന്നു.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരകാലത്ത് 'പാപമൊഴികെ സർവത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടു' (എബ്രാ. 4:15; 2 കൊരി. 5:21) എന്നും ക്രിസ്തു നമ്മുടെ രക്ഷയ്ക്കായി മരിക്കേണ്ടതാവശ്യമായിരുന്നു എന്നും വി. വേദപുസ്തകം സാക്ഷിക്കുന്നു. തന്റെ മരണം മൂലം മാനവരാശിയുടെ വീണ്ടെടുപ്പു സാധിച്ചു.

### വീണ്ടെടുപ്പിനെക്കുറിച്ചു ചില ചോദ്യങ്ങൾ

എവിടെനിന്നാണ് മാനവരാശിയെ വീണ്ടെടുത്തത്? അതിന് ദൈവം എന്തു വില കൊടുക്കേണ്ടി വന്നു? ആർക്കാണു മറുവില കൊടുത്തത്? ഒന്നാം ആദാമിന്റെ അനുസരണക്കേടും രണ്ടാം ആദാമായ ക്രിസ്തുവിന്റെ അനുസരണവും തമ്മിലുള്ള ബന്ധമെന്താണ്? പാപം ശിക്ഷിക്കപ്പെടേണ്ടത് നീതിയല്ലേ? പിതാവാം ദൈവത്തെ തൃപ്തിപ്പെടുത്തുവാനാണോ പുത്രനാം ദൈവം ക്രൂശുമരണം വരിച്ചത്? യേശുക്രിസ്തു മരിച്ചത് മനുഷ്യജാതിക്കു അനുതാപം ഉണ്ടാക്കുവാനാണോ? പാപത്തിന് ഒഴിച്ചുകൂടാത്ത ശിക്ഷ യേശുക്രിസ്തു തന്റെ മരണം മൂലം സ്വയം വഹിച്ചതാണോ? ദൈവത്തേയും

മനുഷ്യരേയും തമ്മിൽ നിരപ്പിക്കുന്നതിനു ക്രിസ്തുവിന്റെ യാഗം ഒരു അവശ്യ ഘടകമായിരുന്നുവോ?

മേൽപ്പറഞ്ഞ ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് ഉത്തരം കണ്ടെത്തുവാൻ ശ്രമിക്കുകയും ചെയ്ത ക്രൈസ്തവ ചിന്തകന്മാർ പല സിദ്ധാന്തങ്ങളും ആവിഷ്കരിച്ചു. മനുഷ്യമനസ്സിന്റേയും അവനു നൽകുവാൻ കഴിയുന്ന നിർവചനങ്ങളുടേയും പരിമിതിയും, വീണ്ടെടുപ്പ് എന്ന രഹസ്യാത്മക ദൈവിക രക്ഷാപദ്ധതിയുടെ സങ്കീർണ്ണതയും ഏറ്റുപറഞ്ഞു കൊണ്ടുവേണം ഈ സിദ്ധാന്തങ്ങൾ പരിശോധിക്കേണ്ടത്.

## മറുവില കൊടുത്തത് ആർക്ക്?

ആദാമ്യപാപത്താൽ മനുഷ്യരാശി പിശാചിന്റെ അടിമത്തത്തിൽ ആയിപ്പോയെന്നും കർത്താവു തന്റെ കഷ്ടാനുഭവത്താൽ പിശാചിനു മറുവില കൊടുത്ത് ആദാമ്യസന്തതിയെ വിടുവിച്ചു എന്നുമുള്ള ആശയം ഓറിഗൺ തുടങ്ങിയ ചിന്തകരിൽ കാണാം. 'അനേകർക്കു വേണ്ടി' മറുവിലയായി കൊടുത്തു എന്ന് വി. വേദപുസ്തകത്തിലുണ്ട് (മർക്കോ. 10:45; 1 തിമോ. 2:6). പിശാചിനു കൊടുത്തു എന്നു കാണുന്നില്ല, വിശ്വസിക്കേണ്ടയാവശ്യവുമില്ല. മശിഹാ പാപത്തിന്റെ അടിമത്തത്തിൽ നിന്നു മനുഷ്യനെ വിടുവിച്ചു എന്ന സത്യമാണു പ്രധാനം. ദൈവത്തിനോ പിശാചിനോ അതോ മറ്റു വല്ലവർക്കുമോ മറുവില കൊടുത്തു എന്ന ചിന്ത വേദപുസ്തക സത്യത്തിന്റെ വെളിച്ചത്തിൽ അസ്ഥാനത്താണ്. ഓറിഗന്റെ ആശയത്തെ മറുവില സിദ്ധാന്തം (Ransom Theory) എന്നു വിളിക്കുന്നു.

## പൂർത്തീകരണം എങ്ങനെ?

പാപികളായ നമ്മുടെ ജീവിതത്തിന്റെ ഘട്ടങ്ങളിൽക്കൂടിയെല്ലാം രണ്ടാം ആദാം ആയ ക്രിസ്തു കടന്നിട്ട് ഒന്നാം ആദാമിന്റെ സകല സന്തതിയേയും തന്നിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു വീണ്ടെടുപ്പിലേക്ക് നയിച്ചു എന്നും ക്രിസ്തുവിനു മുമ്പുള്ള സകല ദൈവിക വെളിപാടുകളും തന്നിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു എന്നും ഉള്ള ആശയം ഐറേനിയസ് എന്ന സഭാപിതാവിന്റെ എഴുത്തുകളിൽ കാണാം.

ക്രിസ്തുവാകുന്ന തലയോടുകൂടി സർവസൃഷ്ടിയും ചേർക്കപ്പെട്ടു പൂർത്തീകരിക്കപ്പെടുന്ന പ്രക്രിയയാണു (anakephalaiosis അഥവാ re-capitulation) വീണ്ടെടുപ്പ് എന്ന് ഐറേനിയസ് പഠിപ്പിച്ചു, 'സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും ക്രിസ്തുവിൽ ഒന്നായി ചേർത്തു' (എഫേ. 1:10). 'സർവവും അവന്റെ (ക്രിസ്തുവിന്റെ) കാൽക്കീഴാക്കിവച്ചു അവനെ സർവത്തിനും മീതെ തലയാക്കി എല്ലാറ്റിനും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു' (എഫേ.

1:22, 23), 'ഒന്നാം ആദാമിന്റെ അനുസരണക്കേടു രണ്ടാം ആദാമിന്റെ അനുസരണത്താൽ പരിഹരിക്കപ്പെട്ടു' (റോമ. 5:19) എന്നിങ്ങനെ പൗലോസ് ശ്ലീഹാ വിവരിക്കുന്ന ആശയങ്ങളാണ് ഐറേനിയസിന്റെ ചിന്തകൾക്കാധാരം. Recapitulation Theory (പൂർത്തീകരണ സിദ്ധാന്തം എന്ന പരിഭാഷ പൂർണമായി ശരിയല്ല) എന്ന് ഈ സിദ്ധാന്തം വിളിക്കപ്പെടുന്നു. 'കൂട്ടിച്ചേർക്കൽ സിദ്ധാന്തം' എന്ന് നമുക്കിതിനെ വിളിക്കാം.

## ക്രൂശുമരണം പിതാവാം ദൈവത്തെ തൃപ്തിപ്പെടുത്തുന്നതിനോ?

ആൻസലം (1033–1109) എന്ന പണ്ഡിതൻ (ഇദ്ദേഹം കാന്റർബറി ആർച്ചുബിഷപ്പായിരുന്നു) 'Cur Deus Homo'? (എന്തിനു ദൈവമനുഷ്യൻ?) എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ക്രൂശുമരണം മൂലമുള്ള വീണ്ടെടുപ്പിനു വിചിത്രമായ ഒരർത്ഥം കൊടുത്തു കാണുന്നു.

പരിമിതനായ മനുഷ്യനു നിത്യമായ തൃപ്തീകരണം നൽകാൻ സാദ്ധ്യമല്ല. ദൈവപുത്രനായ യേശുക്രിസ്തുവിനു മാത്രമേ നിത്യമായ തൃപ്തീകരണം നൽകാൻ സാധിക്കൂ. പാപരഹിതനായ കർത്താവു മരിച്ചതു സ്വന്ത പാപത്തിനു വേണ്ടിയല്ല.

ഈ വലിയ അനുസരണം മൂലം ദൈവത്തെ തൃപ്തിപ്പെടുത്തിയ പുത്രൻ തമ്പുരാൻ അതിന്റെ പ്രതിഫലം മനുഷ്യജാതിയ്ക്കു വിട്ടുകൊടുത്തു. അങ്ങനെ മാനവരാശിയാകമാനം ശിക്ഷയിൽ നിന്നു വിടുവിക്കപ്പെട്ടു.

ആൻസലം അവതരിപ്പിച്ച ഈ ആശയം തൃപ്തീകരണ സിദ്ധാന്തം (Satisfaction Theory) എന്ന് അറിയപ്പെടുന്നു. ദൈവനീതിയെ അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്. മനുഷ്യവർഗത്തിനു പകരം ക്രിസ്തു ദൈവത്തെ തൃപ്തിപ്പെടുത്തിയാൽ മതിയോ, ദൈവം മനുഷ്യനായി ദൈവത്തെത്തന്നെ തൃപ്തിപ്പെടുത്തുന്നു എന്ന ആശയത്തിനു യുക്തിബലമുണ്ടോ തുടങ്ങിയ ചോദ്യങ്ങൾ ഈ സിദ്ധാന്തത്തെ എതിർക്കുന്നവർ ഉന്നയിക്കുന്നു.

## ലക്ഷ്യം ഹൃദയപരിവർത്തനം മാത്രമോ?

പാപികൾക്ക് അനുതാപവും ഹൃദയപരിവർത്തനവും കൊടുക്കുവാൻ തക്കവണ്ണം യേശുക്രിസ്തു ക്രൂശുമരണം മുഖാന്തരം ദൈവികസ്നേഹം വെളിപ്പെടുത്തിയതാണെന്നു പീറ്റർ അബിലാർഡ് (1079–1142) എന്ന പണ്ഡിതൻ വാദിച്ചു. ദൈവത്തെ തൃപ്തിപ്പെടുത്തുവാനോ, പിശാചിനു മറുവില കൊടുക്കുവാനായിട്ടോ അല്ല കർത്താവു ക്രൂശിൽ മരിച്ചതെന്ന് ഇദ്ദേഹം തീർത്തുപറഞ്ഞു. ദൈവസ്നേഹത്തിന്റെ ആഴവും അനുതാപികളുടെ മനഃപരിവർത്തനത്തിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്ന ഈ തത്ത്വം

ധാർമിക പ്രചോദന സിദ്ധാന്തം (Moral Influence Theory) എന്ന് അറിയപ്പെടുന്നു. ക്രൂശുമരണത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഈ സിദ്ധാന്തവും അപൂർണമാണ്.

## ശിക്ഷ സ്വമനസ്സാലേ ഏറ്റതോ?

പാപത്തിന്റെ ഒഴിച്ചുകൂടാത്ത ശിക്ഷ യേശു സ്വമനസ്സാലേ വഹിച്ചു എന്നു മാർട്ടിൻ ലൂതർ, ഫിലിപ്പ് മെലംഗ്തോൺ തുടങ്ങിയ നവീകരണചിന്തകർ അഭിപ്രായപ്പെട്ടു. ദൈവനീതി പാപത്തെ ശിക്ഷിക്കാതെ വിടുകയില്ല. ദൈവസ്നേഹം പാപിയെ ശിക്ഷിക്കുവാനനുവദിക്കയില്ല. അതിനാൽ പരിഹാരമാർഗം ദൈവപുത്രൻ ശിക്ഷ സ്വമനസ്സാലേ ഏല്ക്കുകയാണ് – ഇപ്രകാരം അവർ വിശ്വസിച്ചു. കർത്താവു ശിക്ഷ സ്വയംഏറ്റതു പാപിയോട് ഏകീകരിക്കുവാനാണ് എന്നും അവർ പഠിപ്പിച്ചു. ശിക്ഷാവാഹിക സിദ്ധാന്തം (Penal Theory) എന്ന് ഇതറിയപ്പെടുന്നു. ശിക്ഷ സ്വയം ഏല്ക്കുവാൻ തയ്യാറായാലും പാപിയെ ശിക്ഷിക്കാതെ പാപം ചെയ്യാത്തവനെ ശിക്ഷിക്കുന്നതു നീതിയാകുമോ എന്നാണു വിമർശകരുടെ ചോദ്യം.

## വീണ്ടെടുപ്പിനെപ്പറ്റി വിശുദ്ധ അത്താനാസ്യോസ്

'വചനത്തിന്റെ മനുഷ്യാവതാരം' (De - Incarnatione Verbi) എന്ന വി. അത്താനാസ്യോസിന്റെ (295–373) കൃതിയിൽ വീണ്ടെടുപ്പിന്റെ മർമ്മങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നു. ദൈവികമായ ഒരു ആശയസംഘട്ടനത്തിന്റെ (a divine dilemma) പരിഹാരമാർഗമായിട്ടാണു കർത്താവിന്റെ മനുഷ്യാവതാരവും, ക്രൂശുമരണവും അദ്ദേഹം കാണുന്നത്. പാപം ശിക്ഷിക്കപ്പെടാതിരിക്കയും അതുമൂലം നീതി നിവർത്തിക്കപ്പെടാതിരിക്കയും ചെയ്യണമോ, അതോ മനുഷ്യനെ ശിക്ഷിക്കുകയും അവൻ നശിക്കാൻ അനുവദിക്കുകയും ചെയ്യണമോ? ഇതാണ് ആശയസംഘട്ടനം.

## ദൈവിക നീതിയും ദൈവിക സ്നേഹവും

ദൈവത്തിന്റെ സ്നേഹം മനുഷ്യനെ നശിക്കുവാൻ അനുവദിക്കുന്നില്ല. ദൈവികനീതി അവൻ ശിക്ഷിക്കപ്പെടാതെ പോകാനും അനുവദിക്കുന്നില്ല. അതിനാൽ നീതിയും സ്നേഹവും തമ്മിൽ തന്നെ സംയോജിപ്പിച്ചുകൊണ്ടു ദൈവം മനുഷ്യനായി, ക്രൂശുമരണം വരിച്ചു. പാപലേശമില്ലാത്ത ഒരു ശരീരം താൻ എടുത്തു. മലിനപ്പെടാത്ത ഒരു കന്യകയിൽ നിന്നും ജനിച്ചു. തന്റെ ഉയിർത്തെഴുന്നേൽപ്പു മൂലം മരണത്തെ കീഴടക്കി എന്നു തെളിയിച്ചു. ദ്രവത്വത്തെയും നശ്വരതയെയും മരണത്തേയും തോൽപ്പിക്കുവാനും എല്ലാവരെയും രക്ഷിക്കുവാനും എല്ലാവർക്കും വേണ്ടിയാണു താൻ മരിച്ചത് (2 കൊരി. 5:14, എബ്രാ. 2:9–14). സ്രഷ്ടാവിനു മാത്രമേ വീണ്ടെടുപ്പുകാരൻ ആകാൻ സാധിക്കുകയുള്ളു.

യേശു തന്റെ മനുഷ്യാവതാരം മൂലം ദൈവിക സ്വഭാവം വെളിപ്പെടുത്തി. പ്രകൃതിയും പ്രമാണങ്ങളും പരിശുദ്ധന്മാരും മുഖാന്തരം ദൈവികസ്വഭാവം വെളിപ്പെടുത്തിയതായി പഴയനിയമം സാക്ഷിക്കുന്നുണ്ട്. പക്ഷേ, അതു മതിയായിരുന്നില്ല.

## മനുഷ്യപുത്രന്മാർ ദൈവപുത്രന്മാരായിത്തീരുവാൻ

അത്താനാസ്യോസ് എഴുതുന്നു: "ഭൂമിയിൽ ജീവിച്ചതു വഴി താൻ ഭൂതലത്തെ ശുദ്ധീകരിച്ചു. വായുവിൽ കുരിശിൽ തറയ്ക്കപ്പെട്ടതു വഴി താൻ വായുമണ്ഡലത്തെയും ശുദ്ധീകരിച്ചു. പാതാളത്തെയും നിറച്ചു. മനുഷ്യപുത്രന്മാർ ദൈവപുത്രന്മാരായിത്തീരുവാൻ വേണ്ടി ദൈവപുത്രൻ മനുഷ്യപുത്രനായിത്തീർന്നു."

വീണ്ടെടുപ്പും വെളിപ്പെടുത്തലുമാണു മനുഷ്യാവതാരത്തിന്റെ ലക്ഷ്യങ്ങളെന്നു വർണിച്ചതിനു ശേഷം ക്രിസ്തുവിന്റെ ആളത്വവും പ്രവർത്തനങ്ങളും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു വി. അത്താനാസ്യോസ് എഴുതുന്നു. ഒരു ബലിയുടെ പൂർത്തീകരണമായിട്ടാണ് മനുഷ്യാവതാരത്തെ അദ്ദേഹം കണ്ടത്.

## ബലിയുടെ പൂർത്തീകരണം

എബ്രായലേഖന കർത്താവിനോടൊപ്പം വീണ്ടെടുപ്പിന്റെയും പാപപരിഹാരത്തിന്റെയും ബലിയായിട്ടു കർത്താവിന്റെ ക്രൂശുമരണത്തെ കാണുവാനാണു പൗരസ്ത്യസഭാപിതാക്കന്മാർ ശ്രമിച്ചിട്ടുള്ളത്. ഈ ബലിയുടെ ആവർത്തനമായിട്ടല്ല തുടർച്ചയായിട്ടാണ് വി. കുർബാനയെ അവർ വീക്ഷിക്കുന്നത്. പഴയനിയമ പശ്ചാത്തലത്തിൽ ബലി നേർച്ചയാണ്, നന്ദി പ്രകടനമാണ്, പാപപരിഹാര മാർഗമാണ്, ഉഭയസമ്മതത്തിന്റെ (ഉടമ്പടിയുടെ) അടയാളവുമാണ്. സമർപ്പിക്കപ്പെട്ട യാഗവസ്തുവിനെ ശുദ്ധീകരിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഈ ബലിയിൽ പഴയനിയമപ്രക്രിയയിൽ ദൈവത്തിനു മനുഷ്യൻ ഭയഭക്തിയോടു കൂടി കാഴ്ച കൊണ്ടുവരുന്നു. ബഹുമാനപുരസ്സരം യാഗവസ്തുവിനെ സമർപ്പിക്കുന്നു. ലംഘനങ്ങൾക്കു പരിഹാരമായി ശുദ്ധീകരണ പ്രാർത്ഥനകൾ നടത്തുകയും സ്നേഹവിരുന്നിന് അംശികളായിത്തീരുകയും ചെയ്യുന്നു. യാഗവസ്തുവിൽ നിന്നു ജീവൻ വേർപിരിയുമെങ്കിലും ആരാധകർ ജീവൻ പ്രാപിക്കുവാൻ അതു പര്യാപ്തമായിത്തീരുന്നു. പഴയനിയമത്തിൽ രക്തം ജീവന്റെ പ്രതീകമാണ്.

യേശുക്രിസ്തുവിന്റെ രക്തം പുതിയ ഉടമ്പടിയുടേതായ വീണ്ടെടുപ്പിന്റെ രക്തമാണ്. ആ രക്തം തളിക്കപ്പെടാതെ പാപക്ഷമയില്ല. ആ ശരീരം ഭക്ഷിക്കപ്പെടാതെ, ആ രക്തം പാനം ചെയ്യാതെ, അതായതു വി. കുർബാനയാകുന്ന ബലിയിൽ പങ്കുചേരാതെ വിശ്വാസി ജീവൻ പ്രാപിക്കുകയുമില്ല. ഈ

ബലിയിൽക്കൂടി ദൈവവും മനുഷ്യനും തമ്മിലുള്ള സംസർഗം ഒരു യാഥാർത്ഥ്യമായിത്തീരുന്നു. 'യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' എന്നിപ്രകാരമുള്ള വേദഭാഗങ്ങൾ ഈ അർത്ഥത്തിലാണു നാം മനസ്സിലാക്കേണ്ടത്.

### വീണ്ടെടുപ്പ്: ദൈവീകരണ പ്രക്രിയ

മനുഷ്യൻ ദൈവീകരിക്കപ്പെട്ടു ദൈവമക്കളായിത്തീർന്നുകൊണ്ടിരിക്കുന്ന അനുഭവത്തിലേക്കു ചേർക്കപ്പെടുക എന്നതാണു വി. മാമോദീസായിൽക്കൂടി ഓരോ വിശ്വാസിക്കും അനുഭവപ്പെടുന്നത്. പറുദീസായിൽ ജീവന്റെ അനുഭവത്തിൽ ദൈവസ്വരൂപത്തിലും സാദൃശ്യത്തിലുമുള്ള വളർച്ചയാണത്. പാപം മൂലം മുരടിച്ചുപോയെങ്കിലും വീണ്ടും വളർന്നു ദൈവാനുരൂപികളായിത്തീർന്നുകൊണ്ടിരിക്കുന്ന അനുസ്യൂതമായ അനുഭവത്തിലേക്കാണു നാം വീണ്ടും എടുക്കപ്പെട്ടിരിക്കുന്നത്. വി. മാമോദീസായിൽക്കൂടി വീണ്ടും ജനിക്കുന്ന നാം ദൈവസാദൃശ്യത്തിന്റെ ഉന്നതിയിലേക്ക് അനുദിനം വളർന്നുകൊണ്ടിരിക്കേണ്ടവരാണ്. ആ വളർച്ച ഈ ലോകജീവിതത്തിനപ്പുറത്തും നടന്നുകൊണ്ടിരിക്കുന്നതിനാലാണു മരണാനന്തര ജീവിതത്തിനു സഭ പ്രാധാന്യം കൽപ്പിക്കുന്നത്. ദൈവത്തിന്റെ ഉണ്മയുടെ പൂർണതയിലേക്കു ഒരിക്കലും എത്തിച്ചേരുവാൻ മനുഷ്യനു സാധ്യമല്ല. എന്നാൽ ദൈവത്തിന്റെ വർണ്ണിക്കപ്പെടാവുന്ന ഗുണഗണങ്ങൾ സ്വായത്തമാക്കാനുള്ള മനുഷ്യന്റെ അനന്തമായ സാദ്ധ്യതയാണ് 'ദൈവസാദൃശ്യമായി' മനുഷ്യനിൽ വീണ്ടെടുപ്പു മൂലം പുനഃസ്ഥാപിക്കപ്പെടുന്നത്. ആ ദൈവാനുരൂപ പ്രവർത്തനം അഥവാ ദൈവീകരണ പ്രക്രിയയാണു വീണ്ടെടുപ്പിന്റെ മർമ്മപ്രധാനമായ സംഗതി. ദൈവത്തിന്റെ ഭാഗത്തു നിന്നും 'മനുഷ്യപുത്രനായിത്തീരൽ' ആണു വീണ്ടെടുപ്പിന്റെ പ്രധാന വശമായി കാണുന്നതു എങ്കിൽ മനുഷ്യന്റെ ഭാഗത്തു നിന്നും 'ദൈവമക്കളായിത്തീരൽ' എന്ന പ്രവർത്തനം മർത്യകുലത്തിന്റെ വീണ്ടെടുപ്പിന്റെ അടിസ്ഥാന ഘടകമായി കാണേണ്ടതാണ്. മർത്യകുലത്തിന്റെ വീണ്ടെടുപ്പ് ദൈവത്തിന്റെ മാത്രമായ പ്രവർത്തനമായി കരുതി മനുഷ്യന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കാതെ, 'മനുഷ്യനായിത്തീർന്ന ദൈവപുത്രന്റെ' പ്രവർത്തനമായി കണ്ടുകൊണ്ട് മനുഷ്യരായ നാം 'ദൈവമക്കളായി'ത്തീരുവാനുള്ള അശ്രാന്ത പരിശ്രമത്തിൽ അനുസ്യൂതം തുടരേണ്ടതു വീണ്ടെടുപ്പിന്റെ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്.

## ചോദ്യങ്ങൾ

1. ക്രിസ്തു തന്റെ ക്രൂശുമരണം മൂലം മാനവരാശിയെ വീണ്ടെടുത്തു: ഈ വീണ്ടെടുപ്പിനെപ്പറ്റിയുള്ള സിദ്ധാന്തങ്ങൾ ചർച്ച ചെയ്യുക.

2. വി. അത്താനാസിയോസിന്റെ 'The Incarnation of the Word' എന്ന ഗ്രന്ഥം പഠിച്ച് അതിലെ പ്രധാന സന്ദേശങ്ങൾ എടുത്തെഴുതുക.
3. മനുഷ്യന്റെ 'ദൈവീകരണം' എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?

## പാഠം 5

# യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പും രണ്ടാമത്തെ വരവും

❑ ഉയിർപ്പ് ചരിത്രവസ്തുത ❑ കർത്താവു നൽകിയ സൂചന ❑ വി. പൗലോസിന്റെ സാക്ഷ്യം ❑ വിമർശകരുടെ വാദഗതികൾ ❑ യോനായുടെ അടയാളം ❑ പ്രാർത്ഥനയും പ്രാണവേദനയും ❑ മരണം ഇത്ര പെട്ടെന്നോ? ❑ രക്തവും വെള്ളവും ❑ ജീവനോടെ ഒളിക്കപ്പെട്ടു? ❑ മതിഭ്രമ സിദ്ധാന്തങ്ങൾ ❑ ആദിമസഭയുടെ ശക്തമായ സാക്ഷ്യം ❑ മുദ്ര വച്ച കല്ലറ ❑ പൊതിഞ്ഞിരുന്ന ശീല ❑ തിരുവചനങ്ങളുടെ മാഹാത്മ്യം ❑ പടയാളികളുടെ ഉറപ്പ് ❑ ശിഷ്യന്മാരുടെ അത്ഭുത രൂപാന്തരം ❑ ഉയിർപ്പിന്റെ അർത്ഥം ❑ പുനരാഗമനത്തിന്റെ മർമ്മം

## ഉയിർപ്പ് - ഒരു ചരിത്രവസ്തുത

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണമാണു ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്. 'ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊരി. 15:14) എന്ന് വി. പൗലോസ് പ്രഖ്യാപിക്കുന്നു. ഒഴിഞ്ഞ കല്ലറയും ക്രിസ്തുവിനെ കണ്ട സാക്ഷികളും ഇതൊരു ചരിത്രവസ്തുതയാണെന്നു സ്പഷ്ടമാക്കുന്നു.

### A. സുവിശേഷങ്ങളിലെ സൂചന

അവൻ സത്യമായും ഉയിർത്തു എന്നു വിശ്വസിക്കുവാൻ ആദ്യം കൂട്ടാക്കാഞ്ഞവരാണു ശിഷ്യന്മാർ (മത്താ. 28:17; ലൂക്കോ. 24:11, 37; മർക്കോ. 16:11, 14; യോഹ. 20:25 ഈ ഭാഗങ്ങൾ ശ്രദ്ധിക്കുക). യേശുവിന്റെ മരണം അവരെ അത്രമാത്രം ഭഗ്നാശയരാക്കിത്തീർത്തു. ഉയിർത്തെഴുന്നേൽക്കും എന്നു യേശു തന്നെ ശിഷ്യന്മാരെ നേരത്തെ അറിയിച്ചിരുന്നതായി സുവിശേഷങ്ങളിൽ സൂചന ഉണ്ട് (മർക്കോ. 8:31; 9:31; 10:32–34; മത്താ. 16:21; 17:9; 20:27; ലൂക്കോ. 9:22; 18:33). പക്ഷേ, അതിന്റെ അർത്ഥവ്യാപ്തി ശിഷ്യന്മാർക്കു

പൂർണ്ണമായി മനസ്സിലായിരുന്നില്ല (ലൂക്കോ. 24:13–35; യോഹ. 20; 26:9).

## B. വി. പൗലോസിന്റെ സാക്ഷ്യം

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു നിത്യം ജീവിക്കുന്നു എന്ന പരമ ബോധ്യത്തോടെയാണ് ആദിമ ക്രൈസ്തവർ ജീവിച്ചത്. വി. പൗലോസിന്റെ സാക്ഷ്യം ദൃഷ്ടാന്തമായെടുക്കാം: 'ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു. തിരുവെഴുത്തുകളനുസരിച്ച് അവൻ ഉയിർത്തെഴുന്നേറ്റു. വി. പത്രോസിനും മറ്റ് അപ്പോസ്തോലന്മാർക്കും അഞ്ഞൂറിലധികം സഹോദര ങ്ങൾക്കും അവൻ പ്രത്യക്ഷപ്പെട്ടു' (1 കൊരി. 15:3–15 കാണുക). ആ അഞ്ഞൂറു പേരിൽ ചിലർ മരിച്ചുപോയി എങ്കിലും പലരും ലേഖനം എഴുതുന്ന കാലത്തു ജീവിച്ചിരുന്നു. പൗലോസിനും മറ്റു പല ശിഷ്യന്മാർക്കും അവൻ പ്രത്യക്ഷനായി താൻ ജീവിച്ചിരിക്കുന്നു എന്നു തെളിയിച്ചു. ക്രമേണ, യേശു ക്രിസ്തുവിന്റെ ആളത്തത്തെയും പ്രവർത്തനങ്ങളേയും ഉയിർത്തെഴു ന്നേല്പ്പിന്റെ വെളിച്ചത്തിൽ കൂടുതൽ സ്പഷ്ടമായി മനസ്സിലാക്കുവാൻ ആദിമ ക്രൈസ്തവർ ശ്രമിച്ചു.

### വിമർശകരുടെ വാദഗതി

യേശുവിന്റെ ക്രൂശുമരണവും ഉയിർത്തെഴുന്നേൽപ്പും വെറും കപടനാട കമായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവർ വിരളമല്ല. വി. വേദപുസ്തക ത്തിൽ നിന്നു തന്നെ തെളിവുകൾ ഉദ്ധരിക്കുവാനും ഇക്കൂട്ടർ മടിക്കാറില്ല. അവർ ഉന്നയിക്കുന്ന ചില തെളിവുകൾ പരിശോധിക്കാം.

#### 1. യോനായുടെ അടയാളം

മത്താ. 12:39, 40 – 'അവൻ അവരോട് ഉത്തരം പറഞ്ഞത്: ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തെരയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും.' യോനാ പ്രവാചകന്റെ അടയാളം തന്റെ കാര്യത്തിലും ബാധകമാണ് എന്ന് കർത്താവ് ഇവിടെ വ്യക്തമാക്കുന്നു. ജീവനോടെ മത്സ്യത്തിന്റെ ഉള്ളിൽ പ്രവേശിച്ച യോന ജീവനോടെ പുറത്തു വന്നതുപോലെ കർത്താവ് മരിക്കാതെ കല്ല റയിൽ നിന്നും പുറത്തുവന്നു എന്നാണു വ്യാഖ്യാനം.

#### 2. പ്രാർത്ഥനയും പ്രാണവേദനയും

മത്താ. 26:39; ലൂക്കോ. 22:42; മർക്കോ. 14:36 എന്നീ ഭാഗങ്ങളിൽ കാണുന്ന പ്രാർത്ഥനയും (പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീക്കേണമേ) മത്താ. 27:46 –ൽ കാണുന്ന ചോദ്യവും (എന്റെ ദൈവമേ,

എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?) ചൂണ്ടിക്കാണിച്ചുകൊണ്ട്, പ്രാർത്ഥന കേൾക്കുന്നവനായ ദൈവം യേശുവിന്റെ പ്രാർത്ഥന കേട്ടു മരണത്തിൽ നിന്നു രക്ഷപ്പെടുത്തിക്കാണുമെന്നാണു മറ്റൊരു ചിന്താഗതി.

**3. മരണം ഇത്ര പെട്ടെന്നോ?**

കർത്താവിനോടൊന്നിച്ചു തൂക്കപ്പെട്ട കള്ളന്മാരിരുവരെയും ക്രൂശിൽ നിന്നിറക്കുമ്പോൾ അവർ മരിച്ചിരുന്നില്ലെന്നും, ന്യായമായും കർത്താവും മരിക്കാൻ സാദ്ധ്യതയില്ലെന്നുമാണു ക്രൂശിൽ തൂക്കപ്പെട്ടെങ്കിലും മരിക്കാതിരുന്നവരുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഉന്നയിക്കുന്ന മറ്റൊരു വാദഗതി. പടയാളികൾക്കു പോലും ആ സംശയമുണ്ടായിരുന്നെന്നും അതുകൊണ്ടാണു പീലാത്തോസ് അരിമത്യയിലെ ജോസഫിനോട് 'ഇത്ര പെട്ടെന്ന് അവൻ മരിച്ചുപോയോ' എന്നു സംശയത്തോടുകൂടി ചോദിച്ചതെന്നും അവർ പറയുന്നു.

**4. രക്തവും വെള്ളവും**

കുന്തംകൊണ്ടു വിലാപ്പുറത്ത് കുത്തിയപ്പോൾ രക്തവും വെള്ളവും പുറപ്പെട്ടു എന്നതിൽ നിന്നു കർത്താവിനു ജീവനുണ്ടായിരുന്നു എന്നു ചിലർ നിരൂപിക്കുന്നു. ശരീരം പെട്ടെന്നു ക്രൂശിൽ നിന്നിറക്കി പരിചരണങ്ങൾ നൽകിയതുകൊണ്ടു കർത്താവു മരിച്ചില്ല എന്നു ഇക്കൂട്ടർ വാദിക്കുന്നു. കാൽമുട്ടുകൾ ഒടിക്കുക എന്ന കർമ്മം യേശുവിൽ പ്രയോഗിച്ചില്ല എന്നതും മറ്റൊരു ഉദാഹരണമായി ഉന്നയിക്കപ്പെടുന്നു.

**5. ജീവനോടെ ഒളിക്കപ്പെട്ടു?**

യേശുവിനെ മോചിപ്പിക്കുവാൻ ആഗ്രഹിച്ച പീലാത്തോസ് തന്റെ ഭാര്യയുടെ പ്രേരണ മൂലം ആ ശ്രമം തുടർന്നു കാണുമെന്നും അരിമത്യയിലെ ജോസഫ്, നിക്കോദിമോസ് തുടങ്ങിയവരുടെ സഹായത്തോടെ കല്ലറയിൽ നിന്നു ശരീരം ജീവനോടെ ഒളിച്ചുവച്ചു എന്നുമാണ് ചിലരുടെ നിഗമനം. അതിനുശേഷം വിശപ്പും ദാഹവുമുള്ള ശരീരത്തോടുകൂടി ക്രിസ്തു പ്രത്യക്ഷപ്പെട്ടതും മറ്റൊരു തെളിവായി അവർ കാണുന്നു.

**6. മതിഭ്രമ സിദ്ധാന്തങ്ങൾ**

ശിഷ്യന്മാർ ശരീരം മോഷ്ടിച്ചു കൊണ്ടുപോയി, ഉയിർത്തെഴുന്നേറ്റ ശരീരം കണ്ടു എന്നു പറയുന്നവർ മതിഭ്രമം പിടിച്ചവരായിരുന്നു, ശരീരത്തോടുകൂടി പ്രത്യക്ഷപ്പെട്ടു എന്നു പറയുന്നതു വെറും തോന്നലാണ്, ആത്മാവ് മാത്രമാണ് ഉയിർത്തത് തുടങ്ങി അനേകം സിദ്ധാന്തങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

## C. ആദിമസഭയുടെ ശക്തമായ സാക്ഷ്യം

ഇവയൊന്നും ഉയിർത്തെഴുന്നേൽപ്പിനെ സംബന്ധിച്ച ആദിമസഭയുടെ ശക്തമായ സാക്ഷ്യവും വി. വേദപുസ്തകരേഖകളും നിഷേധിക്കുവാൻ പര്യാപ്തമായ തെളിവുകളല്ല. ഉയിർത്തെഴുന്നേൽപ്പിനെ ഖണ്ഡിക്കുവാൻ വേണ്ടി ശ്രമിച്ച യഹൂദപ്രമാണിമാർക്കു ക്രിസ്തുവിനെ കണ്ടെത്തി മറ്റുള്ളവർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ എന്തുകൊണ്ടു കഴിഞ്ഞില്ല? അഞ്ഞൂറിലധികം പേർക്കു കർത്താവു പ്രത്യക്ഷനായി എന്ന വി. പൗലോസിന്റെ പ്രസ്താവന അവരാരും തന്നെ എന്തുകൊണ്ടു നിഷേധിച്ചില്ല? (അതിനകം അവരെല്ലാം മരിച്ചു കാണാനിടയില്ല).

### മുദ്രവച്ച കല്ലറ

യോനാ പ്രവാചകന്റെ അടയാളം ഉദ്ധരിക്കപ്പെട്ടതു താൻ മരിക്കാതെ കല്ലറയിൽ നിന്നു പുറത്തുവരുമെന്ന അർത്ഥത്തിലല്ല. കഷ്ടമനുഭവിച്ചു മരിച്ചടക്കപ്പെട്ടു മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കേണ്ടതാകുന്നു എന്നു സ്പഷ്ടമാക്കുവാനാണ്. യഹൂദന്മാർ പീലാത്തോസിനെ സമീപിച്ചു കല്ലറയ്ക്കു മുദ്ര വയ്പിക്കയും പടയാളികളെ കാവൽ നിർത്തുകയും ചെയ്തു.

### പൊതിഞ്ഞിരുന്ന ശീല

യേശുവിന്റെ ശരീരം ആരെങ്കിലും മോഷ്ടിച്ചുകൊണ്ടുപോകയാണെങ്കിൽ അതു പൊതിഞ്ഞിരുന്ന ശീല മാറ്റേണ്ടതില്ലല്ലോ. ശിഷ്യന്മാർ കണ്ടതായ ശീലകൾ ഒരു മോഷ്ടാവു കൈകാര്യം ചെയ്തതല്ല എന്ന് അവർക്കു ബോദ്ധ്യപ്പെട്ടു. അടച്ചിരുന്ന മുറിയുടെ വാതിൽ തുറക്കാതെ കടന്നവൻ ശീലകൾ കൊണ്ടുള്ള കൂടു പൊളിക്കാതെ അതിനു പുറത്തുപോയി എന്ന് ന്യായമായി വിശ്വസിക്കാം.

## D. തിരുവചനങ്ങളുടെ മാഹാത്മ്യം

'കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കേണമേ' എന്നു കർത്താവു പ്രാർത്ഥിച്ചതു മരണത്തെ ഭയന്നാണെന്നു കരുതുന്നത് മൗഢ്യമാണ്. ക്രൂശിൽ നിന്നുള്ള ഏഴു തിരുവചനങ്ങൾ പരിശോധിച്ചാൽ തന്റെ മാഹാത്മ്യം മനസ്സിലാക്കാം. ക്രൂശിൽ വച്ചും സ്വന്തവേദനയല്ല കൊലയാളികൾക്കു പാപക്ഷമ ലഭിക്കുന്നതാണ് താൻ ശ്രദ്ധിച്ചത്. പാപരഹിതനായ തന്റെ മേൽ മനുഷ്യരാശിയുടെ പാപസമ്മർദ്ദം മൂലം ഏറ്റ നൈമിഷിക മങ്ങലാണ് ദൈവം തന്നെ കൈവിട്ടതായി തോന്നിയതിന് നിദാനം. മനുഷ്യവർഗ്ഗത്തോടുള്ള ഏകീകരണവും അവിടെ വ്യക്തമാകുന്നു. 'നാം എന്നേയ്ക്കും ദൈവത്തോടു കൂടെ ആയിരിക്കേണ്ടതിന് അവൻ ഒരു നിമിഷത്തേയ്ക്ക് കൈവിടപ്പെട്ടു' എന്നു ഒരു പരിശുദ്ധൻ ഇതേപ്പറ്റി പറഞ്ഞിരിക്കുന്നു.

### E. പടയാളികളുടെ ഉറപ്പ്

ക്രൂശിൽ നിന്നിറക്കുമ്പോൾ കർത്താവു മരിച്ചിരുന്നില്ല എന്ന വാദഗതിയും അടിസ്ഥാനരഹിതമാണ്. താൻ മരിച്ചു എന്നു പടയാളികൾ ഉറപ്പു വരുത്തി (യോഹ. 19:34). മരിക്കാതെ അടക്കപ്പെടുവാൻ കോപാക്രാന്തരായ യഹൂദ ജനവും റോമൻ അധികാരികളും അനുവദിക്കുമായിരുന്നില്ല. കുത്തേറ്റു രക്തവും വെള്ളവും പുറപ്പെട്ടു എന്ന വസ്തുത വിശകലനം ചെയ്താൽ അതു ചെയ്ത പടയാളി കർത്താവിന്റെ മരണത്തിനു സാക്ഷ്യം വഹിക്കാതെ പിന്തിരിഞ്ഞു എന്ന് ചിന്തിക്കാനേ സാദ്ധ്യമല്ല.

### F. ശിഷ്യന്മാരുടെ അത്ഭുത രൂപാന്തരം

അപ്പോസ്തോലന്മാരിൽ സംഭവിച്ച അത്ഭുത രൂപാന്തരം ഉയിർത്തെഴുന്നേൽപ്പ് എന്ന ചരിത്ര സത്യത്തെ ഉറപ്പിക്കുന്നു. പൊള്ളയായ കൃത്രിമ കഥകൾ ഈദൃശ രൂപാന്തരം മനുഷ്യരിൽ വരുത്തുമോ? വിഭിന്ന സാഹചര്യങ്ങളിൽ പല കൂട്ടങ്ങൾക്കു യേശു പ്രത്യക്ഷനായി. അവരെല്ലാം തന്നെ മാനസിക സമനില തെറ്റിയവരായിരുന്നു എന്നു വാദിക്കുന്നതു യുക്തിസഹമല്ല. ക്രിസ്തുസഭ തിരോധാനം ചെയ്യാതെ വളരുന്നതിനും പടരുന്നതിനും കാരണം ഉയിർത്തെഴുന്നേല്പ്പിന്റെ സാധുതയാണ്. ശിഷ്യന്മാർ ശരീരം മോഷ്ടിച്ചു എന്നത് പരീശന്മാരുടെ കള്ളക്കഥയാണ് എന്ന് മത്താ. 27:64; 28:13 മുതലായ വേദഭാഗങ്ങൾ വ്യക്തമാക്കുന്നു.

### ഉയിർപ്പിന്റെ അർത്ഥം

ക്രിസ്തു ഉയിർത്തു. അവൻ സത്യമായും ഉയിർത്തു എന്നു വി. സഭ വിശ്വസിച്ച് ഏറ്റുപറയുന്നു. തിന്മയെയും മരണത്തെയും താൻ തോല്പ്പിച്ചു. സാത്താനെയും സൈന്യത്തെയും പരാജയപ്പെടുത്തി. ഉയിർത്തെഴുന്നേറ്റ കർത്താവ് എപ്പോഴും തങ്ങളോടു കൂടെയുണ്ടെന്നു ശിഷ്യന്മാർക്ക് അനുഭവപ്പെട്ടു. സഭയ്ക്കും ലോകത്തിനും ഇന്നും അത് അനുഭവപ്പെടണം. പൂർണ്ണ ആളത്വത്തിന്റെ ഉയിർപ്പാണ് കർത്താവിന്റേത്. ശരീരവും ആത്മാവും തമ്മിൽ അവിഭാജ്യമാണെന്ന് ഉയിർപ്പ് നമ്മെ പഠിപ്പിക്കുന്നു. 'പദാർത്ഥം തിന്മയാണ്' എന്ന യവന ചിന്താഗതി വി. ഉയിർപ്പ് നിഷേധിക്കുന്നു.

ഉയിർപ്പിനു മുമ്പ് കഷ്ടാനുഭവം ആവശ്യമാണെന്നും ഉയിർത്ത യേശുക്രിസ്തുവിലുള്ള വിശ്വാസം വിശ്വാസിയുടെ വ്യക്തിപരമായ ഉയിർപ്പിന്റെ മുൻകുറിയാണെന്നും ക്രിസ്തീയ പ്രത്യാശയുടെ പൂർത്തീകരണമാണെന്നും വി. സഭ സാക്ഷിക്കുന്നു. ദൈവം സ്ഥലകാലങ്ങൾക്കതീതനായി ത്രിത്വമായി നിത്യനാണെന്ന് ഉയിർപ്പു മൂലം തെളിയിക്കപ്പെട്ടു.

ക്രിസ്തുവിന്റെ ഉയിർപ്പിന്റെ സാംഗത്യം ഒരു പണ്ഡിതൻ ഇപ്രകാരം വിശദീകരിക്കുന്നു: 'ക്രിസ്തുവിന്റെ ഉയിർപ്പ് ചെയ്തുതീർക്കാത്ത ഒരു ദൗത്യ

ത്തിന്റെ അടയാളമാണ്. ഒരു മഹത്തായ വിജയത്തിന്റെ ചിഹ്നമാണ്, വരുവാനിരിക്കുന്ന പുനരുത്ഥാനത്തിന്റെ ഉറപ്പാണ്, ഭാവിയിലെ ന്യായവിധിയുടെ നിശ്ചയവുമാണ്.'

## പുനരാഗമനത്തിന്റെ മർമ്മം

ഉയിർപ്പിനെപ്പോലെ തന്നെ കർത്താവിന്റെ രണ്ടാമത്തെ വരവും സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പഠിപ്പിക്കലാണ്. സ്വർഗാരോഹണസമയത്ത് വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ 'അവൻ വീണ്ടും വരും എന്നു പറഞ്ഞു' (അ. പ്ര. 1:10, 11). ക്രൂശുമരണവും ഉയിർപ്പും സ്വർഗാരോഹണവും പെന്തിക്കോസ്തിയുമെല്ലാം മിശിഹാ ഉദ്ഘാടനം ചെയ്ത അന്ത്യയുഗത്തിന്റെ ആരംഭമായിട്ടും കർത്താവിന്റെ രണ്ടാമത്തെ വരവ് അതിന്റെ ഉപസംഹാരമായിട്ടും ചിന്തിക്കുന്നതിൽ തെറ്റില്ല.

പുനരാഗമനത്തിന്റെ നാളും നാഴികയും നാമറിയുന്നില്ല. അതിന്റെ സമയമല്ല പുനരാഗമനം എന്ന യാഥാർത്ഥ്യമാണു പ്രധാനം. യുഗാന്ത്യത്തെക്കുറിച്ചു വി. മർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായത്തിലും തെസ്സലോനിക്യർക്കെഴുതിയ രണ്ടാം ലേഖനം രണ്ടാം അദ്ധ്യായത്തിലും മറ്റും വർണ്ണിച്ചിരിക്കുന്നതിൽ സമകാലീന യഹൂദ പ്രത്യാശകളുടെ പദപ്രയോഗങ്ങളും എടുത്തിട്ടുണ്ടെങ്കിലും പുനരാഗമന ദൂതു പുതിയനിയമത്തിലുള്ള ക്രിസ്തീയ വാഗ്ദാനത്തിന്റെ ഭാഗം തന്നെയാണെന്ന് ക്രൈസ്തവ പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു.

'ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിക്കുവാനാണ്' (അ. പ്ര. 10:42, 2 തിമോ. 4:1) ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു വീണ്ടും വരുന്നത്. ഉയിർപ്പിന്റെയും ന്യായവിധിയുടേയും മർമ്മം മാനുഷിക വിശദീകരണങ്ങൾക്കും സങ്കൽപ്പങ്ങൾക്കും അതീതമാണ്. ദൈവസ്നേഹവും നീതിയും കരുണയും ഉയിർപ്പിൽ പ്രതിഫലിച്ചു എന്നും ന്യായവിധിയിൽ അതു വീണ്ടും പ്രകടമാകുമെന്നും നമ്മുടേതായ ഭാഷയിൽ നമുക്കു പറയാം. വിശ്വാസത്തോടും പ്രത്യാശയോടും കൂടെ ഈ മർമ്മങ്ങളെ സമീപിക്കുന്നതാണു ക്രിസ്തീയ ധർമ്മം.

## ചോദ്യങ്ങൾ

1. ക്രിസ്തു സത്യമായും ഉയിർത്തു എന്നു വി. സഭ വിശ്വസിച്ച് ഏറ്റുപറയുന്നു. ഈ വിശ്വാസത്തിന്റെ അടിസ്ഥാനമെന്ത്?
2. 'നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പീൻ' (ലൂക്കോ. 12:40). ഈ വാക്യത്തെ അടിസ്ഥാനമാക്കി ഒരു പ്രസംഗം തയ്യാറാക്കുക.

# പാഠം 6

# ക്രിസ്തുശാസ്ത്ര സിദ്ധാന്തങ്ങൾ

❑ ക്രിസ്തുശാസ്ത്ര സിദ്ധാന്തങ്ങളുടെ പശ്ചാത്തലം ❑ സഭ തിരസ്കരിച്ച ചിന്തകൾ ❑ ജ്ഞാനവാദം ❑ ഈബിയൻ സിദ്ധാന്തം ❑ ഡൊസെറ്റിക് ചിന്താഗതി ❑ മാർക്കിയോന്റെ ഉപദേശം ❑ സബല്യൻ വാദം ❑ ദത്തെടുക്കൽ വാദം ❑ അറിയോസിന്റെ പഠിപ്പിക്കൽ ❑ എവുത്തിക്കോസിന്റെ വാദം ❑ നെസ്തോറിയൻ ചിന്ത ❑ അപ്പൊല്ലിനേറിയസിന്റെ ഉപദേശം ❑ അപ്പോസ്തോലിക പിതാക്കന്മാർ ❑ വിശ്വാസ സംസ്ഥാപകർ ❑ നിഖ്യാസുന്നഹദോസ് പ്രഖ്യാപനം ❑ അലക്സന്ത്രിയായിലെ അത്താനാസിയോസ് ❑ കപ്പദോക്യൻ പിതാക്കന്മാർ ❑അലക്സന്ത്രിയൻ അന്ത്യോഖ്യൻ ചിന്താഗതികൾ ❑ പൂർണ്ണ യോജിപ്പിലേക്ക്

## I. സിദ്ധാന്തങ്ങളുടെ പശ്ചാത്തലം

സഭയുടെ പൊതുവായ പാരമ്പര്യങ്ങൾക്ക് അനുരൂപമല്ലായെന്നു കണ്ടു സഭ പരിത്യജിച്ച ക്രിസ്തുശാസ്ത്ര വ്യാഖ്യാനങ്ങൾ പലതുണ്ട് (ഈ പാരമ്പര്യങ്ങളുടെ മാനദണ്ഡത്തെപ്പറ്റി പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നു). ലഭ്യമായ രേഖകളിൽ നിന്നു യേശുക്രിസ്തുവിന്റെ ആളത്തത്തെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും ആദിമസഭയ്ക്ക് പൂർണഗ്രാഹ്യം കിട്ടിയിരുന്നില്ല. അതിനാൽ വ്യാഖ്യാനങ്ങൾ പലതുണ്ടായി. ആശയസംഘട്ടനങ്ങളും ചേരിതിരിവുകളും ക്രിസ്തുശാസ്ത്ര സംവാദങ്ങളും സഭയെ ഭിന്നിപ്പിച്ചു.

വിശകലനത്തിൽ അപകടകരവും അർദ്ധസത്യങ്ങളുമായിക്കണ്ട ആശയഗതികളെ എതിർക്കുന്ന പ്രക്രിയയിൽ കൂടിയാണ് സഭയുടെ ക്രിസ്തുശാസ്ത്രശാഖ വികസിച്ചത്. അപകടങ്ങളെന്നു സഭ വിധിച്ച ആശയഗതികൾ എന്തൊക്കെയായിരുന്നുവെന്നു ആദ്യം പരിശോധിക്കാം.

### 1. ജ്ഞാനവാദം (Gnosticism)

ജ്ഞാനവാദസിദ്ധാന്തത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് യേശുക്രിസ്തുവിന്റെ ആളത്തത്തെ വ്യാഖ്യാനിക്കുവാനുള്ള ശ്രമം ഒന്നാം നൂറ്റാണ്ടിൽത്തന്നെയുണ്ടായി. ജ്ഞാനവാദികളിൽത്തന്നെ വ്യത്യസ്ത പഠിപ്പിക്കലുകൾ നിലവിലിരുന്നു. രണ്ടു ദൈവങ്ങൾ അഥവാ യാഥാർത്ഥ്യങ്ങൾ ഉണ്ടെന്ന് ഇവർ പൊതുവെ പഠിപ്പിച്ചു. ഒന്ന് നന്മയുടെ സ്രഷ്ടാവായ ദൈവം. രണ്ട്, തിന്മയുടെ സ്രഷ്ടാവ്. ഈ ഭൗതികലോകം തിന്മയുടെ സ്രഷ്ടാവ് നിർമിച്ചതാണ്. അതിനാൽ ഇതു തിന്മയാണ്. എന്നാൽ നന്മയുടെ സ്രഷ്ടാവ് നിർമിച്ച ആത്മാക്കൾ കുടികൊള്ളുന്ന മനുഷ്യർ ഈ ലോകത്തിലുണ്ട്. തങ്ങ

ളുടെ യഥാർത്ഥസ്വഭാവം എന്താണെന്നു മനസ്സിലാക്കാതെ അജ്ഞാന ത്തിൽ കഴിയുന്ന ഇവർക്കു ജ്ഞാനം (Gnosis) നൽകുന്നതിനു വേണ്ടി ദൈവം ലോകത്തിൽ അയച്ച ആളാണ് യേശുക്രിസ്തു.

യേശുക്രിസ്തു പരിപൂർണ മനുഷ്യനും പരിപൂർണ ദൈവവുമാണെന്നു ജ്ഞാനവാദികൾ അംഗീകരിച്ചില്ല. യേശു ഒരു മദ്ധ്യസ്ഥിതൻ (Intermediary) മാത്രം. അവനെക്കുറിച്ചും ഈ ലോകത്തെക്കുറിച്ചുമുള്ള അറിവാണു പ്രധാനം. ഈ അറിവ് തങ്ങൾക്കുണ്ടെന്നു ജ്ഞാനവാദികൾ അവകാശപ്പെട്ടു. അവൻ നൽകുന്ന രക്ഷയും വീണ്ടെടുപ്പും നിഷേധിച്ച ഇക്കൂട്ടർക്കു കർത്താവിന്റെ പീഡാനുഭവം, മരണം, ഉയിർത്തെഴുന്നേൽപ്പ് തുടങ്ങിയ സുവിശേഷ സത്യങ്ങൾ സംഗതമായിരുന്നില്ല. ഏ. ഡി. രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന ബസിലിദസ്, വാലന്റിനസ്, റ്റോളമി എന്നിവരെ ക്രൈസ്തവജ്ഞാനവാദിക ളിൽ പ്രമുഖരായി കരുതാം. കൊലോ. 2:8 ജ്ഞാനവാദികളെപ്പറ്റിയുള്ള സൂചനയാണ്.

### 2. ഈബിയൻ സിദ്ധാന്തം (Ebionism)

രണ്ടാം നൂറ്റാണ്ടിലാണിതിന്റെ ഉത്ഭവം. യേശുക്രിസ്തുവിന്റെ ദൈവ ത്വവും കന്യകാജനനവും ഇക്കൂട്ടർ നിഷേധിച്ചു. കഷ്ടമനുഭവിച്ച ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുവാൻ ഇവരുടെ യുക്തി അനുവദിച്ചില്ല. ഈബി യസും കൂട്ടരുമാണിത് പഠിപ്പിച്ചത്.

സഭയുടെ വിശ്വാസപ്രമാണത്തിലെ (നിഖ്യാ, കുസ്തന്തീനോപ്പോലീസ് സുന്നഹദോസുകളിലെ വിശ്വാസപ്രമാണം) "പരിശുദ്ധ റൂഹായാൽ കന്യകമറിയാമിൽ നിന്ന് ശരീരിയായിത്തീർന്നു" എന്ന വാചകം ഈ വേദ വിപരീതത്തിനെതിരായിട്ടുള്ളതാണ്.

### 3. ഡൊസെറ്റിക് ചിന്താഗതി (Docetism)

തോന്നൽവാദമെന്നു ഒറ്റവാക്കിൽ വിശദീകരിക്കാവുന്ന ആശയമാണിത്. കർത്താവിന്റെ മനുഷ്യത്വവും അതിനോടനുബന്ധിച്ചുള്ള പീഡാനുഭവവും മറ്റും വെറും തോന്നലാകുന്നു. ആത്മാവും ശരീരവും തമ്മിൽ വൈരുദ്ധ്യ മുണ്ട്. പദാർത്ഥം തിന്മയാണ്. ദൈവം പദാർത്ഥമായിത്തീരുക അസാദ്ധ്യ മാണ്.

കർത്താവ് ജഡത്തിൽ നടന്നു എന്നത് ഒരു തോന്നൽ മാത്രമായിരുന്നു എന്നാണ് ഇക്കൂട്ടർ പഠിപ്പിച്ചത്. 2. യോഹ. 7 – "യേശുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലോ." ഇവരെപ്പറ്റിയാണ് ഈ പരാമർശം.

### 4. മാർക്കിയോന്റെ ഉപദേശം (Marcionism)

പഴയനിയമത്തിലെ ദൈവത്തെയും പുതിയനിയമത്തിലെ ദൈവത്തെയും മാർക്കിയോൻ (രണ്ടാം നൂറ്റാണ്ട്) രണ്ടായിക്കണ്ടു. കർത്താവിന്റെ ഉയിർപ്പ് അവിശ്വസിക്കുകയും പുതിയനിയമത്തിൽ യേശുവിന്റെ ദൈവത്വം ഊന്നിപ്പറയുന്ന ചില ഭാഗങ്ങൾ സ്വീകരിക്കാതിരിക്കുകയും ചെയ്തു.

ഏ. ഡി. 144–ൽ സഭയിൽനിന്ന് മാർക്കിയോനെ പുറത്താക്കി. പഴയനിയമത്തിലെ സ്രഷ്ടാവായ ദൈവമല്ല ക്രിസ്തുവിൽ വെളിപ്പെട്ടത് എന്നും പദാർത്ഥം തിന്മയുടെ പര്യായമാണ് എന്നും ഇയാൾ പഠിപ്പിച്ചു. വിശ്വാസപ്രമാണത്തിലെ "താൻ മുഖാന്തരം സകലവും സൃഷ്ടിക്കപ്പെട്ടവനും", "തിരുവചനപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റവനും" എന്നീ ഭാഗങ്ങൾ മാർക്കിയോനെതിരേയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### 5. സബല്യൻ വാദം (Sebellianism)

മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സബല്യോസാണ് ഈ ഉപദേശത്തിന്റെ ജനയിതാവ്. മോഡലിസ്റ്റിക് മൊണാർക്കിയനിസം എന്നും ഇതിനെ വിളിക്കാറുണ്ട്. ദൈവം ഏകനാണ്, ഏക ആളത്തവുമാണ്. പഴയനിയമകാലത്ത് പിതാവായും യേശുക്രിസ്തുവിൽ പുത്രനായും സഭയിൽ പരിശുദ്ധാത്മാവായും ഈ ആളത്തം വെളിപ്പെട്ടു. ഏക നിത്യ ആളത്വമായ ദൈവം മൂന്നു കാലങ്ങളിലായി സ്വയം വെളിപ്പെടുത്തിയ മൂന്നു ഭാവങ്ങളാണ് (three modes) പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു പദങ്ങൾ സൂചിപ്പിക്കുന്നത് എന്ന് സബല്യസ് പഠിപ്പിച്ചു. സഭയുടെ ത്രിത്വവിശ്വാസവും മനുഷ്യാവതാരയാഥാർത്ഥ്യവും പുത്രൻ തമ്പുരാന്റെ നിത്യതയും നിഷേധിക്കുന്ന ഈ വാദഗതിയെ മൂന്നും നാലും നൂറ്റാണ്ടുകളിലെ ക്രൈസ്തവനേതാക്കൾ ശക്തിയായി എതിർത്തു.

വിശ്വാസപ്രമാണത്തിൽ "പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും" എന്നത് ഈ വേദവിപരീതത്തിനെതിരേയാണ്. ത്രിയേക ദൈവം സൃഷ്ടികർമ്മത്തിലും പ്രവർത്തിച്ചു എന്നതാണ് ക്രിസ്തീയ വിശ്വാസം.

### 6. ദത്തെടുക്കൽ വാദം (Adoptionism)

യേശു എന്ന മനുഷ്യനെ മാമോദീസാവേളയിൽ ദൈവികത്വം നൽകി ദത്തെടുക്കുകയാണുണ്ടായതെന്നു രണ്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ ജീവിച്ചിരുന്ന തെയഡോട്ടസ് പഠിപ്പിച്ചു. ഈ ദൈവികത്വം കുരിശിൽ തറയ്ക്കപ്പെട്ട സമയത്ത് യേശുവിൽ നിന്ന് നഷ്ടപ്പെട്ടുപോയി എന്നും അയാൾ വാദിച്ചു. യേശുക്രിസ്തുവിന്റെ നിത്യദൈവത്വത്തെ ചോദ്യം ചെയ്യുന്ന ഈ വാദത്തിനു

ഡൈനമിക് മൊനാർക്കിയനിസം (Dynamic Monarchianism) എന്നും പേരുണ്ട്.

ഏ. ഡി. 190–ൽ തിയഡോട്ടസ് സഭയിൽ നിന്ന് മുടക്കപ്പെട്ടു. കർത്താവിന്റെ നിത്യദൈവത്വത്തെ ഇയാൾ ചോദ്യം ചെയ്തു. വിശ്വാസപ്രമാണത്തിൽ "സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽനിന്ന് ജനിച്ചവനും........." എന്ന ഭാഗം ഈ വേദവിപരീതത്തിനെതിരേയാണ് ഉൾപ്പെടുത്തിയത്.

**7. അറിയോസിന്റെ പഠിപ്പിക്കൽ (Arianism)**

അറിയോസിന്റെ (336–ൽ മരിച്ചു) പേരിനോടു ബന്ധപ്പെടുത്തി പഠിക്കേണ്ട മറ്റു മൂന്നു പേരുകൾ കൂടിയുണ്ട്. 'അറിയോസിനു മുമ്പുള്ള അറിയോസ്' (Arius before Arius) എന്നു വിളിക്കപ്പെടുന്ന സമൊസട്ടായിലെ പൗലോസ് (Paul of Samosata - മൂന്നാം ശതകം) എയ്ത്തിയോസ് (Aetius) എവുനോമിയസ് (Eunomius) എന്നിവരാണവർ. കന്യകയിൽ ഉൽപ്പാദിതനായി ജനനം സ്വീകരിച്ച യേശുക്രിസ്തു ദൈവത്തിന്റെ വചനം ആയിരുന്നില്ല. കേവലം ഒരു മനുഷ്യൻ മാത്രമായിരുന്നു എന്നും, യേശുക്രിസ്തുവിൽ ആളത്തം പ്രാപിക്കുന്നതിനു മുമ്പ് വചനത്തിനു 'പുത്രൻ' എന്ന പേര് ഉണ്ടായിരുന്നില്ല എന്നും സമൊസട്ടായിലെ പൗലോസ് പഠിപ്പിച്ചു. ഫലത്തിൽ വി. ത്രിത്വത്തെ നിഷേധിച്ച് പുത്രൻ തമ്പുരാന്റെ മനുഷ്യത്വം മാത്രം ഊന്നിപ്പറയുന്ന ഒരു പഠിപ്പിക്കലാണിത്. മൂന്നും നാലും നൂറ്റാണ്ടുകളിൽ എവുനോമിയോസും എയ്ത്തിയോസും തത്ത്വശാസ്ത്രപരമായി ഈ വാദഗതിയെ വികസിപ്പിച്ചു.

അറിയോസിന്റെ ഉപദേശം ഇപ്രകാരം സംഗ്രഹിക്കാം. അജാതനും നിത്യനും സൃഷ്ടിയല്ലാത്തവനും പിതാവാം ദൈവം മാത്രം. പുത്രൻ സർവ്വത്തിനും മുമ്പേയുള്ള ഒരു പരിപൂർണ സൃഷ്ടി മാത്രം. പുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു (യോഹ. 14:28, കൊലോ. 1:15 തുടങ്ങിയ ഭാഗങ്ങൾ ഇതു സമ്മതിക്കുന്നു). നിഖ്യാ സുന്നഹദോസ് (325) അറിയോസിനെ വേദവിപരീതിയായി പ്രഖ്യാപിച്ചു.

യേശു സൃഷ്ടിക്കപ്പെട്ടതു പാപം ചെയ്യാൻ സാധിക്കുന്ന അവസ്ഥയിലാണ്. പക്ഷേ, ദൈവകൃപ ഒന്നു കൊണ്ടു മാത്രം അവൻ പാപം ചെയ്യാത്തവനായി ജീവിച്ചു എന്ന ആശയം അറിയോസിൽ കാണാം.

അറിയോസിന്റെ വേദവിപരീതത്തിലെ പ്രധാന ആശയങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. a. പുത്രൻ സൃഷ്ടിയല്ലാത്ത സ്വയംഭൂവും നിത്യനുമല്ല. പിതാവായ ദൈവം മാത്രമാണ് നിത്യൻ. b. ക്രിസ്തു ദൈവത്തിന്റെ ആദ്യസൃഷ്ടിയും മറ്റെല്ലാം സൃഷ്ടിച്ച വചനവുമാണ് (സമയം സൃഷ്ടിയല്ലേ? അപ്പോൾ ക്രിസ്തു ആദ്യ സൃഷ്ടിയാകുന്നതെങ്ങനെ?) c. പുത്രൻ

ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു. d. പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ആദ്യസൃഷ്ടിയും ക്രിസ്തുവിനു താഴെയുമാണ്. e. പിതാവിന്റെ അതേ സാരാംശം പുത്രനിലില്ല. f. പുത്രൻ സർവ്വവും അറിയാവുന്നവനല്ല. g. പുത്രന് പാപം ചെയ്യാമായിരുന്നു. എങ്കിലും ദൈവകൃപയാൽ പാപം ചെയ്യാതിരുന്നു.

വിശ്വാസപ്രമാണത്തിൽ "ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും" എന്നത് ഈ പഠിപ്പിക്കലുകൾക്കെതിരെയാണ്.

## നിഖ്യാ സുന്നഹദോസിനു ശേഷം

### 8. എവുത്തിക്കോസിന്റെ വാദം (Eutychanism)

ഏകമാത്ര സ്വഭാവവാദമാണിത്. ക്രിസ്തുവിന്റെ മനുഷ്യത്വം ഇദ്ദേഹം നിഷേധിച്ചു. എവുത്തിക്കോസ് പറഞ്ഞത് തെറ്റിദ്ധരിക്കുകയാണുണ്ടായതെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുമുണ്ട്.

### 9. നെസ്തോറിയൻ ചിന്ത (Nestorianism)

ഇരുസ്വഭാവവാദമാണിത്. ക്രിസ്തുവിന് ദൈവത്വം, മനുഷ്യത്വം എന്നിങ്ങനെ രണ്ടു സ്വഭാവമുണ്ടായിരുന്നു. ഈ രണ്ടു സ്വഭാവങ്ങളുടെ ഒരു വ്യതിരിക്ത മിശ്രിതം (Conjunction) ആണു ക്രിസ്തുവിന്റെ ആളത്വം എന്നിങ്ങനെ നെസ്തോർ പഠിപ്പിച്ചു (നെസ്തോറിയോസ് 428-ൽ കുസ്തന്തീനോസ്പോലീസിലെ ബിഷപ്പായി നിയമിക്കപ്പെട്ടു).

നെസ്തോറിന്റെ വാദഗതി ചുരുക്കത്തിൽ: a.കർത്താവിന്റെ മാതാവിനെ ദൈവപ്രസവിത്രി (ദൈവമാതാവ് അഥവാ തിയോടോക്കോസ്) എന്നു പറഞ്ഞുകൂടാ. ക്രിസ്റ്റോ ടോക്കോസ് (ക്രിസ്തുവിനെ പ്രസവിച്ചവൾ) എന്നു പറയാം. b. കർത്താവിന്റെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും രണ്ടു സ്വഭാവങ്ങളും (phusis) ത്രിത്വത്തിലെ ആളത്വങ്ങളും (hypostasis) വ്യത്യസ്തമായി സ്ഥിതി ചെയ്തു. c. ദൈവം ജനിക്കുകയോ, മരിക്കുകയോ സാദ്ധ്യമല്ല.

ഏ. ഡി. 431-ലെ എഫേസോസ് സുന്നഹദോസ് നെസ്തോറിയോസിനെ മുടക്കുകയും "ദൈവമാതാവ്" എന്ന പേര് അംഗീകരിക്കുകയും ചെയ്തു. യോഹ. 1:1-18 പ്രകാരം വചനം ദൈവമായിരുന്നു എന്നും വചനം ജഡമായി എന്നും സഭ വിശ്വസിക്കുന്ന സ്ഥിതിക്ക് ക്രിസ്തുവിന്റെ മാതാവ് ദൈവമാതാവ് തന്നെയാണെന്ന് സഭാപിതാക്കന്മാർ (പ്രത്യേകിച്ച് അലക്സന്ത്രിയായിലെ വി. കൂറിലോസ്. ഏ. ഡി. 412-ൽ അലക്സന്ത്രിയായിലെ ബിഷപ്പായി. ഏ. ഡി. 444-ൽ മരിച്ചു) പഠിപ്പിച്ചു.

## 10. അപ്പൊല്ലിനേറിയസിന്റെ ഉപദേശം (Appollinarianism)

വചനമായ ദൈവവും മനുഷ്യത്വവും തമ്മിൽ യോജിച്ചപ്പോൾ ഒരു ആളത്വമുണ്ടാകുന്നതെങ്ങനെയെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു അപ്പൊല്ലിനേറിയസ്. മനുഷ്യനിൽ ശരീരം, ജീവാത്മാവ്, ബോധാത്മാവ് എന്നീ മൂന്നു ഭാഗങ്ങൾ ഉണ്ടെന്ന മനഃശാസ്ത്ര വിശകലനത്തെ അംഗീകരിച്ചുകൊണ്ടു ദൈവത്തിന്റെ നിത്യവചനം മനുഷ്യനായി അവതരിച്ചപ്പോൾ, മനുഷ്യത്വത്തിന്റേതായ ശരീരവും ജീവാത്മാവും മാത്രം അവൻ പ്രാപിക്കുകയും ബോധാത്മാവിനെ പ്രത്യേകം സ്വീകരിക്കാതെ അതിന്റെ സ്ഥാനത്തു വചനമായ ദൈവം തന്നെ വ്യാപരിക്കുകയും ചെയ്തു എന്ന് അദ്ദേഹം പഠിപ്പിച്ചു. യേശുക്രിസ്തുവിന്റെ ആളത്വത്തിന്റെ ഐക്യം അപ്പൊല്ലിനേറിയസ് ഊന്നിപ്പറഞ്ഞു എങ്കിലും തന്റെ മനുഷ്യത്വത്തിന്റെ പൂർണത വ്യക്തമാക്കിയിട്ടില്ല.

കാലാകാലങ്ങളിൽ പല സഭാപിതാക്കന്മാരും സുന്നഹദോസുകളും മേൽപ്പറഞ്ഞ ചിന്താഗതികളെ തിരസ്ക്കരിക്കുകയും ക്രിസ്തുവിന്റെ ആളത്തത്തെ സംബന്ധിച്ചു വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകുകയും ചെയ്തു. മനുഷ്യാവതാര രഹസ്യം ഏതാനും സിദ്ധാന്തങ്ങൾ കൊണ്ട് ഉൾക്കൊള്ളുവാൻ സാധിക്കയില്ല എന്നു ഓർമ്മിപ്പിച്ചുകൊണ്ടു തന്നെ വിശദീകരണാർത്ഥം പല പദങ്ങളും ഉപയോഗിച്ച് ഈ വലിയ രഹസ്യം വെളിപ്പെടുത്തി. യേശുക്രിസ്തു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണെന്ന് അവർ ആവർത്തിച്ചു പ്രഖ്യാപിച്ചു. ആളത്തത്തിന്റെ ഐക്യം പരിപൂർണമാണെന്നും (hypostatically united) അവർ ഉദ്ബോധിപ്പിച്ചു.

എല്ലാ സഭാപിതാക്കന്മാരും നൽകുന്ന ഉൾക്കാഴ്ചകൾ പൂർണ്ണമാണെന്നോ വേദവിപരീതാശയങ്ങൾ ഒട്ടുമില്ലാത്തതാണെന്നോ ഇതിനർത്ഥമില്ല.

a. ആദ്യത്തെ മൂന്നു പൊതുസുന്നഹദോസുകളിലെ തീരുമാനങ്ങളും വിശ്വാസപ്രഖ്യാപനങ്ങളും അതുവരെയുണ്ടായിരുന്ന വേദവിപരീതികളെ തള്ളിപ്പറഞ്ഞ് സത്യവിശ്വാസം ഉറപ്പിച്ചു.

b. കർത്താവിന്റെ ദൈവത്വം ഘോഷിക്കുന്ന വിശുദ്ധ വേദഭാഗങ്ങൾ സഭാപിതാക്കന്മാർ ഉദ്ധരിച്ചു. ഉദാ. ലൂക്കോ. 2:11, യോഹ. 20:28, യോഹ. 14:9, 10, അ. പ്ര. 4:12, എബ്രാ. 13:8, വെളി. 22:13, യോഹ. 4:26, യോഹ. 1:18, കൊലോ. 2:9, യോഹ. 14:6, കോലോ. 1:16, യോഹ. 1:14, യോഹ. 12:45, മത്താ. 28:18–20, അ. പ്ര. 2:36, യോഹ. 1:1–18.

c. ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ദാസരൂപമെടുത്തു മനുഷ്യനായിത്തീർന്ന (ഫിലി. 2:6–8) കർത്താവിന്റെ മനുഷ്യാവതാര

വ്യാപാര പരിമിതിയിൽ നിന്നുകൊണ്ടു വേണം ചില പ്രസ്താവനകൾ മനസ്സിലാക്കേണ്ടതെന്ന് സഭാപിതാക്കന്മാർ പഠിപ്പിച്ചു. ഉദാ: 'ആ കാര്യങ്ങൾ പുത്രൻ പോലും അറിയുന്നില്ല', 'ദൈവമേ എന്നെ കൈവിട്ടതെന്ത്?'

b. വേദവിപരീതികൾ ചെയ്തതുപോലെ വി. ത്രിത്വത്തെ നിഷേധിച്ചാലുള്ള യുക്തിഹീനതയും ഭവിഷ്യത്തും വ്യക്തമാക്കിക്കൊടുത്തു.

ഉദാ: യേശുക്രിസ്തു അർദ്ധദൈവമോ അർദ്ധമനുഷ്യനോ ആയാൽ ദൈവമോ മനുഷ്യനോ അല്ല, ഒരു സൃഷ്ടിയുടെ നാമത്തിലുള്ള മാമോദീസാ എന്തു ഫലം ചെയ്യും. പൂർണ്ണ ദൈവമല്ലാത്ത ക്രിസ്തുവിന്, മനുഷ്യർക്ക് ദൈവത്തെ വെളിപ്പെടുത്താനോ, മനുഷ്യരെ വീണ്ടെടുക്കാനോ സാദ്ധ്യമല്ല. ഒരു സൃഷ്ടിയിൽ രക്ഷയുടെ ഉറപ്പ് കണ്ടെത്താനാവില്ല, ദൈവവും മനുഷ്യരും തമ്മിലുള്ള പിളർപ്പ് നികത്തപ്പെടുകയില്ല, വി. ത്രിത്വത്തെ സാധൂകരിക്കുന്ന വേദവചനങ്ങളും സഭയുടെ സാക്ഷ്യവും നിരർത്ഥകമാകും.

e. ക്രിസ്തുവിന്റെ കർത്തൃത്വവും ദൈവത്വവും പ്രഖ്യാപിക്കുന്ന ബൈബിളിലെ വിശ്വാസപ്രഖ്യാപനങ്ങൾ സഭാപിതാക്കന്മാർ ജനങ്ങളെ പഠിപ്പിച്ചു. ഉദാ: യോഹ. 1:49, മത്താ. 16:16, യോഹ. 6:68, 69, യോഹ. 20:28, 1 യോഹ. 4:14, അ. പ്ര. 8:37, 1 കൊരി. 12:3, യോഹ. 2:22, 2 തിമോ. 2:8, 1 കൊരി. 15:3-5, 2 തിമോ. 4:1.

## II. അപ്പോസ്തോലിക പിതാക്കന്മാർ

### 1. റോമിലെ ക്ലിമ്മിസ് (Clement of Rome)

ദൈവമഹത്വത്തിന്റെ ചെങ്കോലാണ് ക്രിസ്തു. നമ്മുടെ മഹാപുരോഹിതനും സംരക്ഷകനുമാണവൻ. താഴ്മയുടെ മഹത്തായ മാതൃകയാണ് തന്റെ മരണം. സർവ്വലോകത്തിനും വേണ്ടി താൻ രക്തം ഒഴുക്കി അനുതാപത്തിന്റെ കൃപ ചൊരിഞ്ഞു തന്നു.

### 2. ബർന്നബാസിന്റെ എഴുത്ത് (Epistle of Barnabas)

അപ്പോസ്തോലിക പിതാക്കന്മാരുടെ കാലത്ത് എഴുതപ്പെട്ടത്. എഴുത്തുകാരനെക്കുറിച്ച് കാര്യമായ അറിവില്ല.

തിന്മയുമായുള്ള (The Black one) നീണ്ട പോരാട്ടമാണ് ക്രിസ്തീയ ജീവിതം. മരണത്തിനു വിധേയപ്പെട്ട നമ്മുടെ ഹൃദയങ്ങളെ ഇരുട്ടിൽ നിന്നു വീണ്ടെടുത്തു നിത്യവെളിച്ചത്തിലേക്കു നയിക്കുവാനാണ് ക്രിസ്തു വന്നത്.

### 3. ഹെർമാസ് രചിച്ച ഇടയൻ (The Shepherd of Hermas)

എഴുത്തുകാരനെക്കുറിച്ചു കാര്യമായ വിവരമില്ല. നന്മ ചെയ്യുക. മഹത്വം

പ്രാപിക്കുക. നിത്യമായി നിലനിന്നിരുന്ന ദൈവാത്മാവ് ശരീരമെടുത്തു. തിന്മയ്ക്ക് ഈ ശരീരം അടിമപ്പെട്ടില്ല. പരിശുദ്ധാത്മാവിനോടൊപ്പം ദൈവികമഹത്വത്തിന് ഈ ശരീരത്തിനു (യേശുവിന്) ദൈവം അവകാശം കൊടുത്തു (ആശയം പൂർണ്ണമായി വ്യക്തമല്ല).

### 4. ഡയഗ്നീറ്റസിനുള്ള ലേഖനം (Epistle to Diognetus)

എഴുത്തുകാരനെക്കുറിച്ചു കാര്യമായ വിവരമില്ല. പ്രപഞ്ചത്തിന്റെ ക്രമീകാരകനും സ്രഷ്ടാവുമായവൻ ലോകത്തിലേയ്ക്ക് അയയ്ക്കപ്പെട്ടു. ഏകജാതനാണ് ക്രിസ്തു (Monogenism). ആദിമുതലേ അവൻ ഉണ്ടായിരുന്നു.

### 5. അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് (Ignatius of Antioch)

യേശുക്രിസ്തു ദൈവമാണ്. വചനം ജഡമായിത്തീർന്ന ദേഹമാകയാൽ അവൻ ദൈവവും മനുഷ്യനും ആയിരുന്നു. അവൻ ഏക ആളത്തമാണ്. പ്രവാചകന്മാരിൽ ഒരുവൻ മാത്രമല്ലായിരുന്നു യേശു. തന്റെ മനുഷ്യാവതാരം, പീഡാനുഭവം, പുനരുത്ഥാനം ഇവയെല്ലാം ചരിത്രസംഭവങ്ങൾ തന്നെ. അവന്റെ ദൈവത്വം തോന്നലല്ല. ശരീരത്തിന്റെയും ആത്മാവിന്റെയും ഏക വൈദ്യനാണ് ക്രിസ്തു. അവന്റെ രക്തം ദൈവത്തിന്റെ രക്തമാണ്. അവന്റെ പീഡാനുഭവം 'എന്റെ ദൈവത്തിന്റെ പീഡാനുഭവ'മാണ്. അവൻ സ്ഥാപിച്ച കുർബാനയുടെ അപ്പം അമർത്യതയുടെ ഔഷധവും നാം മരിക്കാതെ ക്രിസ്തുവിൽ നിത്യമായി ജീവിക്കേണ്ടതിനുള്ള മറുമരുന്നുമാണ്. ട്രാജൻ ചക്രവർത്തിയുടെ കാലത്തു (98-117) റോമിലെ നാടകശാലയിൽ വച്ചു വന്യമൃഗങ്ങളുടെ ഇടയിൽ ഇട്ടു വധിക്കപ്പെട്ട ഇഗ്നാത്തിയോസ് അന്ത്യോഖ്യയിലെ ബിഷപ്പായിരുന്നു. അന്ത്യോഖ്യയിൽ നിന്നും റോമിലേക്ക് പോകുന്നവഴി പലർക്കായി താൻ എഴുതിയ ലേഖനങ്ങളിലാണ് ഈ ആശയങ്ങൾ സ്പഷ്ടമാക്കിയിട്ടുള്ളത്.

## III. വിശ്വാസസംസ്ഥാപകർ (Apologists)

### 1. ജസ്റ്റിൻ മാർട്ടിയർ

ലോഗോസ് (വചനം) എന്ന തത്ത്വം വിശകലനം ചെയ്ത ജസ്റ്റിൻ ഗ്രീക്കു തത്ത്വശാസ്ത്രങ്ങളുടെ ഉറവിടമായി കണ്ടെത്തിയത് വചനത്തിന്റെ ആളത്തത്തെയും പ്രവർത്തനത്തെയുമാണ്. മോശയുടെ ചിന്തകളുടെ ആവർത്തനവും ക്രിസ്തുവിന്റെ കുരിശിനെക്കുറിച്ചുള്ള വ്യംഗ്യാർത്ഥങ്ങളും പ്ളേറ്റോയിൽ കാണുവാൻ സാധിക്കുമെന്നു ജസ്റ്റിൻ വാദിച്ചു. സത്യദൈവത്തിന്റെ പുത്രനാണ് ക്രിസ്തു. സ്രഷ്ടാവാം ദൈവത്തിന്റെയും യേശുക്രിസ്തുവിന്റെയും ഇച്ഛ (will) ഒന്നുതന്നെയാണ്. പക്ഷേ, അവൻ രണ്ടാമനാണ് (ത്രിത്വത്തിൽ).

**2. ഐറേനിയസ് (140–200)**

ജ്ഞാനവാദികൾ പഠിപ്പിക്കുന്നതുപോലെയുള്ള അറിവല്ല പ്രധാനം. വിശ്വാസത്തിൽക്കൂടി ക്രിസ്തുവിൽ ലഭിക്കുന്ന വീണ്ടെടുപ്പാണ്. ക്രിസ്തു ദൈവമാണ്. പിതാവിൽനിന്ന് അവർണ്ണനീയമായ വിധത്തിൽ ജനിച്ച ദൈവത്തിന്റെ പുത്രനാണവൻ. പുത്രനാം ദൈവം പിതാവാം ദൈവത്തിന്റെ ലോഗോസ് (വചനം) ആണ്. പരിശുദ്ധാത്മ വ്യാപാരത്തിൽ കന്യകമറിയാമിൽ നിന്നും ജനിച്ച ഈ വചനം മനുഷ്യനെ ദൈവവുമായി സംയോജിപ്പിക്കുവാൻവേണ്ടി കാലത്തികവിങ്കൽ മനുഷ്യനായിത്തീർന്ന ദൈവമാണ്. യഥാർത്ഥമായിരുന്നു തന്റെ ജീവിതവ്യാപാരങ്ങൾ. നാം ആയിരിക്കുന്ന അവസ്ഥ അവൻ സ്വയം സ്വീകരിച്ചതുവഴി അളവില്ലാത്ത തന്റെ സ്നേഹം താൻ വെളിപ്പെടുത്തി രണ്ടാം ആദാമായി വന്നു. വീഴ്ചയിൽപ്പെട്ട ഒന്നാം ആദാം കടന്നുപോയ ഓരോ ജീവിതയളവിലും പ്രവേശിക്കുകയും അതിനെ വീണ്ടെടുക്കുകയും ചെയ്ത ക്രിസ്തു സർവത്തിന്റെയും നിർമ്മിതാവും രക്ഷിതാവും ഒരുമിച്ചു ചേർക്കുന്നവനുമാണ്. തന്റെ ക്രൂശുമരണം മൂലം താൻ മരണത്തെ നശിപ്പിച്ചു. ജീവനും സത്യവും വെളിപ്പെടുത്തി, അദ്രവത്വം എന്ന ദാനം വീണ്ടെടുത്തു തന്നു.

**3. തെർത്തുല്യൻ (160–240)**

ഒരു ദൈവികശക്തി വന്ന് ആവസിച്ച വെറും മനുഷ്യനല്ല യേശുക്രിസ്തു. ദൈവത്വത്തിലേക്കു ദത്തെടുക്കപ്പെട്ടവനുമല്ല. സൃഷ്ടിക്കു മുമ്പു തന്നെ പുത്രൻ ഉണ്ടായിരുന്നു. ത്രിത്വത്തിലെ ആളത്തങ്ങൾ ഏക സാരാംശമാണ്. വചനമായ ദൈവത്തിന്റെ മനുഷ്യാവതാരമാണ് ക്രിസ്തു. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണ്. ഓരോ സാരാംശത്തിന്റെ (substance) മൂന്നു മുഖങ്ങളാണ് (person) വി. ത്രിത്വത്തിൽ വെളിപ്പെട്ടത്.

**4. അലക്സന്ത്രിയായിലെ ക്ലിമ്മിസ് (Clement of Alexandria. 150–215)**

എല്ലാ വെളിപ്പാടുകളും വരുന്നത് നിത്യവചനത്തിൽക്കൂടിയാണ്. ദൈവം എന്താണെന്ന് നമുക്കറിയാൻ പാടില്ല. എന്തല്ലായെന്നറിയാം. ദൈവീകവചനം ക്രിസ്തുവിൽ പൂർണ്ണമായി വെളിപ്പെട്ടു തന്റെ പൂർണ്ണമനുഷ്യത്വവും പൂർണ്ണ ദൈവത്വവും ഈ വെളിപ്പാടിൽക്കൂടി വ്യക്തമാക്കി. യേശുക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യത്വം ഇവയുടെ പൂർണ്ണതയെക്കുറിച്ച് പിതാക്കന്മാർ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ മനുഷ്യാവതാര രഹസ്യങ്ങളുടെ പൂർണ്ണമായ വിലയിരുത്തലായി കരുതേണ്ടതില്ല.

**5. അലക്സാന്ത്ര്യായിലെ ഓറിഗൺ (d. 254)**

യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള യോജിപ്പ് പരിപൂർണ്ണമായിരുന്നു. തീയിൽ പഴുപ്പിച്ച ഇരുമ്പുകഷണത്തിൽ തീയും ഇരുമ്പും

ഒരുപോലെ സ്ഥിതിചെയ്യുന്നുണ്ട്. അവ രണ്ടു വസ്തുക്കളാണെങ്കിലും ഒന്നിനെ മറ്റൊന്നിൽ നിന്ന് വേർപെടുത്താനാവില്ല. യേശുക്രിസ്തുവിൽ യോജിച്ച ദൈവത്വവും മനുഷ്യത്വവും അന്യോന്യം വേർപെടുത്താനാവില്ല. എന്നാൽ വചനമായ ദൈവത്തിന് ആളത്ത്വമുള്ളതുപോലെ മനുഷ്യത്വത്തിനും ആളത്വമുണ്ട്. യോജിപ്പു മൂലം ഈ ആളത്വങ്ങളിൽ ഒന്നും ഇല്ലാതെ വന്നിട്ടുമില്ല. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു പേരുകൾ ആദ്യവും അന്തവുമില്ലാത്ത മൂന്ന് ആളത്തങ്ങളെക്കുറിക്കുന്നവയാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം പിതാവിനില്ലാത്ത ഒരു ആശ്രിതാവസ്ഥ (subordination) പുത്രനും പരിശുദ്ധാത്മാവിനും ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട് ഓറിഗൺ. ഇവയിൽ ഒരുവശം മാത്രം ഊന്നിപ്പറയുന്നത് അപക്വമായ വിലയിരുത്തലായിരിക്കുമെന്ന് സഭാചരിത്രത്തിലെ ക്രിസ്തുശാസ്ത്ര വാഗ്വാദങ്ങൾ തെളിയിക്കുന്നു.

## IV. നിഖ്യാ സുന്നഹദോസ് പ്രഖ്യാപനം (325)

താഴെപ്പറയുന്ന കാര്യങ്ങൾ പഠിപ്പിക്കുന്നവർ ശപിക്കപ്പെട്ടവരും സഭയ്ക്കിതരരുമാണെന്ന് നിഖ്യാ സുന്നഹദോസ് പ്രഖ്യാപിച്ചു: 1. പുത്രൻ ഇല്ലാതിരുന്ന ഒരു സമയമുണ്ടായിരുന്നു. 2. ലോഗോസ് (വചനം) സൃഷ്ടിക്കപ്പെട്ടതാണ്. 3. ലോഗോസ് മാറ്റത്തിനു വിധേയമാണ്. 4. പിതാവുമായി ഒരേ സാരാംശത്തിലല്ല ലോഗോസ് സ്ഥിതിചെയ്യുന്നത്. 5. ഒന്നുമില്ലായ്മയിൽ നിന്ന് (ex-nihilo) ഉണ്മ പ്രാപിച്ചതാണ് ലോഗോസ്.

പിതാവ് അനാദ്യന്തനും, നിത്യനും, പരിപൂർണ്ണനും, അപ്രമേയനുമാണെന്ന് നിഖ്യയിൽ പ്രഖ്യാപിക്കപ്പെട്ടു. ദൈവത്തിന്റെ നിത്യേക പുത്രൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി പരിശുദ്ധാത്മാവു മൂലം വിശുദ്ധ കന്യകമറിയാമിൽ നിന്ന് മനുഷ്യനായി അവതരിച്ചു, ലോകത്തിന് എന്നേക്കുമുള്ള രക്ഷയും വീണ്ടെടുപ്പും ഉളവാക്കുവാൻ തക്കവണ്ണം അവൻ കഷ്ടതയനുഭവിച്ചു മരിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തു. അവൻ ഇനിയും വരുവാനിരിക്കുന്നവനാണ് – നിഖ്യാ സുന്നഹദോസ് വ്യക്തമാക്കി.

## V. അലക്സന്ത്രിയായിലെ അത്താനാസിയോസ് (d. 373)

വചനമായ ദൈവം യഥാർത്ഥമായി പ്രാപിച്ച പരിപൂർണ്ണ മനുഷ്യത്വമാണ് യേശുക്രിസ്തുവിന്റേത്. അവന്റെ ദൈവത്വവും പരിപൂർണം തന്നെ. പിതാവിനോട് ഒരേ സാരാംശത്തിൽ ഒന്നായിരിക്കുന്നവനാണ് പുത്രൻ (homo ousion to patri). അവൻ ദാസനായിരുന്നില്ല, ദാസരൂപം എടുത്തവനാണ്. ക്രിസ്തു നിത്യമഹാപുരോഹിതനും മദ്ധ്യസ്ഥനും സ്രഷ്ടാവും മനുഷ്യനെന്ന നിലയിൽ ആദ്യജാതനും ദൈവത്തിന്റെ പരിപൂർണ്ണസാദൃശവുമാ

കുന്നു. പുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നില്ല. വചനം ജഡമായിത്തീർന്നു, പാപരഹിതനാണ് ക്രിസ്തു.

## VI. കപ്പദോക്യൻ പിതാക്കന്മാർ

ത്രിത്വവിശ്വാസത്തേയും മനുഷ്യാവതാര രഹസ്യത്തേയും കുറിച്ച് പൗരസ്ത്യസഭയുടെ പ്രാമാണിക രേഖകളായിത്തീർന്ന ഈടുറ്റ ഉൾക്കാഴ്ചകൾ നൽകിയവരാണ് കപ്പദോക്യൻ പിതാക്കന്മാരായ വി. ബസ്സേലിയോസ്, നാസിയാൻസിലെ വി. ഗ്രീഗോറിയോസ്, നിസ്സായിലെ വി. ഗ്രിഗോറിയോസ് എന്നിവർ. ദൈവം 'ഏകത്വവും' മൂന്ന് 'ആളത്ത'ങ്ങളും (una substantia et tres personae) എന്ന് ലാറ്റിൻ ഭാഷയിൽ തെർത്തുല്യൻ പ്രസ്താവിച്ചുവെങ്കിൽ ദൈവം ഒരു 'ഊസിയാ'യും മൂന്ന് 'ഹിപ്പോസ്റ്റാസിസുകളും' (Miaousia kai treis hypostaseis) ആണെന്ന് ഗ്രീക്കുഭാഷ ഉപയോഗിച്ചിരുന്ന പൗരസ്ത്യസഭയ്ക്ക് വിശദീകരിച്ചുകൊടുത്തത് കപ്പദോക്യൻ പിതാക്കന്മാരാണ്. 'ദൈവികത്വം' എന്നതിനെക്കുറിക്കുവാനാണ് ഊസിയ എന്ന പദം ഉപയോഗിച്ചത്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവരെ ഉദ്ദേശിച്ച് ദൈവിക ഹിപ്പോസ്റ്റാസിസുകളെന്നും ഇവർ ഉപയോഗിച്ചു. അറിയോസിനെതിരായി നിഖ്യാവിശ്വാസം ശരിവച്ച 381-ലെ കുസ്തന്തിനോപ്പോലീസ് സുന്നഹദോസിന്റെ നേതാക്കൾ ഈ പിതാക്കന്മാരായിരുന്നു.

## VII. അലക്സാന്ത്രിയൻ, അന്ത്യോഖ്യൻ ചിന്താഗതികൾ

അലക്സാന്ത്രിയൻ വേദശാസ്ത്രപണ്ഡിതന്മാരുടെ നേതൃത്വത്തിൽ രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം മുതൽ പൗരസ്ത്യദേശത്ത് വികസിച്ച ക്രിസ്തുശാസ്ത്ര ചിന്താഗതിയിൽ മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ ദൈവികത്വവും മനുഷ്യത്വവും ഒരേ സമയം ഊന്നിപ്പറയുന്നതിനു ശ്രമിച്ചു. ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള യോജിപ്പ് ആളത്തപരവും ആന്തരികവുമാണെന്നും (hypostatic Union) യേശുക്രിസ്തു 'ജഡധാരണം ചെയ്തു വചനമായ ദൈവത്തിന്റെ 'ഏക സ്വഭാവം' (One incarnate nature of God the Word) ആണെന്നും 'രണ്ടു സ്വഭാവങ്ങളിൽ' സ്ഥിതിചെയ്യുന്ന 'ഏകക്രിസ്തു' (One Christ in two natures) എന്ന പ്രയോഗം തെറ്റിദ്ധാരണാജനകമാണെന്നും അവർ ചൂണ്ടിക്കാണിച്ചു.

അന്ത്യോഖ്യാ കേന്ദ്രമാക്കി പൗരസ്ത്യദേശത്ത് വികസിച്ച വേദശാസ്ത്ര ചിന്താഗതിയിൽ രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള യോജിപ്പ് ബാഹ്യമായി മാത്രം ആളത്തപരം ആയിരുന്നു എന്നും (prosopic union) യോജിപ്പിനു ശേഷവും ക്രിസ്തു സ്ഥിതിചെയ്യുന്നത് രണ്ടു സ്വഭാവങ്ങളിലാണെന്നും (In two natures after the union) വിശദീകരണം നൽകി. ദൈവികസ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ ആന്തരികമായ, ആളത്തപരമായ യോജിപ്പ് സാദ്ധ്യമല്ല എന്നു തന്നെ (hypostatic union is impossible) അവർ പഠിപ്പിച്ചു.

പൊതുവായ വീക്ഷണത്തിൽ അലക്സന്ത്രിയായിലെ ക്ലിമീസ്, ഓറിഗൺ, അപ്പൊല്ലിനാറിസ്, അത്താനാസിയോസ്, അലക്സന്ത്രിയായിലെ കൂറിലോസ്, അന്ത്യോഖ്യയിലെ സേവേറിയോസ്, മാബൂഗിലെ ഫീലക്സിനോസ്, തിമോത്തി ഐലേറസ് തുടങ്ങിയവരെ അലക്സാന്ത്രിയൻ ചിന്താഗതിയുടെ വക്താക്കളായിട്ടും അന്ത്യോഖ്യായിലെ യുസ്താത്തിയോസ്, നെസ്തോറിയസ്, തർസൂസിലെ ഡിയഡോർ, മൊപ്സുഎസ്തിയായിലെ തിയഡോർ തുടങ്ങിയവരെ അന്തോഖ്യൻ ചിന്താഗതിയുടെ വക്താക്കളായും പരിഗണിക്കാം.

## VIII. പൂർണ യോജിപ്പിലേക്ക്?

ഈ രണ്ടു ചിന്താഗതികളുടെ സംഘട്ടനങ്ങളിൽ കൂടിയാണ് പൗരസ്ത്യ സഭയുടെ ക്രിസ്തുശാസ്ത്രവീക്ഷണങ്ങൾ വികസിച്ചത്. പാശ്ചാത്യസഭയിലാകട്ടെ ഇത്ര ആഴമായ പ്രശ്നങ്ങൾ ഉൾക്കൊണ്ടു ചർച്ച ചെയ്യത്തക്ക ബുദ്ധിജീവികൾ അക്കാലത്തു ഉയർന്നു വന്നതുമില്ല. ഏ. ഡി. 431-ൽ അലക്സന്ത്രിയായിലെ കൂറിലോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന എഫേസോസ് സുന്നഹദോസ് അലക്സന്ത്രിയൻ ചിന്താഗതിയുടെ വിജയമായിട്ടും ഏ. ഡി. 451-ൽ കർക്കദോന്യയിൽ നടന്ന സുന്നഹദോസ് അന്ത്യോഖ്യൻ ചിന്താഗതിയുടെ വിജയമായിട്ടും വിവക്ഷിക്കാം.

കൽക്കദോന്യ സുന്നഹദോസിനെ അംഗീകരിക്കാത്ത പാരമ്പര്യത്തിൽപ്പെട്ട ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ഒരു വശത്തും (അർമ്മീനിയൻ, എത്യോപ്യൻ, കോപ്റ്റിക്, സിറിയൻ, ഇന്ത്യൻ ഓർത്തഡോക്സ് സഭകൾ) കൽക്കദോന്യ സുന്നഹദോസിനെ അംഗീകരിക്കുന്ന പാരമ്പര്യത്തിൽപ്പെട്ട ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളും (ഗ്രീക്ക്, റഷ്യൻ, ജോർജിയൻ മുതലായവ) റോമൻ കത്തോലിക്കാസഭയും മറുവശത്തുമായി ഇന്ന് നടത്തപ്പെടുന്ന വേദശാസ്ത്ര സംഭാഷണങ്ങളിലൂടെ തെറ്റിദ്ധാരണകൾ മാറി പൂർണ സംസർഗത്തിലേക്കും പൊതുവായ ക്രിസ്തുശാസ്ത്രാടിസ്ഥാനത്തിലേക്കും എത്തിച്ചേരുമെന്ന് പ്രത്യാശിക്കാം.

കൽക്കദോന്യ പാരമ്പര്യത്തിൽപ്പെട്ട ഓർത്തഡോക്സ് സഭകളും റോമൻ കത്തോലിക്കാസഭയും മുറുകെപ്പിടിക്കുന്ന 'In two natures' എന്ന പദപ്രയോഗവും ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ പ്രയോഗിക്കുന്ന 'Out of two natures' എന്ന പദവും തമ്മിലുള്ള വ്യത്യാസം യേശുക്രിസ്തു 'ജഡധാരണം ചെയ്ത വചനമായ ദൈവത്തിന്റെ ഏകസ്വഭാവം' (One incarnate nature of God the Word) ആണെന്ന അലക്സന്ത്രിയായിലെ കൂറിലോസിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കപ്പെടുമെന്നാണ് പല പണ്ഡിതന്മാരുടെയും പ്രതീക്ഷ.

## ചോദ്യങ്ങൾ

1. അലക്സന്ത്രിയായിലേയും അന്ത്യോഖ്യയിലേയും ക്രൈസ്തവവേദശാസ്ത്ര പണ്ഡിതരുടെ ക്രിസ്തുശാസ്ത്രവീക്ഷണങ്ങൾ താരതമ്യപ്പെടുത്തുക.
2. ആദിമസഭ തിരസ്ക്കരിച്ച ക്രിസ്തുശാസ്ത്ര വീക്ഷണങ്ങൾ ഏവ? എന്തുകൊണ്ടാണ് ഇവ തിരസ്ക്കരിക്കപ്പെട്ടത്?

# യൂണിറ്റ് 4

# പരിശുദ്ധാത്മാവും വി. ത്രിത്വവും

## പാഠം 1

## പരിശുദ്ധാത്മാവ്: വി. വേദപുസ്തകാടിസ്ഥാനം

❑ റൂവാഹ്: പഴയനിയമത്തിലെ ധ്വനി ❑ ആത്മാവിന്റെ പ്രവർത്തനം പഴയനിയമത്തിൽ ❑ ശക്തിദായകൻ, ജീവൻ നല്കുന്നവൻ, ദൈവത്തിന്റെ ശ്വാസം ❑ സഹായിയും സന്ദേശവാഹകനും ❑ യോവേൽ പ്രവചനം ❑ വെളിപ്പെടുത്തുന്നവനും പ്രചോദിപ്പിക്കുന്നവനും ❑ തീയും കാറ്റും ❑ സമവീക്ഷണ സുവിശേഷങ്ങളിൽ ❑ സഖറിയാ പുരോഹിതനും വൃദ്ധനായ ശീമോനും ❑ വചനിപ്പും മാമോദീസായും ❑ പരിശുദ്ധാത്മാവിനെപ്പറ്റി കർത്താവിന്റെ വാക്കുകൾ ❑ അപ്പോസ്തോല പ്രവൃത്തികൾ ❑ പെന്തിക്കോസ്തിയും സഭയുടെ വളർച്ചയും ❑ പരിശുദ്ധാത്മാവിന്റെദൈവത്വവും ആളത്തവും ❑ ക്രിസ്തുവിന്റെ ശുശ്രൂഷ തുടരുന്നവൻ.

### 'റൂവാഹ്' പരിശുദ്ധാത്മാവു തന്നെയോ?

പ്രത്യക്ഷമായോ പരോക്ഷമായോ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പരാമർശങ്ങൾ വി. വേദപുസ്തകത്തിന്റെ ഓരോ താളിലുമുണ്ടെന്ന് പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. ദൈവാത്മാവിന്റെ പുസ്തകമെന്നു വി. ഗ്രന്ഥത്തെ വിളിക്കുന്നതിൽ തെറ്റില്ല. പഴയനിയമത്തിൽ ഉപയോഗിക്കുന്ന റൂവാഹ് (സുറിയാനിയിൽ റൂഹാ) എന്ന എബ്രായപദത്തിന് ശ്വാസം, കാറ്റ്, ആത്മാവ് എന്നീ അർത്ഥങ്ങളുണ്ട്. ത്രിത്വത്തിൽ മൂന്നാമനായ പ്രത്യേകം ആളത്തമുള്ള പരിശുദ്ധാത്മാവാം ദൈവത്തെക്കുറിച്ചുള്ള സൂചനയായിട്ടല്ല പഴയനിയമത്തിൽ റൂവാഹ് എന്ന പദം ഉപയോഗിച്ചിരിക്കുന്നതെന്നാണ് ചില വേദപുസ്തക പണ്ഡിതന്മാരുടെ അഭിപ്രായം. ത്രിത്വത്തിൽ മൂന്നാം ആളത്തത്തെക്കുറിച്ചുള്ള ദൈവിക വെളിപാട് പഴയനിയമകാലത്തു പൂർണമായി ഗ്രഹിക്കുവാനും രേഖപ്പെടുത്തുവാനും കഴിഞ്ഞില്ല എന്നതാണ് സത്യം.

### ആത്മാവിന്റെ പ്രവർത്തനം പഴയനിയമത്തിൽ

ആദിയിൽ ആത്മാവു വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു എന്ന പ്രസ്താവനയോടെയാണ് ഉല്പത്തി പുസ്തകത്തിന്റെ തുടക്കം. ദൈവികശക്തി (യെശ. 11:4), ദൈവത്തിന്റെ ശ്വാസം (ഇയ്യോബ് 4:9, 2 ശമു.

22:16; പുറ. 15:8), ദൈവിക പ്രവർത്തനത്തിന്റെ മാധ്യമം (സങ്കീ. 135:7; യിര. 10:13), ദൈവത്തിന്റെ സന്ദേശവാഹകൻ (സങ്കീ. 104:4; ഉല്പ. 8:1), ദൈവത്തിന്റെ സഹായി (പുറ. 10:13; 2 രാജാ. 2:16), മനുഷ്യനെ പ്രവർത്തനനിരതനാക്കുന്നവൻ (ഹഗ്ഗായി 1:14; 1 ദിന. 5:26), മനുഷ്യനു ജീവൻ നല്കുന്നവൻ (സഭാപ്രസംഗി 12:7, സങ്കീ. 116:4) തുടങ്ങിയ ആശയങ്ങൾ 'റൂവാഹ്' എന്ന പദം ധ്വനിപ്പിക്കുന്നുണ്ട്.

## ശക്തിദായകനായ ആത്മാവ്

പ്രവാചകന്മാർക്കും ന്യായാധിപന്മാർക്കും ഭരണാധികാരികൾക്കും ശക്തിദായകനും ജീവിതനായകനായും ദൈവത്തിന്റെ ആത്മാവു പ്രവർത്തിക്കുന്നു (ന്യായ. 3:10, 6:34, 14:6, 13:25, 14:19, 15:14). ശമുവേലിനാൽ അഭിഷേകം ചെയ്യപ്പെട്ടതു മുതൽ കർത്താവിന്റെ ആത്മാവു ദാവീദിൽ പ്രവർത്തിച്ചു (1 ശമു. 16:13, യെശ. 61:1 മുതൽ). ദൈവാത്മാവിനെ പ്രാപിച്ചപ്പോൾ ബസലയേൽ അത്ഭുതാവഹമായ കരവിരുത് പ്രകടിപ്പിച്ചു (പുറ. 31:1–5, 35:31, 36:1). ദൈവത്തിന്റെ ആത്മാവു ജോസഫിൽക്കൂടി ഫറവോന്റെ സ്വപ്നവും അതിന്റെ അർത്ഥവും വെളിപ്പെടുത്തി (ഉല്പ. 41:38).

## പ്രചോദനം നല്കുന്നവൻ

ദൈവമനുഷ്യർക്കു പ്രചോദനം നല്കിയതു ദൈവത്തിന്റെ ആത്മാവാണ് (1 ശമു. 10:6–10, സംഖ്യാ. 24:1, യെശ. 48:16; യെഹ. 2:2). അന്ത്യകാലത്ത് (മശിഹാ യുഗത്തിൽ) ദൈവം തന്റെ ആത്മാവിനെ പകരുമെന്നു യോവേൽ പ്രവാചകൻ വ്യക്തമാക്കി (2:28). എന്നാൽ പ്രത്യേക ആളത്തമുള്ള വ്യക്തിയായിട്ടു തന്നെയാണു പരിശുദ്ധാത്മാവിനെ ഹഗ്ഗായി 2:5; സഖ. 4:6, യെശ. 63:10–11 തുടങ്ങിയ ഭാഗങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. യിസ്രായേലിനെ നടത്തുക (ഹഗ്ഗായി 2:5; സെഖ. 4:6, നെഹ. 9:20), വ്യക്തികളുടെ ഹൃദയത്തിൽ വസിക്കുക (സങ്കീ. 51:11; 143:10), മശിഹായുടെമേൽ പ്രത്യേകമായി ആവസിക്കുക (യെശ. 11:1, 2), യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട ദാസന്റെ മേൽ ഇരിക്കുക (യെശ. 42:1, 2, 61:1), ഒടുവിൽ മശിഹായുടെ കാലത്തു സകല ജനങ്ങളുടെ മേലും അധിവസിക്കുക (യെഹ. 11:19; 36:24–37, 39:29; യെശ. 32:15; 44:3; 59:21; സെഖ. 12:10. യോവേ. 2:28) എന്നിങ്ങനെ ബഹുവിധമാണ് ആത്മാവിന്റെ പ്രവർത്തനങ്ങൾ.

## വെളിപാടിന്റെ ഉറവിടം

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പഴയനിയമത്തിലെ ഉൾക്കാഴ്ചകൾ ഇപ്രകാരം ചുരുക്കാം: പ്രപഞ്ചത്തിലും മനുഷ്യജീവിതത്തിലും യഹോവയുടെ ആത്മാവു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സൃഷ്ടികർമ്മത്തിലും ആത്മാവു പങ്കാളിയാണ്. മനുഷ്യന്റെ ഭൗതിക ജീവിതവും ബുദ്ധിപരമായ

വ്യാപാരങ്ങളും നിയന്ത്രിക്കുന്ന കാര്യത്തിൽ ആത്മാവു ശ്രദ്ധിക്കുന്നു. ഇട വിട്ട് വ്യാപരിക്കുകയും മനുഷ്യരെ അമാനുഷിക തലങ്ങളിലേക്ക് ഉയർത്തുകയും, ചിലപ്പോൾ ആ അവസ്ഥയിൽ നിന്നു പൂർവ്വസ്ഥിതിയിലേക്കു തന്നെ ആനയിക്കുകയും ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനമാണ് പഴയനിയമത്തിൽ നാം കാണുന്നത്. പുറപ്പാടു പുസ്തകത്തിലും, ന്യായാധിപന്മാരുടെ പുസ്തകത്തിലും ദൈവികശക്തിയുടെ ഉറവിടമായും പ്രവാചകന്മാരുടെ കാലത്ത് ദൈവിക വെളിപാടിന്റെയും പ്രചോദനത്തിന്റെയും ഉറവിടമായും യഹോവയുടെ ആത്മാവിനെ വർണിക്കുന്നു.

### തീയും കാറ്റും

വരുവാനിരിക്കുന്ന മിശിഹാ ദൈവാത്മാവിന്റെ ദാനങ്ങളും കൃപയും പ്രാപിച്ചവനാണെന്നു യഹൂദജാതി വിശ്വസിച്ചു. പ്രവാചകന്മാർ പ്രവർത്തനനിരതരല്ലാതിരുന്നപ്പോഴും ദൈവാത്മാവ് അവരെ വിട്ടുമാറിയിരുന്നില്ല (ഹോശ. 9:7; യെശ. 11:2). തീ പോലെയാണ് ആത്മാവ്. അതു പകരുമ്പോഴും കുറയുന്നില്ല (സംഖ്യാ 11:25, 2 രാജാ. 2:9). ശക്തിയായ കാറ്റുപോലെ ഉയരത്തിൽ നിന്ന് ആഞ്ഞടിക്കുന്ന രീതിയിലും ദൈവാത്മാവിനെ വർണിച്ചിരിക്കുന്നു (യെശ. 32:15, യെഹ. 39:29). യഹോവയ്ക്കു പകരമായി ആത്മാവിനെ വർണ്ണിച്ചിരിക്കുന്ന ഭാഗങ്ങളുമുണ്ട് (യെശ. 30:1, 40:13, ഇയ്യോബ് 26:13, സങ്കീ. 51:11 etc).

### സമവീക്ഷണ സുവിശേഷങ്ങളിൽ ക്രിസ്തുവിന്റെ ജനനത്തിനു മുമ്പ്

പുതിയനിയമത്തിൽ യേശുക്രിസ്തുവിന്റെ ജനനത്തിനു മുമ്പു തന്നെ പരിശുദ്ധാത്മ വ്യാപാരത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. സഖറിയാ പുരോഹിതനോട് തനിക്കു ജനിക്കാൻ പോകുന്ന പുത്രൻ പരിശുദ്ധാത്മാവ് നിറഞ്ഞവനായിരിക്കുമെന്നു മാലാഖ അറിയിക്കുന്നു (ലൂക്കോ. 1:15–17). യോഹന്നാൻ സ്നാപകൻ ജനിച്ച് ഏഴു ദിവസം കഴിഞ്ഞ് സഖര്യാവു പരിശുദ്ധാത്മാവു നിറഞ്ഞവനായിത്തീരുന്നു (ലൂക്കോ. 1:67 f). ക്രിസ്തുവിനെക്കണ്ടല്ലാതെ മരിക്കുകയില്ലായെന്നു വൃദ്ധനായ ശീമോന് ആത്മാവു വെളിപ്പെടുത്തി.

### വചനിപ്പും മാമോദീസായും

'നീ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു യേശു എന്നു പേർ വിളിക്കേണം.' വി. കന്യകമറിയാമിന് വചനിപ്പ് ലഭിക്കുന്നു (ലൂക്കോ. 1:26–38, മത്താ. 1:18–21). പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വെളിപ്പെടുത്തലിന്റെ പാരമ്യമാണ് യേശുക്രിസ്തുവിന്റെ മാമോദീസാ വേളയിൽ സംഭവിച്ചത്. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ

ഇറങ്ങി വന്നവനായി കാണപ്പെട്ടു (മത്താ. 3:16; മർക്കോ. 1:10; ലൂക്കോ. 32:2). 'ഇവനെന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന ശബ്ദവും അപ്പോൾ ഉണ്ടായി.

## പരിശുദ്ധാത്മാവിനെപ്പറ്റി കർത്താവിന്റെ വാക്കുകൾ

യേശുക്രിസ്തു തന്നെ പരിശുദ്ധാത്മാവിനെക്കുറിച്ച് പരാമർശിക്കുന്ന ഏതാനും ഭാഗങ്ങൾ സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നു ചൂണ്ടിക്കാണിക്കാം.

1. ആത്മാവിനെപ്പറ്റി യെശയ്യാ പ്രവാചകന്റെ ദർശനം (യെശ. 61:1–2) തന്റെ നസ്രേത്ത് പ്രസംഗത്തിൽ കർത്താവു പരാമർശിക്കുന്നു (ലൂക്കോ. 4:16).
2. പരിശുദ്ധാത്മാവിന് എതിരായി ചെയ്യുന്ന പാപങ്ങൾ ക്ഷമിക്കപ്പെടുകയില്ല (മർക്കോ. 3:28–30; ലൂക്കോ. 12:10; മത്താ. 12:31–32).
3. സംഭവിക്കാനിരിക്കുന്ന പീഡനവേളയിൽ ആത്മാവു നിങ്ങളെ നയിക്കും (മർക്കോ. 13:11; മത്താ. 10:20, ലൂക്കോ. 12:12).
4. പരിശുദ്ധാത്മാവു മൂലം ദുരാത്മാക്കൾ പുറത്താക്കപ്പെടും (മത്താ. 12:28, ലൂക്കോ. 11:20).
5. 11–ാം സങ്കീർത്തനത്തിലെ പരിശുദ്ധാത്മ പ്രചോദനത്തെപ്പറ്റി (മർക്കോ. 12:36, മത്താ. 22:43).
6. പ്രാർത്ഥനയ്ക്കുത്തരമായി പരിശുദ്ധാത്മാവിനെ നല്കും (ലൂക്കോ. 11:13, മത്താ. 7:11).
7. നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കണം (മത്താ. 28:19).
8. പെന്തിക്കോസ്തി നാളിലെ പരിശുദ്ധാത്മ വ്യാപാരത്തെക്കുറിച്ചുള്ള കർത്താവിന്റെ വാഗ്ദാനം (ലൂക്കോ. 24:49).

## അപ്പോസ്തോല പ്രവർത്തികൾ:<br>പെന്തിക്കൊസ്തിയും സഭയുടെ വളർച്ചയും

'പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ' എന്നും വിളിക്കപ്പെടുന്ന അപ്പോസ്തോല പ്രവൃത്തിക'ളിൽ ആത്മാവിനാൽ നിറയപ്പെടുകയും ആത്മാവിനാൽ പ്രകാശിപ്പിക്കപ്പെടുകയും ചെയ്യുന്ന സഭയുടെ വളർച്ചയാണ് പ്രതിപാദ്യ വിഷയം. പെന്തിക്കോസ്തിനാളിൽ ഒരുമനപ്പെട്ടു പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യസമൂഹത്തിന് കൊടിയകാറ്റ്, അഗ്നിനാവുകൾ, വിവിധ ഭാഷ

കൾ എന്നീ അടയാളങ്ങൾ ദൃശ്യമായി. യോവേൽ പ്രവചനത്തിന്റെ (2:28 –32) പൂർത്തീകരണമായി സഭ ഇതിനെ മനസ്സിലാക്കി. ധൈര്യത്തോടെ കർത്താവിനെ സാക്ഷിക്കുവാനും പീഡനങ്ങളെ അതിജീവിക്കുവാനും വിവിധ ഭാഷക്കാരോടു സുവിശേഷം ഘോഷിക്കുവാനും തക്കവണ്ണം ആദിമ സഭയെ പരിശുദ്ധാത്മാവു ജീവൻ നല്കി ശക്തീകരിച്ചു (അ. പ്ര. 1:8; 4:33; 5:32; 6:5). സഭയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും പരിശുദ്ധാത്മാവ് സഭയെ നയിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു (അ. പ്ര. 2:4; 4:8; 6:3; 8:15; 13:2; 16:6–7 etc).

## പിതാവിനോടും പുത്രനോടും തുല്യൻ

വി. ത്രിത്വം, ഏകദൈവത്തിന്റെ മൂന്നു ആളത്തങ്ങൾ എന്നീ വാക്കുകൾ പുതിയനിയമത്തിൽ ഉപയോഗിക്കുന്നില്ല എന്നതു ശരി തന്നെ. പക്ഷേ, പരിശുദ്ധാത്മാവിന്റെ ദൈവത്വം, വ്യക്തിത്വം, പിതാവിനോടും പുത്രനോടും ഉള്ള തുല്യത എന്നിവ 'അപ്പോസ്തോല പ്രവൃത്തികളിലാകെ ഊന്നിപ്പറഞ്ഞിരിക്കുന്നു. പരസ്പരം മാറ്റപ്പെടാനാവാത്ത രീതിയിലും ഒരേ പ്രവർത്തനത്തിൽ പങ്കാളികളാണെന്ന രീതിയിലുമാണു വി. ത്രിത്വത്തിലെ ആളത്തങ്ങളെ ആദിമസഭ മനസ്സിലാക്കിയത് (അ. പ്ര. 1:4; 2:33; 38–39; 4:8–10; 10:38; 46 –48; 11:17; 20:23–24; 28:23–25 തുടങ്ങിയ ഭാഗങ്ങൾ ഇതു വ്യക്തമാക്കുന്നു.

## ക്രിസ്തുവിന്റെ ശുശ്രൂഷയുടെ തുടർച്ച

യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും പരിശുദ്ധാത്മാവിൽ കൂടി ആദിമസഭയ്ക്ക് അനുഭവവേദ്യമായതായി 'അപ്പോസ്തോല പ്രവൃത്തികൾ' തെളിയിക്കുന്നു. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ തുടർച്ചയായിരുന്നു പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ. പിതാവും പുത്രനും ഒരുപോലെ പരിശുദ്ധാത്മാവിനെ നല്കുകയും (അ. പ്ര. 2:17–33) പരിശുദ്ധാത്മാവ് മൂലം വീണ്ടെടുക്കുകയും (7:10–12:11) ശുശ്രൂഷയ്ക്കായി നിയോഗിക്കുകയും (22:14–26:16) ചെയ്യുന്നു. പരിശുദ്ധാത്മാവ് യേശുവിന്റെ ആത്മാവാണ് (16:17) കർത്താവിന്റെ ആത്മാവാണ് (5:9). പിതാവും പരിശുദ്ധാത്മാവും പ്രവാചകന്മാരിൽക്കൂടി സംസാരിക്കുകയും (1:16; 4:25; 3:21; 28:25). അവരെ പ്രവർത്തനനിരതരാക്കുകയും ചെയ്തു (2:39; 13:2–16:10). പരിശുദ്ധാത്മാവിനോടുള്ള വ്യാജം ദൈവത്തോടുള്ള വ്യാജമാണ് (5:34). ബർന്നബാസിനെയും പൗലോസിനെയും വേർതിരിക്കുക എന്നു പരിശുദ്ധാത്മാവാണ് അരുളിച്ചെയ്തത് (10:19–20, 13:2). മനുഷ്യരിൽ പരിശുദ്ധാത്മാവാം ദൈവം ആവസിക്കുന്നത് തന്റെ ഇഷ്ടത്താൽ തന്നെയാണ് (1:8; 8:16; 16:44).

പരിശുദ്ധാത്മാവിൽ കൂടി തങ്ങളെ നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും വഴികാട്ടുകയും ശാസിക്കുകയും, പ്രത്യേക ശുശ്രൂഷയ്ക്കായി

വിളിച്ചുവേർതിരിക്കുകയും, സൗഖ്യമാക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വനായ യേശുക്രിസ്തുവിനെ സഭ രുചിച്ചറിഞ്ഞു. പിതാവിന്റെ ആത്മാവും പുത്രന്റെ ആത്മാവുമാണ് പരിശുദ്ധാത്മാവ്. പിതാവിനോടും പുത്രനോടും തുല്യനുമാണ്.

**ചോദ്യങ്ങൾ**

1. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള പഴയനിയമ ഉപദേശം ത്രിത്വ ത്തിൽ വിശ്വസിക്കുവാൻ എങ്ങനെ സഹായിക്കുന്നു?
2. ദൈവത്തിന്റെ ആത്മാവ് ഏതെല്ലാം രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് പഴയനിയമത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.
3. പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള യേശുക്രിസ്തുവിന്റെ പരാമർശനങ്ങൾ എന്തെല്ലാം?

### പാഠം 2

# പരിശുദ്ധാത്മാവ്
# വി. പൗലോസിന്റെ വ്യാഖ്യാനം

❑ പരിശുദ്ധാത്മാവിന്റെ ആളത്വവും ദൈവത്വവും ❑ ക്രിസ്തുവിന്റെ ആത്മാവും പരിശുദ്ധാത്മാവും ❑ പുതുജീവൻ നൽകുന്ന ആത്മാവ് ❑ പുത്രത്വം നൽകുന്ന ആത്മാവ് ❑ ആത്മാവിന്റെ അച്ചാരം ❑ മഹത്വത്തി ലേക്ക് പ്രവേശനം ❑ ആത്മാവിന്റെ ദാനങ്ങൾ ❑ പ്രവചനവരം, ഭാഷാവരം, അത്ഭുതങ്ങൾ ❑ സ്നേഹം വലിയ ദാനം ❑ അന്യഭാഷ നിർബന്ധമോ? ❑ പക്ഷവാദം ചെയ്യുന്ന ആത്മാവ്

## പരിശുദ്ധാത്മാവു ദൈവമാണ്

സമവീക്ഷണ സുവിശേഷങ്ങളിലെയും അപ്പോസ്തോല പ്രവൃത്തികളി ലേയും ആശയങ്ങളുടെ തുടർച്ചയായി വരുന്ന വി. പൗലോസിന്റെ വ്യാഖ്യാനം ഈ പാഠത്തിൽ പരിശോധിക്കാം.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ആദിമസഭയുടെ പഠിപ്പിക്കൽ പണ്ഡി തോചിതമായി വിശദീകരിക്കുകയാണ് വി. പൗലോസ് ചെയ്തത്. പരിശു ദ്ധാത്മാവാം ദൈവത്തിന്റെ ആളത്തം, സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർ ത്തനങ്ങൾ, ഓരോ വ്യക്തിയിലുമുള്ള പരിശുദ്ധാത്മാവിന്റെ വ്യാപാരം എന്നീ

വിഷയങ്ങൾ പൗലോസിന്റെ തൂലികയിൽ വെളിപ്പെട്ടപ്പോൾ വിലപ്പെട്ട വേദശാസ്ത്ര വ്യാഖ്യാനങ്ങളായി മാറി.

പരിശുദ്ധാത്മാവിന്റെ വ്യക്തിത്വവും ദൈവത്വവും സംശയരഹിതമായി സ്ഥാപിക്കുന്നുണ്ട് വി. പൗലോസ്. ദൈവത്തിന്റെ ആത്മാവ് (10 പ്രാവശ്യം), ക്രിസ്തുവിന്റെ ആത്മാവ് (ഒരു പ്രാവശ്യം), യേശുക്രിസ്തുവിന്റെ ആത്മാവ് (ഒരു പ്രാവശ്യം), ആത്മാവ് (110 പ്രാവശ്യം), പരിശുദ്ധാത്മാവ് (15 പ്രാവശ്യം) എന്നിങ്ങനെ പല പേരുകൾ അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. പൗലോസിന്റെ വ്യക്തിപരമായ ജീവിതാനുഭവങ്ങളും യെഹൂദ റബിമാരുടെ കീഴിലുള്ള അഭ്യസനവും അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഒന്നും രണ്ടും കൊരിന്ത്യ ലേഖനങ്ങളിലും, ഗലാത്യ, എഫേസ്യ, ഫിലിപ്യലേഖനങ്ങളിലുമാണു പരിശുദ്ധാത്മാവിനെക്കുറിച്ചു പൗലോസിന്റെ ഉൾക്കാഴ്ചകൾ കൂടുതലായി കാണുന്നത്.

## ക്രിസ്തുവിന്റെ ആത്മാവും പരിശുദ്ധാത്മാവും

ക്രിസ്തുവിൽ (In Christ) ആത്മാവിൽ (In Spirit) എന്നീ പദങ്ങളും ക്രിസ്തുവിന്റെ ആത്മാവ്, പരിശുദ്ധാത്മാവ് എന്നീ പദങ്ങളും സമാന പശ്ചാത്തലത്തിൽ മാറി മാറി വി. പൗലോസ് ഉപയോഗിക്കുന്നുണ്ട്. ആത്മാവിന്റെ സാന്നിദ്ധ്യം ക്രിസ്തുവിന്റെ സാന്നിദ്ധ്യം തന്നെയാണെന്നും, ഈ പദങ്ങൾ വ്യക്തമാക്കുന്നു (2 കൊരി. 3:17). ഒരു വിശ്വാസി ഒരേസമയം ക്രിസ്തുവിൽ ആയിത്തീരുകയും ആത്മാവിൽ ആയിത്തീരുകയും ചെയ്യുന്നു.

## പുതുജീവൻ പരിശുദ്ധാത്മാവിൽ കൂടി

ഒരു ക്രിസ്ത്യാനി ആത്മാവിനാൽ നയിക്കപ്പെടുന്നവനും ആത്മാവിന്റെ വഴിയിൽ നടക്കുന്നവനുമാണ് (ഗലാ. 5:16; 18:25). അവന്റെ എല്ലാ തീരുമാനങ്ങളും എടുക്കേണ്ടത് ആത്മാവിന്റെ നടത്തിപ്പനുസരിച്ചായിരിക്കണം. ആത്മാവിൽ നടക്കുന്നവനെ ജഡത്തിന്റെ മോഹങ്ങൾ കീഴ്പെടുത്തുകയില്ല. (റോമ. 8:13-14). ആത്മാവിലുള്ള ജീവൻ അഥവാ പുതുജീവൻ പ്രാപിക്കുന്നതു വി. മാമോദീസായിൽ കൂടിയാണ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ മാമോദീസായിൽകൂടി പഴയ മനുഷ്യൻ മരിക്കുന്നു. പുതിയ മനുഷ്യൻ ഉയിർക്കുന്നു (റോമ. 6:1 f; 8:10-11; ഗലാ. 3:27).

## പരിശുദ്ധാത്മാവ് പുത്രത്വം നൽകുന്നു

ദൈവത്തിന്റെ ദാനമാണ് പരിശുദ്ധാത്മാവ്. നിത്യജീവനു വേണ്ടിയുള്ള യുദ്ധത്തിൽ പരിശുദ്ധാത്മാവിൽക്കൂടി ദൈവം നമ്മെ ആയുധമണിയിക്കുന്നു. നമ്മെ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആക്കിത്തീർക്കുന്നതു പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് മുഖാന്തരം ദൈവമക്കളായി

അവൻ നമ്മെ ദത്തെടുത്തിരിക്കുന്നു. ദൈവികകുടുംബത്തിൽ നമ്മെ അവകാശികളാക്കിത്തീർത്തിരിക്കുകയാണ്. സ്നേഹവാനായ പിതാവുമായുള്ള ബന്ധം പരിശുദ്ധാത്മാവിൽക്കൂടി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

## ആത്മാവിന്റെ അച്ചാരം

ആത്മാവിന്റെ അച്ചാരത്തെപ്പറ്റി മൂന്നു പ്രാവശ്യം വി. പൗലോസ് പരാമർശിക്കുന്നു (2 കൊരി. 1:22, 5:5; എഫേ. 1:14). 'അരാബോൺ' എന്ന ഗ്രീക്കു പദമാണ് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്. വ്യാപാരരംഗത്ത് ഉപയോഗിക്കപ്പെടുന്ന ഒരു പദമാണിത്. ആദ്യഘട്ടമായി മുൻകൂർ നൽകപ്പെടുന്ന തുകയാണ് 'അരാബോൺ.' ഭാഗികമായ കൊടുത്തുതീർക്കലാണിത്. ഒരു ഉടമ്പടി ബന്ധം ഇതിൽ അന്തർലീനമായിരിക്കുന്നു. കാലാവധിയ്ക്കകം മുഴുവൻ തുകയും തന്നുകൊള്ളാം എന്ന ഉറപ്പും ഇതിലുണ്ട്. തന്നെ സ്നേഹിക്കുന്നവർക്കു ദൈവം ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യാവസ്ഥയുടെ ഒന്നാം ഘട്ടമാണ് പരിശുദ്ധാത്മാവിന്റെ ദാനം. മനുഷ്യസ്വഭാവത്തിന്റെ പൂർണമായ രൂപാന്തരത്തിലേക്ക് ഇതു മൂലം നാം നയിക്കപ്പെടുന്നു.

## മഹത്വത്തിലേക്ക് പ്രവേശനം

ആത്മാവിൽകൂടിയാണ് ദൈവത്തിങ്കലേക്ക് പ്രവേശനം സാധ്യമായിത്തീരുന്നത് (എഫേ. 2:18). 'പ്രൊസാഗനി' എന്ന ഗ്രീക്കു പദമാണിവിടെ ഉപയോഗിക്കുന്നത്. ദൈവവുമായി നമ്മെ പരിചയപ്പെടുത്തിത്തരുന്നത് ആത്മാവാണെന്ന അർത്ഥമാണ് ഇവിടെ ധ്വനിക്കുന്നത്. വാതിൽ തുറന്നുതന്ന് ആത്മാവു നമ്മെ ദൈവിക സന്നിധിയിലേക്ക് പ്രവേശിപ്പിക്കുന്നു. പരിശുദ്ധാത്മാവു നമ്മിൽ വസിച്ചുകൊണ്ടു ദൈവത്തെ 'അപ്പാ' എന്ന് സംബോധന ചെയ്യുവാനും യേശുവിനെ കർത്താവ് എന്ന് വിളിക്കുവാനും സ്വർഗ്ഗസ്ഥനായ പിതാവിനോടു മക്കളെപ്പോലെ ഇടപെടുവാനും നമ്മെ യോഗ്യരാക്കിത്തീർക്കുന്നു (ഗലാ. 4:5–6, 1 കൊരി. 12:3; റോമ. 8:15). മഹത്വത്തിൽ നിന്നു മഹത്വത്തിലേക്ക് കരേറി ക്രിസ്തുവിനെപ്പോലെയായിത്തീരുന്ന അവസ്ഥയിലേക്കും ആത്മാവു നമ്മെ കൈപിടിച്ചെത്തിക്കുന്നു (2 കൊരി. 3:18). ദൈവികസാദൃശ്യത്തിന്റെ പൂർണ്ണതയിലേക്ക് ആത്മാവ് നമ്മെ വളർത്തിക്കൊണ്ടിരിക്കുന്നു.

## ആത്മാവിന്റെ വരങ്ങൾ

റോമ. 8, 12:6–18; 1 കൊരി. 12:14 എന്നീ ഭാഗങ്ങളിൽ ആത്മാവിന്റെ വരങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. ജഡത്തിന്റെ പ്രവൃത്തികൾക്കെതിരാണ് ആത്മാവിന്റെ ഫലങ്ങൾ (ഗലാ. 5:19, 22, 23). സഭയ്ക്കുള്ളിൽ സുവിശേഷങ്ങൾ പുറപ്പെടുവിക്കുന്നതു പരിശുദ്ധാത്മാവാണ് (1 കൊരി. 12:8–11). ബുദ്ധി, ജ്ഞാനം, വിശ്വാസം, സൗഖ്യം നൽകുന്നതിനുള്ള കഴിവ്,

അത്ഭുതം പ്രവർത്തിക്കാനുള്ള കഴിവ്, പ്രവചനവരം, ഭാഷാവരം തുടങ്ങിയവയാണ് ആത്മാവിന്റെ ദാനങ്ങൾ. പല വരങ്ങളുണ്ടെങ്കിലും ആത്മാവ് ഒരുവൻ മാത്രം.

## സ്നേഹം ഏറ്റവും വലിയ ദാനം

പ്രവചനവരം, ഭാഷാവരം, അത്ഭുതങ്ങൾ, സൗഖ്യമാക്കാനുള്ള കഴിവ് തുടങ്ങിയ ദാനങ്ങൾ എല്ലാവർക്കും എപ്പോഴും ലഭിക്കുന്നതല്ല. അപ്പോസ്തോലിക കാലഘട്ടത്തിൽ അവയ്ക്കു പ്രസക്തിയും പ്രാധാന്യവുമുണ്ടായിരുന്നു. പക്ഷേ, ഈ വരങ്ങളിലുള്ള അമിതമായ ആശ്രയവും പ്രത്യാശയും അപകടകരമാണെന്ന് കൊരിന്ത്യ സഭാംഗങ്ങളെ വിശുദ്ധ പൗലോസ് ഓർമ്മിപ്പിക്കുന്നുണ്ട്. ആത്മാവിന്റെ ഏറ്റവും പ്രധാനപ്പെട്ട ദാനം സ്നേഹമാണ്. സ്നേഹമില്ലെങ്കിൽ മറ്റൊന്നിനും അർത്ഥമില്ല (1 കൊരി. 13). ഈ ശ്രേഷ്ഠപരമായ സ്നേഹത്തിന്റെ പ്രതിഫലനങ്ങളാണ് ആത്മാവിന്റെ ഫലങ്ങളെല്ലാം തന്നേയും. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവർ (ഗലാ. 5:22) ക്രിസ്തുവിന്റെ സ്വഭാവവുമായി ഐകരൂപ്യം പ്രാപിക്കുന്നു. പരിവർത്തനവും ശുദ്ധീകരണവും ഉദ്ദീപനവും പ്രാപിക്കാൻ പരിശുദ്ധാത്മാവ് വിശ്വാസികളെ സഹായിക്കുന്നു.

## അന്യഭാഷ നിർബന്ധമോ?

ഇന്നും മറുഭാഷ നിർബന്ധമാണെന്നു വാദിക്കുന്ന വിഭാഗക്കാർ പ്രവചനവരം, അത്ഭുതങ്ങൾ, സൗഖ്യമാക്കൽ ഇവയ്ക്കു അത്ര പ്രാധാന്യം കൊടുക്കാറില്ല. അന്യഭാഷകളിൽ സംസാരിക്കാറുണ്ടെന്നു അവകാശപ്പെടുന്നവർ ആദിമസഭയെപ്പോലെ എല്ലാവർക്കും മനസ്സിലാകത്തക്കരീതിയിൽ സംസാരിക്കുകയോ പൊരുൾ തിരിച്ചു കൊടുക്കുകയോ ചെയ്യുന്നില്ല. ഭാഷാവരം പ്രകടമായതു മൂന്നു പ്രധാന അവസരങ്ങളിൽ മാത്രമായിരുന്നു.

1. സഭയുടെ മാമ്മോദീസാ എന്നു വിളിക്കപ്പെടുന്ന പെന്തിക്കോസ്തി പെരുന്നാളിലെ സംഭവം (അ. പ്ര. 2).
2. പുറജാതികൾക്കായി സഭയുടെ വാതിൽ തുറക്കപ്പെട്ടപ്പോൾ (അ. പ്ര. 10).
3. യഹൂദന്മാർ സഭാംഗങ്ങളായിത്തീർന്നപ്പോൾ (അ. പ്ര. 19).

യേശുക്രിസ്തു അന്യഭാഷ പറഞ്ഞില്ല. മറ്റുള്ളവർ പറയണമെന്നു പറഞ്ഞതുമില്ല. കന്യകമറിയാമോ ആദിമസഭയിലെ വിശുദ്ധന്മാരോ അന്യഭാഷകളിൽ സംസാരിച്ചില്ല. അ. പ്ര. 14:4 ൽ പ്രവചനവരമാണു ഭാഷാവരത്തേക്കാൾ വലുതെന്നു പറഞ്ഞിട്ടുണ്ട്. അറിയാത്ത ഭാഷകളിൽ ആയിരം വാക്കുകൾ സംസാരിക്കുന്നതിനേക്കാൾ ഭംഗിയായും ബുദ്ധിയായും അഞ്ചു വാക്കുകൾ

സംസാരിക്കുന്നതാണ് ഫലപ്രദമെന്നു വി. പൗലോസ് പ്രഖ്യാപിക്കുന്നുണ്ട് (1 കൊരി. 14:19, 13:8; 14:6).

### പക്ഷവാദം ചെയ്യുന്ന ആത്മാവ്

പരിശുദ്ധാത്മാവിന്റെ ആളത്തവും ദൈവത്വവും വ്യക്തമാക്കുന്ന അനേകം ഭാഗങ്ങൾ വി. പൗലോസിന്റെ ലേഖനങ്ങളിലുണ്ട് (1 കൊരി. 2:10, 11; 12:11; റോമ. 8:11, 9:1). 'ആത്മാവ് ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു' (റോമ. 8:26). താൻ ഇച്ഛിക്കും പോലെ ആത്മാവു വരം പകുത്തുകൊടുക്കുന്നു (1 കൊരി. 12:11). അവനെ ദുഃഖിപ്പിക്കരുത് (എഫെ. 4:30) തുടങ്ങിയ ഭാഗങ്ങൾ പ്രാധാന്യമർഹിക്കുന്നു. ആത്മാവ് നയിക്കുന്നവനാണ്, സാക്ഷ്യം വഹിക്കുന്നവനാണ്. ശക്തീകരിക്കുന്നവനാണ്. ശുദ്ധീകരിക്കുന്നവനുമാണ്. നമ്മുടെ ഹൃദയങ്ങളിൽ വസിക്കുകയും ദൈവീക രഹസ്യങ്ങളെ വെളിപ്പെടുത്തുകയും നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവനുമാണ് ആത്മാവ്. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാണ്, പക്ഷേ വ്യത്യസ്തരുമാണ്. ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും വെളിപ്പെടുത്തുന്നതാണ് പൗലോസിന്റെ ത്രിത്വ പ്രസ്താവന (2 കൊരി. 13:14).

ആത്മാവിനാൽ നടത്തപ്പെടാതെയുള്ള ക്രിസ്തീയ ജീവിതമില്ല. ആത്മീയ ജീവിതം എന്നത് ആത്മാവിലുള്ള ജീവിതമാണ്. നമ്മെ പാപത്തിൽ നിന്നു വീണ്ടെടുക്കുകയും ക്രിസ്തുവിൽ ദൈവത്തോടു നിരപ്പിക്കുകയും ദൈവീകരിക്കുകയും ചെയ്യുന്നതു പരിശുദ്ധാത്മാവാം ദൈവമാണ്. സഭയിലും ലോകത്തിലും വ്യക്തികളിലും നിരന്തരം പരിവർത്തിച്ചുകൊണ്ടിരിക്കുന്നു പരിശുദ്ധാത്മാവ്.

### ചോദ്യങ്ങൾ

1. ദൈവം ഏകനും ത്രിത്വവുമാകുന്നു എന്ന ചിന്ത ഉൾക്കൊള്ളുന്ന പ്രധാന ഭാഗങ്ങൾ പുതിയനിയമത്തിൽ നിന്നും ഉദ്ധരിക്കുക.
2. വി. പൗലോസിന്റെ ലേഖനങ്ങളിൽ ത്രിത്വത്തിലെ മൂന്നു ആളത്തങ്ങളെയും ഒരുമിച്ചു ചേർത്ത് പരാമർശിക്കുന്ന ഭാഗങ്ങളെക്കുറിച്ച് പഠനം നടത്തുക.
3. ഭാഷാവരം എന്നാലെന്ത്? ക്രിസ്ത്യാനികൾക്ക് മറുഭാഷ നിർബന്ധമോ?
4. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വി. പൗലോസിന്റെ വ്യാഖ്യാനം ചുരുക്കിയെഴുതുക.

## പാഠം 3

# പാറക്‌ളീത്താ
# വി. യോഹന്നാന്റെ ദർശനം

❑ സത്യത്തിന്റെ ആത്മാവ് ❑ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആത്മാവ് ❑ യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം ❑ ആത്മാവിൽ നിന്നുള്ള ജനനം ❑ തൃപ്തിപ്പെടുത്തുന്ന ജീവജലം ❑ ആരാധിക്കേണ്ടതു സത്യത്തിലും ആത്മാവിലും ❑ ലോകത്തിലേക്ക് വ്യാപരിക്കുന്ന ആത്മാവെന്ന നദി ❑ പാറക്കലീത്താ, അടുക്കലേക്ക് വിളിക്കപ്പെട്ടവൻ ❑ മനുഷ്യരാശിക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവൻ ❑ ആശ്വാസപ്രദൻ ❑ മറ്റൊരു കാര്യസ്ഥൻ ❑ പാറക്കലീത്തായും ലോകവും ❑ പാറക്കലീത്തായും ശിഷ്യന്മാരും ❑ പാറക്കലീത്തായുടെ പ്രവർത്തനം ❑ സത്യത്തിന്റെ പൂർണിമ ❑ ത്രിത്വത്തിന്റെ വെളിപാട് ❑ ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവൻ ❑ ലോകത്തെ ന്യായം വിധിക്കുന്നവൻ

### സത്യത്തിന്റെ ആത്മാവ്

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വി. യോഹന്നാന്റെ ദർശനത്തിൽ പാറക്കലീത്താ എന്ന പദത്തിനു പ്രത്യേക പ്രാധാന്യമുണ്ട്. യോഹ. 14:15-17, 14:26, 15:26-27, 16:13-15, 1 യോഹ. 2:1 എന്നീ ഭാഗങ്ങളിൽ നാലു പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. സത്യത്തിന്റെ ആത്മാവ്, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആത്മാവ്, പരിശുദ്ധാത്മാവ് എന്നീ പേരുകളിലും വി. ത്രിത്വത്തിലെ മൂന്നാം ആളത്തത്തെ വി. യോഹന്നാൻ വിളിക്കുന്നു.

### യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം

വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ ആദ്യ പകുതിയിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് പരാമർശിക്കുന്ന നാലു ഭാഗങ്ങളുണ്ട്. യേശുക്രിസ്തുവിന്റെ മാമോദീസാവേളയിൽ താൻ കണ്ടതായ കാര്യങ്ങളെപ്പറ്റി യോഹന്നാൻ സ്നാപകൻ നൽകുന്ന സാക്ഷ്യമാണ് ഒന്നാമത്തെ ഭാഗം (യോഹ. 1:29-35). തന്റെ വിശ്വാസത്തിന്റേയും ആത്മാവിലുള്ള വെളിപ്പെടുത്തലിന്റേയും അടിസ്ഥാനത്തിലാണ് യോഹന്നാൻ സ്നാപകൻ ഈ സാക്ഷ്യം നൽകുന്നത്.

### വീണ്ടും ജനനം എങ്ങനെ?

വീണ്ടും ജനനം എങ്ങനെയെന്ന് കർത്താവു നിക്കോദിമോസിന് വിശദീകരിച്ചു കൊടുക്കുന്ന സന്ദർഭമാണു രണ്ടാമത്തേത് (യോഹ. 3). ദൈവരാജ്യപ്രവേശനത്തിനു വെള്ളത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനം

ആവശ്യമാണെന്നു കർത്താവു വ്യക്തമാക്കുന്നു. 'അനോഫെൻ' എന്ന ഗ്രീക്കു പദത്തിന് 'വീണ്ടും' എന്നും 'ഉയരത്തിൽ നിന്ന്' എന്നും അർത്ഥമുണ്ട്. ലോകപ്രകാരം ജഡത്തിൽ നിന്നുള്ള ഒരു ജനനത്തെക്കുറിച്ചു മാത്രമേ നിക്കോദിമോസ് ചിന്തിക്കുന്നുള്ളു. ഉയരത്തിൽനിന്നുള്ള ജനനം ആത്മാവിൽ നിന്നുള്ള ജനനവും ദൈവത്തിൽ നിന്നുള്ള ജനനവുമാണെന്ന് കർത്താവു പഠിപ്പിക്കുന്നു (1 യോഹ. 2:29, 3:9 മുതലായവ). ജഡത്തിൽ നിന്നു ജനിക്കുന്നതു ജഡവും ആത്മാവിൽ നിന്നു ജനിക്കുന്നതു ആത്മാവുമാകുന്നു. സ്വർഗരാജ്യത്തിൽ കടക്കുന്നതിനു ദൈവാത്മാവിൽ നിന്നു പ്രാപിക്കുന്ന ആത്മീയ ജീവിതം ആവശ്യമാണ്.

### നിത്യമായി തൃപ്തിപ്പെടുത്തുന്ന ജീവജലം

ശമരിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണവേളയിൽ (യോഹ. 4) ജീവജലം അഥവാ നിത്യജീവൻ എന്താണെന്നു കർത്താവു വ്യക്തമാക്കുന്നു. ദൈവത്തിന്റെ ദാനം (യോഹ. 4:10) അഥവാ പരിശുദ്ധാത്മാവിന്റെ ദാനം ആ സ്ത്രീ അറിഞ്ഞിരുന്നുവെങ്കിൽ അതു ചോദിക്കുമായിരുന്നു എന്നാണ് ഇവിടെ ധ്വനിപ്പിക്കുന്നത്. സാധാരണജലം കുടിക്കുന്നവർക്കു വീണ്ടും ദാഹിക്കും. നിത്യമായി തൃപ്തിപ്പെടുത്തുന്നതാണ് ആത്മാവിന്റെ ദാനങ്ങൾ.

### സത്യത്തിലും ആത്മാവിലും ആരാധിക്കണം

'ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം.' ദൈവത്തിന്റെ പരിശുദ്ധാത്മശക്തിയിലുള്ള വിശ്വാസം കൂടാതെയുള്ള ആരാധന അർത്ഥശൂന്യമാണ്. ആത്മാവിലും സത്യത്തിലും തന്നെ ആരാധിക്കുന്നവർക്കു പുത്രനിലും പരിശുദ്ധാത്മാവിലും കൂടി പിതാവിങ്കലേക്കു പ്രവേശനമുണ്ട്. വചനം ജഡമായിത്തീർന്നു എന്ന സത്യം യേശുക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തപ്പെട്ടു. യഥാർത്ഥ ആരാധന ആത്മാവിലും സത്യത്തിലും ആകണം എന്നതിന്റെ അർത്ഥം ത്രിത്വാരാധനയാണ് യഥാർത്ഥമായ ദൈവാരാധന എന്നാണ്. വി. ത്രിത്വത്തെ എപ്പോഴും നാം മഹത്വപ്പെടുത്തണം. പരിശുദ്ധാത്മാവിൽ യേശുക്രിസ്തുവിൽക്കൂടി നിർവഹിക്കപ്പെടുന്ന ആരാധനയാണ് യഥാർത്ഥ ദൈവാരാധന.

### ലോകത്തിലേക്കു ഒഴുകിപ്പടരുന്ന നദി

തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ലഭിക്കും എന്ന വാഗ്ദാനം കൂടാരപ്പെരുന്നാൾ ദിവസത്തെ പ്രസംഗത്തിൽ കർത്താവ് ആവർത്തിക്കുന്നു (യോഹ. 7:37–39). ജീവജലനദി ശിഷ്യന്മാരിലേക്കും ലോകത്തിലേക്കും ഒഴുകും എന്ന് കർത്താവു വ്യക്തമാക്കി (ഏദൻതോട്ടത്തിൽ നിന്നൊഴുകി നാനാദേശത്തേക്കും പടർന്ന ജീവജലനദിയേയും ഈ വാക്കുകൾ സൂചിപ്പിക്കുന്നു). ആത്മാവിന്റെ വരവിനെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചുമുള്ള പഠിപ്പിക്കലായി ഈ ഭാഗം വ്യാഖ്യാനിക്കപ്പെടുന്നു.

## പാരാക്ലിറ്റോസ് – വിളിക്കപ്പെട്ടവനും വാദിക്കുന്നവനും

പാറക്കലീത്താ എന്ന പദം ബൈബിളിൽ വി. യോഹന്നാൻ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. 'പരാക്കലേയോ' എന്ന് ഗ്രീക്കു ഭാഷയിലുള്ള മൂല പദത്തിന്റെ അർത്ഥം 'അടുക്കലേക്കു വിളിക്കുക' (to call near) എന്നാണ്. 'അടുക്കലേക്കു വിളിക്കപ്പെട്ടവൻ' (one called to the side of) എന്ന അർത്ഥ മാണു പരാക്ലീറ്റോസ് എന്ന വാക്കിനുള്ളത്. അഭിഭാഷകൻ അഥവാ 'തന്നെ അടുക്കലേക്കു വിളിച്ചവനുവേണ്ടി വാദിക്കുന്നവൻ' എന്ന അർത്ഥത്തിൽ ഗ്രീക്കുഭാഷയിൽ ഈ പദം ഉപയോഗിച്ചുവന്നു. സഹായി, കാത്തു സൂക്ഷി ക്കുന്നവൻ, മദ്ധ്യസ്ഥൻ തുടങ്ങിയ അർത്ഥങ്ങളും ഈ പദത്തിനു കല്പിക്ക പ്പെട്ടു.

### ആശ്വാസപ്രദൻ (Comforter)

വി. യോഹന്നാന്റെ ലേഖനത്തിൽ (1 യോഹ. 2:1) യേശുവിനെ പാറക്ക ലീത്താ എന്നു വിളിച്ചുകൊണ്ടു പിതാവാം ദൈവത്തിന്റെ മുമ്പാകെ മനു ഷ്യരാശിക്കുവേണ്ടി വാദിക്കുന്നവനാണു ക്രിസ്തു എന്നു സ്ഥാപിക്കുന്നു. വി. യോഹന്നാന്റെ സുവിശേഷത്തിൽ പരിശുദ്ധാത്മാവിനെ പാറക്കലീത്താ യായി ചിത്രീകരിക്കുന്നു (14:15–17; 14:26, 15:26–27, 16:5–11). ഈ വേദ ഭാഗങ്ങളിൽ ആശ്വസിപ്പിക്കുന്നവൻ (Comforter) എന്ന അർത്ഥമാണു പാറ ക്കലീത്തായ്ക്കു നൽകുന്നത്. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള യേശുവിന്റെ വാഗ്ദാനങ്ങൾ മൂന്നു രീതിയിൽ വി. യോഹന്നാൻ വർണിക്കുന്നു.

1. അവൻ പഠിപ്പിക്കുന്നവനാണ്.
2. അവൻ ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവനാണ്.
3. അവൻ ലോകത്തെ ന്യായം വിധിക്കുന്നവനാണ്.

ഉപദേശിക്കുക, ധൈര്യപ്പെടുത്തുക, ആശ്വസിപ്പിക്കുക എന്നീ അർത്ഥ ങ്ങളും പാറക്കലീത്താ എന്ന പദം കൊണ്ടു വിവക്ഷിക്കുന്നു.

### വേറൊരു കാര്യസ്ഥൻ

അന്ത്യഅത്താഴസമയത്തു തനിക്കു ഇനി എന്തു സംഭവിക്കുമെന്നു കർ ത്താവ് അപ്പോസ്തോലന്മാരോടു പറയുന്നു, 'ഞാൻ പിതാവിന്റെ അടുക്ക ലേക്കു പോവുകയാണ്. പക്ഷേ, മടങ്ങിവരും. എന്റെ ആത്മീയസാന്നിദ്ധ്യം പരിശുദ്ധാത്മാവിൽക്കൂടി ഞാൻ നിങ്ങൾക്കു നൽകും' (യോഹ. 14:16), കർത്താവു വ്യക്തമാക്കി. താൻ അയയ്ക്കുന്ന 'വേറൊരു കാര്യസ്ഥൻ' (Another paraclete) സഭയിൽ തന്റെ ദൗത്യം തുടരും എന്നു ക്രിസ്തു ഉറപ്പു നൽകി. താൻ പോകുന്നില്ലായെങ്കിൽ ആ കാര്യസ്ഥൻ വരുകയില്ല. യുഗാന്ത്യം വരെ ആ കാര്യസ്ഥൻ ലോകത്തിൽ ഉണ്ടായിരിക്കുകയും ചെയ്യും.

'കണ്ടാലും ഞാൻ ലോകാവസാനത്തോളം നിങ്ങളോടു കൂടെയുണ്ട്' (മത്താ. 28:20) എന്ന വാഗ്ദാനം ഈ ദൈവിക സാന്നിദ്ധ്യത്തിലൂടെ നിറവേറപ്പെടുന്നു.

### പാറക്കലീത്തായും ലോകവും

ലോകത്തേയും ഓരോ വിശ്വാസിയേയും ക്രൂശിക്കപ്പെട്ടവനായ യേശുവിന്റെ ദൈവിക സാന്നിദ്ധ്യം ബോദ്ധ്യപ്പെടുത്തുന്നവനാണ് പാറക്കലീത്താ. നാം ക്രിസ്തുവിനോട് അടുത്തുവന്ന് തന്റെ സുവിശേഷം കേട്ട് താൻ ദൈവമെന്നു ബോദ്ധ്യം വരുത്തുകയും വിശ്വാസികളായിത്തീരുന്നതിനു സഹായിക്കുകയും ചെയ്യും ഈ കാര്യസ്ഥൻ.

### പാറക്കലീത്തായും ശിഷ്യന്മാരും

ശിഷ്യന്മാർക്കു താൻ നൽകിയ വാഗ്ദാനം നിറവേറി. അപ്പോസ്തോലന്മാരുടെ കൂടെ വസിച്ച് അവരെ ദൗത്യനിർവഹണത്തിനു സന്നദ്ധരാക്കുന്നതിനാണു പരിശുദ്ധാത്മാവിനെ താൻ അയച്ചത് (യോഹ. 14:16). ഭീഷണികളെ നേരിടുന്നതിനും തിന്മയോടുള്ള പോരാട്ടത്തിൽ ജയിക്കുന്നതിനും ആവശ്യമായ ശക്തി പരിശുദ്ധാത്മാവ് അവർക്കു നൽകി. ക്രിസ്തുവിന്റെ മഹത്വം പരിശുദ്ധാത്മാവിൽക്കൂടി ശിഷ്യന്മാർക്കും താൻ നൽകി (യോഹ. 7:39).

### പാറക്കലീത്തായുടെ പ്രവർത്തനം (യോഹ. 14:25-26)

പിതാവാണ് പരിശുദ്ധാത്മാവിനെ അയച്ചത് (യോഹ. 14:26). പക്ഷേ, പുത്രന്റെ നാമത്തിലും പുത്രൻ മുഖാന്തരവും ആണ് അയച്ചത്. ഓരോ വ്യക്തിക്കും ക്രിസ്തുവിനെ വെളിപ്പെടുത്തിക്കൊടുക്കുക എന്നുള്ളതാണ് പരിശുദ്ധാത്മാവിന്റെ ദൗത്യം. സത്യത്തെക്കുറിച്ചു പഠിക്കുവാനും ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുവാനുമാണു പരിശുദ്ധാത്മാവ് അയയ്ക്കപ്പെട്ടത്. ബാഹ്യതലത്തിൽ നിന്നു മനുഷ്യന്റെ ആന്തരികതലത്തിലേക്കു ക്രിസ്തുവിന്റെ സന്ദേശം കൊണ്ടുവരുകയാണ് പരിശുദ്ധാത്മാവു തന്റെ പ്രവൃത്തികൾ മൂലം ചെയ്യുന്നത്. യേശുവിന്റെ വചനം യഥാർത്ഥമായും ജീവൻ നൽകുന്ന വചനമാണെന്ന് വ്യക്തികൾക്ക് ബോധ്യം വരുന്നു. പരിശുദ്ധാത്മാവിൽ ആണ് ഓരോ ക്രിസ്ത്യാനിയും ജനിച്ചിരിക്കുന്നത് (യോഹ. 3:8).

### സത്യത്തിന്റെ പൂർണിമ (യോഹ. 16:12-15)

ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെക്കുറിച്ചു കൂടുതൽ വെളിച്ചം നൽകുന്നത് പരിശുദ്ധാത്മാവാണ്. തന്റെ ഉയിർത്തെഴുന്നേല്പിനു ശേഷമാണ് 'യേശു ആര്?' എന്ന ചോദ്യത്തിനു ഉത്തരം കൂടുതലായി വെളിപ്പെട്ടത്. പരിശുദ്ധാത്മാവാം ദൈവമാണതു വെളിപ്പെടുത്തിയത്.

## vi. ത്രിത്വത്തിന്റെ വെളിപാട് (യോഹ. 16:13, 14)

ത്രിത്വത്തിന്റെ വെളിപാടു പിതാവിൽനിന്ന് ആരംഭിക്കുകയും പുത്രനിൽക്കൂടി പരിശുദ്ധാത്മാവിൽ പൂർണത പ്രാപിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽക്കൂടിയുള്ള വെളിപാടിന്റെ മറഞ്ഞിരിക്കുന്ന രഹസ്യാത്മക വശങ്ങളെ വി. സഭയ്ക്കു വ്യാഖ്യാനിച്ചു കൊടുക്കുന്നതു പരിശുദ്ധാത്മാവാണ്. ദൈവം തന്റെ പദ്ധതികൾ കാലാകാലങ്ങളിൽ വ്യക്തികളിൽകൂടിയും സമൂഹങ്ങളിൽക്കൂടിയും നിറവേറ്റുന്നതു പരിശുദ്ധാത്മാവു മുഖാന്തരമാണ്.

## ക്രിസ്തുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവൻ (യോഹ. 15:26, 27)

സത്യത്തെ സാക്ഷ്യപ്പെടുത്തുന്ന ക്രിസ്തീയ സമൂഹം പീഡനങ്ങളിലും എതിർപ്പുകളിലും പെട്ടു നട്ടം തിരിയുമ്പോൾ അവരുടെ സാക്ഷ്യം പരിശുദ്ധാത്മാവു ഏറ്റെടുക്കും. അധികാരികളുടെയും എതിർപ്പുകളുടെയും മുമ്പാകെ അവർ എന്താണോ സംസാരിക്കേണ്ടത് അതു പരിശുദ്ധാത്മാവ് സംസാരിക്കും. പരിശുദ്ധാത്മാവാണു ആദിമസഭയെ ധൈര്യപ്പെടുത്തിയത്. ഇപ്രകാരം പരിശുദ്ധാത്മാവു ക്രിസ്തുവിനെ സാക്ഷിക്കുന്നവൻ കൂടിയാണ്. വിശ്വാസത്തിൽ ശക്തരായിത്തീരുവാൻ തക്കവണ്ണം അപ്പോസ്തോലന്മാർക്കിടയാക്കിയ ആത്മനിഷ്ഠമായ അനുഭവമാണ് പരിശുദ്ധാത്മാവിന്റെ സാക്ഷ്യം.

## ലോകത്തെ ന്യായം വിധിക്കുന്നവൻ (യോഹ. 16:7–11)

പാപനിബദ്ധമായ ലോകത്തെ വിധിക്കുന്നവൻ കൂടിയാണ് പരിശുദ്ധാത്മാവ്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തുന്നവനാണ് ആത്മാവ്. അന്വേഷിക്കുക, പരിശോധിക്കുക, വിശദീകരിക്കുക, ചോദ്യം ചെയ്യുക, വെളിപ്പെടുത്തുക, മുന്നറിയിപ്പു നൽകുക, ശിക്ഷിക്കുക തുടങ്ങിയ എല്ലാ കാര്യങ്ങളും 'ബോധ്യപ്പെടുത്തും' എന്ന പ്രയോഗത്തിൽ അടങ്ങിയിട്ടുണ്ട് (യോഹ. 16:18). വിശ്വാസികൾക്കു പാപബോധം വരുത്തി അനുതാപത്തിലേക്കവരെ തിരിക്കുന്നതും പരിശുദ്ധാത്മാവാണ്. ഇതിനെതിരായി കാണുന്ന മാനുഷിക പ്രവണതകളെ 'പരിശുദ്ധാത്മാവിനെതിരായിട്ടുള്ള പാപ'മായി പരിഗണിക്കാം.

ക്രിസ്തുവിനെ മശിഹാ എന്നും ദൈവപുത്രൻ എന്നും അംഗീകരിക്കാതിരിക്കുന്നതാണ് 'പാപം' എന്നു വി. യോഹന്നാൻ വിശദീകരിക്കുന്നു (16:18). ലോകത്തെ ഭരിക്കുന്ന ശക്തികളെ ന്യായം വിധിക്കയും ലോകത്തെ 'പാപ'ത്തിൽ നിന്നും വിടുവിക്കയും ചെയ്യുക എന്നതാണു പരിശുദ്ധാത്മാവിന്റെ ധർമ്മം.

**ചോദ്യം**

1. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വി. യോഹന്നാൻ ശ്ലീഹായുടെ ഉപദേശം ചുരുക്കിയെഴുതുക.

## പാഠം 4

# പരിശുദ്ധാത്മാവ്: ആദിമസഭയിലെ വീക്ഷണങ്ങൾ

❑ വാഗ്ദാനങ്ങൾ നിറവേറുന്നു ❑ പരിശുദ്ധാത്മ വ്യാപാരങ്ങൾ ❑ ത്രിത്വനാമത്തിൽ ആശീർവാദം ❑ പരിശുദ്ധാത്മദാനം സഭയിൽ കൂടി ❑ ആത്മാവ് രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു ❑ വിശ്വാസികളെ കൂട്ടിയോജിപ്പിക്കുന്ന ചരട് ❑ സൃഷ്ടികർമ്മത്തിൽ പങ്കാളി ❑ പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ ❑ അമർത്യനായ ആത്മാവ് ❑ ത്രിത്വനാമത്തിലെ മാമോദീസാ ❑ ആത്മാവിനെ സംബന്ധിച്ച വേദവിപരീതങ്ങൾ ❑ സെമൺ മാഗസും വാലന്റീനസും ❑ മൊണ്ടാനിസം ❑ മൊണാർക്കിയനിസം❑ ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും ❑ ഹിപ്പൊലിറ്റസും തെർത്തുല്യനും

### വാഗ്ദാനങ്ങൾ നിറവേറുന്നു

പുതിയനിയമ കാലത്തു നിലവിലിരുന്ന സഭയ്ക്കു പരിശുദ്ധാത്മാ വിനെപ്പറ്റി ലഭിച്ച ഉൾക്കാഴ്ചകൾ ഇപ്രകാരം സംഗ്രഹിക്കാം. പ്രവർത്തനനിരതനായ ദൈവമാണ് പരിശുദ്ധാത്മാവ്. ക്രിസ്തുവിനു മുമ്പ് ആത്മാവിന്റെ പ്രവർത്തനം തെരഞ്ഞെടുക്കപ്പെട്ട ചിലരെ പ്രചോദിപ്പിക്കുന്ന രീതിയിലും വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും ദൈവിക പ്രവർത്തനങ്ങളിൽ അവർ പങ്കാളികളായിത്തീരുന്ന രീതിയിലുമാണു മനസ്സിലാക്കിയത്. 'ആത്മാവു കൊണ്ടു സ്നാനം ചെയ്യുന്ന'വനായി യേശുക്രിസ്തു മനുഷ്യാവതാരം ചെയ്തു. ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾ ക്രിസ്തുവിന്റെ ജീവിത വ്യാപാരകാലത്തു ജനം ദർശിച്ചു. ക്രിസ്തുവിൽ ആയിത്തീരുകയെന്നാൽ ആത്മാവിൽ ആയിത്തീരുകയാണെന്ന് അവർക്കു ബോദ്ധ്യമായി. പാറക്കലീത്താ റൂഹായെപ്പറ്റി ക്രിസ്തു അരുളിച്ചെയ്ത കാര്യങ്ങൾ ക്രമേണ നിറവേറി. ക്രിസ്തുവിന്റെ ശരീരവും പുതിയ യിസ്രായേലുമാകുന്ന സഭ പരിശുദ്ധാത്മശക്തിയാൽ വളർന്നു.

### പരിശുദ്ധാത്മ വ്യാപാരങ്ങൾ

വെള്ളത്താലും ആത്മാവിനാലും സ്നാനപ്പെടുത്തിയാണ് സഭയിലേക്കു പ്രവേശനം ലഭിക്കുന്നത്. പരിശുദ്ധാത്മാവു സത്യത്തിലേക്കു വഴി നടത്തുന്നവനാണ്. തലയിൽ കൈവച്ചും (അ. പ്ര. 5:15, 9:8, 19:1–7) തൈലാഭിഷേകം നടത്തിയും (യാക്കോബ് 5:14) പരിശുദ്ധാത്മാവിന്റെ ആവാസം ആദിമസഭയിൽ പകർന്നു നൽകിയിരുന്നു. ദൈവത്തിന്റെ ആത്മാവ് അഥവാ ക്രിസ്തുവിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്. ലോകത്തിലും സഭയിലും വ്യക്തികളിലും നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആത്മാവ് ദൈവം തന്നെയാണ്. പിതാവിനോടും പുത്രനോടും സമനാണ് പരിശുദ്ധാത്മാവ്.

### ത്രിത്വനാമത്തിൽ ആശീർവാദം

ആത്മാവ് ഉദ്ബോധിപ്പിക്കുന്നവനും ആശ്വസിപ്പിക്കുന്നവനും വഴിനടത്തുന്നവനുമാണ്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധ്യം വരുത്തുന്നവനാണ്. സകലത്തേയും ജീവിപ്പിക്കുന്നവനും പുതുതാക്കുന്നവനുമാണ്. സകല സത്യത്തിലും സഭയെ വഴിനടത്തുന്നവനുമാണ്. ആത്മാവു മൂലം വ്യക്തികൾ പുതുജീവനും ശുദ്ധീകരണവും നീതീകരണവും മഹത്ത്വീകരണവും പ്രാപിക്കുന്നു. ആത്മാവു ശിക്ഷിക്കുന്നവനും നിരോധിക്കുന്നവനും സഹനശക്തി നൽകുന്നവനുമാണ്. ആദിമസഭയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ മുക്കുകയും സഭാംഗങ്ങളെ ആശീർവദിക്കുകയും ചെയ്തിരുന്നതായി പുതിയനിയമം തെളിയിക്കുന്നു (മത്താ. 28:19–20, 2 കൊരി. 13:14). സ്നാനമാണ് ആദ്യം. പിന്നീട് ഉപദേശം.

### പരിശുദ്ധാത്മദാനം സഭയിൽ കൂടി

അപ്പോസ്തോലന്മാരിൽ നിന്നു നേരിട്ടു പഠിച്ച ആദിമസഭയിലെ പിതാക്കന്മാരും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തങ്ങളുടെ ചിന്തകൾ രേഖപ്പെടുത്തിയിട്ടുണ്ട്. റോമിലെ വി. ക്ലീമീസിന്റെ (d.100) ഒന്നാം ലേഖനത്തിൽ പത്തു പ്രാവശ്യവും രണ്ടാം ലേഖനത്തിൽ ഒരു പ്രാവശ്യവും പരിശുദ്ധാത്മാവിനെക്കുറിച്ചു പരാമർശിക്കുന്നു. പഴയനിയമം പരിശുദ്ധാത്മാവിനാൽ പ്രചോദിതമാണ്, വചനം കേൾക്കുന്നവർക്കു പരിശുദ്ധാത്മ നൽവരം ലഭിക്കുന്നു, ഒരാത്മാവു മാത്രമേയുള്ളു, വിശുദ്ധിയിൽ ജീവിക്കുന്നവർക്കു സഭയിൽ കൂടി പരിശുദ്ധാത്മദാനം ലഭിക്കും എന്നീ ആശയങ്ങൾ വി. ക്ലീമീസിന്റെ ലേഖനങ്ങളിലുണ്ട്.

### രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവൻ

ഫിലാദൽഫിയാക്കാർക്ക് അന്തോഖ്യയിലെ വി. ഇഗ്നാത്യോസ് (35–110

ഏ. ഡി.) എഴുതിയ ലേഖനത്തിൽ (7:1) ഇപ്രകാരം പരാമർശിക്കുന്നു: 'ജഡത്തിൽ എന്നെ വഞ്ചിക്കുന്നതിനു ആരെങ്കിലും ആഗ്രഹിച്ചേക്കാം. പക്ഷേ, ആത്മാവു വഞ്ചിക്കപ്പെടുന്നില്ല. ആത്മാവു ദൈവത്തിൽ നിന്നാണ്, എവിടെനിന്നു വരുന്നു എന്നും എവിടേയ്ക്കു പോകുന്നുവെന്നും ആത്മാവിനറിയാം. ആത്മാവു രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനുമാണ്.'

## കൂട്ടിയോജിപ്പിക്കുന്ന ചരട്

ദൈവത്തിന്റെ ആലയമാകുന്ന സഭയുടെ കെട്ടുപണിക്കുള്ള കല്ലുകളാണു വിശ്വാസികൾ എന്നും ആ കല്ലുകളെ പരിശുദ്ധാത്മാവാകുന്ന ചരടുകൊണ്ടു കൂട്ടിയോജിപ്പിച്ചിരിക്കുന്നു എന്നും എഫേസ്യർക്കെഴുതിയ രണ്ടാം ലേഖനത്തിൽ വി. ഇഗ്നാത്തിയോസ് എഴുതുന്നു. മഗ്നീഷ്യർക്കെഴുതിയ ലേഖനത്തിൽ (13:1) പുത്രൻ, പിതാവ്, പരിശുദ്ധാത്മാവ് എന്നീ ക്രമത്തിലാണു വി. ത്രിത്വത്തിലെ ആളത്തങ്ങളെ അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്.

## സൃഷ്ടികർമ്മത്തിൽ പങ്കാളി

സർവത്തേയും സൃഷ്ടിച്ച നിത്യനായ പരിശുദ്ധാത്മാവ് താൻ തന്നെ തെരഞ്ഞെടുത്ത ഒരു ശരീരത്തിൽ വന്നു വസിച്ചു എന്നു ഹെർമ്മാസിന്റെ 'ഇടയൻ' (c. 130) എന്ന കൃതിയിൽ ചൂണ്ടിക്കാണിക്കുന്നു. വി. ത്രിത്വത്തിലെ രണ്ടും മൂന്നും ആളത്വങ്ങൾ ഒന്നുതന്നെയെന്നു ധ്വനിപ്പിക്കുന്ന ചില പ്രസ്താവനകളും ഈ പ്രാചീന രേഖയിലുണ്ട്. ആത്മാവ് ആദിമുതലേ ഉണ്ടായിരുന്നു എന്നും സൃഷ്ടികർമ്മത്തിൽ പങ്കാളിയാണെന്നും ഉള്ള ആശയങ്ങൾ പ്രാധാന്യമർഹിക്കുന്നു.

## പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ

മാമോദീസാ മൂലം എങ്ങനെ പുത്രത്വം ലഭിക്കുന്നു എന്നും ദൈവികസാദൃശ്യവും സ്വരൂപവും വീണ്ടെടുക്കുന്നുവെന്നും വിവരിച്ചതിനുശേഷം 'ബർന്നബാസിന്റെ ലേഖന'ത്തിൽ ലേഖനകർത്താവ് എഴുതുന്നു: 'വി. മാമോദീസാ ദൈവത്തിന്റെ സൃഷ്ടികളെ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാക്കിതീർക്കുന്നു.'

## അമർത്യനായ ആത്മാവ്

പരിശുദ്ധാത്മാവിന്റെ അമർത്യതയെക്കുറിച്ചുള്ള പരാമർശനവും ത്രിത്വനാമത്തിലുള്ള അഭിവാദനവും 'പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം' (14-ാം അദ്ധ്യായം) എന്ന പ്രാചീന രേഖയിൽ കാണുന്നു.

## ത്രിത്വനാമത്തിൽ മാമോദീസാ

'ഡിഡാക്കെ' എന്നു ചുരുക്കിപ്പറയാവുന്ന 'പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ പഠിപ്പിക്കൽ' എന്ന പ്രാചീനരേഖയിൽ ത്രിത്വനാമത്തിൽ മാമോദീസാ മുക്കേണ്ടത് എങ്ങനെയെന്നു വിശദീകരിച്ചിരിക്കുന്നു: 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒഴുക്കുള്ള വെള്ളത്തിൽ മാമോദീസാ മുക്കുക. ഒഴുക്കുള്ള വെള്ളം ലഭ്യമല്ലെങ്കിൽ നിശ്ചലജലത്തിലാകാം. തണുത്ത വെള്ളത്തിൽ സാധ്യമല്ലായെങ്കിൽ ചൂടുവെള്ളത്തിലുമാകാം. ഇവയൊന്നുമില്ലായെങ്കിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മൂന്നു പ്രാവിശ്യം തലയിൽ വെള്ളം കോരിയൊഴിക്കുക' (7:1–3).

## സിദ്ധാന്ത വൈകൃതങ്ങൾ

തൃപ്തികരവും പണ്ഡിതോചിതവുമായ വ്യാഖ്യാനങ്ങൾ പരിശുദ്ധാത്മാവിന്റെ ആളത്തം, ദൈവത്വം, പ്രവർത്തനം ഇവ സംബന്ധിച്ചു മേൽപ്പറഞ്ഞ രേഖകൾ നൽകുന്നില്ലായെങ്കിലും പ്രസക്തങ്ങളായ സൂചനകൾ വിലപ്പെട്ടവ തന്നെയാണ്. യഥാകാലം ഉണ്ടായ വേദവിപരീതങ്ങളാണു പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഉപദേശം സഭയിൽ വിപുലപ്പെടാൻ സഹായിച്ചത്.

### i. സൈമൺ മാഗസ്: വാലന്റീനസ്

പരിശുദ്ധാത്മാവു താൻ തന്നെയാണെന്ന രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തയാളാണു സൈമൺ മാഗസ്. ജ്ഞാനവാദ സിദ്ധാന്തത്തിന്റെ വക്താക്കളിലൊരാളായ വലന്റീനസ് (160-ൽ മരിച്ചു) പ്രപഞ്ചത്തിനും സ്രഷ്ടാവിനും ഇടയ്ക്കുള്ള മദ്ധ്യവർത്തികളിലൊന്നായി പരിശുദ്ധാത്മാവിനെ കണ്ടു. തെറ്റായ ജ്ഞാനത്തിൽ ഉണ്ടാകുന്ന തിന്മയെ എതിർക്കുന്നതിനു ക്രിസ്തുവിനോടൊപ്പം പോരാടുന്ന ശക്തിയാണു പരിശുദ്ധാത്മാവ്.

### ii. മൊണ്ടാനസും മൂന്നു വെളിപാടുകളും

ഏഷ്യാമൈനറിലെ ഫ്രുഗിയായിൽ രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഉണ്ടായ വേദവിപരീതമാണു മൊണ്ടാനിസം. മൊണ്ടാനസ് എന്നയാളാണിതിനു കാരണക്കാരൻ. ഒരു പ്രവാചകനാണെന്നു നടിക്കുകയും അപരിചിതമായ വാക്കുകൾ വികലമായി ഉച്ചരിക്കുകയും വികാരതീവ്രമായ ആംഗ്യങ്ങൾ കാണിക്കുകയും ചെയ്തിരുന്ന ഇയാൾ, മൂന്നു വെളിപാടുകൾ നടന്നിട്ടുള്ളതായി സ്വയം പ്രഖ്യാപിച്ചു. ഒന്ന്, പഴയനിയമത്തിലെ യഹോവ. രണ്ട്, പുതിയനിയമത്തിൽ യേശുക്രിസ്തു മൂലമുള്ള വെളിപാട്. മൂന്ന്, മൊണ്ടാനസ്സിൽക്കൂടിയുള്ള ആത്മാവിന്റെ വെളിപാട്.

## മൊണാർക്കിയൻ സിദ്ധാന്തക്കാർ

'ദൈവം ഏകനാണ്' (യെശ. 45:5; യോഹ. 10:30; 14:9–10) എന്ന വേദവാക്യം മുറുകെപ്പിടിച്ചുകൊണ്ടു പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തെ നിഷേധിച്ച മൊണാർക്കിയൻ സിദ്ധാന്തക്കാർ രണ്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ സഭയിൽ ചിന്താക്കുഴപ്പമുണ്ടാക്കി. പ്രക്സിസ്, നൊക്ടസ് തുടങ്ങിയവരാണീ ചിന്താഗതിയുടെ പ്രധാന വക്താക്കൾ. പുത്രനെയും പരിശുദ്ധാത്മാവിനെയും പിതാവിനോടു തുല്യരാക്കുകയും പഴയനിയമകാലത്തു യഹോവയായും പുതിയനിയമ കാലത്തു ക്രിസ്തുവായും ക്രിസ്തുവിനു ശേഷം പരിശുദ്ധാത്മാവായും ആണു ദൈവം വെളിപ്പെട്ടതെന്നു പ്രഖ്യാപിക്കുകയും ചെയ്ത സെബല്യസ് പരിശുദ്ധാത്മാവിന്റെ യഥാർത്ഥ ആളത്തവും ദൈവത്ത്വവും വ്യക്തമാക്കുന്നതിൽ പരാജയപ്പെട്ടു.

### പ. പിതാക്കന്മാരുടെ പഠിപ്പിക്കൽ:

#### ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും

അതേസമയം അഥനഗോറസ്, ഐറേനിയസ് (c. 133–203), അലക്സാന്ത്രിയായിലെ ക്ലിമിസ് (c. 200) തുടങ്ങിയ ക്രൈസ്തവ സഭാനേതാക്കൾ പരിശുദ്ധാത്മാവിന്റെ ആളത്തവും ദൈവത്വവും ഊന്നിപ്പറഞ്ഞു. ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും അവർ ദർശിച്ചു. പക്ഷേ, ഓറിഗൺ (184–255) പരിശുദ്ധാത്മാവിനെ ഒരു സൃഷ്ടിയായിട്ടാണു പരാമർശിച്ചത്.

## ഹിപ്പൊലിറ്റസും തെർത്തുല്യനും

പാശ്ചാത്യസഭാചിന്തകരിൽ 'പരിശുദ്ധാത്മാവിനെ ഞാൻ ആരാധിക്കുന്നു', എന്നു പ്രഖ്യാപിച്ച ഹിപ്പൊലിറ്റസ് (Homily on the Heresy of Noetus X) വി. ത്രിത്വത്തെ ഇപ്രകാരം വ്യാഖ്യാനിച്ചു: 'വി. ത്രിത്വത്തിൽകൂടി പിതാവു മഹത്ത്വീകരിക്കപ്പെടുന്നു. കാരണം, പിതാവു ഇച്ഛിച്ചു, പുത്രൻ നടപ്പാക്കി. പരിശുദ്ധാത്മാവു വെളിപ്പെടുത്തി' (Ibid, XIV). തെർത്തുല്യൻ, നൊവേഷ്യൻ, സിപ്രിയൻ എന്നിവരും പരിശുദ്ധാത്മാവിന്റെ ആളത്തത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. പിതാവിനോടും പുത്രനോടും വളരെ താഴെയായി മാത്രം പരിശുദ്ധാത്മാവിനു സ്ഥാനം കൊടുത്തുകൊണ്ടുള്ള വ്യാഖ്യാനങ്ങളാണവ. മൊണ്ടാനസിന്റെ ആശയങ്ങളോടു തെർത്തുല്യൻ അനുഭാവം കാട്ടിയിരുന്നു.

### ചോദ്യങ്ങൾ

1. 'വിശുദ്ധ ത്രിത്വം സമൂഹത്തിൽ ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ മാതൃക കൂടിയാണെന്നു കാണാം.' വിശദീകരിക്കുക.
2. രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു സഭയിൽ നിലവിലിരുന്ന വീക്ഷണങ്ങളേവ? പരിശുദ്ധാത്മാവിനെപ്പറ്റി

ഈ കാലഘട്ടത്തിലുണ്ടായ പ്രധാന സിദ്ധാന്ത വൈകൃതങ്ങൾ പരിശോധിക്കുക.

## പാഠം 5

# പരിശുദ്ധാത്മാവ്: വിശ്വാസ പ്രഖ്യാപനങ്ങൾ

❑ പരിശുദ്ധാത്മാവ് സൃഷ്ടി മാത്രം - അറിയോസ് ❑ പരിശുദ്ധാത്മാവ് ദൈവമല്ല - മാസിഡോണിയസ് ❑ യരുശലേമിലെ വി. കൂറിലോസിന്റെ മറുപടി ❑ മാലാഖമാർക്കു തുല്യനല്ല ❑ സാരാംശത്തിൽ ഒന്നായിരിക്കുന്നവൻ ❑ നിത്യതയിൽ സ്ഥിതിചെയ്യുന്നവൻ ❑ ആത്മാവിനെ എതിർക്കുന്നവരുടെ ഉപദേശം ❑ പുത്രൻ എന്തുകൊണ്ട് ജാതനല്ല? ❑ വി. അത്താനാസ്യോസിന്റെ വിശദീകരണം ❑ എപ്പിഫാനിയോസിന്റെ വിശ്വാസപ്രമാണരേഖ ❑ പരിശുദ്ധാത്മാവിന്റെ ആളത്തം, നിത്യത, ദൈവത്വം, വ്യാപാരങ്ങൾ, പുറപ്പാട് ❑ നിഖ്യാ, കുസ്തന്തീനോപ്പോലീസ് സുന്നഹദോസുകളുടെ പ്രഖ്യാപനം ❑ ഫിലിയോക്വെ - പാശ്ചാത്യസഭയുടെ കൂട്ടിച്ചേർപ്പ്

### അറിയോസിന്റെ വാദം

സൃഷ്ടിയല്ലാത്ത സ്വയംഭൂവും നിത്യനുമാണ് പരിശുദ്ധാത്മാവ് എന്ന സഭാവിശ്വാസത്തെ അറിയോസ് നാലാം നൂറ്റാണ്ടിൽ ചോദ്യം ചെയ്തു. പരിശുദ്ധാത്മാവിന്റെയും പുത്രന്റെയും ദൈവത്വം അയാൾ നിഷേധിച്ചു. സത്തയിലും മഹത്ത്വത്തിലും വ്യത്യസ്തമാണു പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന് അറിയോന്യപക്ഷക്കാർ വാദിച്ചു. പരിശുദ്ധാത്മാവു പുത്രനാൽ സൃഷ്ടിക്കപ്പെട്ടതാണെന്നും പുത്രനേക്കാൾ താഴ്ന്ന സ്ഥിതിയിലുള്ളതാണെന്നും അവർ പഠിപ്പിച്ചു.

### മാസിഡോണിയസിന്റെ പക്ഷക്കാർ

പുത്രന്റെ ദൈവത്വം ഏറ്റുപറയുകയും പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കുകയും ചെയ്ത ഒരു കൂട്ടരും നാലാം നൂറ്റാണ്ടിൽത്തന്നെയുണ്ടായി. ‘ആത്മാവിനെ എതിർക്കുന്നവർ’ എന്ന അർത്ഥത്തിൽ ‘ന്യൂമാറ്റോമാക്കി’ (Pneumatomachi) എന്ന് ഇക്കൂട്ടർ വിളിക്കപ്പെട്ടു. അവരുടെ നേതാവു കുസ്തന്തീനോപോലീസിലെ ബിഷപ്പായിരുന്ന മാസിഡോണിയസിന്റെ പേരിലും ഇവർ അറിയപ്പെട്ടു (Macedonians). മാലാഖമാർക്കു തുല്യമായി ശുശ്രൂഷകൻ, സേവകൻ എന്നൊക്കെ പരിശുദ്ധാത്മാവിനെ വിളിക്കുവാ

നാണ് അവർ തീരുമാനിച്ചത്. മാർത്തോണിയസ്, സബസ്തെയിലെ ബിഷപ്പ് യൂസ്താത്തിയോസ് എന്നിവരും ഈ ഗ്രൂപ്പിന്റെ നേതാക്കളായിരുന്നു.

## വി. കൂറിലോസിന്റെ മറുപടി

സ്നാനാർത്ഥികൾക്കു വേണ്ടിയുള്ള വിശ്വാസപ്രബോധനങ്ങളിൽ കൂടി യരുശലേമിലെ വി. കൂറിലോസ് (c 315–386) ഇത്തരം വേദവിപരീതങ്ങൾക്കു മറുപടി നല്കി. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പുസ്തകങ്ങൾ പരിശുദ്ധാത്മാവിനാൽ പ്രചോദിതമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. പഴയനിയമത്തിലെ ആത്മാവും പുതിയനിയമത്തിലെ ആത്മാവും വ്യത്യസ്തമാണെന്നു പഠിപ്പിച്ച മാർക്കിയോനെ അദ്ദേഹം വിമർശിച്ചു. പിതാവിനോടും പുത്രനോടും ഒരുമിച്ചു ബഹുമാനിക്കപ്പെടുകയും എണ്ണപ്പെടുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ആളത്തവും ദൈവത്വവും അദ്ദേഹം ഊന്നിപ്പറഞ്ഞു.

## മാലാഖമാരേയും സൃഷ്ടിച്ചവൻ

'പരിശുദ്ധാത്മാവ് ശുദ്ധീകരിക്കുന്നവനും സഭയുടെ ഗുരുവും കൂട്ടാളിയും ദീപവുമാകുന്നു. മാലാഖമാരുടെ ഗണങ്ങൾക്ക് അവനോടു തുല്യത അവകാശപ്പെടാനാവില്ല. മാലാഖമാരുടെ ഏഴു ഗണങ്ങളെയും നിയമിക്കുന്നവനും ഭരിക്കുന്നവനും ശുദ്ധീകരിക്കുന്നവനുമാണവൻ. എല്ലാ വരങ്ങളും ത്രീയേക ദൈവത്തിന്റേതാണ്. പിതാവിനു കുറെ വരങ്ങളും പുത്രനു വേറെ കുറെ വരങ്ങളും പരിശുദ്ധാത്മാവിനു മറ്റു ചില വരങ്ങളുമല്ല; പുത്രനിൽ കൂടിയും പരിശുദ്ധാത്മാവിൽ കൂടിയുമാണ് ഈ വരങ്ങൾ പിതാവു നല്കുന്നത്' (Catechetical Lectures XVI: 23, 24). 'പുത്രനും പരിശുദ്ധാത്മാവിനും മാത്രമേ പിതാവിനെ അറിയുവാൻ കഴിയൂ, കാരണം ഏകജാതനായ പുത്രൻ പരിശുദ്ധാത്മാവിനോടൊപ്പം പിതാവിന്റെ ദൈവത്വത്തിൽ പങ്കാളിയാണ്' (Ibid, VI: 61:6).

## നിത്യതയിൽ സ്ഥിതി ചെയ്യുന്നവൻ

പിതാവിനോടും പുത്രനോടുമൊപ്പം പരിശുദ്ധാത്മാവു നിത്യതയിൽ സ്ഥിതി ചെയ്യുന്നുവെന്ന് വി. അത്താനാസ്യോസ് ശക്തിയായ ഭാഷയിൽ എഴുതി. 'സാരാംശത്തിൽ ഒന്നായിരിക്കുന്നത്' എന്നു വി. ത്രിത്വത്തിലെ ആളത്തങ്ങളെ അദ്ദേഹം വിശേഷിപ്പിച്ചു. പരിശുദ്ധാത്മാവു സൃഷ്ടിയാണെന്ന സിദ്ധാന്തത്തെ അദ്ദേഹം എതിർത്തു. പരിശുദ്ധാത്മാവിനെക്കുറിച്ചു ബിഷപ്പ് സെറാപിയോന് എഴുതിയ എഴുത്തുകളിലും അറിയോന്യപക്ഷക്കാർക്കെതിരായ പ്രബോധനങ്ങളിലുമാണ് വി. അത്താനാസിയോസ് പരിശുദ്ധാത്മാവിനെ സംബന്ധിച്ച സഭയുടെ പഠിപ്പിക്കൽ വ്യക്തമാക്കിയത്. പുത്രന്റെ ദൈവത്വത്തെ നിഷേധിക്കുന്നതു പിതാവിനെയും പരിശുദ്ധാത്മാ

വിനെയും നിഷേധിക്കുന്നതിനു തുല്യമാണെന്ന് അറിയോന്യ പക്ഷക്കാരെ അദ്ദേഹം ഓർമിപ്പിച്ചു.

## ആത്മാവിനെ എതിർക്കുന്നവരുടെ ഉപദേശം

'ആത്മാവിനെ എതിർക്കുന്നവരുടെ ഉപദേശം' സെറാപിയോനുള്ളഎഴുത്തിൽ വി. അത്താനാസിയോസ് ക്രോഡീകരിച്ചിരിക്കുന്നു:

1. പുത്രൻ പിതാവിന്റെ അതേ സാരാംശത്തിലുള്ളവനും സൃഷ്ടിയല്ലാത്തവനുമാണ്. പക്ഷേ, പരിശുദ്ധാത്മാവ് അങ്ങനെയല്ല.
2. പരിശുദ്ധാത്മാവ് ദൈവമല്ല.
3. ആത്മാവു ഒരു സൃഷ്ടി മാത്രമാണ്.
4. പുത്രനാണ് എല്ലാം സൃഷ്ടിച്ചത്. അതിനാൽ ആത്മാവും പുത്രനാൽ നിർമിക്കപ്പെട്ടതാണ്.
5. പുത്രന്റെ സ്വഭാവത്തിൽ നിന്നു വ്യത്യസ്തമാണു പരിശുദ്ധാത്മാവിന്റെ സ്വഭാവം. അതായതു പരിശുദ്ധാത്മാവ് ഒരു മാലാഖയാണ്. മറ്റു മാലാഖമാരേക്കാളും വലിയവനാണ് പരിശുദ്ധാത്മാവ്.

ശുശ്രൂഷയനുഷ്ഠിക്കുന്ന ദൂതന്മാരിൽ ഒന്നു മാത്രമാണു പരിശുദ്ധാത്മാവെന്ന് അവർ പഠിപ്പിച്ചു. ത്രിത്വത്തിലെ ആളത്ത്വങ്ങളുടെ വ്യാപാരങ്ങൾ വ്യത്യസ്തങ്ങളും അന്യോന്യം ബന്ധമില്ലാത്തതുമാണെന്നും അവർ വാദിച്ചു.

## പുത്രൻ എന്തുകൊണ്ടു ജാതനല്ല?

'പരിശുദ്ധാത്മാവ് സൃഷ്ടിയുമല്ല, ദൂതനുമല്ല എന്നു നിങ്ങൾ പറയുന്നു. പിതാവിൽ നിന്നും പുറപ്പെടുന്നു എന്നും പറയുന്നു. അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവും ഒരു പുത്രനായിരിക്കണമല്ലോ. പുത്രനും പരിശുദ്ധാത്മാവും ഇപ്രകാരം സഹോദരങ്ങളുമായിരിക്കുമല്ലോ. അപ്പോൾ വചനം ഏകജാതനാകുന്നതെങ്ങനെ? ആത്മാവു പിതാവിൽ നിന്നു പുറപ്പെടുന്നുവെങ്കിൽ എന്തുകൊണ്ടു ജാതനല്ല? പുത്രനെന്നു എന്തുകൊണ്ടു വിളിച്ചുകൂടാ? ആത്മാവു പുത്രന്റെ ആത്മാവെങ്കിൽ പിതാവ് ആത്മാവിന്റെ'പിതാമഹൻ' ആകുന്നില്ലേ? 'ഇപ്രകാരമാണു 'ആത്മാവിനെ എതിർക്കുന്നവർ' തങ്ങളുടെ വാദഗതികൾ നിരത്തിയത്.

## വി. അത്താനാസ്യോസിന്റെ പഠിപ്പിക്കൽ

പുത്രൻ ദൈവമാണെങ്കിൽ പരിശുദ്ധാത്മാവും ദൈവം തന്നെയെന്നു വി. അത്താനാസിയോസ് പഠിപ്പിച്ചു. പരിശുദ്ധാത്മാവു സൃഷ്ടിയാണെങ്കിൽ

പുത്രനും സൃഷ്ടിയായിരിക്കും. പുത്രന്റെ സൃഷ്ടിയാണു പരിശുദ്ധാത്മാവെങ്കിൽ പിതാവിന്റെ സൃഷ്ടിയായിരിക്കും പുത്രൻ. പരിശുദ്ധാത്മാവു പുത്രന്റെ ആത്മാവാണ്. പുത്രനു പിതാവിനോടുള്ള ഐക്യം പരിശുദ്ധാത്മാവിനു പുത്രനോടുമുണ്ട്.

പിതാവിൽ നിന്നു പുറപ്പെടുന്നവനും പിതാവിനോടു ഏകസാരാംശത്തിൽ സ്ഥിതിചെയ്യുന്നവനുമാണ് പരിശുദ്ധാത്മാവെന്നു വി. അത്താനാസ്യോസ് സ്ഥാപിച്ചു. ത്രിത്വവിശ്വാസത്തിന്റെ പൂർണതയും സാധർമ്മ്യവും പരിശുദ്ധാത്മാവിന്റെ ഏക സാരാംശത്തിലുള്ള ദൈവത്വം ഉറപ്പിക്കുന്നുണ്ട്. വി. വേദപുസ്തകം ഉൾപ്പെടെ ലിഖിതവും അലിഖിതവുമായ സഭാപാരമ്പര്യങ്ങൾ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ഒരുപോലെയും ഒരുമിച്ചും നാമകരണം ചെയ്തിരിക്കെ വി. ത്രിത്വത്തിന്റെ ഏകത്വവും ആളത്തങ്ങളുടെ തുല്യതയും നിത്യതയും സാരാംശസമത്വവും തുല്യമഹത്വവും സൃഷ്ടിയല്ലാത്ത സ്വഭാവവും അംഗീകരിക്കണം. മനുഷ്യരക്ഷയ്ക്കു പരിശുദ്ധാത്മാവിന്റെ വ്യാപാരം അവശ്യഘടകമാണ്. പരിശുദ്ധാത്മാവു ഉള്ളിൽ വസിച്ചു നമ്മെ ദൈവീകരിക്കുന്നു. ഒരു സൃഷ്ടിക്കു ദൈവികമായ പ്രവർത്തനം മനുഷ്യനിൽ നിറവേറ്റാൻ സാധിക്കുകയില്ല. പ്രകാശിപ്പിക്കുകയും ശുദ്ധീകരിക്കുകയും പുതുതാക്കുകയും അഭിഷേകം ചെയ്യുകയും ദൈവികദാനങ്ങൾ മനുഷ്യർക്കു പകർന്നു നൽകുകയും ചെയ്യുന്നു പരിശുദ്ധാത്മാവ്. ഒരു സൃഷ്ടിക്ക് ഇവ സാധ്യമല്ല. ഇപ്രകാരം വി. ത്രിത്വത്തിലെ ആളത്തങ്ങളുടെ സാരാംശസമത്വവും ഐക്യവും ദൈവത്വവും വി. അത്താനാസിയോസ് ഊന്നിപ്പറഞ്ഞു. നിഖ്യാസുന്നഹദോസ്(ഏ. ഡി. 325) അംഗീകരിച്ച വിശ്വാസപ്രമാണം കരുപ്പിടിപ്പിക്കുന്നതിൽ വി. അത്താനാസിയോസ് വലിയ പങ്കു വഹിച്ചു.

## എപ്പിഫാനിയോസിന്റെ വിശ്വാസപ്രമാണം

സൈപ്രസിലെ സലാമിസ് എന്ന സ്ഥലത്തെ ബിഷപ്പായിരുന്ന എപ്പിഫാനിയോസ് ഏ. ഡി. 374-ൽ പ്രസിദ്ധീകരിച്ച ഒരു വിശ്വാസപ്രമാണരേഖ അന്നു സഭയിൽ നിലവിലിരുന്ന വിശ്വാസപ്രമാണങ്ങളുടെ ഒരു സംഗ്രഹമായി കണക്കാക്കാം. അതിൽ (The Epiphanian Creed) പരിശുദ്ധാത്മാവിനെ ദൈവിക ആളത്തത്തോടു കൂടിയതും പിതാവിനോടും പുത്രനോടും കൂടെ ഒന്നുപോലെ ആരാധിക്കപ്പെടേണ്ടതും മഹത്ത്വീകരിക്കപ്പെടേണ്ടതുമാണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. എപ്പിഫാനിയൻ വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പഠിപ്പിക്കൽ ഇപ്രകാരം സംഗ്രഹിക്കാം.

### i. പരിശുദ്ധാത്മാവിന്റെ ആളത്വം:

പിതാവിനേയും പുത്രനേയും പോലെ ആളത്തമുണ്ട് പരിശുദ്ധാത്മാ

വിനും. ത്രിത്വത്തിലെ ആളത്തങ്ങൾ സാരാംശത്തിൽ സമമാണ്. ഒരുപോലെ ആരാധിക്കപ്പെടേണ്ടതും മഹത്ത്വീകരിക്കപ്പെടേണ്ടതുമാണ്.

**ii. പരിശുദ്ധാത്മാവിന്റെ നിത്യത:**

ആദിയും അന്തവുമില്ലാത്തവനാണു പരിശുദ്ധാത്മാവ്. 'എക്പൊറയോമെൻ' (Ekporeuomen) എന്ന ഗ്രീക്കുപദം നിത്യതയെ കാണിക്കുന്നു.

**iii. പരിശുദ്ധാത്മാവിന്റെ ദൈവത്വം:**

പരിശുദ്ധാത്മാവ് ദൈവമാണ്, കർത്താവും നാഥനുമെന്നു വിളി ക്കപ്പെടേണ്ടവനാണ്.പിതാവിന്റെയും പുത്രന്റെയും നിരയിൽ തന്നെ സ്ഥിതി ചെയ്യുന്നവനുമാണ്.

**iv. പരിശുദ്ധാത്മ വ്യാപാരങ്ങൾ**

എല്ലാ ജീവന്റെയും ഉറവിടം പരിശുദ്ധാത്മാവാണ്. അവൻ ജീവൻ നൽകുന്നവനാണ്. പ്രവാചകന്മാരുടെ പ്രചോദനത്തിന്റെ ഉറവിടവും മനുഷ്യാവതാര പ്രക്രിയയുടെ പരികർമിയും (Agent) പരിശുദ്ധ സഭയിൽക്കൂടി ദൈവികകൃപയെ പ്രദാനം ചെയ്യുന്നവനുമാകുന്നു.

## പരിശുദ്ധാത്മാവിന്റെ പുറപ്പാട്

പിതാവിൽ നിന്നു പുറപ്പെടുന്നവനാണ് പരിശുദ്ധാത്മാവ്.

## നിഖ്യാ – കുസ്തന്തീനോപോലീസ് വിശ്വാസപ്രഖ്യാപനങ്ങൾ

സഭയുടെ വിശ്വാസപ്രമാണത്തിൽ പറയുന്ന കാര്യങ്ങൾ വിശ്വസിച്ചുഏറ്റു പറയാത്തവർ സഭയ്ക്കിതരരാണെന്ന് ആദിമസഭ ഗണിച്ചിരുന്നു. പൗരസ്ത്യ സഭ ഇന്നും ഈ വിശ്വാസത്തെ മുറുകെപിടിക്കുന്നു. നിഖ്യാ, കുസ്തന്തീനോപോലീസ് സുന്നഹദോസുകളിൽ ക്രോഡീകരിക്കപ്പെട്ട സഭയുടെ വിശ്വാസപ്രമാണത്തിൽ (niceno-constantinopolitan creed) പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള മേൽപ്പറഞ്ഞ വിശ്വാസങ്ങൾ സംശയങ്ങൾക്കിട നൽകാത്ത രീതിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതാണ് സഭാംഗങ്ങൾ ഇന്നും ചൊല്ലുന്നത്. 'പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവൻ' എന്നു നാം ദിവസവും ഏറ്റുപറയുകയും ചെയ്യുന്നു (യോഹ. 15:26 കാണുക).

## ഫിലിയോക്വേ ഒരു കൂട്ടിച്ചേർപ്പ് (Filioque)

എന്നാൽ പരിശുദ്ധാത്മാവിന്റെ പുറപ്പാട് സംബന്ധിച്ചു പിതാവിൽ നിന്നും എന്നു കഴിഞ്ഞിട്ടു 'പുത്രനിൽ നിന്ന്' (ഫിലിയോക്വേ) എന്നു കൂട്ടിച്ചേർത്താണ് റോമൻ കത്തോലിക്കാസഭ വിശ്വാസം പഠിപ്പിക്കുന്നത്. പാശ്ചാ

ത്യസഭയുടെ സൈദ്ധാന്തികരിൽ പ്രമുഖനായ ഹിപ്പോയിലെ അഗസ്റ്റിൻ നല്കിയ ത്രിത്വ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലാണ് പാശ്ചാത്യസഭ 'ഫിലിയോക്വേ' എന്ന കൂട്ടിച്ചേർപ്പു നടത്തിയത്. പൗരസ്ത്യസഭകൾ ഇതംഗീകരിക്കുന്നില്ല.

ഏ. ഡി. 451-ലെ കൽക്കദോന്യ സുന്നഹദോസിൽ ക്രിസ്തുവിന്റെ ആളത്തത്തെ സംബന്ധിച്ചുണ്ടായ തർക്കത്തിൽ സഭയിൽ ഭിന്നിപ്പുണ്ടായതു പോലെ ഏ. ഡി. 1054-ൽ റോമൻ കത്തോലിക്കാസഭയും കൽക്കദോന്ന്യ പാരമ്പര്യത്തിലുള്ള ഓർത്തഡോക്സ് സഭകളും തമ്മിൽ ഭിന്നിപ്പുണ്ടായതിനു ഒരു കാരണം പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിച്ച അഭിപ്രായ വ്യത്യാസമായിരുന്നു.

### ചോദ്യങ്ങൾ

1. വി. അത്താനാസിയോസ് ക്രോഡീകരിച്ച വിശ്വാസപ്രമാണത്തിൽ വി. ത്രിത്വത്തിലെ ആളത്തങ്ങളെ എപ്രകാരം വിശദീകരിക്കുന്നു?
2. പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള സഭയുടെ വിശ്വാസം കരുപ്പിടിപ്പിക്കുന്നതിൽ യരുശലേമിലെ കൂറിലോസ്, എപ്പിഫാനിയോസ്, അത്താനാസിയോസ് എന്നിവരുടെ പങ്കു വിശദീകരിക്കുക.

## പാഠം 6

# പരിശുദ്ധാത്മാവിനെപ്പറ്റി കപ്പദോക്യൻ പിതാക്കന്മാർ

❑ കപ്പദോക്യൻ പിതാക്കന്മാർ ❑ പരിശുദ്ധാത്മാവ് 'കർത്താവ്' പിതാവിനോടും പുത്രനോടും തുല്യൻ ❑ ഒരുപോലെ ആരാധിക്കപ്പെടേണ്ടവൻ ❑ പരിശുദ്ധാത്മാവു നല്കുന്ന അവകാശങ്ങൾ ❑ രക്ഷാദായകനും ശുദ്ധീകരിക്കുന്നവനും ❑ സൃഷ്ടിയല്ലാത്ത സ്വയംഭൂ ❑ ത്രിത്വത്തിൽ ഏകത്വം, ഏകത്വത്തിൽ ത്രിത്വം ❑ ശക്തിയും മഹത്വവും സ്വയപ്രകാശനവും ❑ സൂര്യരശ്മിയുടെ 'ചൂട്' ❑ പഴയനിയമത്തിലെ വെളിപാട് ❑ ദൈവീകരിക്കുന്നവനും ന്യായം വിധിക്കുന്നവനും ❑ കൃപാദാനങ്ങളുടെ പങ്കിടൽ

### കപ്പദോക്യൻ പിതാക്കന്മാർ

കൈസര്യായിലെ വി. ബസേലിയോസ് (c 330-379) അദ്ദേഹത്തിന്റെ സഹോദരൻ നിസ്സായിലെ വി. ഗ്രിഗോറിയോസ് (c 335-394) അവരുടെ

സുഹൃത്ത് നാസിയാൻസിലെ വി. ഗ്രിഗോറിയോസ് (c 330-390) എന്നിവരാണു കപ്പദോക്യൻ പിതാക്കന്മാർ എന്നറിയപ്പെടുന്നത്. മെത്രാപ്പോലീത്താമാരായിരുന്ന ഇവർ മൂന്നുപേരും വേദവിപരീതികൾക്കു ചുട്ടമറുപടി നല്കിക്കൊണ്ടു സഭയുടെ വിശ്വാസസംരക്ഷണത്തിനു ഗണ്യമായ സംഭാവനകൾ നല്കിയിട്ടുള്ള പണ്ഡിതന്മാരും പരിശുദ്ധന്മാരുമാണ്. പരിശുദ്ധാത്മാവിന്റെ ദൈവത്വവും നിത്യതയും നിഷേധിച്ച എയ്ത്തിയസ്, എവ്നോമിയസ് തുടങ്ങിയവർക്കെതിരായി സഭാവിശ്വാസം വിശദീകരിച്ചു പഠിപ്പിച്ച ഇവർ വി. ത്രിത്വവിശ്വാസവും മനുഷ്യാവതാര മർമങ്ങളും പരിമിതമായ മനുഷ്യമനസ്സിന് എങ്ങനെ സ്വാംശീകരിക്കാൻ സാധിക്കുമെന്നു വിശദീകരിച്ചു.

## പരിശുദ്ധാത്മാവിനു പൂർണ സമത്വം

വി. ബസേലിയോസ് എഴുതിയ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പ്രബന്ധത്തിനു (De Spiritu Sancto) 30 അദ്ധ്യായങ്ങളുണ്ട്. വി. ത്രിത്വത്തിലെ ആളത്തങ്ങൾക്കു വലിപ്പച്ചെറുപ്പമില്ലായെന്നും പിതാവിനോടും പുത്രനോടും പൂർണസമത്വമുണ്ട് പരിശുദ്ധാത്മാവിന് എന്നും അദ്ദേഹം പ്രഖ്യാപിക്കുന്നു. 'പുത്രനോടും പരിശുദ്ധാത്മാവിനോടും കൂടെ പിതാവിനു മഹത്വമുണ്ടാകട്ടെ' എന്നും 'പരിശുദ്ധാത്മാവിൽ പുത്രനിൽക്കൂടി പിതാവിനു മഹത്വമുണ്ടാകട്ടെ' എന്നീ വാക്യങ്ങൾ വി. ബസേലിയോസ് ഉപയോഗിക്കുന്നുണ്ട്. രണ്ടാമത്തെ വാചകഘടന ഉപയോഗിച്ചാലും പരിശുദ്ധാത്മാവിനു പിതാവിനോടും പുത്രനോടുമുള്ള സമത്വം നിഷേധിക്കലാവില്ലെന്നു ഗലാ. 4:7; 1 കൊരി. 1:24; 2:10; എഫേ. 3:9; കൊലോ. 1:15; എബ്രാ. 1:3; യോഹ. 6:27 തുടങ്ങിയ വേദഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു വി. ബസേലിയോസ് സ്ഥാപിക്കുന്നു. പരിശുദ്ധാത്മാവിനെ 'കർത്താവ്' എന്നു വി. വേദപുസ്തകത്തിൽ വിളിക്കുന്നുണ്ടെന്നും (2 തെസ്സ. 3:5; 2 കൊരി. 3:14, 16, 17; 1 തെസ്സ. 3:12, 13) അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

## വന്ദിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും

സർവ സൃഷ്ടികളിന്മേലും കൃപകൾ ചൊരിഞ്ഞു ലഭിക്കുന്നത് ആരിൽനിന്നാണോ ആ പരിശുദ്ധാത്മാവു പിതാവിനോടും പുത്രനോടും കൂടെ അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് നാം മാമോദീസാ മുങ്ങപ്പെട്ടിരിക്കുന്നത്. പരിശുദ്ധാത്മാവു പിതാവിനോടും പുത്രനോടും തുല്യനായി ഗണിക്കപ്പെടുന്നില്ലെങ്കിൽ നമ്മുടെ മാമോദീസായും രക്ഷയും എങ്ങനെയാണ് അർത്ഥവത്താകുന്നത്? പിതാവിനോടും പുത്രനോടുമൊപ്പം ആദിമുതലേ പരിശുദ്ധാത്മാവും ഉണ്ടായിരുന്നു. അവൻ എന്നേക്കും നിലനിൽക്കുന്നവനുമാകുന്നു. ദൈവം ആത്മാവാകുന്നു (യോഹ. 4:24), പരിശുദ്ധാത്മാവു ദൈവവുമാകുന്നു. പിതാവിനെയും പുത്രനെയും പോലെ അവൻ പരിശു

ദ്ധനുമാകുന്നു (1 യോഹ 1:20). അവൻ ശുദ്ധീകരിക്കപ്പെടുന്നവനല്ല, ശുദ്ധീകരിക്കുന്നവനാകുന്നു.

പിതാവു സത്യവും സ്നേഹവും നീതിയും ആകുന്നതുപോലെ (യോഹ. 14:17, സങ്കീ. 143:10, 2 കൊരി. 3:8, 9; സങ്കീ. 51:10; 92:15). പരിശുദ്ധാത്മാവും സത്യവും സ്നേഹവും നീതിയുമാകുന്നു. പിതാവിനെയും പുത്രനെയും പോലെ വന്ദിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനുമാണു പരിശുദ്ധാത്മാവ്.

## പരിശുദ്ധാത്മാവു നൽകുന്ന അവകാശങ്ങൾ

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ദൈവത്തിന്റെ പ്രവർത്തനമാണ്. സ്വർഗത്തിലേക്കുള്ള നമ്മുടെ പുനഃപ്രവേശനം ദൈവരാജ്യത്തിലേക്കുള്ള ആരോഹണം, പുത്രത്വത്തിലേക്കുള്ള തിരിച്ചുവരവ്, ദൈവത്തെ പിതാവേ എന്നു വിളിക്കാനുള്ള സ്വാതന്ത്ര്യം, ക്രിസ്തുവിന്റെ കൃപയുടെ പങ്കാളിത്തം, പ്രകാശത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടാനുള്ള അവകാശം, നിത്യമഹത്വത്തിന്റെ പങ്കിടൽ, ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും അനുഗ്രഹങ്ങളുടെ നിറവിന്റെ അനുഭവത്തിലേക്കുള്ള പ്രവേശനം ഇവയെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണ്.

## വി. മാമോദീസായുടെയും രക്ഷയുടെയും അർത്ഥം

ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ വി. ബസേലിയോസിന്റെ വീക്ഷണം ഇപ്രകാരം രേഖപ്പെടുത്താം: പിതാവും പുത്രനും പരിശുദ്ധാത്മാവും തുല്യരായി എണ്ണപ്പെടേണ്ടവരാണ്. പരിശുദ്ധാത്മാവു സ്തുതിക്കു യോഗ്യനാണ്. വി. ത്രിത്വത്തെ മഹത്ത്വീകരിക്കുന്നതിന് ഉപയോഗിക്കുന്ന വിശേഷണങ്ങൾ പരിശുദ്ധാത്മാവിനും ഉപയോഗിക്കാം. പിതാവിനോടും പുത്രനോടും സാരാംശത്തിൽ തുല്യമായി നിത്യതയിൽ സ്ഥിതിചെയ്യുന്ന പരിശുദ്ധാത്മാവ് രക്ഷയിലേക്കും നമ്മെ നയിക്കുന്ന രണ്ട് അവിഭാജ്യഘടകങ്ങളാണ് വിശ്വാസവും മാമോദീസായും. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും നാം വിശ്വസിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിക്കപ്പെടുന്നു. അങ്ങനെ പരിശുദ്ധാത്മാവു രക്ഷാദായകനാണ്. എല്ലാ സൃഷ്ടികളെയും ശുദ്ധീകരിക്കുന്നവനാണു പരിശുദ്ധാത്മാവ്.

## സൃഷ്ടിയല്ലാത്ത സ്വയംഭൂ

പിതാവു മാത്രമാണു സൃഷ്ടിയല്ലാത്ത സ്വയംഭൂ എന്നും, പുത്രനും പരിശുദ്ധാത്മാവിനും ആദിയും അന്തവും ഉണ്ടെന്നും വാദിച്ച എവ്നോമിയസിനെതിരെ നിസ്സായിലെ വി. ഗ്രീഗോറിയോസ് തന്റെ ശക്തമായ തൂലിക ചലിപ്പിച്ചു. ത്രിയേക ദൈവത്തിന്റെ സത്ത, പ്രവർത്തനങ്ങൾ ഇവ തമ്മി

ലുള്ള വ്യത്യാസം ചൂണ്ടിക്കാട്ടിയ അദ്ദേഹം ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ പ്രഥമമായ സൃഷ്ടികർമ്മത്തിന്റെ ഫലമായി ഉണ്ടായവരല്ല പുത്രനും പരിശുദ്ധാത്മാവുമെന്നു സ്ഥാപിച്ചു. എന്നാൽ ആളത്തങ്ങൾ തമ്മിലുള്ള വ്യത്യാസം ഇപ്രകാരമാണ്. 'പിതാവു മാത്രം കാരണരഹിതനാണ്. പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പിന്നിൽ ഒരു കാരണമുണ്ട്' (The Father is the uncaused. The Son and the Spirit are caused). സാരാംശത്തിൽ ഈ ആളത്തങ്ങൾ ഒന്നുതന്നെയാണെന്നു വി. ഗ്രീഗോറിയോസ് സ്ഥിരീകരിച്ചു.

## ശക്തിയും മഹത്വവും സ്വയംപ്രകാശനവും

ഏകത്വത്തിൽ ത്രിത്വവും ത്രിത്വത്തിൽ ഏകത്വവും വിശദീകരിച്ചുകൊണ്ട് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ക്രമത്തിൽ മാത്രമല്ല, പുത്രൻ, പിതാവ്, പരിശുദ്ധാത്മാവ് (ഉദാ. 2 കൊരി. 13:14) എന്ന ക്രമത്തിലും വി. വേദപുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ടെന്നു വി. ഗ്രിഗോറിയോസ് ചൂണ്ടിക്കാട്ടുന്നു. ശക്തിയിലും മഹത്വത്തിലും സ്വയംപ്രകാശനത്തിലും പരിശുദ്ധാത്മാവു പിതാവിനോടും പുത്രനോടും തുല്യനാണെന്നും അദ്ദേഹം എഴുതി. 'എല്ലാ നിലയിലും പൂർണനാണു പരിശുദ്ധാത്മാവ്. പിതാവിനും പുത്രനും പൂർണതയുണ്ട്. ഈ പൂർണതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാനാവില്ല' (See *Nicene and Post Nicene Fathers Vol. V.* p. 318). സൃഷ്ടികർമ്മം നടത്തിയതു വി. ത്രിത്വമാണെന്നും പരിശുദ്ധാത്മാവു ആദിമുതലേ ഉണ്ടായിരുന്നുവെന്നും വി. ഗ്രിഗോറിയോസ് തുടർന്ന് എഴുതുന്നു.

വി. മാമോദീസാവേളയിൽ ശുദ്ധീകരണം നടത്തുന്നതും ജീവൻ നൽകുന്നതും പരിശുദ്ധാത്മാവാണ്. 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വി. മാമോദീസാ പൂർത്തീകരിക്കപ്പെടുന്നു.' ഇപ്രകാരം പരിശുദ്ധാത്മാവിന്റെ ദൈവത്വം, നിത്യത, ആളത്തം എന്നിവ വി. ബസേലിയോസിനെപ്പോലെ വി. ഗ്രിഗോറിയോസും ഊന്നിപ്പറയുന്നു.

## ലോകത്തിനു ചൂടു പകരുന്നവൻ

മറ്റു രണ്ടു കപ്പദോക്യൻ പിതാക്കന്മാരെപ്പോലെ നാസിയാൻസിലെ വി. ഗ്രിഗോറിയോസും പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള വേദവിപരീതങ്ങളെ ഉന്മൂലനം ചെയ്യുന്നതിൽ സുപ്രധാന പങ്കു വഹിച്ചു. ചിലർക്കു പരിശുദ്ധാത്മാവു ഒരു ശക്തി മാത്രമാണ്. ചിലർക്ക് ഒരു സൃഷ്ടിയും. ചിലർ ദൈവമെന്നു വിളിക്കുന്നുമുണ്ട്. മറ്റു ചിലർക്കു പരിശുദ്ധാത്മാവിനെ എന്തു വിളിക്കണമെന്ന് ഒരു നിശ്ചയവുമില്ല. 'പരിശുദ്ധാത്മാവ് ആദിയും അന്തവുമില്ലാത്തവനായി നിത്യനായ പിതാവിൽ നിന്നു പുറപ്പെടുന്നവനാണ്. അവൻ സൃഷ്ടിയല്ല, സ്രഷ്ടാവാം ദൈവം തന്നെ.' പരിശുദ്ധാത്മാവു പിതാവിനോടു ബന്ധപ്പെട്ടു സ്ഥിതിചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നു

കാണിക്കുവാൻ സൂര്യന്റെയും സൂര്യരശ്മിയുടെയും ഉദാഹരണം വി. ഗ്രിഗോറിയോസ് ചൂണ്ടിക്കാണിക്കുന്നു. രശ്മി സൂര്യനിൽനിന്നു പുറപ്പെടുന്നു, ചൂട് പകരുകയും ചെയ്യുന്നു. സൂര്യൻ ഇല്ലാത്ത അവസ്ഥയിൽ രശ്മിയുമില്ല. ത്രിയേക ദൈവത്തിന്റെ ആളത്തങ്ങൾ വിശദീകരിക്കുവാൻ സ്ഥലകാലപരിധിയിൽപെട്ട മറ്റ് എല്ലാ ലൗകിക ഉദാഹരണങ്ങളും പോലെ സൂര്യന്റെ ഉദാഹരണവും പര്യാപ്തമല്ല. ഈ പരിമിതി വി. ഗ്രിഗോറിയോസ് അംഗീകരിക്കുന്നുണ്ട്.

### ദൈവീകരിക്കുന്നവൻ

'പിതാവ് ഇല്ലാതിരുന്ന ഒരു സമയമുണ്ടെങ്കിൽ പുത്രൻ ഇല്ലാതിരുന്ന ഒരു സമയമുണ്ട്. പുത്രൻ ഇല്ലാതിരുന്ന ഒരു സമയമുണ്ടെങ്കിൽ പരിശുദ്ധാത്മാവ് ഇല്ലാതിരുന്ന സമയമുണ്ട്. ഇവയിൽ എതെങ്കിലുമൊന്ന് ആദിമുതലേ ഉണ്ടായിരുന്നുവെങ്കിൽ മൂന്ന് ആളത്തങ്ങളും ആദിമുതലേയുണ്ട്. അവ ഒരേ സാരാംശത്തിൽ സ്ഥിതിചെയ്യുന്നവയുമായിരിക്കണം. അവ ഒരുമിച്ചു മഹത്വപ്പെടുത്തേണ്ടവയും ആരാധിക്കപ്പെടേണ്ടവയുമാണ്. പിതാവിനെ നാം സ്തുതിച്ചാൽ ആ സ്തുതിപ്പ് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരുമിച്ചുള്ളതാകുന്നു. പരിശുദ്ധാത്മാവ് ആരാധിക്കപ്പെടേണ്ടവനല്ലായെങ്കിൽ അവന് എങ്ങനെ വി. മാമോദീസായിൽകൂടി എന്നെ ദൈവീകരിക്കുവാൻ സാധിക്കും?'

## വെളിപ്പെടുത്തലിന്റെ അർത്ഥം

'പഴയനിയമം പിതാവിനെക്കുറിച്ചു പ്രഖ്യാപിച്ചു. പുത്രനെയും പരിശുദ്ധാത്മാവിനെയും ഭാഗികമായിട്ടും വെളിപ്പെടുത്തി. പുതിയനിയമം പുത്രനെ വെളിപ്പെടുത്തി. പരിശുദ്ധാത്മാവിന്റെ ദൈവത്വം ഉത്ഘോഷിച്ചു. ഇപ്പോൾ ആത്മാവു നമ്മിൽ വസിച്ചുകൊണ്ടു പ്രവർത്തനനിരതനായിരിക്കുന്നു. ദൈവത്വത്തിന്റെ മഹത്വമാകുന്ന പ്രകാശം വഹിക്കുവാൻ കഴിയുന്നതിനു മുമ്പ് വെളിപ്പെടുത്തിയാൽ അതു ഭംഗിയാകുമായിരുന്നില്ല.'

## ന്യായവിധിക്കായി വരുന്നവൻ

പരിശുദ്ധാത്മാവു സൃഷ്ടിയിൽ പരിവർത്തിച്ചു. പഴയനിയമത്തിന്റെ പ്രചോദനങ്ങളുടെ ഉറവിടമായിരുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും തന്റെ അത്ഭുതപ്രവൃത്തികളിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമുക്കു ദർശിക്കാം. പരിശുദ്ധാത്മാവു മുഖാന്തരം അപ്പോസ്തോലന്മാർ നിയോഗിക്കപ്പെടുകയും സഭ ക്രമീകരിക്കപ്പെടുകയും ചെയ്തു. പരിശുദ്ധാത്മാവു പാപങ്ങൾക്ക് പരിഹാരം നൽകുന്നു. മാമോദീസായിൽ നമ്മെ ദൈവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. ആത്മാവ് നമുക്കുവേണ്ടി പക്ഷപാതം ചെയ്യുന്നു. നമ്മെ പഠിപ്പിക്കുന്നു. പ്രകാശിപ്പിക്കുന്നു. പുതു

ക്കുന്നു. നിത്യജീവനെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. എല്ലാ സ്വർഗീയ സേനകളെയും ശുദ്ധീകരിക്കുന്നത് പരിശുദ്ധാത്മാവാണ്. ക്രിസ്തുവിനോടുകൂടെ ന്യായവിധിക്കായി അവൻ വരുകയും ചെയ്യും.

## പരിശുദ്ധാത്മ ദാനങ്ങൾ

പരിശുദ്ധാത്മ വ്യാപാരത്താൽ നാം ആത്മമയന്മാരായിത്തീർന്നു. ദൈവികകൃപ പകർന്നു ലഭിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മദാനങ്ങളെ നാം പ്രാപിക്കുന്നു. ഭാവിയെക്കുറിച്ചുള്ള അറിവ്, ദൈവിക രഹസ്യങ്ങളുടെ വെളിപ്പെടൽ, മറഞ്ഞിരിക്കുന്നവയെക്കുറിച്ചുള്ള ഗ്രാഹ്യം, കൃപാദാനങ്ങളുടെ പങ്കിടൽ, സ്വർഗരാജ്യത്തിലെ പൗരത്വം, മാലാഖമാരുടെ കൂട്ടങ്ങളോടു കൂടിയുള്ള സ്ഥാനം, നിത്യസമാധാനം, ദൈവത്തിലുള്ള വാസം, ദൈവത്തെപ്പോലെയാകുന്ന അനുഭവം, സർവോപരി ദൈവീകരിക്കപ്പെടുവാനുള്ള ഭാഗ്യം – ഇവയെല്ലാം പരിശുദ്ധാത്മാവു മൂലം നമുക്കു ലഭിക്കുന്നു. ഈ രീതിയിലാണ് പരിശുദ്ധാത്മാവിന്റെ ആളത്തവും വ്യാപാരങ്ങളും കപ്പദോക്യൻ പിതാക്കന്മാർ വിശദീകരിക്കുന്നത്.

വി. സഭ ഇന്ന് ഇക്കാര്യങ്ങൾ വിശ്വസിച്ച് ഏറ്റുപറയുകയും ആവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഈ വിശ്വാസവും പഠനവും പ്രഖ്യാപനവും ആത്മചൈതന്യത്തിന്റെയും രൂപാന്തരത്തിന്റെയും ദൈവീകരണത്തിന്റെയും മേഖലകളിലെത്തിച്ചേരുവാനാവശ്യമായ പരിശുദ്ധാത്മ കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

### ചോദ്യങ്ങൾ

1. പെന്തിക്കോസ്തി പെരുന്നാളിന്റെ ശുശ്രൂഷാക്രമത്തിലെ പ്രാർത്ഥനകൾ പരിശോധിച്ച് പരിശുദ്ധാത്മാവിന്റെ ആളത്തം, സ്വഭാവം, പ്രവർത്തനങ്ങൾ ഇവ സംഗ്രഹിച്ചെഴുതുക.
2. പരിശുദ്ധാത്മാവിനെ സംബന്ധിച്ച് കപ്പദോക്യൻ പിതാക്കന്മാരുടെ ഉപദേശം ചുരുക്കിയെഴുതുക.
3. ഹിന്ദുമതദർശനത്തിലെ 'ത്രിമൂർത്തി' 'സത്ചിതാനന്ദ' എന്നീ ആശയങ്ങൾ ത്രിത്വോപദേശത്തോട് എപ്രകാരം സാമ്യപ്പെട്ടിരിക്കുന്നുവെന്ന് പരിശോധിക്കുക.

# ഉപസംഹാരം

പൗരസ്ത്യ ക്രിസ്തീയ സഭാപാരമ്പര്യത്തിൽ വേദശാസ്ത്രത്തിനു നൽകപ്പെടുന്ന നിർവ്വചനങ്ങളെപ്പറ്റി ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് (യൂണിറ്റ് 1, പാഠം 1) വ്യക്തമാക്കി. ദൈവീകരണം പ്രാപിക്കുന്ന അനുഭവം, അനുഷ്ഠാന ജീവിതത്തിന്റെ പാരമ്യം, അനുഗ്രഹത്തിന്റെ കണ്ണുനീർ, സഭയുടെ വിശ്വാസവിശകലനം, മനുഷ്യാവതാര മർമ്മങ്ങളുടെ വിശദീകരണം, ജഡമായിത്തീർന്ന വചനം ദൈവം തന്നെയെന്നു പ്രഖ്യാപിക്കൽ, വി. ത്രിത്വത്തിലെ ആളത്വങ്ങൾ തമ്മിലുള്ള നിത്യബന്ധം ശരിയായി വിശദീകരിക്കുന്ന പഠനശാഖ എന്നീ നിർവ്വചനങ്ങളെല്ലാം അർത്ഥസംപുഷ്ടമാണ്.

ആദിമസഭയ്ക്ക് നേരിടേണ്ടി വന്ന വേദവിപരീതങ്ങളുടെ പശ്ചാത്തലത്തിൽ വി. ത്രിത്വത്തിലെ ആളത്വങ്ങൾ തമ്മിലുള്ള നിത്യബന്ധം ശരിയായി നിർവ്വചിക്കുന്നതിൽ സഭാപിതാക്കന്മാർ വിജയിച്ചു. ഇന്ന് പുതിയരൂപത്തിലും ഭാവത്തിലും അത്തരം വേദവിപരീതങ്ങൾ ഫണമുയർത്തുകയാണ്. ത്രിത്വവിശ്വാസവും അതിനോട് ചേർന്ന് മറ്റ് വിശ്വാസസംഹിതകളും വിശുദ്ധിയോടും ആരാധനയോടും സൽക്കർമ്മങ്ങളോടും കൂടെ വിശകലനം ചെയ്യുന്ന ദൗത്യമാണ് ഇന്നത്തെ വേദശാസ്ത്ര പഠനപദ്ധതിയിൽ ഉണ്ടാകേണ്ടത്. അതിനുള്ള എളിയശ്രമമാണ് ഇവിടെ നിർവ്വഹിക്കുന്നത്.

ഓർത്തഡോക്സി എന്ന ഗ്രീക്കു പദം കൊണ്ട് വിവക്ഷിക്കുന്നത് ശരിയായ ആരാധന, ശരിയായ വിശ്വാസം, ഏറ്റവും പൗരാണികമായ സത്യവിശ്വാസം എന്നൊക്കെയാണല്ലോ. വേദവിപരീതം എന്നതിന്റെ വിപരീതപദം കൂടിയാണിത്. അതായത് എല്ലാത്തരം വേദവിപരീതങ്ങളെയും തള്ളിക്കളഞ്ഞ സഭയാണ് ഓർത്തഡോക്സ് സഭ. അതിനാൽ ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു. 1. സഭയുടെ ആദ്യത്തെ മൂന്നു പൊതു സുന്നഹദോസുകളിലെ തീരുമാനങ്ങളും വിശ്വാസപ്രഖ്യാപനങ്ങളും ഗ്രഹിച്ച് സത്യവിശ്വാസത്തിൽ വളരുക. 2. വി. ത്രിത്വവിശ്വാസം ഉറപ്പിച്ച് വിശദീകരിച്ച് അത് ഘോഷിക്കുന്ന വിശുദ്ധ വേദഭാഗങ്ങൾ പഠിപ്പിക്കുക 3. വേദവിപരീതികൾ ചെയ്തതുപോലെ വി. ത്രിത്വത്തെ നിഷേധിച്ചാലുള്ള യുക്തിഹീനതയും ഭവിഷ്യത്തും വ്യക്തമാക്കിക്കൊടുക്കുക. 4. ക്രിസ്തുവിന്റെ കർത്തൃത്വവും ദൈവത്വവും പ്രഖ്യാപിക്കുന്ന ബൈബിളിലെ വിശ്വാസപ്രഖ്യാപനങ്ങൾ ഉൾക്കൊണ്ടു ജീവിക്കുക. 5. സഭയുടെ വിശ്വാസാചാരങ്ങളുടെ ആത്മീകാർത്ഥം ഗ്രഹിച്ച് അതിനനുസരിച്ച് ആത്മീകമായി വളരുക.

ത്രീയേക ദൈവത്തെ എപ്പോഴും സ്തുതിച്ചുകൊണ്ടും ആരാധനാനുഷ്ഠാനങ്ങളിൽ മുന്നേറിക്കൊണ്ടുമാണ് സഭാപിതാക്കന്മാർ ത്രീയേക

ദൈവത്തെ വിശകലനം ചെയ്തത്. അതാണ് സഭയുടെ വേദശാസ്ത്രാഭ്യസനത്തിന്റെ രീതിശാസ്ത്രം.

ദൈവം ത്രിയേകദൈവമാണെന്നു സഭ വിശ്വസിക്കുന്നതെന്തുകൊണ്ടാണ്? പഴയനിയമത്തിൽ സാധാരണയായി ദൈവത്തിന് ഉപയോഗിച്ചിരിക്കുന്ന പദം "ഏലോഹിം" ആണ്, നാം എന്ന അർത്ഥത്തിൽ. ദൈവം ഏകവും ബഹുലവുമാണെന്ന ആശയം പല ഭാഗങ്ങളിലും കാണാം. ഉല്പ. 1:26, ഉല്പ. 11:6, 7, ഉല്പ. 3:22, യശ. 6:8 മുതലായവ. ബൈബിളിൽ പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനെയും പരാമർശിച്ചിരിക്കുന്നത് ദൈവത്തിനു മാത്രം നൽകപ്പെടാവുന്ന ഗുണങ്ങൾ ഉള്ള നിലയിലാണ്. ഓരോരുവനും ദൈവമാണ്. പക്ഷേ, ഒരു ദൈവം മാത്രമേ ഉള്ളു. യേശുക്രിസ്തു ദൈവമാണെന്നു കാണിക്കുന്ന വാക്യങ്ങളിൽ ചിലത്: എബ്രാ. 13:8 – "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേയ്ക്കും അനന്യൻ തന്നെ." വെളി. 22:13 – "ഞാൻ ആൽഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവുമാകുന്നു" (ക്രിസ്തുവിന്റെ ദൈവത്വം പ്രഖ്യാപിക്കുന്ന വേദഭാഗങ്ങളും വിശ്വാസപ്രഖ്യാപനങ്ങളും ഈ ഗ്രന്ഥത്തിന്റെ യൂണിറ്റ് 3, പാഠം 6 – ൽ കൊടുത്തിരിക്കുന്നത് കാണുക).

പരിശുദ്ധാത്മാവ് ദൈവമെന്നു കാണിക്കുന്നു എബ്രാ. 9:14–ൽ. ".... നിത്യാത്മാവിനാൽ ദൈവത്തിനു തന്നത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം....." പരിശുദ്ധാത്മാവ് നിത്യ ആത്മാവാണ്. നിത്യത ദൈവത്തിന്റെ മാത്രം വിശേഷണമാണല്ലോ. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു ആളത്വമാണെന്ന് മത്താ. 28:19 തെളിയിക്കുന്നു. "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും......" നാമങ്ങളിൽ എന്നല്ല, നാമത്തിൽ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. അതിനാൽ ത്രീയേക ദൈവം തന്നെ. 2 കൊരി. 13:14–ൽ പിതാവിനോട് തുല്യമായ സ്ഥാനം പുത്രനും പരിശുദ്ധാത്മാവിനും നൽകപ്പെട്ടിരിക്കുന്നു. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളെയും ഒരുമിച്ചുചേർത്ത് പരാമർശിക്കുന്ന അനേകം ഭാഗങ്ങൾ വി. പൗലോസിന്റെ ലേഖനങ്ങളിലുണ്ട്. 1 തെസ്സ. 5:18, 19, 2 തെസ്സ. 2:13, 14, 1 കൊരി. 2:10, 12, 16; 6:11, 15, 19, 20; 12:3, 2 കൊരി. 1:21, 22; 3:3, റോമ. 5:1–11, 8:8, 11, 14–17; 14:17, 18; 15:15, 16, 30; ഗലാ. 3:11–14. കൊലോ. 1:6–8, എഫേ. 1:13, 14; 2:18–22; 3:14–17; 5:18–20, തീത്തൊ. 3:4–6.

പുത്രൻ പിതാവിനോട് തുല്യനാണെങ്കിൽ യേശുക്രിസ്തു പിതാവിനോട് പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? പിതാവും പുത്രനും തുല്യമായിരിക്കുന്നത് നിത്യതയിലാണ്. പുത്രൻ മനുഷ്യനായപ്പോൾ സ്വയം വെറുമയാക്കി. ഈ സ്വയം വെറുമയാക്കിയ അവസ്ഥയിലാണ് താൻ പിതാവിനോട് പ്രാർത്ഥിച്ചത്.

ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ദാസരൂപമെടുത്തു മനുഷ്യനായിത്തീർന്ന (ഫിലി. 2:6–8) കർത്താവിന്റെ മനുഷ്യാവതാര വ്യാപാരപരിമിതിയിൽ നിന്നുകൊണ്ടുവേണം ബൈബിളിലെ പ്രസ്താവനകൾ മനസ്സിലാക്കേണ്ടത്. സഭാപിതാക്കന്മാരുടെ വിശ്വാസാചാര, വിശകലന പാരമ്പര്യത്തിൽ ഊന്നിനിന്നുകൊണ്ട് കാലികമായ വെല്ലുവിളികളെ നേരിടുവാൻ സഭയെ പ്രാപ്തമാക്കുകയാണ് ഇന്നത്തെ വേദശാസ്ത്രപഠന സംവിധാനത്തിലൂടെ വിശ്വാസികൾ ലക്ഷ്യമാക്കേണ്ടത്.